# അവബോധത്തിലേയ്ക്ക്

ഭാഗം രണ്ട്

## ഭാവ്യതാപഥം

സക്കറിയാസ് നെടുങ്കനാൽ

സ്കൈ

ബുക് പബ്ലിഷേഴ്സ്

# സക്കറിയാസ് നെടുങ്കനാൽ

പ്രകൃതിസൗന്ദര്യത്തിൽ കുളിച്ചുനിൽക്കുന്ന വാഗമൺ മലകളുടെ അടിവാരത്ത് ജനനം. നാട്ടുഭാഷകളുടെയും കണക്കിന്റെയും അടിസ്ഥാനയറിവുകൾക്കപ്പുറത്ത് ഒന്നുംതന്നെ പത്തിരുപതു കൊല്ലത്തെ സ്കൂൾ, കോളെജ് വിദ്യാഭ്യാസംകൊണ്ട് കിട്ടിയതായി തോന്നിയിട്ടില്ല. ബാക്കിയുള്ളതൊക്കെ ലോകം കണ്ടും പണിയെടുത്തും കറങ്ങിനടന്നപ്പോൾ കൈവന്നവ. അതിലേറ്റവും വിലപ്പെട്ടതായി കരുതുന്നത്, മതവിശ്വാസങ്ങളുൾപ്പെടെയുള്ള സ്വയം വിവേചിച്ചറിയാത്ത പുറന്തോടുകളെ ഉരിഞ്ഞുകളയാനുള്ള ധൈര്യമാണ്. ഇത്തരമാചാരങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് വിടുതൽ നേടിയതിനുശേഷം മാത്രമാണ് ഭയപ്പെടാതെ ചിന്തിക്കാനും പെരുമാറാനുമുള്ള പക്വത കൈവന്നത്. നമുക്കു ചുറ്റുമുള്ളവയെ അംഗീകരിക്കാനും ആസ്വദിക്കാനുമാവുക ഈ പക്വതയുടെ ഭാഗമാണെന്നും ജീവിക്കുകയെന്ന കല അതിലടങ്ങിയിരിക്കുന്നുവെന്നും പഠിച്ചുകൊണ്ടിരിക്കുന്നു.

അടിവാരത്തിനടുത്തുള്ള പെരിങ്ങുളത്ത് താമസം. ഏറ്റവും ഇഷ്ടമുള്ള മണ്ണിൽപ്പപണി കഴിഞ്ഞുള്ള സമയത്ത് വായനയുമെഴുത്തും അല്പം സംഗീതവും.

ഭാര്യ: റ്റെസ്സ് മനയത്ത്; മക്കൾ: ഗീത്, സൂര്യോ.

വിലാസം: പെരിങ്ങുളം പോസ്റ്റ് - 686582, കോട്ടയം ജില്ല.

tel. 9961544169 / 04822271922
e-mail: znperingulam@gmail.com
web: www.znperingulam.blogspot.com

# സമർപ്പണം

എന്നോടൊത്ത്,
തന്റെ കാൽപ്പാദങ്ങൾ വെള്ളത്തിലാഴ്ത്തി,
പുഴയരുകിലെ കൃഷ്ണശിലയിലിരുന്ന്
എന്നോടു സംസാരിക്കയും
ഞാനറിയാതെതന്നെ
ഭാഷകളോടും എഴുത്തിനോടുമുള്ള
എന്റെ അഭിവാഞ്ഛയെ
പരിപോഷിപ്പിക്കയും ചെയ്തിരുന്ന
**എന്റെയാത്മാവിന്റെ കൂട്ടുകാരിക്ക് !**

(Malayalam)

**Avabodhathilekku Part II**
(Philosophy of Life)

Author: **Zacharias Nedunkanal**

Published by the author through

**SKY BOOK PUBLISHERS**
Mavelikara - 690 101,
Alappuzha Dist, Kerala, India.
Tel : 0479 - 3291414, 2307424S

First impression : November 2011

Printed at : Print House, Pala
Cover Design :

Distribution: SKY BOOK PUBLISHERS

Price: ₹ 100/-

ISBN: 978-81-903895-3-2

# മുന്നുര

ഉള്ളടക്കം ഒരു പുസ്തകത്തിൽ ഒതുക്കാമെന്ന വിചാരം ചില സാങ്കേതിക കാരണങ്ങളാൽ തിരുത്തേണ്ടിവന്നു. അതുകൊണ്ട്, **അവബോധത്തിലേയ്ക്ക്** എന്ന കൃതി **ചിന്താപഥം, ഭാവ്യതാപഥം** എന്നീ ഉപശീർഷകങ്ങളോടെ ഒന്നും രണ്ടും ഭാഗങ്ങളായി പ്രസിദ്ധീകരിക്കുകയാണ്. ആദ്യത്തേത്, ചിന്താപഥം, അധികം വിശദീകരണം ആവശ്യപ്പെടുന്നില്ല. ജീവിതത്തെ സമ്പുഷ്ടവും സന്തുഷ്ടവുമാക്കിത്തീർക്കാൻ ഏവരും സ്വാഭാവികമായി ആഗ്രഹിക്കുകയും അതിനായി ചിന്താശക്തിയെ കഴിവതും ഉപയോഗിക്കുകയും ചെയ്യുമല്ലോ. ഇവിടെയുള്ള വിചിന്തനങ്ങൾ ചിന്താലോകത്തിലേയ്ക്കുള്ള ചില എത്തിനോട്ടങ്ങളാണ്. ചിന്താലോകത്തിന്റെ ഉപാധി സത്യ(truth) മായതിനാൽ, പ്രത്യക്ഷമല്ലെങ്കിൽക്കൂടി, ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള സത്യാന്വേഷണമാണ് ഇവിടെ നടത്തിയിരിക്കുന്നതെന്ന് പറയാം.

ഭാവ്യതാപഥം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്പം വിവരിച്ചു പറയേണ്ടിയിരിക്കുന്നു. ആയിത്തീരാനുള്ള സാദ്ധ്യതയാണ് ഭാവ്യത. തന്റെ ഇരുപത്തെട്ടാമത്തെ വയസ്സിൽ എം.പി. പോൾ എന്ന മലയാളത്തിന്റെ പ്രഗത്ഭപുത്രൻ പ്രപഞ്ചം, നിയതി, സത്ത എന്നീ വിഷയങ്ങളെക്കുറിച്ചുള്ള അതിഗഹനമായ കണ്ടെത്തലുകൾ അതിസരളമായി കുറിച്ചിട്ടതോടൊപ്പം ഇങ്ങനെയുമുണ്ടായിരുന്നു: ഒരു വസ്തുവിന്റെ സത്തയേക്കാൾ മൗലികവും നിത്യവുമായ ഒരു തത്ത്വമാണ് അതിന്റെ ഭാവ്യത. കാരണം, എന്തെങ്കിലും ഉണ്ടാകുന്നതിന് മുമ്പ് അതുണ്ടാവാൻ പാടുള്ളതായിരിക്കണം. സംഭാവ്യമായതേ ഭവമാകൂ. പക്ഷേ, ഭാവ്യമായതെല്ലാം ഭവിക്കണമെന്നില്ല. അവബോധം സംഭാവ്യമാണെന്നതിനുള്ള ഉദാഹരണങ്ങൾ ബുദ്ധൻ, യേശു, രമണമഹർഷി, നാരായണഗുരു തുടങ്ങിയവരുടെയും അത്രയൊന്നും അറിയപ്പെടാത്ത മറ്റ് പലരുടെയും ജീവിത

മാതൃകകളിലൂടെ നമുക്കു മുന്നിലുണ്ട്. അവരുടേതിനു സമാനമായ ഔന്നത്യമൊന്നും മോഹിക്കാതെതന്നെ അവബോധത്തിന്റെ പ്രകാശകിരണങ്ങൾ ഏറ്റുവാങ്ങാനാവുന്ന സൗഭാഗ്യത്തിലേയ്ക്കുള്ള ചില ചൂണ്ടുപലകകൾ ഈ കൃതിയുടെ ഭാവ്യതാപഥത്തിൽ കാണാനാവുമെന്നു താല്പര്യപ്പെടുകയാണ്. ജീവിതസൗന്ദര്യം വികസ്വരമാവുകയെന്നാൽ, വിചാരമണ്ഡലത്തിൽ കണ്ടെത്തുന്ന സത്യത്തിലൂടെ കടന്നു ചെന്ന് വാസ്തവികമണ്ഡലത്തിൽ അവബോധമെന്ന സത്തയിലേയ്ക്ക് നാം പ്രവേശിക്കുകയെന്നാണ്. അത് സംഭവിക്കുന്നില്ലെങ്കിൽ, എത്ര വിപുലമായ സത്യാന്വേഷണവും, ജീവിതം തന്നെയും, നിഷ്ഫലമായിരിക്കും.

സക്കറിയാസ് നെടുങ്കനാൽ
പെരിങ്ങുളം (via പൂഞ്ഞാർ)
കോട്ടയം ജില്ല - 686582

Tel. 9961544169 / 04822 271922
e-mail: znperingulam@gmail.com

# പകരക്കുറിപ്പ്

ഗ്രന്ഥലോകത്തോ അല്ലാതെയോ പ്രശസ്തി നേടിയ ഒരാളുടെ അവതാരികയുണ്ടെങ്കിൽ പുസ്തകം വിറ്റഴിയാൻ സാദ്ധ്യതയേറും എന്നൊരു ധാരണയുണ്ട്. ഗ്രന്ഥകർത്താവിന്റെ കഴിവിനെ ഉള്ളതിലും അല്പംകൂടി പൊലിപ്പിച്ചും, കൃതിയുടെയുള്ളടക്കത്തെ വ്യാജം ചേർത്ത് പുകഴ്ത്തിയും, വിപണിയെ സഹായിക്കാൻ മടിക്കാത്ത അവതാരകർ ഉണ്ടെന്നതും സത്യമാണ്. അവതാരിക വായിച്ചതുകൊണ്ട് വാങ്ങിപ്പോയ പല പുസ്തകങ്ങളും നിരാശതക്ക് കാരണമായിത്തീർന്നയനുഭവം ചിലർക്കെങ്കിലും ഉണ്ടായിട്ടുണ്ടാവണം. ഈ പുസ്തകത്തിന്റെ കാര്യത്തിൽ അങ്ങനെ സംഭവിക്കരുതെന്നുള്ള ആഗ്രഹത്താൽ, ആരോടെങ്കിലും എഴുതിവാങ്ങിയ ഒരവതാരിക ഒഴിവാക്കുകയാണ്. പകരം, വായനക്ക് ഒരുത്തേജനമായി ഈ കുറിപ്പ് ചേർക്കുന്നു.*

ദൈവത്തെ ഒന്ന് ഇന്റർവ്യൂ ചെയ്യാനായിരുന്നെങ്കിൽ എന്നോർത്തു കിടന്ന് മയങ്ങുമ്പോഴാണ് ആ സ്വരം കേട്ടത്: "കടന്നുവരൂ, നമ്മോടൊരഭിമുഖത്തിനുള്ള താത്പര്യം തോന്നുന്നുണ്ടല്ലേ?"

കർത്താവേ, അപ്പുറത്ത് സാക്ഷാൽ ദൈവംതമ്പുരാൻ!

"അങ്ങേയ്ക്ക് സമയമുണ്ടെങ്കിൽ", ഞാനൊന്ന് പരുങ്ങി.

"അനന്തതയാണ് നമ്മുടെ സമയം. അതെല്ലാറ്റിനും തികയും." ഒരു നറുപുഞ്ചിരിയോടെ ദൈവം പറഞ്ഞു. "നിനക്കെന്താണ് നമ്മോട് ചോദിക്കാനുള്ളത്?"

"ഞങ്ങൾ മനുഷ്യരെപ്പറ്റി അങ്ങേയ്ക്കെന്തൊക്കെയാണ് തീർത്തും പുകിലായി തോന്നുന്നത്?", അവസരത്തിനൊത്തുയർന്ന്, ഞാനെന്റെ ആദ്യ ചോദ്യം തൊടുത്തുവിട്ടു.

ദൈവം മൊഴിഞ്ഞു: "അതേ, മക്കളേ, കുഞ്ഞുങ്ങളായിരിക്കുമ്പോൾ, വിരസതകൊണ്ട് നിങ്ങൾ വളരാൻ തിടുക്കം കൂട്ടും. എന്നാൽ, വളർന്നു കഴിഞ്ഞോ, വീണ്ടും കുഞ്ഞുങ്ങളെപ്പോലെയാകാൻ കൊതിക്കും. പണമുണ്ടാക്കാൻ ആരോഗ്യം പണയപ്പെടുത്തും; എന്നിട്ട്, കളഞ്ഞുകുളിച്ച ആരോഗ്യം വീണ്ടെടുക്കാനായി ഉണ്ടാക്കിയ പണമെല്ലാം ചെലവാക്കും.

ഭാവിയെപ്പറ്റി ആകാംക്ഷയോടെ ചിന്തിച്ചിരുന്ന് ജീവിതത്തിൽ അതു മിതുമില്ലാത്തവരായി അവസാനിക്കും. ഒരിക്കലും മരിക്കില്ലെന്നപോലെ കഴിഞ്ഞുകൂടിയിട്ട്, ഒട്ടും ജീവിച്ചില്ലല്ലോയെന്ന ദുഃഖത്തോടെ മരിക്കും."

ഒരിടവേളക്ക് ശേഷം പതുക്കെ, എന്റെ രണ്ടാം ചോദ്യം: "പിതാവെന്ന നിലയ്ക്ക്, എന്തൊക്കെ പാഠങ്ങളാണ് അങ്ങ് ഞങ്ങൾക്ക് തരാനാഗ്രഹി ക്കുന്നത്?"

എങ്ങും വ്യാപിക്കുന്ന അതിവാത്സല്യത്തോടെ ദൈവം പറഞ്ഞു തുടങ്ങി:

"സ്നേഹിക്കാൻ പഠിക്കൂ. നിങ്ങളിൽനിന്നു പുറത്തേയ്ക്കൊഴുകുന്ന ഒരു പ്രകാശധാരയായിരിക്കട്ടെ അത്. മറ്റൊരാളെപ്പറ്റി എല്ലാമറിഞ്ഞിട്ടും അയാളെ ഇഷ്ടപ്പെടുന്നതാണ് യഥാർത്ഥ സ്നേഹം. ഇങ്ങോട്ട് സ്നേഹം വാങ്ങാൻ ആർക്കുമാവില്ല. സ്നേഹിക്കപ്പെടാനനുവദിക്കുക മാത്രമേ സാദ്ധ്യമാകൂ. നിങ്ങൾക്കെന്തുണ്ട് എന്നതല്ല, നിങ്ങളെന്തായിരിക്കുന്നു എന്നതാണ് പരമപ്രധാനം. താരതമ്യവും അനുകരണവും ഒരിക്കലും ഗുണം ചെയ്യില്ല; ജീവിതാന്ത്യത്തിൽ നാം ചോദ്യം ചെയ്യുക വ്യക്തിയെ യാണ്, കൂട്ടത്തെയല്ല. ഏറ്റവും കൂടുതൽ സമ്പാദിച്ചവനല്ല, ഏറ്റവും കുറച്ചാവശ്യമുള്ളവനാണ് സന്തുഷ്ടൻ. അന്യരിൽ ഒരു മുറിവു ണ്ടാക്കാൻ ഒരു നിമിഷം മതി; അത് കരിയാനോ, വർഷങ്ങൾ വേണ്ടി വരും. ഒരേ വസ്തുവിനെ ഒരിക്കലും രണ്ടുപേർ ഒരേതരത്തിൽ കാണുന്നില്ല. അതുകൊണ്ട്, വിട്ടുവീഴ്ചകൾ വളരെ വേണ്ടിവരും. അന്യർ നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കുന്നു എന്നതുപോലെ പ്രധാനമാണ്, അവനവനോട് സ്വന്തം തെറ്റുകൾ ക്ഷമിക്കാനാവുകയെന്നതും."

ശ്രദ്ധിച്ചുകേട്ടിരുന്ന എന്നെ വാരിപ്പൊതിയുന്ന ശാന്തിയിൽ, എത്ര നേരമെന്നറിയാതെ ഞാൻ കണ്ണടച്ചിരിക്കുകയായിരുന്നു.

ആ നേരമെല്ലാം, *ഇരുപത്തിനാല് മണിക്കൂറും ഞാനിവിടെയുണ്ട്; എന്നെ ഒന്ന് വിളിക്കുക മാത്രമേ നീ ചെയ്യേണ്ടതുള്ളൂ* എന്ന കരുണാ മയമായ സ്വരം അവിടെ മാറ്റൊലിക്കൊണ്ടിരുന്നു.

**ആ സ്വരം വീണ്ടും വീണ്ടും പിടിച്ചെടുക്കാനുള്ള ഒരെളിയ യത്നമാണ് ഈ പുസ്തകം.**

സക്കറിയാസ് നെടുങ്കനാൽ

---

*Aruna Kapur of Kolkata കുഷ്വന്ത് സിംഗിന് അയച്ചുകൊടുത്ത ഒരു കുറിപ്പിന്റെ (High on Waves) സ്വതന്ത്രാവിഷ്ക്കാരം.

Gods and Godmen of India, Kushwant Singh, Harper Collins, New Delhi.

# ഉള്ളടക്കം

## ഭാഗം 2 ഭാവ്യതാപഥം


1. എന്റെ എഴുത്തിന്റെ ഉറവ 11
2. ജീവിക്കുക എന്ന കല 15
3. സന്തുഷ്ടിയിലേയ്ക്കുള്ള വഴി 18
4. വെളിച്ചം വിതറുന്ന യാമം 25
5. അന്തർജ്യോതി, ബഹിർജ്യോതി 28
6. വ്യത്യസ്ത മാനങ്ങൾ, വ്യത്യസ്ത ലോകങ്ങൾ 32
7. നമ്മുടെ ലോകം 36
8. അമിതധനം അക്രമംതന്നെ 41
9. പിറവിയെന്ന വിസ്മയം 45
10. സുവിശേഷത്തിന്റെ പരിമളം 47
11. അരഞ്ഞാണമണിഞ്ഞ സുന്ദരി 53
12. ദൈവത്തിന്റെ പ്രതിച്ഛായ 58
13. ഇരട്ടിമധുരം 61
14. സമയമെത്ര ബലഹീനം! 66
15. കൂട്ടിൽക്കിടന്ന് ചത്ത കിളി 68
16. വീലില്ലാതെയും വീൽച്ചെയറോ? 71
17. എന്റെ വാക്ക് 75
18. സ്വരലയം 78
19. സംഗീതത്തിലെ മൗനം 82
20. ഞാനും എന്റെ നിഴലും 85
21. പ്രകൃതിയെ മറന്ന ഫ്രാൻസീസുമാർ 87
22. ഗീതഗോവിന്ദവും ഉത്തമഗീതവും 90
23. വിടന്മാരുടെ പ്രണയഗാനങ്ങൾ 97
24. കാഴ്ചയുള്ള അന്ധൻ 100
25. സ്മൃതിയും വിസ്മൃതിയും 103

26. അന്യോന്യം ചിറകുകൾ സമ്മാനിച്ചവർ 105
27. വെളിച്ചം ദു:ഖമാണുണ്ണീ! 107
28. തിമിരം ബാധിച്ചവർ 113
29. മലയാളിയും പ്രാർത്ഥനയും 116
30. പീഡാനുഭവത്തിന്റെ മന:ശാസ്ത്രം 119
31. സ്വാതന്ത്ര്യത്തിലേയ്ക്കുള്ള തുറവ് 123
32. എഴുത്ത് 125
33. ആൾക്കൂട്ടത്തിൽ തനിയെ 129
34. ചവറ്റുകുട്ട ചുമക്കുന്നവർ 131
35. ജനാലക്കരികിലെ വികൃതിക്കുട്ടി 133
36. പരിധിക്കു പുറത്ത് 137
37. തമ്പുരാന്റെ അമ്മേ! 139
38. മറിച്ച് ചിന്തിക്കാനുള്ള സ്വാതന്ത്ര്യം 145
39. ഉൾക്കാഴ്ചയുടെ മഹത്വം 148
40. പറുദീസയിലേയ്ക്കുള്ള വഴി 158
41. വെളിച്ചമുണ്ടാകട്ടെ 162
42. ഉള്ളിലേയ്ക്ക് ഒരു കുറുക്കുവഴി 164
43. ഇഷ്ടം 165
44. ആത്മൈക്യത്തിന്റെ നിശ്ശബ്ദരഹസ്യം 167

# 1

# എന്റെ എഴുത്തിന്റെ ഉറവ

വീടിനോട് ചേർന്ന് ഒരു കിണറുണ്ടായിരിക്കുക കേരളീയർ സർവ്വസാധാരണമായി അനുഭവിക്കുന്ന ഒരനുഗ്രഹമാണ്. എന്നാൽ വീടിനടുത്ത് ഒരു പുഴയോ അരുവിയോ ഉണ്ടെങ്കിൽ അതെത്ര വലിയ ഒരു ദാനമാണെന്നു പറഞ്ഞറിയിക്കാൻ വയ്യാ.

"ഒഴുക്കുള്ള അരുവിയാൽ നനയ്ക്കപ്പെടുന്ന ഒരുദ്യാനം" എന്ന മനം കവരുന്ന ഭാവന മുപ്പത്താറു തവണയാണ് വിശുദ്ധ ഖുറാനിൽ പരാമർശിക്കപ്പെടുന്നത്. ഈ ഭൂമിയെ മൊത്തത്തിൽ എടുത്താൽ, അത്തരമൊരു പറുദീസയായിട്ടാണ് ദൈവം അതിനെ മനുഷ്യന് കൊടുത്തത്. നമുക്ക് വസിക്കാൻ കിട്ടുന്ന പ്രദേശവും, ഉദാഹരണത്തിന്, നാല് വശങ്ങളും ഉയർന്ന മലകളാൽ ചുറ്റപ്പെട്ട, എന്റെ ജന്മനാടായ, *അടിവാരം* (വാഗമൺ മലകളുടെ താഴ്‌വാരം), അങ്ങനെ വിളിക്കപ്പെടാൻ അർഹമെങ്കിൽ, അതിന്റെ വിശുദ്ധ കുളിർമ്മ ജീവിതത്തിലേയ്ക്കും വ്യാപിക്കുക സ്വാഭാവികമാണ്.

മീനച്ചിലാറിന്റെ ഒരു കൈവഴിയുടെ തീരത്ത് താമസിക്കുന്ന ഞാൻ, ചെറുപ്പകാലങ്ങളിലെന്നപോലെ ഇന്നും, ഇടയ്ക്കിടയ്ക്ക് പുഴയുടെ ഒഴുക്കിനെതിരേ മുകളിലേയ്ക്ക് നടന്നുകയറാറുണ്ട്, അവിടവിടെയായി ഉയർന്നുനില്ക്കുന്ന കരിംശിലകളിൽ തത്തിക്കളിക്കാൻ പാദങ്ങളെ അനുവദിച്ചുകൊണ്ട്. ചിരപരിചിതരെപ്പോലെ വളഞ്ഞുപുളഞ്ഞു നൃത്തമാടിയും ചാടിമറിഞ്ഞും ജലധാരകൾ മന്ദംമന്ദം ഒഴുകിക്കൊണ്ടിരിക്കും. ഒഴുക്കിനെതിരേ നീന്തിത്തുടിക്കുന്ന മത്സ്യത്തെപ്പോലെയായിരുന്നു എന്നുമെന്റെ രീതികൾ. ജലത്തിന്റെ അദൃശ്യശക്തികളെപ്പറ്റി ഞാൻ ബോധവാനായിത്തീർന്നതും അങ്ങനെയാവാം. ഒഴുക്കിനെതിരേ പോയാലേ, സ്വന്തം

ശക്തി പ്രകടിപ്പിക്കാനാവൂ എന്നതിനാലാകാം മത്സ്യത്തിനും ഈ സ്വഭാവമുള്ളത്.

അങ്ങനെയൊരവസരത്തിലാണ് അവളെന്റെ കണ്ണിൽപെട്ടത്. കാലുകൾ പതയുന്ന വെള്ളത്തിലിട്ടാട്ടിക്കൊണ്ട്, ഏകാന്തതയിൽ, എന്തോ ചിന്തിച്ചുകൊണ്ട് ഒരു പാറപ്പുറത്തിരിക്കുകയായിരുന്നു അവൾ. ഭയപ്പെടാതെ, ഞാൻ നീട്ടിയ കൈവിരലുകളിൽ കോർത്തുപിടിച്ചുകൊണ്ടവൾ എഴുന്നേറ്റു. നടക്കൂ, ഞാനുമുണ്ട്, അവൾ മൊഴിഞ്ഞു. ഇടക്കെല്ലാം കാലുകൾ നനച്ചും കല്ലുകളിൽക്കൂടി കയറിയുമിറങ്ങിയും ഞങ്ങൾ പോയ ദൂരം അറിഞ്ഞതേയില്ല. ഇരുട്ടിയപ്പോൾ, 'വീണ്ടുമൊരിക്കൽ' എന്നു മാത്രം പറഞ്ഞ്, മൂടൽമഞ്ഞുപോലെ അവൾ പോയി മറഞ്ഞു. അവശേഷിച്ചത് പറഞ്ഞറിയിക്കാനാവാത്ത ഒരു കുളിർമ്മ.

ആരായിരുന്നവൾ? ഹവ്വയെ സമ്മാനമായി കിട്ടിയപ്പോൾ ആദാമനുഭവിച്ചതും ഈവിധമൊരു വിസ്മയ സാന്നിദ്ധ്യമായിരുന്നിരിക്കണം. ഈ അനുഭൂതിക്കല്ലേ ദൈവം സ്ത്രീയെന്നു പേരിട്ടത്? പുരുഷനിൽനിന്നുത്ഭവിച്ച്, അവനിൽത്തന്നെ അലിഞ്ഞില്ലാതാകാൻ കൊതിക്കുന്ന ഒരു നീരുറവയുടെ നിറവ്! ജീവനെ നിലനിർത്തുന്ന രക്തധമനികൾ ഹൃദയത്തെയെന്നപോലെ, ജീവപുഷ്ടിക്കുവേണ്ടി മനുഷ്യസമൂഹങ്ങൾ ജലസ്രോതസ്സുകളെ ആശ്രയിക്കുന്നു. സമുദ്രത്തിൽനിന്ന് ഉയർന്നുവന്ന പർവ്വതനിരകൾ അമ്മയെ തൊടുവാനായി മെല്ലെ മെല്ലെ നീട്ടുന്ന കൈകളാണ് പുഴകളും നദികളുമെന്ന് ഭാരതത്തിന്റെ കവി ഭാവന ചെയ്തിട്ടുണ്ടല്ലോ. നീരുറവകളും അവയുടെ ഒഴുക്കും എന്നും മനുഷ്യമനസ്സുകളെ ആനന്ദിപ്പിക്കുക മാത്രമല്ല, അവന് സർഗ്ഗശക്തിയായി പരിണമിക്കുകയും ചെയ്യുന്നു. അത്തരമൊരു സർഗ്ഗസാന്നിദ്ധ്യമാണ് ഭാഷകളോടും എഴുത്തിനോടുമുള്ള എന്റെയഭിവാഞ്ചയെ വളർത്തിയെടുത്തത്.

യാത്രചെയ്ത് ക്ഷീണിതനായ യാക്കോബ്, വഴിവക്കിലൊരു കിണർ കണ്ടപ്പോൾ, അതിനടുത്തു ചെന്നിരുന്നു, വിശ്രമിക്കുവാൻ. അതിസുന്ദരിയായ റാഹേൽ അവളുടെ ആട്ടിൻപറ്റത്തെയുംകൊണ്ട് ആ വഴിക്ക് വന്നതപ്പോഴാണ്. മൂടുകല്ലുന്തിമാറ്റി ആടുകൾക്ക് വെള്ളം കൊടുക്കാൻ യാക്കോബ് അവളെ സഹായിച്ചു. താൻ അന്വേഷിച്ചു ചെന്ന അമ്മാവന്റെ ഇളയ മകളാണ് നിറഞ്ഞയഴകായി തന്റെയടുത്ത് നിൽക്കുന്ന റാഹേൽ എന്നറിഞ്ഞതേ, സന്തോഷാതിരേകത്താൽ അവളെ ചുംബിച്ച് അയാൾ പൊട്ടിക്കരഞ്ഞു! അവളെ ജീവിതപങ്കാളിയായി നേടുവാൻ, പതിന്നാലു നീണ്ട വർഷം അയാൾ അമ്മാവന് ദാസ്യവേല ചെയ്തു. ഇസ്രയേലിന്റെ വംശപരമ്പരകളുടെ തുടക്കംകുറിച്ച ഈ പ്രണയകഥ ബൈബിളിലെ ഉല്പത്തിപുസ്തകം, അദ്ധ്യായം 29ൽ വായിക്കാം. അതവസാനിക്കുന്നത്, ഈ മനോഹര വാക്യത്തോടെയാണ്. *അവളോടുള്ള പ്രേമം നിമിത്തം*

*ആ നീണ്ട കാലമത്രയും ഏതാനും നിമിഷങ്ങൾപോലെ അയാൾക്ക് തോന്നി.*

സമയം ബലഹീനവും, യുഗങ്ങൾ പോലും അർത്ഥരഹിതവുമാകുന്നത് യാക്കോബിന്റെ മാത്രം അനുഭവമല്ല. മനുഷ്യചരിത്രത്തിൽ ഇതാവർത്തിക്കപ്പെടുന്നുണ്ട്, ഓരോ തവണയും സ്ത്രീ അവളുടെ സ്നേഹസാന്നിദ്ധ്യപ്രഭാവം പ്രകടിതമാക്കുമ്പോൾ. അതിന് സമാനമായിട്ടെന്തുണ്ട്? അരുവികളും പുഴകളുമുണ്ട്. കാരണം, സ്ത്രീയുടേതെന്നപോലെ, ഭൂമിയുടെ ഗന്ധവും ചുംബനങ്ങളും ചോർന്നിറങ്ങുന്നത് ഉറവരൂപത്തിലാണ്. ഒഴുകുന്നു എന്നർത്ഥമുള്ള "സരതി"യും (സം) സ്ത്രീയും "സൃ" എന്ന ധാതുവിൽ നിന്നാണല്ലോ. എല്ലാം കിനിഞ്ഞിറങ്ങുന്ന ജലമർദ്ദശക്തിയുടെ ഉറവിടങ്ങളാണ് ഇവ രണ്ടും, സ്ത്രീയും ഭൂമിയും.

ജീവിതംതന്നെ ഒരുറവയാണ്. ചലനമാണതിന്റെ സത്ത. അതിന്റെ തേജസ്സാണ് വിജ്ഞാനം. കിണഞ്ഞു തിരയുന്നവർ അതിനെ കണ്ടെത്താതിരിക്കില്ല. ഓരോ സ്ത്രീയും നദി പോലെയാണ്; പുഞ്ചിരിയും കണ്ണീരും കലർന്ന ഒരു പുഴപോലെ നിറഞ്ഞു തുളുമ്പി, പ്രകാശപൂരിതയായി അങ്ങനെയൊരുവൾ അടുത്തു നിന്നിരുന്നപ്പോൾ, എനിക്കെഴുതാതെ പറ്റില്ലെന്നായി.

ഒരിക്കൽ ഞാനവളോട് പറഞ്ഞു: *എന്നിൽനിന്ന് നിന്റെ കണ്ണുകളെ പിൻവലിക്കൂ, അവയെന്നെ അസ്വസ്ഥനാക്കുന്നു. ഹെശ്ബോനിലെ ബാത്രബീം കവാടത്തിനടുത്തുള്ള ജലാശയങ്ങൾ പോലെയാണ് നിന്റെ കണ്ണുകൾ.* (ഉത്തമഗീതം, 6:6 / 7:4) ഒരുദ്യാനധാര, ജീവനുള്ള ഒരു കിണർ, വാഗമൺ- പീരുമേട്മലകളിൽ നിന്നൊഴുകുന്ന അരുവികൾ, ഇവയുടെ ഹൃദയഹാരിത എത്രയോ തവണയാണ് എന്റെയും അനുഭവമായിത്തീർന്നത്! സമുദ്രത്തിൽനിന്നുത്ഭവിച്ച്, വീണ്ടുമൊരിക്കൽ അതിലേയ്ക്ക് ചെന്നെത്താനായി, കുണുങ്ങിക്കുണുങ്ങി ഓടിയടുത്തുകൊണ്ടിരിക്കുന്ന ഈ പുഴയുടെ തീരത്ത്, എത്രയോ പ്രാവശ്യം ഞാനവളെ വീണ്ടും തിരഞ്ഞുനടന്നു, കണ്ടെത്തുംവരെ. അപ്പോഴെല്ലാം, മഴ കിട്ടാത്ത മരുഭൂമിയെപ്പോലെ, ദൈന്യമായി അവൾ കേഴും, *എന്നോട് സംസാരിക്കൂ, എന്തെങ്കിലും പറയൂ.* മൗനപ്രിയനായ ഞാൻ നിശ്ശബ്ദതയുടെ വിരിമാറ്റി അവളെ ഉറ്റുനോക്കും, എന്തെങ്കിലും പറഞ്ഞുതുടങ്ങും. എന്നെ അധൈര്യപ്പെടുത്താതിരിക്കാൻ, അവൾ ഒരു വശത്തേയ്ക്ക് അവളുടെ ചാരക്കണ്ണുകളെ ചലിപ്പിക്കും. പക്ഷേ, കാതും മനസ്സും എപ്പോഴും തുറന്നു വച്ചിരുന്ന അവളുടെ സാമീപ്യം എന്നെ ചഞ്ചലനാക്കിയിരുന്നു. അവളുടെ കൂർമ്മക്ക് സ്വീകാര്യമാകുംവിധം വ്യക്തമോ വടിവൊത്തതോ ആയിരുന്നില്ല എന്റെ ചിന്താസരണികൾ. *പറയൂ, ഞാൻ കേൾക്കുന്നു, നിന്റെ*

*മനോഫലകത്തിൽ കുറിച്ചിട്ടതൊക്കെ എന്നെയും കാണിക്കൂ*, അവളെന്നെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു.

ആദ്യമായുപയോഗിക്കുന്ന ഒപ്പുകടലാസ്സിന്റെ ആർദ്രതയോടെ, അനുകമ്പകൊണ്ടവൾ എന്റെ വാക്കുകളെ ഒപ്പിയെടുത്തു. മഷിയുടെ അധികനനവ് സ്വയം പതിച്ചെടുത്ത്, എന്റെ ചിന്തകൾക്കവൾ രൂപവും തെളിവും സമ്മാനിച്ചു. നിറങ്ങളുടെയും മഷികളുടെയും പടർപ്പിൽനിന്നവൾ എനിക്കായി ആശയകുസുമങ്ങളെ സൃഷ്ടിച്ചുകൊണ്ടിരുന്നു, അവളുടെയാത്മാവിൽ.

എന്നിട്ട്, ഉറച്ചുനിൽക്കുന്ന താങ്ങിലേയ്ക്ക് കൈച്ചുരുളുകളുടക്കി പടർന്നുകയറുന്ന ഹരിതലതയെന്നപോലെ, സ്നേഹവായ്പിന്റെ നറുമണവുമായി എന്നോടവൾ ചേർന്നുനിന്നു. ആ സാമീപ്യമാണ്, നിശ്ശബ്ദതയിൽനിന്നു വാക്കുകളെ നെയ്തെടുക്കാൻ എനിക്ക് ധൈര്യമേകിയത്. *ഉണ്മയിലേയ്ക്കുള്ള ദാഹം ശമിപ്പിക്കാനല്ലേ, നിന്നെ ഞാൻ തിരഞ്ഞു നടന്നത്; ഏകാന്തത ഏകാന്തതയെ തേടുമോ?* എന്നവൾ ചോദിച്ചത് എനിക്കിന്നും മനസ്സിലായിട്ടില്ല. എനിക്ക് മനസ്സിലായതത്രയും ഇവിടെ പകർത്തിയെഴുതാൻവേണ്ടി, Liebesbriefe berühmter Musiker (പ്രഖ്യാതരായ സംഗീതജ്ഞരുടെ പ്രണയക്കുറിപ്പുകൾ) എന്ന സമാഹാരത്തിൽ നിന്ന് ഏതാനും വരികൾ കടമെടുത്ത് ഞാൻ സ്വതന്ത്ര തർജ്ജമ ചെയ്യട്ടെ. സംഗീതജ്ഞനായിരുന്ന പീറ്റർ കൊർണെലിയൂസ് 06.06.1865ൽ കൂട്ടുകാരി ബെർത്തായ്ക്കെഴുതിയ വരികളാണവ.

ഒന്നു നിൻ കണ്ണുകളെന്നിൽപ്പതിയുകിൽ
വിണ്ണുമീലോകവുമെന്റേതായ്ത്തീരുന്നു;
നിന്നിളം കൈകളിലൊന്നമർന്നീടുകിൽ
എന്നിൽ നിറയുന്നു ദൈവികസ്നേഹവും;
നിൻ ചുടുചുംബനമെന്നെപ്പൊതിയുകിൽ
വിസ്മൃതമീഭൂവും സ്വർഗ്ഗവുമീശനും!

സൂര്യൻ മറഞ്ഞിട്ടില്ലായിരുന്നു. പുഴയുടെയുന്മേഷം എന്റെ ശരീരത്തെ തഴുകി. ഇരുവശത്തും പച്ചപ്പടർപ്പുകൾ തഴച്ചുവളർന്നു നിന്നിരുന്നു. ഇലിപ്പയും മണിമരുതും, കാട്ടുചെറിയുമൊക്കെ. ഞാനൊരു പാറയിൽ മലർന്നുകിടന്നു. *ഒരിക്കൽ* (എൻ. മോഹനൻ) എന്ന കഥയിലെ ഒരു ഭാഗമാണ് അപ്പോൾ ഓർത്തുപോയത്. *ഞാനവളെ വെയിൽവെളിച്ചത്തിന്റെ ഉടുപുടവയണിയിച്ചു. പൂക്കളുടെ സുഗന്ധവും സൗന്ദര്യവും അവൾക്ക് കൊടുത്തു. ആകാശനീലിമയിലൂടെയും വനാന്തരഹരിതലതമർമ്മരങ്ങളിലൂടെയും അവളുമായി സംവദിച്ചു. കിളികൾ എന്റെ പ്രണയഗാനമേറ്റുപാടി.*

ഇന്നും ഞാനെന്തെങ്കിലും എഴുതുമ്പോൾ, ഇതൊക്കെത്തന്നെയാണ് സംഭവിക്കുന്നത്.

❑

# 2

# ജീവിക്കുക എന്ന കല

The Art of Living എന്നൊരു പ്രോഗ്രാം ശ്രീ രവിശങ്കർ നടത്തുന്നുണ്ട്. അതിന്റെയുള്ളടക്കം എന്തെന്ന് ഒരൂഹമേ എനിക്കുള്ളൂ. എന്നാലൊന്നു തീർച്ചയാണ്, ജീവിക്കുകയെന്നത് ഒരേ സമയം ഒരു തമാശയും ഒരു കാര്യവുമാണ്. തമാശയും കാര്യവും കലയുടെ ഭാഗമാണുതാനും.

നർമ്മം വിതറാനും നുകരാനുമുള്ള കഴിവ് മറ്റെല്ലാ ജീവികളെയുമപേക്ഷിച്ച് മനുഷ്യന്റെ പ്രത്യേകതയാണ്. സ്വയം ഒരു ഫലിതമായി കണ്ടുകൊണ്ട് ജീവിക്കാനുള്ള കഴിവും ചുരുക്കം ചിലർ ശീലിച്ചെടുക്കാറുണ്ട്. സൂക്ഷിച്ചു നിരീക്ഷിച്ചാൽ, ജീവിതംതന്നെ മൊത്തത്തിൽ ഒരു ഫലിതമല്ലേ? ഓരോരുത്തരും എന്തെല്ലാം ഭാവനയിൽ കാണുന്നു, രൂപകൽപന ചെയ്യുന്നു, എന്നിട്ടതിനുവേണ്ടി കാത്തിരിക്കുന്നു. എന്നാൽ, മിക്കപ്പോഴും സംഭവിക്കുന്നത്, അതിനൊക്കെനേരേ തലതിരിഞ്ഞും. എന്നിട്ടും, ഈവക നിത്യാനുഭവങ്ങൾ തരുന്ന പാഠങ്ങൾ അംഗീകരിക്കാൻ അധികമാർക്കുമാകുന്നില്ല.

എന്നാൽ ഈ സത്യം അല്പം നർമ്മബോധത്തോടെ തിരിച്ചറിഞ്ഞുകഴിഞ്ഞാൽ, പരിഭ്രമത്തിനു പകരം ഏതോ ഒരു സുരക്ഷിതത്വമാണ് ഉള്ളിൽ തോന്നുക. കാരണം, എല്ലാം നിയന്ത്രിക്കുന്ന ആ ശക്തി നമുക്ക് വെളിയിലാണെങ്കിലും നമ്മെ അതെങ്ങനെയോ പൂർണമായി ഉൾക്കൊള്ളുന്നുവെന്നും, പ്രപഞ്ചസമഗ്രതയിൽ എല്ലാം ശുഭപര്യവസായിയായിത്തീരുമെന്നും അറിയുന്നത് ഏത് അസ്വസ്ഥചിന്തയ്ക്കും മരുന്നാണ്. നമുക്ക് അനിഷ്ടകരമായതിനെതിരെയുള്ള എതിർപ്പ് ഫലശൂന്യമാണെന്ന ബോധ്യം കൈവരിച്ചാൽ, സാവധാനമെങ്കിലും, പ്രതിരോധം മതിയാക്കി, ഉണ്മയെ അംഗീകരിക്കാനുള്ള തന്റേടം അതു നമ്മിൽ സൃഷ്ടിക്കുന്നു.

പ്രകൃതിയിലുള്ളയൊന്നിനോടും പൊരുതി ജയിക്കാമെന്നു കരുതരുത് എന്ന് *താവോ തേ ചിങ്ങ്* രണ്ടര സഹസ്രാബ്ദങ്ങൾക്കുമുമ്പ് പ്രബോധിപ്പിച്ചിട്ടുണ്ട്. പ്രപഞ്ചസംവിധാനവുമായി സന്ധിയിലാകുന്നതാണ് മന:ശാന്തിയിലേക്കുള്ള ഏക വഴി. അതുവരെ നാം ചെയ്യുന്നത്, ഒരിക്കലും ജയിക്കാൻപോകുന്നില്ലാത്ത യുദ്ധമാണ്.

മനസ്സിന്റെ വ്യത്യസ്തവ്യാപാരങ്ങളെപ്പറ്റിയുള്ള ഒരു നല്ല വിശദീകരണം വായിച്ചിട്ടുണ്ട്. അതിൽ പകലത്തെ കോലാഹലങ്ങളിൽ നിന്ന് മാനസികമായ ഒരകലം കാക്കുക എന്ന കലയെ അതിന്റെ തോതനുസരിച്ച് ഒരു കോവണിയുടെ പടികളോടുപമിക്കുകയാണ്. ഏറ്റം താഴത്തെ പടിയിൽ നിന്നാൽ, കാണുന്നതും കേൾക്കുന്നതുമായ വിശദാംശങ്ങൾ നമ്മുടെ ഏകാഗ്രതയെ കൊല്ലാൻ പോരുന്നത്രയാണ്. ഉദാഹരണത്തിന്, അവിടെ നിന്നുകൊണ്ട് നാം തെങ്ങ്, തേക്ക്, ആഞ്ഞിലി, മുരിക്ക് എന്ന് തുടങ്ങുന്ന മരങ്ങളെയും പശു, പട്ടി, ആട് തുടങ്ങിയ മൃഗങ്ങളെയും, ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ, താണവൻ, ഉയർന്നവൻ എന്നും മറ്റും തരം തിരിച്ചു മനുഷ്യരെയും കാണേണ്ടിവരും. എന്നാൽ, അല്പം മുകളിലേക്ക് കയറിയാൽ, നമ്മുടെ കാഴ്ച മരങ്ങൾ, മൃഗങ്ങൾ, മനുഷ്യർ എന്നിങ്ങനെ കുറേക്കൂടി സമഗ്രതയുള്ളതായി ചുരുങ്ങും. വീണ്ടും ഒരുപടികൂടി മുകളിലേക്ക് കയറാനാകുന്നവന്, ചേതനം, അചേതനം എന്ന വ്യത്യാസമേ കാണാനാകൂ. അവിടെനിന്ന് വീണ്ടുമുയരത്തിലേക്ക് കയറാമെങ്കിൽ, വ്യത്യസ്തതകൾ ഏതാണ്ടില്ലാതായി, സമഗ്രതയും ഭംഗിയുമാർന്ന പ്രപഞ്ചത്തിന്റെ വശ്യത ശ്രദ്ധയിൽ വന്നുപെടും.

അപ്രസക്തങ്ങളായ വിശദാംശങ്ങളുടെ പ്രളയം മനസ്സിൽ ഇരുട്ടുണ്ടാക്കുന്നുവെന്ന് ചുരുക്കം. അതാണ് റ്റിവിയും മറ്റു വാർത്താമാധ്യമങ്ങളും നിത്യേന ചെയ്തുകൊണ്ടിരിക്കുന്നത്. എത്ര മണിക്കൂറുകളാണ് ചിലർ ചുറ്റും നടക്കുന്ന എല്ലാത്തിനെപ്പറ്റിയും, തങ്ങളെ സംബന്ധിച്ച് ഒരു പ്രസക്തിയുമില്ലാത്ത വിവരങ്ങൾ തലയിൽ കുത്തിനിറയ്ക്കാനായി ചെലവാക്കുന്നത്! ആരെയും എന്തിനെയുംപറ്റി രണ്ടു വാക്ക് പറയാൻ കഴിയുമെങ്കിൽ അതു പാണ്ഡിത്യലക്ഷണമായി!

അൽപനേരം പോലും തനിയെയിരിക്കാനോ, ഇരുട്ടത്ത് കുറേ നേരം കഴിയാനോ ഇന്ന് മിക്കവർക്കും ഭയമാണ്. എന്തുകൊണ്ട്? ഏകാകിതയും ഇരുട്ടും അവനവനെ നേരിടാനുള്ള നിമിത്തങ്ങളാകുന്നു എന്നതാകാം കാരണം. ഈ ഭയം സ്വന്തം അസ്തിത്വത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണെങ്കിലും അവിടേക്ക് കണ്ണുതിരിക്കാൻ ധൈര്യമുള്ളവർ വിരളമാണ്.

വിശ്രാന്തമായ സായംസന്ധ്യയിലോ, തീർത്തും ഇരുട്ടിയിട്ടോ, വിജനമായൊരിടത്ത് തനിയെ നടക്കാനിറങ്ങുക ഒരു നല്ല മാനസികാനുഭവമായിത്തീരാം. ശ്രദ്ധയെ ആകർഷിക്കുന്നയൊന്നുമില്ലാത്ത ചുറ്റുപാടിൽ,

പയ്യെപ്പയ്യെ, മുമ്പറിഞ്ഞിട്ടില്ലാത്ത ഒരു കുളിർമ ഉള്ളിലേക്ക് കടന്നു വരും. മേൽപ്പറഞ്ഞ കോവണിയുടെ ഏതാണ്ടുയർന്ന ഒരു പടിയിൽ കയറാൻ അതു നമ്മെ പഠിപ്പിക്കും.

"നിങ്ങളുടെ സത്തയിലേക്ക് നിശ്ശബ്ദത പ്രവേശിക്കുന്ന നിമിഷം നിങ്ങളമ്പരക്കും." (റഷ്യൻ മിസ്റ്റിക്ക് ഗുർജിയെഫ്). എന്തുകൊണ്ട്? അതിനുള്ളിൽ നിങ്ങൾ നിറച്ചിരിക്കുന്ന ചപ്പും ചവറും കാണുമ്പോൾ! അതൊരു വശം. എന്നാൽ, ആ നിശ്ശബ്ദത പ്രവർത്തനനിരതമാവുകയും ഉള്ളിനെ ശുദ്ധീകരിക്കുകയും ചെയ്യുമ്പോൾ അവിടെ നാം കണ്ടെത്തുന്ന ദിവ്യ സാന്നിദ്ധ്യത്തെ അനുഭവിക്കുമ്പോൾ സംഭവിക്കുന്നത് അതിലും വലിയ അമ്പരപ്പായിരിക്കും.

ഒട്ടുമേ ദഹിപ്പിക്കാനാവാതെ ഒത്തിരി വായിക്കുന്നവരുണ്ട്. ഒന്നും വിനിമയം ചെയ്യാതെ ഒത്തിരി സംസാരിക്കുന്നവരുണ്ട്. അനങ്ങാത്തവയെ മൊത്തത്തിലുപേക്ഷിച്ചിട്ട് അനങ്ങുന്നയെന്തിനെയും നിരന്തരം തുറിച്ചു നോക്കിയിരിക്കുന്നവരുണ്ട്. അത്തരക്കാരിൽപെടുമോ നമ്മളും? പ്രകൃതിയിലെന്തെങ്കിലുമായി സംവദിക്കാൻ നമുക്കാകുന്നുണ്ടോ? അതോ മനസ്സുമുഴുവൻ വേണ്ടാതിനങ്ങളുടെ ഒരു മാലിന്യക്കൂമ്പാരമാണോ? എങ്കിൽ അവിടേക്ക് ഒരു വെളിച്ചവും കടന്നുവരില്ല, തീർച്ച.

*മൗനംകൊണ്ടെന്നെ നേരിട്ടു, നിന്റെ പ്രേമം. ഓരോ നിശീഥത്തിലും എന്റെ ഹൃദയകവാടത്തിൽ വന്നു നീ നൃത്തം ചെയ്തു. ഞാൻ കൈ നീട്ടിയതേ, നീയത് ഗ്രഹിച്ചു. നിശ്ശബ്ദതയുടെ വെളിച്ചത്തിൽ നീ എന്നോടൊത്തു നടന്നു. വാക്കുകളില്ലാതെ നമ്മൾ സംവദിച്ചു. സൗന്ദര്യവും ശാന്തിയുമെന്തെന്ന് ഞാനറിഞ്ഞു.*

എത്ര പ്രാർത്ഥനാനിർഭരം! ജീവിക്കുക എന്നത് ഒരു കലയാകുന്നതെങ്ങനെയെന്നതല്ലേ ഇതിന്റെയുള്ളടക്കം?

❑

# 3

# സന്തുഷ്ടിയിലേയ്ക്കുള്ള വഴി

Boiled Frog Syndrome എന്ന് കേട്ടിട്ടുണ്ടോ? Ornstein എന്നൊരാൾ കണ്ടെത്തിയ പ്രതിഭാസമാണിത്. ഒരു പാത്രത്തിൽ വെള്ളമൊഴിച്ച്, ഒരു തവളയെ അതിലിടുക. വളരെ പതിയെ വെള്ളം ചൂടാക്കുക. തീരെ സാവധാനമുയരുന്ന ചൂട് തവള തിരിച്ചറിയുകയില്ല. തിളനിലയെത്തുന്നതിനു മുമ്പ് ചാടിപ്പോകാൻ കൂട്ടാക്കാതെ, സംഭവമെന്തെന്നറിയാതെ, പാവം വെള്ളത്തിലിരുന്ന് ചാകും. ഇന്നത്തെ സാധാരണ സ്കൂൾവിദ്യാഭ്യാസത്തിലൂടെ നമ്മുടെ കുട്ടികൾ ബൗദ്ധികമായി ഇത്തരമൊരു പ്രതിഭാസത്തിലാണ് എത്തിപ്പെടുന്നത്. വളരെ സാവധാനം അവരെ പൊതിയുന്ന സങ്കുചിത ജീവിതശൈലികൾ അവരറിയാതെതന്നെ ബുദ്ധിയെയും മനസ്സിനെയും കൊല്ലുന്നു. തുറവ്, ജിജ്ഞാസ, വിസ്മയം, സഹകരണം, സ്വാതന്ത്ര്യം തുടങ്ങിയ ഗുണങ്ങൾ ശീലിപ്പിക്കാൻ അദ്ധ്യാപകർ വളരെ മന:സാന്നിദ്ധ്യത്തോടെ ശ്രദ്ധിക്കുന്നില്ലെങ്കിൽ, പുറത്തു വരുന്നത് (വിശേഷിച്ച്, മാതൃഭാഷയില്ലാത്ത പൊങ്ങച്ചസ്കൂളുകളിൽ നിന്ന്) മനുഷ്യത്വം മരവിച്ചുപോയ, അടിമുടി ജാടകളിൽ പൊതിഞ്ഞ വ്യക്തികളായിരിക്കും. ഇതല്ല ഇന്ന് നമ്മുടെ നാടിന്റെ വിനാശം എന്ന് പറയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ?

*ആഹാ!* എന്ന് തുടരെത്തുടരെ വിസ്മയിക്കാനാകുക, അതാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. എവിടെയും എല്ലാറ്റിലും അദ്ഭുതവും പുതുമയും കാണാനായാൽ, ജീവിതം പിന്നെ മ്ലാനമയമാവില്ല. *അഹന്തയുടെ അഭാവമാണ് ആത്മീയത* എന്ന ലേഖനത്തിലെ (ഭാഗം ഒന്ന്, ചിന്താപഥം) ഈ വാക്യം കണ്ടിരിക്കുമല്ലോ: *അദ്ഭുതമെന്നൊന്നില്ല, ഉണ്ടെങ്കിൽ,*

*എല്ലാം അദ്ഭുതങ്ങളാണ്.* ഇതുതന്നെ ഇംഗ്ലീഷിൽ Einstein വളരെ പണ്ടേ പറഞ്ഞിട്ടുള്ളത് ഞാൻ കാണുന്നത് Einstein & Zen (Konrad P. Pritscher, Peter Lang Publ. N.Y. 2010) എന്ന കൃതി 2010 സെപ്റ്റംബർ അവസാനം എനിക്ക് കിട്ടുമ്പോഴാണ്. "There are no miracles as such, or everything that happens is a miracle." ഈ കണ്ടെത്തലിലേയ്ക്ക് വരാൻ നമുക്കിന്നുള്ള അറിവൊക്കെ ധാരാളമാണ്. അല്പമായതെല്ലാം ബൃഹത്തായതിനെ ഉൾകൊള്ളുന്നു എന്നത് പകൽപോലെ വ്യക്തമാണ്. ഓരോ കുരുവിലും ഓരോ കോശ ത്തിലും നിന്ന് മരവും മൃഗവും മനുഷ്യനും വികസിച്ചുണ്ടാകുന്നത് നാം എന്നും കാണുന്നു. ചെറുതിൽ വലുത് ഒളിഞ്ഞിരിക്കുന്നതും അത് പുറത്തേയ്ക്ക് വരുന്നതുമായ മഹാദ്ഭുതമാണത്. ഏത് ജീവിയുടെയും ഏത് വസ്തുവിന്റെയും ഏറ്റം ചെറിയ അംശം പോലും അതിന്റെ വലിയ രൂപത്തെ വഹിക്കുന്നുണ്ട്. അതുകൊണ്ടാണല്ലോ, ഒരു ജീവിയുടെ ഒറ്റ കോശത്തിൽ നിന്ന് ഒരു പുതിയ പകർപ്പുണ്ടാക്കുന്ന *ക്ലോണിംഗ്* സംഭവ മായത്. ഈ പ്രപഞ്ചത്തിന്റെ മുഴുവൻ ഭാവം നമ്മിൽ ഓരോരുത്തരിലും, നാം കാണുന്ന ഓരോന്നിലും മറഞ്ഞിരിക്കുന്നുണ്ട്. ഓരോ കണികയും അതിന് തനതായ ഊർജ്ജത്താൽ മാത്രമല്ല, പ്രപഞ്ചോർജ്ജത്താൽ കൂടെയും പ്രകമ്പിതമാണ്. അനിനുള്ളിലെ ശക്തി, അനന്തമാണ്. ബ്രഹ്മം എന്ന വാക്ക് 'ബ്രിഹ്' എന്ന മൂലത്തിൽ നിന്നാണ്. അതിനർത്ഥം വളരുക, വികസിക്കുക എന്നൊക്കെയാണ്. 'രൂപമില്ലാത്ത, മരണമില്ലാത്ത, ചലനം' എന്നാണ് ഉപനിഷദ്ഭാഷയിൽ ബ്രഹ്മം അല്ലെങ്കിൽ പരാശക്തി. ബ്രഹ്മാണ്ഡം എന്നുവച്ചാൽ, ഒരേ സമയം മൊത്തം പ്രപഞ്ചവും ചരാചര ത്തിലെ ഓരോ കണികയുമാണ്. ഇതൊരു ജീവനുള്ള സത്യമായി മന സ്സിൽ സൂക്ഷിച്ചാൽ മതി, എന്തിലും ഏതിലും അദ്ഭുതം ദർശിക്കാൻ.

പക്ഷേ, ഉൾക്കൊള്ളാൻ വളരെ വിഷമമുള്ള കാര്യമാണിത്. ബുദ്ധന്റെ കാഴ്ച്ചപ്പാടനുസരിച്ച്, ഈ ലോകം മൊത്തത്തിൽ ഒരു പ്രക്രിയയാണ്, പ്രത്യേകാസ്തിത്വമായി ഒന്നുംതന്നെ അതിലില്ല. ആകെയുള്ള ഒരേ യൊരു കാര്യം ചലനമാണ്. എന്നാൽ, ഇത് കേൾക്കുന്നവരും വായി ക്കുന്നവരും മനസ്സിലാക്കുന്നത്, എല്ലാം ചലിച്ചുകൊണ്ടിരിക്കുന്നു എന്ന് മാത്രമാണ്. അതല്ല, പക്ഷേ, ബുദ്ധൻ പറയുന്നത്. അദ്ദേഹം പറയുന്നത്, ചലിച്ചുകൊണ്ടിരിക്കുന്ന ഒന്നുമവിടെയില്ല, ചലനം മാത്രമേയുള്ളൂ എന്നാണ്. ഈ സത്യം പിടിച്ചെടുക്കുകയാണ് നമ്മുടെ ബുദ്ധിമുട്ട്. എല്ലാം ചലിച്ചുകൊണ്ടിരിക്കുന്നു എന്നംഗീകരിക്കാൻ അല്പം ശാസ്ത്രബോധ മുള്ളവർക്ക് അത്ര പ്രയാസമുണ്ടാവില്ല. ഒരേ നദിയിലേയ്ക്ക് രണ്ടുതവണ യിറങ്ങാൻ ആർക്കുമാവില്ല എന്ന് ഒരു ജ്ഞാനി പറഞ്ഞത്, അക്ഷരാർത്ഥ ത്തിൽ ഉൾക്കൊണ്ടശേഷം, സുസ്മേരവദനരായി, നാം ആത്മപ്രശംസ

യിലാഴുന്നു: ശരിയാണ്, നദി ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കുക യാണ്. എന്നിട്ട്, ഈ ഗ്രാഹ്യം നാം മരങ്ങളിലേയ്ക്കും മനുഷ്യരിലേയ്ക്കു മൊക്കെ മാറ്റി പ്രതിഷ്ഠിച്ചുകൊണ്ട് നമ്മുടെ ബുദ്ധിവികാസത്തെ ഒന്നുകൂടി സ്ഥിരീകരിക്കും. എന്നാൽ, അപ്പോഴും നാം അബദ്ധത്തിൽ തന്നെയാണെന്ന് ബുദ്ധൻ പറയും. കാരണം, മാറിക്കൊണ്ടിരിക്കുന്ന വസ്തുക്കളുടെ ഒരു ലോകമേയില്ല, മാറ്റം മാത്രമാണുള്ളത് എന്നാണ് ബുദ്ധഭാഷ്യം. വസ്തുക്കളുണ്ടെന്ന്, ഞാനും അന്യരുമെന്ന വ്യത്യാസ മുണ്ടെന്ന്, കരുതുമ്പോൾ, വ്യാഖ്യാനങ്ങൾ വേണ്ടിവരും. എല്ലാ വ്യാഖ്യാന ങ്ങളും മനസ്സിന്റെ സൃഷ്ടിയാണ്. പരമാർത്ഥത്തിൽ നിന്ന് നമ്മെ തടഞ്ഞു നിർത്തുന്നത് മനസ്സും അതിന്റെ വ്യാഖ്യാനങ്ങളുമാണ്. അതൊരു രാവണ ക്കോട്ടയാണ്. അതിന് പുറത്ത് കടക്കുന്നവരുടേതാണ് സന്തുഷ്ടി.

ജീവിതത്തെ നേർക്കുനേർ കാണാൻ മടിയില്ലാത്തവർക്ക്, സംസാ രത്തെ (സാധാരണ ജീവിതത്തെ) നിർവ്വാണതലത്തിലേയ്ക്കുയർത്താൻ വഴികളുണ്ട് എന്നത് ബുദ്ധന്റെ വലിയ കണ്ടുപിടുത്തമായി കരുതപ്പെ ടുന്നു. അതിലൊന്നാമത്തേത്, അരോചകവും വേദനാജനകവുമായവ സംഭവിക്കുമ്പോൾ, അനിവാര്യമാണെന്നുണ്ടെങ്കിൽ, അവയെ അംഗീകരി ക്കാൻ സ്വയം പഠിപ്പിക്കുകയാണ്. പക്ഷേ അതിനായി, ആദ്യം, സംഭവിക്കു ന്നതെന്തെന്ന് ശ്രദ്ധിക്കാൻ കഴിയണം. ഈ ശ്രദ്ധയാണ് പ്രധാനം. കാരണം, എന്തും, ഒരു ചെറിയ പുൽത്തലപ്പുപോലും, വിസ്മയകരമായ ഒരു പ്രതിഭാസമായിത്തീരുന്നു, അത് ശ്രദ്ധിക്കപ്പെടുമ്പോൾ; വിശദീകരി ക്കാനാവാത്ത ഒരു രഹസ്യവും അളവില്ലാത്ത അദ്ഭുതവുമായി അത് രൂപാന്തരപ്പെടുന്നു. ഈ പറഞ്ഞതിൽ, *അത്* എന്നുള്ളതാണ് മർമ്മം. *അത്* അഹത്തെ മറയ്ക്കുകയും അപ്രധാനമാക്കുകയും ചെയ്യുന്നതോടെ, മുമ്പിലുള്ളതിൽ നിന്ന് വേർതിരിഞ്ഞ ഒന്നല്ല നമ്മുടെ അസ്തിത്വം എന്ന ഉൾക്കാഴ്ച ജനിക്കുന്നു. ഒറ്റ വായനകൊണ്ടോ ഒറ്റ ദിവസംകൊണ്ടോ മനസ്സിലാകുന്ന ഒരു സംഗതിയല്ലിത്. എന്നാൽ, നമ്മെ വരിഞ്ഞിറുക്കി ശ്വാസംമുട്ടിക്കുന്ന, ഒരിക്കലും തീരാത്ത, ആഗ്രഹങ്ങളിൽ നിന്ന് മോചനം തേടുന്നെങ്കിൽ, അതിന് ഈ ഒറ്റ വഴിയേയുള്ളൂ. ഈ ശ്രദ്ധയിൽനിന്നാണ് സഹവർത്തിത്വബോധം ജനിക്കുന്നത്. Compassion, kindness ആണ് ശാന്തിയിലേയ്ക്കുള്ള മാർഗമെന്ന് ശ്രീബുദ്ധൻ പറഞ്ഞത് അതുകൊ ണ്ടാണ്. 'കം പാഷൻ' എന്നാൽ, സ്വരുമ തോന്നുക, ഒരുമിച്ചനുഭവിക്കുക എന്നൊക്കെയാണല്ലോ.

സന്തുഷ്ടിയിലേയ്ക്കുള്ള മൂന്നു പടികൾ ഏതൊക്കെയെന്നു തോമസ് കീറ്റിംഗ് വിശദീകരിക്കുന്നത് ഇങ്ങനെ: ആദ്യത്തെ പടി, മറ്റുള്ളവർ, മറ്റു ള്ളവ ഉണ്ട് എന്നറിയുക. രണ്ട്: ഈ മറ്റുള്ളവർ ഞാൻതന്നെ എന്ന് തിരി

ച്ചറിയുക. മൂന്ന്: മറ്റുള്ളവർ ഇല്ലെന്നറിയുക! ഇതുതന്നെയാണ് വിശുദ്ധിയിലേയ്ക്കുള്ള വഴിയും. ഇതിൽകൂടുതലൊന്നും യേശുവും പഠിപ്പിച്ചില്ല. ബുദ്ധനും യേശുവും ചൂണ്ടിക്കാണിച്ചത് ഓരോരുത്തരും അവരവരുടെ നിർവൃതിയിൽ എത്തിച്ചേരുന്നതിനുള്ള വഴിയല്ല, മറിച്ച്, അസ്തിത്വം മുഴുവൻ നിർവൃതിയിൽ എത്താനുള്ള വഴിയാണ്. ശരിക്ക് പറഞ്ഞാൽ, അസ്തിത്വത്തിന്റെ നിർവൃതിയിൽ സ്വയം അലിഞ്ഞുചേരാനുള്ള വഴിയാണത്. ഒറ്റയ്ക്ക് വിശുദ്ധിയിലെത്തുക അങ്ങേയറ്റത്തെ അയുക്തിയും അസ്സാധ്യതയുമാണ്.

ദേഹത്തെ പൊതിഞ്ഞും ഉള്ളിലുമായിട്ടുള്ളതാണ് ദേഹി. അതിന്റെ ശുദ്ധി അല്ലെങ്കിൽ പവിത്രതയാണ് ആത്മശുദ്ധി. ഇല്ലെങ്കിലും ഉണ്ടെന്നു തെറ്റിദ്ധരിപ്പിക്കാവുന്നതാണ് ദേഹത്തിന്റെ ശുദ്ധി. സെന്റു പൂശിയും തേച്ചു മിനുക്കിയ വസ്ത്രം ധരിച്ചുമൊക്കെ *വൃത്തിയായി* നടക്കാനാണ് ഇന്നേവർക്കും താത്പര്യം. എന്നാൽ, ദേഹിശുദ്ധിയിൽ കബളിപ്പിക്കൽ നടക്കില്ല. ഒന്നാമത്, മനസ്സ് ശുദ്ധമല്ലെന്ന്, നാം നമ്മോടുതന്നെ അംഗീകരിക്കേണ്ടിവരും. രണ്ടാമത്, പുറത്തുള്ളയാൾക്കാർക്കും അതു പിടികിട്ടും, വിളിച്ചു പറയുന്നില്ലെങ്കിലും. മനസ്സിൽ അശുദ്ധി തീണ്ടിയാൽ, അതിലൊരു ഭാഗമെങ്കിലും ശരീരത്തിലൂടെ പുറത്ത് കളയാൻ പ്രകൃതി ശ്രമിക്കാറുണ്ട്. അകാരണമെന്നു തോന്നുന്ന വ്രണങ്ങൾക്ക് പിന്നിൽ പലപ്പോഴും ഇങ്ങനെയൊരു പ്രതിഭാസമാണുണ്ടാവുക. ദേഹവും ദേഹിയും മനുഷ്യന്റെ ഏക ജൈവികതയുടെ ഇരു ഘടകങ്ങളാണെന്നും അവയൊരുമിച്ചു പ്രവർത്തിക്കുന്നുവെന്നും സൂക്ഷ്മനിരീക്ഷണത്തിലൂടെ മനസ്സിലാക്കാം. ദേഹാസ്വസ്ഥതകളുടെ കാരണങ്ങൾ ദേഹത്തിൽത്തന്നെയാകണമെന്ന് ശാഠ്യമരുത്. മനസ്സിനെ പരിശോധിക്കുക ഓരോരുത്തരുടെയും കടമയാണ്, പുറത്തുള്ള വൈദ്യന്റെയല്ല.

ബലഹീനനിമിഷങ്ങളിൽ സ്വാർത്ഥതയിലൂടെയാണ് അശുദ്ധിയുടെ അണുക്കൾ ഉള്ളിൽ കടന്നുകൂടുന്നത്. അങ്ങനെ അവിചാരിതമായി അശുദ്ധി തീണ്ടിയാൽ, അത് തിരിച്ചറിയുന്നതോടെ, സ്വയമൊരു ആത്മീയ സിരാവേധം നടത്താനുള്ള ധൈര്യം വിശുദ്ധിയുടെതന്നെ ഭാഗമാണ്. ഞരമ്പു മുറിച്ച് അഴുക്കുരക്തം വാർന്നുപോകാനനുവദിക്കുന്ന രീതിയാണത്. ഇരുവശവും കെട്ടിമുറുക്കി, കഷ്ടതയുള്ള ഭാഗത്തുണ്ടാക്കുന്ന മുറിവിലൂടെ ദുഷിച്ച രക്തം പുറത്തുകളയുന്നതോടെ, അസുഖവും മാറുന്നു. ഉള്ളിലെ അധികപ്പറ്റുകളും വിഷബാധകളും യഥാർത്ഥ മന:ശാന്തിക്കു ഹാനികരമാകുമെന്നപോലെതന്നെ, പുറമേ നമ്മൾ വാരിക്കൂട്ടുകയും വച്ചുകെട്ടുകയും ചെയ്യുന്ന ഉരുപ്പടികളും അശുദ്ധിക്കു കാരണമാകും. ഇതിൽനിന്ന് ഉരുത്തിരിയുന്നതാണ് ബുദ്ധന്റെ അല്ലെങ്കിൽ

യേശുവിന്റെ വഴിയുടെ രണ്ടാമത്തെ വശം. ആവശ്യങ്ങളെ ചുരുക്കുക എന്നതിൽ അടങ്ങിയിരിക്കുന്നു, അത്. അധികം ഉണ്ടായിരിക്കുന്നതല്ല സമ്പത്ത്, ആവശ്യങ്ങളില്ലാതിരിക്കുന്നതാണ്. Einstein ചോദിക്കാറുണ്ടായിരുന്നു: ഒരു മേശ, ഒരു കസേര, ഒരു പാത്രം നിറയെ പഴങ്ങൾ, ഒരു വയലിൻ -- ഇതിൽ കൂടുതലെന്തുവേണം ഒരാൾക്ക് സന്തുഷ്ടനായിരിക്കാൻ? ഇത്രയുംകൊണ്ട് തികഞ്ഞ സന്തോഷത്തോടെ കഴിയാനാകുന്നവർ തീർച്ചയായുമുണ്ട്. എന്നാൽ, എല്ലാവരും അങ്ങനെയല്ലെന്ന് ഏവർക്കുമറിയാം. വാച്യാർത്ഥമല്ലല്ലോ പക്ഷേ, ഉദ്ദേശിക്കുന്നത്. ഉദ്ദേശിച്ചതെന്തെന്ന് അദ്ദേഹംതന്നെ പറയുന്നു: ലളിതവും പത്രാസില്ലാത്തതുമായ ഒരു ജീവിതരീതി ആത്മാവിനും ശരീരത്തിനും എല്ലാ വിധത്തിലും ഉതകുന്നതായിരിക്കും. അന്യരിൽ നിന്നും സംഭവങ്ങളിൽ നിന്നും നമുക്കുള്ള വ്യത്യസ്തതയെപ്പറ്റിയുള്ള അതിരുവിട്ട ബോധമാണ് എല്ലാ വഴികടന്ന ആഗ്രഹങ്ങൾക്കും പിന്നിൽ പ്രവർത്തിക്കുന്ന ചാലക ശക്തി. അഹന്തയുടെ അതിപ്രസരമാണ് *പത്രാസ്* എന്നതുകൊണ്ട് നാടോടി ഭാഷയിൽ ഉദ്ദേശിക്കുന്നത്. അഹന്തയിൽനിന്നുയരുന്ന ദുർഗന്ധമാണ് പൊങ്ങച്ചം. ഒരാൾ അഹത്തിൽനിന്ന് എത്രമാത്രം വിടുതൽ നേടിയിട്ടുണ്ടോ അത്രയും സാരാംശമേ അയാളുടെ സ്വഭാവത്തിനുള്ളു. ഇതൊരു സാർവത്രിക കണ്ടെത്തലാണ്. ജ്ഞാനം വെറും അറിവിന്റെ ശേഖരമല്ല. ലബ്ധമായ അറിവുകളെ അവനവന്റെ ഏറ്റവും വലിയ നന്മയ്ക്കായി സ്വരുമിപ്പിക്കാനാകുക എന്നതിലാണ് ശാശ്വതമായ സന്തുഷ്ടി അടങ്ങിയിരിക്കുന്നത്. മറ്റുള്ളവരുടെ നന്മയുംകൂടി കണക്കിലെടുക്കാതെ ഒരാൾ തേടിക്കൂട്ടുന്നതൊന്നും ആത്യന്തികമായി സന്തുഷ്ടിയുടെ പരിമളം പരത്തുകയില്ല. അത്തരം സമഗ്രമായ സന്തുഷ്ടിയല്ലാതെ മറ്റെന്താണ് നമുക്കാഗ്രഹിക്കാവുന്ന ഏറ്റവും വലിയ നന്മ?

ആഗ്രഹങ്ങളുടെ കാര്യം വരുമ്പോൾ, നെല്ലും പതിരും തമ്മിൽ വേർതിരിക്കാനറിയുന്നതു തന്നെയാണ് ജീവിക്കുക എന്ന കല. ജീവിതം തന്നെ കലയാക്കുന്നവൻ, എന്തു ചെയ്യണം, എന്തു പറയണം, എന്തുടുക്കണം, എന്തൊക്കെ വാങ്ങിക്കൂട്ടണം തുടങ്ങിയവ സ്വയം നിശ്ചയിക്കുന്നു. അന്യർ നമ്മിൽനിന്ന് പ്രതീക്ഷിക്കുന്ന പ്രതിരൂപത്തിൽ നിന്ന് സ്വയം വിടുതൽ നേടാനാകുമെങ്കിൽ, കൈവരുന്നത് വിലയുറ്റ സ്വാതന്ത്ര്യത്തിന്റെ നിധിയാണ്. ഇക്കാര്യത്തിൽ തെറ്റുവരാം, പക്ഷേ, മനസ്സായാൽ തിരുത്താവുന്ന സ്വന്തം തെറ്റുകളാണവ, അന്യരെ ബോധ്യപ്പെടുത്താനുള്ള തത്രപ്പാടിൽനിന്ന് വന്നുഭവിക്കുന്നവയല്ല. ഭൂരിഭാഗം മനുഷ്യരുടെയും സ്ഥിതി മറിച്ചാണ്. അന്യരുടെ മുമ്പിൽ കേമപ്പെട്ട ഒരു പ്രതിച്ഛായ സൃഷ്ടിച്ചെടുക്കുക എന്ന പാഴ്വേലയിലാണ് കൂടുതൽ ആൾക്കാരും അവരുടെ സമയത്തിലേറെയും കളയുന്നത്. അപ്പോൾ, പുറത്തു

നിന്നുള്ള സമ്മർദ്ദം വളരെ വലുതാണ്. ഊർജ്ജമെല്ലാം, അതിനെ ചെറുക്കാൻ വേണ്ടി ചെലവായിപ്പോകുന്നു. അത്തരം ദുർവ്യയം ഒട്ടും സംഭവിക്കാതിരിക്കുന്നത് ശിശുക്കളിലാണ്. അവരെപ്പോഴും മുഴുവൻ "ഞാൻ' ആണ്, അന്യർ ആഗ്രഹിക്കുന്ന 'നീ' അല്ല. ആ 'നീ' ആയിരിക്കാനായി അവർ ഊർജ്ജം വ്യയം ചെയ്യുന്നില്ല. *ഓരോ ശിശുവും ഒരു കലാകാരനാണ്, എന്നാൽ വളർന്നു കഴിഞ്ഞാലും കലാകാരനായിരിക്കുന്നതാണ് കുഴഞ്ഞ കാര്യം* എന്ന് ആധുനിക കലയിൽ ഒരു വഴിത്തിരിവു തന്നെ സൃഷ്ടിച്ച പിക്കാസോ പറഞ്ഞു. ഒരു തർക്കവുമില്ല. എന്തെന്നാൽ, നടക്കാൻ തുടങ്ങുമ്പോൾ മുതൽ ഒരു പ്രതിച്ഛായയുടെ ആവശ്യം വേണ്ടിവരുന്ന സംസ്കാരമാണ് ഏതു കുഞ്ഞിനു ചുറ്റും പരിഷ്കൃതരായ നമ്മൾ ചമച്ചുവച്ചിരിക്കുന്നത്! അതുകൊണ്ട് അവരൊരിക്കലും പക്വതയിലെത്തുന്നില്ല.

സ്വയം നയിക്കാനറിയുകയാണ് പക്വത. പക്വതയുള്ളയാൾക്ക് നന്മയേത്, തിന്മയേത് എന്ന് മറ്റാരും പറഞ്ഞുകൊടുക്കേണ്ടതില്ല. എന്നാൽ ഇന്നത്തെ ചെറുപ്പക്കാർക്ക് നല്ല പ്രായത്തിലും ഇതൊക്കെ ആരെങ്കിലും പറഞ്ഞുകൊടുക്കേണ്ട ദയനീയാവസ്ഥയാണുള്ളത്. സ്വീകരിക്കാനുള്ള അവരുടെ എളിമ അപ്പോഴേയ്ക്കും നഷ്ടപ്പെട്ടിരിക്കും. ചെറു പ്രായംതൊട്ട് അവരുടെ മിക്ക കാര്യങ്ങളിലും തീരുമാനമെടുക്കുന്നത് അന്യരായതിനാൽ (മാതാപിതാക്കൾ, അധ്യാപകർ, വൈദികർ, രാഷ്ട്രീയക്കാർ) കുട്ടികൾ സ്വയംപര്യാപ്തതയിലേയ്ക്ക് വളരുന്നില്ല. ഇവരെല്ലാം പരോക്ഷമായി ആവശ്യത്തിലധികം അധികാരം ചെലുത്താൻ ശ്രമിക്കുന്നുണ്ട്. സന്തുഷ്ടിയെ എത്തിപ്പിടിക്കാൻ ഒരിക്കലുമുപകരിക്കാത്ത ചത്തയാശയങ്ങളെ കുഞ്ഞുങ്ങളുടെ മനസ്സിൽ കുത്തിനിറക്കുന്നത് അതിൽപ്പെടും. എന്നിട്ട്, പുതിയവയെ കണ്ടെത്തൂ, വളർത്തിയെടുക്കൂ എന്നവരോട് പറഞ്ഞിട്ടെന്തു നേട്ടം? ഇതു പറയുന്ന മുതിർന്നവർ തന്നെയാണ് യുവമനസ്സുകളിൽ പുതിയതിന് വേണ്ടയിടമെല്ലാം പഴഞ്ചൻ ചരക്കുകൊണ്ടു നിറയ്ക്കുന്നത്.

ചെറുപ്രായത്തിൽ എന്റെ മനസ്സിൽ തറച്ച ഒരാശയം ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. സ്കൂളിൽ പോകുമ്പോൾ ഇടുന്ന ഷർട്ടിന്റെ തോളും കക്ഷവുമൊക്കെ കീറിത്തുന്നിയതാണെങ്കിൽ, അമ്മ പറയും അതു മാറ്റി വേറെ ഒന്നെടുത്തിടാൻ. ഉടൻ അച്ഛനിടപെടും. അത് വൃത്തിയുള്ളതല്ലേ, അവനതിട്ടാൽ എന്താ കുഴപ്പം, അവനെന്റെ മോനല്ലാതാകുമോ? അത് കേൾക്കേണ്ട താമസം, ധൈര്യമായി ഞാൻ ചാടിയിറങ്ങും. ഈ രീതിക്കിന്നും മാറ്റം വന്നിട്ടില്ല. ഒരേ ഡ്രസ്സിൽ പല തവണ എന്നെ കാണുന്ന ബന്ധുക്കൾ ഇടയ്ക്കെല്ലാം ഇഷ്ടക്കേട് പ്രകടിപ്പിക്കാറുണ്ട്. എന്റെ സഹധർമ്മിണി ഏറ്റവും കൂടുതൽ എന്നെ കുറ്റപ്പെടുത്തുന്നത്, 'ഡീസന്റായി' വസ്ത്രധാരണം ചെയ്യാതെ പുറത്തിറ

ങ്ങുന്നതിന്റെ പേരിലാണ്. കഴുകിയെടുത്ത വസ്ത്രം ഇസ്തിരിയിടാതെ ധരിക്കുന്നതിൽ യാതൊരപാകതയും എനിക്കു തോന്നാറില്ല. അങ്ങനെ നടക്കുന്നതും, ഏറ്റവും പുതിയ മോഡലിലുള്ള തിളങ്ങുന്ന ഡ്രസ്സിട്ടു നടക്കുന്നതും എന്റെ സത്തയിൽ മാറ്റമൊന്നും വരുത്തുന്നില്ലെ ങ്കിൽ, ഒന്നു മറ്റേതിലും മെച്ചമാണെന്നു തീരുമാനിക്കുന്നതാര്, എന്തുകൊണ്ട്? കണ്ടുശീലിച്ച, ചിന്തിച്ചുറച്ച, പ്രതിച്ഛായ തകരുന്നതാണ്, അതു മാത്ര മാണ്, പ്രശ്നം! അതത്ര കഴമ്പുള്ള സംഗതിയാകേണ്ടതുണ്ടോ? നമ്മുടെ അർദ്ധനഗ്നൻ മഹാത്മാവിനെ ഇടയ്ക്കൊക്കെ ഒന്നോർത്താൽ ഇതി നുള്ള ഉത്തരം കിട്ടും.

❑

# 4

# വെളിച്ചം വിതറുന്ന യാമം

ഉറക്കത്തിനു തൊട്ടുമുമ്പോ ഉണരാറാകുമ്പോഴോ ഉള്ളിൽ ചിതറി ക്കിടന്ന ചില ആശയകോശങ്ങൾ തമ്മിലുരുകിച്ചേർന്ന് ഒന്നാകുന്ന അനു ഭവം ചിലർക്കെങ്കിലും ഉണ്ടാകാറുണ്ട്. ഇതാ അങ്ങനെ ചിലത്.

വിളയിക്കുക (പഞ്ചാരപ്പാനിയിലിട്ടു പലഹാരത്തെ മധുരിപ്പിക്കുക); വിളയുക (ഫലങ്ങൾ സൂര്യതാപമേറ്റ്); വിലയിക്കുക (പ്രാണനിൽ നിന്ന് എല്ലാം ജനിക്കുന്നു, അതിൽത്തന്നെ വിലയിക്കുന്നു); വിളക്കുക (പൊ ട്ടിയ ആഭരണം); വിളക്ക് (ദീപം - പ്രകാശം തെളിക്കുന്ന ഉപകരണം) എന്നീ വാക്കുകളിലെല്ലാം മൂലശബ്ദമൊന്നാണല്ലോ. ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ *വില*യേറുന്ന രീതിയാണ് ഇതിലോരോന്നിലും തെളിഞ്ഞു വരുന്നത്. ചുറ്റുമുള്ളവയിൽ വിലയിക്കുകയെന്നാൽ വീണ്ടും വിളയു കയാണ്, അതായത്, പക്വമാകുക. വിലയില്ലാത്തതൊന്നുമില്ല എന്നയറി വിലേയ്ക്ക് ചെന്നെത്തുന്നതും വിളയുകയാണല്ലൊ. അങ്ങനെ വിളഞ്ഞു തെളിഞ്ഞ ഒരാളാണല്ലോ എഴുതിയത്:

സർവ്വഭൂതവുമാത്മാവിലെന്നപോൽ സർവ്വഭൂതത്തിലു-
മാത്മത്തെയും കാണുവനെന്തുള്ളൂ പിന്നെ നിന്ദ്യമായ്?

കണ്പോളകളെ ബാധിച്ചുതുടങ്ങിയ ഗുരുത്വാകർഷണം വക വയ്ക്കാതെ, ഇത്തരമവസരങ്ങളിൽ ചെയ്യാറുള്ളതുപോലെ, എഴുന്നേറ്റി രുന്ന് ഈ ശബ്ദവിന്യാസങ്ങൾ കുറിച്ചുവച്ചു. നേരത്തേ എപ്പോഴോ എഴു തിയ ഒരാശയാങ്കുരത്തെ ഒന്നുകൂടി വികസിപ്പിക്കാൻ ഉള്ളിലെ ഭാഷാ പ്രേമം ശ്രമിച്ചതാണെന്ന് വഴിയേ മനസ്സിലായി.

എല്ലാ നല്ല ഭാഷാപ്രയോഗങ്ങളും ഓരോതരം ബിംബനിർമ്മിതിയാണ്. ഒരു വാക്കിൽ വല്ലാത്തൊരർത്ഥം അടങ്ങിയിരിക്കുന്നു എന്നു കണ്ടെത്തിയാൽ, ആ വാക്ക് പിന്നെയൊട്ടും അടങ്ങിയിരിക്കാത്ത ഒരു പവിഴമായി ഉള്ളിൽ തിളങ്ങാൻ തുടങ്ങുന്നു. അത് വാക്കിനുള്ളിലേയ്ക്കിറങ്ങി ചെല്ലുകയാണോ, അതോ വാക്കിനപ്പുറത്തേയ്ക്ക് കടന്നുപോകുകയാണോ? രണ്ടുമാണ് എന്നതാണ് വിചിത്രം. ഒന്നിന്റെയും ഉള്ളിലിറങ്ങാതെ അതിനപ്പുറം കടക്കാനാവില്ലെന്നല്ലേ ഇതിനർത്ഥം? മരണം നിത്യവിസ്മൃതിയാണ്. ഉറക്കമാകട്ടെ, അതിലേയ്ക്കുള്ള അല്പനേരത്തെ ഇറക്കമാണ്. എങ്കിൽ, പൂർണമായ വിസ്മൃതിയിലേയ്ക്കിറങ്ങുമ്പോൾ നാമതിനപ്പുറത്ത് ചെന്നെത്തുകയാണെന്നതിൽ എന്തിനു സംശയിക്കണം? അത് വിസ്മൃതിയല്ല, മറിച്ച് സുഷുപ്തിയാവാം.

നേരത്തേ ഒരിക്കലെഴുതിയത് ഇങ്ങനെയായിരുന്നു:

വെറുതേ നടന്നുപോകവേ, വഴിയിൽക്കിടന്നൊരു രത്നത്തരി കിട്ടുമ്പോലെ, വായിച്ചുചെന്നപ്പോൾ ഒരു നല്ല ചൊല്ല്:

ജൽ സെമീന: *ഞാനെന്തിനു ജനിച്ചു; എന്നെക്കൊണ്ട് ആർക്കെന്തു പ്രയോജനം?*

വിദൂഷകൻ: *എല്ലാറ്റിനുമുണ്ട് എന്തെങ്കിലും പ്രയോജനം; ഈ ചരലിനുപോലും.*

ജൽ സെമീന: *ഈ ചരലിനോ? അതുകൊണ്ടെന്തു പ്രയോജനം?*

വിദൂഷകൻ: *അതിനതിന്റേതായ ഉദ്ദേശ്യമുണ്ട്, എനിക്കോ നിനക്കോ അതറിയില്ലെങ്കിലും. അതുപയോഗശൂന്യമാണെങ്കിൽ, മറ്റെല്ലാവും ഉപയോഗശൂന്യമാവും, നക്ഷത്രങ്ങൾ പോലും.*

(ഫെല്ലീനിയുടെ La strada (The Path) എന്ന സിനിമയിൽ ഒരു നാടോടി സർക്കസ്ട്രൂപ്പിലെ ജോലിക്കാരി ജൽ സെമീനയെ അവളുടെ മേധാവി ഉപദ്രവിച്ചുകൊണ്ടിരുന്നു. എന്നാൽ ട്രൂപ്പിലെ വിദൂഷകൻ അവളോട് വളരെ കരുണയോടെ ഇടപെടുന്നു. ക്ലാസ്സിക്കുകളുടെ ലോകം.)

അത്യഗാധമായ സത്യമാണ് വിദൂഷകന്റെ വായിൽനിന്ന് വീണത്. ഏറ്റവും ചെറുതിന് അതിന്റെ വില നിരസിക്കാമെങ്കിൽ, അത് ഉപയോഗശൂന്യമാണെന്ന് തെളിയിക്കാമെങ്കിൽ, അതോടെ, ഏറ്റം പ്രധാനമെന്ന് നാം കരുതുന്നതും ലക്ഷ്യവിഹീനവും അപ്രധാനവുമായിത്തീരും. ഏറ്റം വലുതിനോളംതന്നെ പ്രാധാന്യമില്ലാത്ത ഒന്നുമില്ല, ചെറുതും വലുതുമില്ല എന്നല്ലേ അപ്പോൾ അതിനർത്ഥം? ഏതെന്നുമെന്തെന്നും നിർണയിക്കാനുള്ള വിവരം ആർക്കാണുള്ളത്? താത്ത്വികമായി പഴുതില്ലാത്ത ഈ സത്യം എവിടേയ്ക്കും വ്യാപിപ്പിക്കാം. വ്യക്തികളടക്കം, നാമറിയുന്ന

നല്ലതും തീയതുമൊക്കെ അതിന്റേതായ കളി കളിക്കേണ്ടതുണ്ട്. നമ്മെ വെറുപ്പിക്കുന്ന, ദു:ഖിപ്പിക്കുന്ന, നിരാശപ്പെടുത്തുന്ന കാര്യങ്ങൾ പോലും. ഇഷ്ടവും വെറുപ്പും ദു:ഖവും അരിശവുമെല്ലാം അതനുഭവിക്കുന്നവരുടെ പ്രതികരണങ്ങളാണ്. ഇന്നത് ഇന്നതിനു കാരണമാകുന്നു എന്ന് ചിന്തിച്ചു പോകുന്നത് നമ്മുടെ പരിമിതവലയത്തിലെ മാത്രം കഥയാണ്. മുഴുവൻ കഥ പ്രപഞ്ചത്തോളം വ്യാപ്തിയുള്ള അരങ്ങിലാണ് കളിക്കപ്പെടുന്നത്. നാം കാണുന്നതല്ല ആരുടെയും ഒന്നിന്റെയും നാടകഭാഗം (role). *ആകമാനത്തിൽ നിന്നൊറ്റതിരിച്ചു കാണുന്നതൊന്നും സത്യമായ വസ്തുതയല്ല* എന്നുപറഞ്ഞത് മസനോബു ഫുക്കുവോക്കയാണ്.

ആകമാനം പോയിട്ട്, *സ്വയമറിയാൻ (പോലും) ഒരാൾ നൂറു ജന്മമെങ്കിലും കടന്നുപോകണം* എന്ന ചൊല്ലുണ്ടല്ലോ. നൂറു ജന്മമെന്നാൽ അനന്തമായ സമയമെന്നേ അർത്ഥമുള്ളു. സ്വയമറിയാൻ എന്നതുകൊണ്ട്, ആകമാനപ്രപഞ്ചത്തിൽ തന്റെ സ്ഥാനമെന്തെന്നറിയാൻ എന്നു വേണം മനസ്സിലാക്കാൻ. എന്നാൽ അത്ഭുതമതല്ല, ഈ നൂറു ജന്മങ്ങളും, ഭാഗ്യമുള്ളവർക്ക് മറ്റൊരാളുടെ ഒരു വിരൽസ്പർശത്താൽ മറികടക്കാനായെന്നു വരാം. ഇതു വായിക്കുന്നവരിൽ ചിലരെങ്കിലും ഇങ്ങനെയുള്ള ഒരനുഭവം ഉണ്ടായിട്ടുള്ളവരായിക്കൂടെന്നില്ല. ചിലപ്പോളതിനു നിമിത്തമാകുന്നത്, ഏറെനാൾ കൂടെ കഴിഞ്ഞവർ കാണാതെപോയ, അല്ലെങ്കിൽ, കണ്ടിരുന്നെങ്കിലും അംഗീകരിക്കാനറിയാതെ പോയ, നന്മയുടെ ഒരംശമാകാം; ആത്മീയമോ, ബൗദ്ധികമോ ആയ ഒരു കഴിവാകാം; അതംഗീകരിക്കപ്പെടുകയെന്നത് ഈ പറഞ്ഞ വിരൽസ്പർശമായിത്തീരാം. അതുണ്ടാക്കുന്ന തരംഗങ്ങൾ ഔഷധിയായി പരിണമിക്കാം, ആത്മാവിന്റെ ചെറിയ മുറിവുകൾക്കും തീരാവ്യാധിക്ക് പോലും. സ്വയമറിയാൻ അതൊരു വെളിച്ചമാകാം. നഷ്ടജന്മങ്ങളിൽ പുനർജന്മത്തിന്റെ നാമ്പാ യിത്തീരാം.

ഒരാളുടെയുള്ളിലെ പ്രകാശം മറ്റൊരാൾക്ക് പങ്കുവയ്ക്കുന്നതിലെ അത്ഭുതമാണിത്. *ഒരാളുടെ സാന്നിധ്യം നിങ്ങളെ പൂർണമാക്കുന്നു എന്നയറിവ് സംജാതമായാൽ, ഉള്ളിലപ്പോൾ കടലിരമ്പുന്നെങ്കിൽ, മനസ്സിൽ ആയിരം പൂക്കൾ വിടരുന്നെങ്കിൽ; മറ്റൊന്നും വേണ്ടാ, ഈയടുപ്പം മതിയെന്ന് തോന്നുന്നെങ്കിൽ, എങ്കിൽ നിങ്ങൾ അയാളുടെ പ്രകാശവലയത്തിലാണ്.* ഏതു പ്രായത്തിലും ഏതു പ്രായത്തിലുള്ളവരിൽനിന്നും ഇത് വന്നുഭവിക്കാം. എന്നാൽ, ഒരേയൊരു വ്യവസ്ഥയുണ്ട്; ഉള്ള് നിർമലമായിരിക്കണം. പ്രകാശം സുതാര്യതയിലൂടെയേ കടന്നു പോകൂ.

❑

# 5

# അന്തർജ്യോതി, ബഹിർജ്യോതി

ഒരെളിയ മെഴുകുതിരിയുടെ നേരിയ വെട്ടത്തിരുന്നാണ് ഇതെഴുതുന്നത്. ഇന്ന് ഒട്ടും കറന്റില്ല. സാധാരണ വൈകിട്ട് ഏഴു മണിതൊട്ട് അരമണിക്കൂർ നേരത്തേയ്ക്ക് ഇരുട്ടാക്കാൻ ഇലക്ട്രിസിറ്റി ബോർഡ് കനിയാറുണ്ട്. ആത്മീയതയ്ക്കു വിലകല്പിക്കുന്ന ഒരു നാട്ടിൽ മാത്രമേ ഇത്തരമാത്മാഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുകയുള്ളു. പവർകട്ട് ശാപമായി കാണുന്നവർ ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ, ഇരുപത്തിനാലു മണിക്കൂർ നേരവും മനുഷ്യനെന്തിനാണ് പ്രകാശമെന്ന്? ഈ അരമണിക്കൂർ നേരത്തെ ഇരുട്ടുകൊണ്ടെന്തെല്ലാം നേടാം. അല്പം കുടുംബ- അല്ലെങ്കിൽ മൗനപ്രാർത്ഥനക്ക് ഏറ്റം പറ്റിയ അന്തരീക്ഷം. *ഇൻവേർട്ടർ* എന്ന കുന്ത്രാണ്ടമില്ലെങ്കിൽ റ്റി.വി. എന്ന മന- ശബ്ദമലിനീകരണപ്പിശാചുള്ള വീടുകളിൽ അത്രയും നേരം അതു മിണ്ടാതിരുന്നുകൊള്ളും. ഈ നേരമത്രയും ഒന്നു നടക്കാനിറങ്ങാൻ തോന്നുന്നവരുടെ തടിക്കും ഗുണമേ ഉണ്ടാകൂ. വൈദ്യുതിയില്ലാതെ ചെയ്യാവുന്നതെന്തെല്ലാം ഇനിയും കിടക്കുന്നു.

ഇങ്ങനെ മുൻകൂർ നിശ്ചയിച്ച ഈ അര മണിക്കൂറിലോ, അതല്ലെങ്കിൽ ഇടയ്ക്കിടക്ക് പൊതുജനറേറ്റർ ഇട്ടു കളിക്കുന്ന സർക്കാർ കൂലിക്കാർ എന്ന കഞ്ഞികൾക്ക് തോന്നുമ്പോഴോ വീട്ടിലും ചുറ്റുവട്ടത്തും ഇരുട്ടായാൽ ഞാനനങ്ങില്ല. വെറുതേയിരിക്കും. ഇരുട്ടത്ത് വെറുതേയിരിക്കുമ്പോൾ ഉള്ളിലെങ്ങാനും ഒരു നാളം ജ്വലിക്കുന്നുണ്ടോ എന്നു നോക്കിപ്പോകും. ഉള്ളിലെ നാളമില്ലാതെ പുറത്ത് എത്ര വെളിച്ചമുണ്ടായാലും എന്താണ് നമുക്ക് കാണാൻ കഴിയുക എന്നു ചിന്തിച്ചു തുടങ്ങാനും അതു മതി!

ഉള്ളിലേക്കു നോക്കുന്നവനെ അന്തർമുഖനെന്നു വിളിക്കും. അല്ലെങ്കിൽ സ്വപ്നജീവിയെന്ന്. മറിച്ച്, ചുറ്റും സംഭവിക്കുന്നതൊക്കെ കണ്ടറിഞ്ഞും വിശകലനം ചെയ്തും നടക്കുന്നവനെ ജാഗരൂകനെന്നും. പക്ഷേ, ശരി നേരേ തിരിച്ചല്ലേ? വെളിയിലേക്ക് നോക്കിയിരിക്കുന്നവൻ സ്വപ്നമാണ്, മായയാണ് കാണുന്നത്. സത്യത്തിൽ, ഉള്ളിലേതു കാണുന്നവനാണ് ഉണർന്നിരിക്കുന്നവൻ.

മായമില്ലാത്തതൊന്നും കിട്ടാനില്ലാത്ത ഈ നാട്ടിൽ *എല്ലാം മായ* എന്ന കണ്ടുപിടിത്തം ഒന്നാന്തരമാണ്. കോഴി കൂകും മുതൽ നരി കൂകും വരെ ഇവിടെ മനുഷ്യർ അന്യോന്യം ചെയ്തുപോരുന്നത് ഇരട്ടത്താപ്പാണ്. എത്ര ലളിതമായ സംഗതി എവിടെയെങ്കിലും സാധിച്ചെടുക്കണമെങ്കിലും ക്ഷമയുടെ നെല്ലിപ്പലകവരെ താഴാൻ കഴിയണം. പെരുവഴിയിലും പൊതുസ്ഥലങ്ങളിലുമെങ്കിലും അന്യർക്കും തന്നെപ്പോലെ അവകാശങ്ങളുണ്ടെന്നുള്ള കാര്യംപോലും മലയാളി മറന്നുതുടങ്ങിയിരിക്കുന്നു. സത്യം പറഞ്ഞാൽ, മറന്നതല്ല, അങ്ങനെയൊന്ന് നമുക്ക് പരിചിതമേയല്ല.

എനിക്കേറ്റവും അടുത്തുള്ള 'പട്ടണ'മായ ഈരാറ്റുപേട്ടയിൽ വണ്ടിയുമായി പോയാൽ എന്തെങ്കിലും പുതുവെളിച്ചം കാണാതെ തിരിച്ചുപോരേണ്ടിവരില്ല. ഒരിക്കൽ കവലക്കടുത്തുള്ള ഒരു പാർക്കിംഗ് ഏരിയയിലേയ്ക്ക് തിരിയുകയായിരുന്നു. പുറകേ തൊട്ടുതൊട്ടു വണ്ടികളുണ്ട്. കഷ്ടിച്ചൊരു വണ്ടിക്കുള്ള വീതിയേയുള്ളു. പെട്ടെന്ന്, മുമ്പേപോയ ഓട്ടോക്കാരൻ വണ്ടി നിറുത്തിയിട്ട് അടുത്ത കടയിലേക്ക് കയറിപ്പോയി, ഒരു കൂസലുമില്ലാതെ. കുറേ കഴിഞ്ഞിട്ടും ഇഷ്ടനെ കാണാഞ്ഞ് പുറകിലെ ഒരു ഡ്രൈവർ ഇറങ്ങിച്ചെന്ന് വിളിച്ചിറക്കേണ്ടി വന്നു. അതിരുവിട്ടൊന്നും ചെയ്യാത്തമട്ടിൽ ഓട്ടോക്കാരൻ അവൻെറ ലിമൊസിനുമെടുത്തങ്ങു പോയി! പുറകിൽ കെട്ടിക്കിടന്നവരും ഏതോ അനുഗ്രഹം കൈവന്നതുപോലെ അവന്റെ പിറകെ നിരങ്ങിനിരങ്ങിയങ്ങു പോയി. ഇങ്ങനെയല്യോ നമ്മുടെ ജീവിതം എന്നും.

എന്തായാലും, മായ, മനുഷ്യനെ മയക്കുന്ന കറുപ്പുപോലെയാണ്. ഇന്നില്ലാത്ത പൊക്കം പണ്ടുണ്ടായിരുന്നു എന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന പുരാതന കത്തോലിക്കാ കുടുംബക്കാരുടെയും (വാലിനു നീളം പോരെന്നു തോന്നുമ്പോൾ *റോമൻ* എന്നോ *സിറിയൻ* എന്നോ ക്നാനായ എന്നോ കൂട്ടിക്കെട്ടുന്നവർ) മറ്റൊന്നുമാഘോഷിക്കാനില്ലാത്തതിനാൽ ദാമ്പത്യത്തിന്റെ അമ്പതും അറുപതും ആണ്ടുകൾ കൊണ്ടാടാൻ പത്രങ്ങളിലും കുറികളിലും പടമടിപ്പിച്ചും, ഉള്ള വിദേശബന്ധങ്ങളെല്ലാം എഴുതി പരസ്യപ്പെടുത്തിയും ഞെളിയുന്നവരെക്കൊണ്ട് കേരളം നിറഞ്ഞിരിക്കുന്നു. ദീപികയുടെ രാജുനായർ പറഞ്ഞതുപോലെ മരണവാർത്തയിൽ വിദേശബന്ധങ്ങളെല്ലാം അരിച്ചുപെറുക്കി എഴുതി പ്രസി

ഢീകരിക്കുന്നത്, മരിച്ചയാൾ അങ്ങനെയെങ്കിലും അല്പം ഗമയോടെ കിടക്കട്ടെ എന്നുവച്ചാണ്. എന്നാൽ, ഇവരുടെയൊക്കെ ലോകത്തിൽ ഒരു ചരിത്രവുമവകാശപ്പെടാനില്ലാതെ, എതിരേ വരുന്നവരുടെ നേരേ നോക്കാൻ പോലും തങ്ങൾക്കെന്തിരിക്കുന്നു എന്ന എളിമയോടെ, കീഴോട്ടു കണ്ണുനട്ടു നടക്കുന്ന നിഷ്ക്കളങ്കരെയും എന്നുമിവിടെ, ഈ ഗ്രാമപ്രദേശത്ത്, കണ്ടുമുട്ടുന്നു. പുരാതന തറവാടിത്തവും വിദേശത്തു നിന്ന് മക്കളെത്തിച്ചു കൊടുക്കുന്ന രാസക്കൂട്ടുകളുടെ നാറ്റവും പേറി നടക്കുന്നവരുടെ വീടുകളെക്കാൾ എത്രയോ വൃത്തിയായി കാണപ്പെടുന്നു ഇക്കൂട്ടരുടെ കൂരകൾ.

റോഡിലിറങ്ങിയാൽ, മുകളിൽ പറഞ്ഞതുപോലെ പൊതുവഴിയുടെ മാന്യമായ ഉപയോഗമോ ഡ്രൈവിംഗിന്റെ സാമാന്യ മര്യാദകളോ അറിയില്ലാത്ത പുതുപ്പണക്കാരുടെ വങ്കത്തരങ്ങൾ ഓരോന്നോരോന്ന് പലവട്ടം അനുഭവിക്കുമ്പോൾ, ആരും ക്ഷമ പഠിക്കും. ക്ഷോഭിച്ചിട്ടെന്തു നേട്ടം? സ്വന്തം സ്വസ്ഥത നഷ്ടപ്പെടും, അത്രതന്നെ. ഇതിനേയും ഭാവാത്മകമായി നേരിടാം. എന്തുകൊണ്ടാണ് ക്ഷോഭിക്കുന്നത് എന്ന് തനിയെ കണ്ടെത്തണം. സ്വയം അളവുകോലാക്കി സംഭവങ്ങളെ അളക്കുന്നതാണ് പിശക്. അതാണ് ഉള്ളിൽ വൈരുദ്ധ്യത്തെ സൃഷ്ടിക്കുന്നത്. എൻെറ പ്രതികരണത്തെ നിയന്ത്രിക്കുന്നത് ഞാനായിരിക്കണം, വിവരക്കേട് കാട്ടുന്ന ഓട്ടോക്കാരനോ പുറകിൽ അക്ഷമരായി നിന്ന് ഹോണടിക്കുന്നവരോ തെറിവിളിക്കുന്നവരോ ആകരുത്. അല്ലെങ്കിൽ ഞാനാണ് തോൽക്കുന്നത്. എനിക്കു നല്ലത് ക്രോധമോ ക്ഷമയോ എന്നു നിശ്ചയിക്കാൻ എൻെറ മനസ്സിനു കഴിഞ്ഞാൽ എൻെറയുള്ളിൽ പ്രകാശമായി. അപ്പോൾ എന്റെ മുമ്പിലും ചുറ്റും വെളിച്ചമാണ്, ഇരുട്ടല്ല പരക്കുക. ചുരുക്കത്തിൽ, സ്ഥലകാലസംഭവങ്ങളിലെ പൊരുത്തക്കേടുകളെ സമന്വയിപ്പിക്കാൻ എൻെറ ബോധത്തിലെ തിരിനാളത്തിനാകണം. ദ്രവ്യവും ചൈതന്യവും (ഊർജ്ജവും) ഒന്നാണെന്ന് അങ്ങനെയാണ് എനിക്കു സ്ഥിരീകരിക്കാനാകുക. വെറും ഐന്ദ്രികാനുഭവങ്ങളിൽ ആണ്ടുപോകുകയെന്നാൽ ശിഥിലീകരിക്കപ്പെട്ടു പോകുക എന്നാണ്. ഉള്ളിലെ ബോധമാണ് സമഗ്രതയിലേക്ക് നയിക്കുന്ന പ്രകാശം. പലപ്പോഴും യുക്തിയെന്ന ഉപകരണം ഒളിച്ചുവയ്ക്കണം. അപ്പോൾ കാണാം എല്ലാറ്റിനുമപ്പുറത്ത് ഒരൈക്യഭാവം തെളിഞ്ഞുവരുന്നത്. ഈയറിവ് ഒരു ദൂരെക്കാഴ്ച പോലെയാണ്.

ഏകത്വദർശനം ഒരു ഫോക്കസ്സിംഗ് ആണ്. ഇന്ദ്രിയങ്ങളുടെ കാര്യശേഷിയിൽ വിശ്വസിക്കരുത്, അത് പരിമിതമായതിനാൽ അവയുടെ മാത്രം വെളിച്ചത്തിൽ ബുദ്ധിയെത്ര വിശ്വസ്തമായി പ്രവർത്തിച്ചാലും ഫലമില്ലായെന്ന ശ്രേഷ്ഠജ്ഞാനം കൊണ്ടുവരുന്ന ഫോക്കസിംഗ്. അത് ഐന്ദ്രികമായതിനെല്ലാമപ്പുറത്ത് ആത്മാവിലാണെന്നോർക്കണം. അഹം ഷോർട്ട്സൈറ്റ് ആണ്. ഫോക്കസ്സിംഗ് ആത്മാവിനേ കഴിയൂ.

തിരക്ക് ശരീരത്തിന്റെയാണ്. ആത്മാവിന്റേത് സമയബഹളങ്ങൾക്ക് അപ്പുറത്തെ ശാന്തിയാണ്. തുടർനുണകളുടെയും മനസ്സിനെ മടുപ്പിക്കുന്ന പൊങ്ങച്ചങ്ങളുടെയും പെരുവഴിയിലൂടെതന്നെ ഉന്തിക്കൊണ്ടുപോകുന്ന അഹത്തെ തിരിച്ചറിയുന്നതാണ് പക്വത. ചുറ്റുപാടുകൾക്കതീതനായി അവനവനായിരിക്കാനുള്ള തന്റേടം എപ്പോഴുമൊരു പുതിയ തുടക്കമാണ്. അതു വൃദ്ധിയുടെ ലക്ഷണമാണ്. ഉൾവെളിച്ചത്തിന്റെ ചൂടേറ്റ് മൂത്തു പഴുക്കുക തന്നെയാണത്.

എന്നാൽ എത്രപേർക്ക് ഇതിനു കഴിയുമെന്നത് ഒരു ചോദ്യചിഹ്നമായി എഴുന്നുനിൽക്കുന്നു. എന്റെ സ്വന്തം അനുഭവത്തിൽ നിന്ന് ഒരേട് ഇവിടെ എഴുതിച്ചേർക്കട്ടെ. അതിങ്ങനെ. ഞാനും കൂടി ഉത്തരവാദിത്തമെടുത്ത് ഒരുക്കങ്ങൾ നടത്തേണ്ട ഒരു കല്യാണത്തിന്റെ കാര്യം വന്നപ്പോൾ, ബന്ധപ്പെട്ടവരോട് എന്റെ മനസ്സിലെ ആശയം പ്രകടിപ്പിച്ചു നോക്കി. ഒരു വിവാഹം എങ്ങനെ ലളിതമായും അതേസമയം ഭംഗിയായും നടത്താമെന്ന് പണ്ടൊരിക്കൽ ഒരു ചെറിയ ലേഖനം ഞാനെഴുതിയിരുന്നു. അത് ഞാനവർക്ക് വായിക്കാൻ കൊടുത്തു. (ആ 'അഭിമുഖം' വായിക്കാനാഗ്രഹിക്കുന്നവർ ഈ ലിങ്ക് ഉപയോഗിക്കുക.:

http://znperingulam.blogspot.com/2010/04/blog-post_25.html

എന്തുകൊണ്ട് അതിൽ പറഞ്ഞിരിക്കുന്നത് നമുക്ക് പ്രാവർത്തികമാക്കിക്കൂടാ? പ്രസംഗിച്ചാൽ മാത്രം പോരല്ലോ, പ്രവർത്തിക്കുകയും വേണമല്ലോ. ഞാനൊരു ചെറിയ പയറ്റിനൊരുങ്ങി. ഒരു വലിയ എതിർപ്പാണ് എനിക്കെതിരേ ആഞ്ഞടിച്ചത്. മകനും പെണ്ണിന്റെ കൂട്ടരും സ്വന്തം കുടുംബിനിപോലും എനിക്കെതിരെ അണിനിരന്നു. *ഇത്രയും പഞ്ഞത്തരം കാണിക്കണോ? ഇത് ഒരിക്കൽമാത്രം കിട്ടുന്ന ഒരവസരമല്ലേ? അത്രയും കുറച്ചില് സഹിക്കേണ്ട കാര്യം ഞങ്ങൾക്കില്ല. അങ്ങനെയൊന്ന് ആലോചിക്കുകപോലും വേണ്ടാ. ആഘോഷം പൊടിപൂരമാക്കണം, ഇങ്ങേർക്ക് പറ്റില്ലെങ്കിൽ, ഞങ്ങൾ നോക്കിക്കൊള്ളാം.* എല്ലാ ആദർശങ്ങളും ബലികഴിച്ച്, എനിക്ക്, അവരുമായി സഹകരിക്കേണ്ടിവരുന്ന ചുറ്റുപാടിൽ അവരെല്ലാംകൂടി എന്നെ കൊണ്ടെത്തിച്ചു എന്നു ചുരുക്കം. എല്ലാം കഴിയുമ്പോൾ, ഒരു വെടിക്കെട്ട് കൂടി നടത്തിയേക്കാം എന്നുവരെ ഞാൻ പറഞ്ഞുപോയി. എന്തു പറയാൻ, പാകവും പക്വവുമാകുന്നതിനു പകരം ഞാൻ ഉണങ്ങി വരണ്ടുപോയി. ഇത്തരം *സജ്ജന*സമ്പർക്കത്തിലൂടെ ഞാൻ എന്നെത്തന്നെ തരംതാഴ്ത്തിയതായിട്ടാണ് തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് തോന്നുന്നത്. *ബഹിർ തമസോ, അന്തരൈവ ജ്യോതി* എന്ന് പറയാനുള്ള ചങ്കൂറ്റം എനിക്കുണ്ടോ, എന്നെങ്കിലും ഉണ്ടാവുമോ?

❑

# 6

# വ്യത്യസ്ത മാനങ്ങൾ, വ്യത്യസ്ത ലോകങ്ങൾ

നമ്മെപ്പോലുള്ള അല്പജീവികൾക്കേ കാര്യകാരണങ്ങളുടെ പ്രസക്തിയുള്ളു. വർദ്ധിച്ചുവരുന്ന അനീതിയും തിന്മയും കാണുമ്പോൾ പ്രപഞ്ചസംവിധാനമെങ്ങനെ എന്നറിയാത്ത നമ്മൾ കാര്യകാരണങ്ങളുടെ വഴിതപ്പി പരാജിതരാവുന്നു.

നമ്മുടെയറിവുകൾ ജല്പനങ്ങൾ മാത്രമാണ്. സ്ഥലകാലബോധം തന്നെ പരിമിതിയുടെ ഒന്നാന്തരം ലക്ഷണമാണ്. നമ്മുടെയെല്ലാ ജല്പനങ്ങളെയും time-space എന്ന പൊതിക്കുള്ളിലൊതുക്കാം. അതഴിച്ചുമാറ്റിയാൽ പിന്നെയൊന്നും നമ്മുടെ ബുദ്ധിയിലുൾക്കൊള്ളുകയില്ല.

തണുപ്പ് ഒരു നിശ്ചിത ഡിഗ്രിയിലെത്തിയാൽ (-273.45 degree C അല്ലെങ്കിൽ 0 degree Kelvin) പിന്നെ താഴില്ല. കാരണം, ഒരു വസ്തുവിലെ കണങ്ങൾ അവയുടെ ഏറ്റം സാവധാനത്തിലുള്ള സഞ്ചാരപഥത്തിൽ എത്തിച്ചേരുന്ന അവസ്ഥയാണത്. അതിലും നിശ്ചലമായാൽ ആ വസ്തു അതല്ലാതാകും. പ്രകൃതി അതനുവദിക്കുന്നില്ല. അതുപോലെതന്നെ വേഗം അതിന്റെയേറ്റം മുന്തിയ നിലയിലെത്തുന്നത് പ്രകാശത്തിലാണ് (300,000 km/sec). അതിനപ്പുറത്ത് സമ്പൂർണ്ണ നിശ്ചലതയാണ്. പ്രകാശവേഗത്തിനപ്പുറത്ത് സമയം നിശ്ചലമാകുമെന്നും അണുവിന്റെ ആന്തരികഘടനയിൽ ഇലക്ട്രോണിന്റെ സഞ്ചാരഗതിയും സ്ഥാനവും ഒരേസമയം നിശ്ചയിക്കാനാവില്ലെന്നും ക്വാണ്ടം ബലതന്ത്രത്തിൽ ഹൈസെൻബെർഗ് പറയുന്നത് നാമറിയുന്ന മാനങ്ങളെ മറികടന്നുള്ള യാഥാർത്ഥ്യങ്ങളെപ്പറ്റിയാണ്.

ഇതൊക്കെ മനസ്സിലാക്കുന്ന തലച്ചോറിന്റെയും അതിനാകാത്തയൊന്നിന്റെയും തരംഗവ്യാപ്തി വളരെ വ്യതസ്തമാണ്. ജൈവശ്രേണിയുടെ ഒരു തലത്തിൽനിന്ന് പെട്ടെന്ന് മറ്റൊന്നിലേക്ക് അല്ലെങ്കിൽ ഒരു ലോകത്തിൽനിന്ന് തുലോം വ്യത്യസ്തമായ മാനങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന മറ്റൊരു ലോകത്തിലേക്കുള്ള ചാട്ടം പോലെയാണിത്. ഒരു ചുക്കും പിടികിട്ടില്ല. ഉദാഹരണത്തിന്, ഒരു സാധാരണ മനുഷ്യന് അത്രയെളുപ്പം ഗ്രഹിക്കാനാവാത്ത വേദാന്തതത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകം തറയിൽ വയ്ക്കുക. ഒരു രാത്രികൊണ്ടത് ചിതലരിച്ചുവെന്നിരിക്കട്ടെ. അത് വെറും തീറ്റവസ്തുവല്ലായിരുന്നു, മറിച്ച് കടലാസായിരുന്നു, അതിൽ അക്ഷരങ്ങളുടെ പുതപ്പുകൊണ്ടു മൂടിവച്ചിരുന്ന അഗാധമായ ആശയങ്ങളുണ്ടായിരുന്നു എന്നൊക്കെയുള്ള കാര്യങ്ങളും അവയ്ക്ക് നിദാനമായ മാനങ്ങളും ചിതലിനെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. അതൊക്കെ മറ്റൊരു ലോകവിതാനത്തിന്റേതാണ്. അതിന്റെയൊരു നേരിയ സംശയംപോലും ആ ജീവസമൂഹത്തിൽ സംഭാവ്യമല്ലല്ലോ. അതുപോലെയാണ്, തന്റെ തലയിലൊതുങ്ങാത്ത വ്യത്യസ്തമാനങ്ങളിലൂടെ പ്രവർത്തിക്കുന്ന പ്രപഞ്ചസംവിധാനത്തെ കാര്യകാരണങ്ങൾ കൊണ്ടളക്കാൻ ശ്രമിക്കുന്ന മനുഷ്യൻെറ അവസ്ഥയും.

മാനമെന്നാൽ അളവാണ്. അഭി എന്നാൽ നേർക്കുനേർ. അപ്പോൾ, സ്വയം ഒരളവ് സങ്കൽപിച്ചശേഷം അതിനഭിമുഖമായി തന്നെത്തന്നെ സ്ഥാപിക്കുന്നതാണ് സാധാരണക്കാരന്റെ അഭിമാനത്തിനു നിദാനം.

തനിക്കും തന്റെ കുടുംബത്തിനും ഇന്നയിന്ന മേന്മകളുണ്ട്, നേട്ടങ്ങളുണ്ട്, സമൂഹത്തിൽ അംഗീകാരങ്ങളുണ്ട് എന്ന് താൻ കരുതുന്നു, അവ സമ്മതിച്ചുതരാൻ ഏവർക്കും കടപ്പാടുണ്ട് എന്നതാണ് *അഭിമാനി*യായവൻെറ യുക്തി. അതിനെതിരായതൊക്കെ തനിക്കെതിരെയുള്ള അഭിമാനധ്വംസനമായി അയാൾ കരുതും, അത്രതന്നെ. ദുരഭിമാനം (ഇല്ലാത്ത മേന്മയുണ്ടെന്നുള്ള വാശി) എന്നൊരു വാക്ക് കേട്ടിട്ടേയില്ലാത്തവന് തന്റെ പിടിവാശികളെല്ലാം വലിയ ആത്മാഭിമാനത്തിന്റെ പ്രശ്നമാണ്!

കിട്ടുന്നിടത്തുനിന്നൊക്കെ കടം വാങ്ങിയിട്ട് ആർക്കും തിരിച്ചുകൊടുക്കാൻ കൂട്ടാക്കാതെ കറങ്ങിനടക്കുന്ന ഒരയൽക്കാരൻ സുഹൃത്ത് എനിക്കുണ്ട്. ആരെങ്കിലും കാശ് തിരിച്ചുചോദിച്ചാൽ ഇഷ്ടനതൊട്ടും പിടിക്കില്ല, മറ്റാരെങ്കിലും അടുത്തുണ്ടെങ്കിൽ വിശേഷിച്ചും. കാരണം, അങ്ങേർക്കത് അഭിമാനക്ഷതമാണ്. എന്തുകൊണ്ട്? വാങ്ങിയാൽ കൊടുക്കുന്നവനാണ് താനെന്നാണ് അയാൾ സ്വയം ബോധ്യപ്പെടുത്തി വച്ചിരിക്കുന്നത്. അയാളുടെ അളവുരീതികൾ അന്യരും അംഗീകരിക്കണം. അല്ലെങ്കിൽ അയാളുടെ അഭിമാനം - സ്വയം അളന്നു വച്ചിരിക്കുന്ന കണക്ക് - തെറ്റും. ലളിതമായ ഗണിതം.

മറ്റാർക്കും ശല്യമാകാതെതന്നെ ദുരഭിമാനം വാനോളമുയരാം. അതാ മുതലാളിയായി യൂറോപ്പിൽ സ്ഥിരതാമസമാക്കിയ ഒരു മലയാളി. വേണ്ടത്ര സൗകര്യങ്ങളുള്ള സ്വന്തക്കാർ നാട്ടിലുണ്ടായിരുന്നിട്ടും മകളുടെ കല്യാണം നാട്ടിൽവച്ച് നടത്താനായി അങ്ങോർ അവിടെയുള്ള 25 സെന്റിൽ ഒരു കൊട്ടാരമങ്ങു തീർത്തു. അതിന്റെയാവശ്യമുണ്ടായിരുന്നോ എന്ന ജിജ്ഞാസ്സുക്കളുടെ ചോദ്യത്തിന്, അതെനിക്കെന്റെ അഭിമാനത്തിൻെറ പ്രശ്നമായിരുന്നു എന്നാണദ്ദേഹം ഉത്തരം കൊടുത്തത്. അതായത്, ഈ ഒറ്റയാവശ്യത്തിനായി മാത്രമാണെങ്കിലും നാട്ടിൽ ഒരു വീട് തീർക്കാൻ തനിക്കാകും എന്നാണ് അദ്ദേഹത്തിന് തന്നെപ്പറ്റി യുള്ള മതിപ്പ്. അതിനൊത്ത് നീങ്ങാതിരിക്കുക അങ്ങേർക്ക് അഭിമാനക്ഷതമായിത്തീരുന്നു. കല്യാണമെന്നൊക്കെ പറയുമ്പോൾ അതിന്റേതായ രീതിശാസ്ത്രം തന്നെ പാലിക്കണമല്ലോ!

അഭിമാനം പോലെ, ബഹുമാനത്തിന്റെയർത്ഥവും നാം കരുതുന്നത്ര ലളിതമോ വ്യക്തമോ അല്ല. എന്തിനോടെങ്കിലും, ആരോടെങ്കിലും ബഹുമാനം തോന്നുകയെന്നാൽ വളരെ അർത്ഥവ്യാപ്തിയുള്ള ഒരു പ്രതികരണപ്രക്രിയയാണത്. നമുക്ക് മുൻപിലുള്ളതിനു നാംതന്നെ പരിധി നിശ്ചയിക്കുന്നതിനു പകരം, അതിനെ അതിന്റേതായ ബഹുവിധ മാനങ്ങളിൽ വിന്യസിക്കാനനുവദിക്കുക എന്നാണതിനർത്ഥം. നാം നിശ്ചയിക്കുന്ന അളവുകളിലേയ്ക്ക് അതിനെ, (അതൊരു വ്യക്തിയാകാം, വസ്തുവാകാം, സംഭവമാകാം) തളച്ചിടാതെ, ഒതുക്കിനിറുത്താതെ, നമുക്കറിയാനിടയില്ലാത്ത വിതാനങ്ങളിലേക്കുകൂടി വ്യാപിക്കാൻ അതിനെ അനുവദിക്കുന്ന മനസ്സിന്റെ വിശാലതയാണ് ബഹുമാനിക്കുക എന്ന സുകൃതം. സ്വന്തം കാഴ്ചപ്പാടുകളുടെ പരിമിതികളെക്കുറിച്ചുള്ള അവബോധമുള്ളവർക്കേ ബഹുമാനം ഒരു ശീലമായിത്തീരുകയുള്ളൂ. അതൊരു പുണ്യമാണ്, ഒരു സംസ്കൃതിയാണ്.

ഏതു ജീവിയേയും വസ്തുവിനേയും നമ്മൾ സമീപിക്കുന്ന രീതി അതിനെ നാമെങ്ങനെ ഗ്രഹിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. *We don't see things as they are, but as we are.* എന്നു പറഞ്ഞത് ഇമ്മാനുവേൽ കാന്റ് ആണെന്ന് തോന്നുന്നു. എന്തിന്റെയെങ്കിലും മാനങ്ങൾ അല്ലെങ്കിൽ അളവുകൾ നിശ്ചയിക്കുന്നത് നാമാണെങ്കിൽ, യാഥാർത്ഥ്യവുമായി ഈ ഗ്രാഹ്യത്തിനു അജഗജാന്തരമുണ്ടായിരിക്കാം. നമ്മുടെ ശിക്ഷണം, ജീവിതാനുഭവങ്ങൾ, പക്വത, ബുദ്ധിയുടെയുപയോഗം, അല്ലെങ്കിൽ അതിന്റെ അഭാവം, എന്നതിനെയൊക്കെ ആശ്രയിച്ചിരിക്കും നമ്മുടെ ഗ്രാഹ്യം. വാസ്തവത്തിൽ അതിസുന്ദരമായ ഒരു സൃഷ്ടിയാണ് പാമ്പ്. ഒരു പാമ്പും തന്നെ ഉപദ്രവിച്ചിട്ടില്ലെങ്കിലും, കണ്ണിൽ കാണുന്ന പാമ്പുകളെയൊക്കെ എങ്ങനെയെങ്കിലും കല്ലെറിഞ്ഞോ അടിച്ചോ കൊല്ലുക നമ്മുടെയിടയിൽ പാരമ്പര്യ ഹിന്ദുവിശ്വാസികളൊഴിച്ചുള്ള ഏവരുടെയും ശീലമായി

ത്തീർന്നിരിക്കുന്നു. ബൈബിളിലെ ഒരൈതിഹ്യകഥയിലൂടെ ഈ പാവം ജീവിക്ക് സഹിക്കേണ്ടിവന്ന മൂല്യശോഷണത്തിലാണ് ഇതിന്റെ തുടക്കം. പക്ഷേ, സ്വന്തമായി വീട്ടിൽ വളർത്താത്ത ഏത് ജീവിയോടും ഈ നാട്ടിലെ മനുഷ്യർ ഇങ്ങനെ ബുദ്ധിഹീനമായിട്ടാണ് പെരുമാറുന്നത്. സംസ്കാരശൂന്യരുടെ, ബഹുമാനമെന്തെന്ന് അറിയാത്തവരുടെ, താന്തോന്നിത്തരമാണിത്.

നേരമിരുട്ടിയാൽ ലൈറ്റിടുന്നിടത്തെല്ലാം ഈച്ച, വണ്ട്, വിട്ടിൽ, തുമ്പി, എറുമ്പ്, പച്ചക്കുതിര, പല്ലി എന്നുവേണ്ടാ, സുഹൃത്തുക്കളുടെ തള്ളിക്കയറ്റമാണ്. അക്ഷരങ്ങളിൽ വന്നിരുന്ന് അന്ധാളിക്കുന്ന മുഴുത്ത കണ്ണുള്ള കരടുപ്രാണികളുണ്ട്. ഞാനെഴുതിക്കൊണ്ടിരിക്കുന്ന പേനയിൽ സുഖമായി കയറിയിരുന്ന് ലോകം കാണുന്നവരുണ്ട്. അവർക്ക് നല്കേണ്ട ബഹുമാനത്തോടെ സഹവാസമനുവദിച്ചാൽ അവർ ശല്യങ്ങളോ ശത്രുക്കളോ അല്ലാതായിത്തീരുന്നു. ജീവൻ ആകുന്നത്ര നീട്ടിക്കൊണ്ടുപോകാനും ആസ്വദിക്കാനുമാണല്ലോ ഇവയുടെയും മനസ്സിലിരുപ്പ്. അത് തടയാൻ നമ്മളാര്?

അവനവനെപ്പറ്റിയാണെങ്കിൽപോലും, ഉറച്ചുപോയ ആശയങ്ങൾ അന്ധതയ്ക്കു തുല്യമാണ്. അല്പത്വവും ഐശ്വര്യവും ഒരിക്കലും സന്ധിക്കാത്ത എതിർധ്രുവങ്ങളാണ്.

❑

# 7

## “നമ്മുടെ” ലോകം

എന്റേത് നമ്മുടേത് ആകാതെ മനുഷ്യകുലത്തിന് ഭാവിയില്ല. എന്റേത് എന്ന ചിന്ത മനുഷ്യവ്യക്തികൾക്കുമാത്രം സാധ്യമായ ഒന്നാണ്. അതിന്റെ അതിപ്രസരമാണ് ഏത് സംസ്കാരത്തെയും കാപട്യത്തിലൂടെയും ധനാർത്തിയിലൂടെയും ശിഥിലമാക്കിക്കളയുന്നത്. നമ്മുടെ രാഷ്ട്രത്തെ ഇന്നഭിമുഖീകരിക്കുന്ന വിഭ്രാന്തിയും മറ്റൊന്നല്ലല്ലോ.

വ്യക്തിബോധമുദിക്കാത്ത മനുഷ്യരുടെ കൂട്ടായ്മയായിരുന്നു ആദിസമൂഹങ്ങൾ. ഇന്നും മിക്ക ആദിവാസിസമൂഹങ്ങളിലും ഈ സ്വഭാവം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് അവരുടെയിടയിൽ തനതുസമ്പത്ത് എന്നൊന്നില്ലാത്തത്. അവർക്കുള്ളതെല്ലാം പൊതുസ്വത്താണ്. വ്യക്തിക്ക് കേവലമൂല്യവത്ത ആവശ്യമില്ലാത്ത ഈ അവസ്ഥ ഒരു കുറവല്ല, മറിച്ച് ഒരു നേട്ടമായിത്തീരാമെന്ന് ഇന്നത്തെ ധനാർത്തിയുടെ ദൂഷിതവലയങ്ങളിൽപെട്ട് നട്ടംതിരിയുന്ന നമുക്ക് മനസിലാകേണ്ടിയിരിക്കുന്നു. അതുപോലെ, യുക്തിസഹമായി ചിന്തിച്ചാൽ, നമുക്ക് വീണ്ടും മനസിലാക്കാം, എവിടെ വ്യക്തിയുടെ ചിരന്തനമൂല്യം ഒരു വിഷയമല്ലാതായിത്തീരുന്നുവോ, അവിടെ സസാർവജനീന സ്നേഹവും സർവാശ്ലേഷിയായ മനുഷ്യത്വവും സാധ്യമാകുന്നുവെന്ന്.

പരിഷ്കാരമെന്നത് വ്യക്തിവികാസത്തിന്റെ കഥയാണ്. എല്ലാ ഈഗോയിസവും വഞ്ചനയും കവർച്ചയും ഞാനെന്ന തോന്നലിൽ ഉടലെടുക്കുന്നു. മൗനത്തിൽ ലയിച്ചിരുന്ന ഒരു സൂഫിഗുരുവിന്റെയടുത്ത് ഒരാളോടിവന്നു പറഞ്ഞു: *ഒരു കുരങ്ങനതാ ഒരു കഠാരയുമായി വരുന്നു, എന്തേലും ചെയ്യണം, വേഗം!*

*പേടിക്കേണ്ടാ, അതൊരു പരിഷ്കൃത മനുഷ്യനല്ലാത്തിടത്തോളം.* ഗുരു ശാന്തനായി പറഞ്ഞു. (പി. എൻ. ദാസിന്റെ കൃതിയിൽ നിന്ന്)

പ്രായോഗികാർത്ഥത്തിൽ മാനുഷികമായ വികാസത്തിന് വ്യക്തിബോധം കാതലായി ഒന്നും സംഭാവന ചെയ്യുന്നില്ല. വ്യക്തിബോധം വരുത്തിവച്ചത്, നേരേമറിച്ച്, വിനയാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. കാലം ചെല്ലുന്തോറും, മനുഷ്യരുടെയിടയിൽ മുമ്പൊരിക്കലുമുണ്ടാകാത്തത്ര ഭീകരതയും ഹിംസയും എവിടെയും കൂടിവരുന്നു. എന്റേത്, ഞങ്ങളുടേത് എന്ന ബോധമാണിതിനു പിന്നിൽ. അതിനു പകരം നമ്മുടേത് എന്ന് ചിന്തിക്കാൻ പഠിക്കാതെ മുന്നോട്ടുപോകാൻ ഇനി സാധ്യമല്ല എന്ന നിലയിലെത്തിനിൽക്കുന്നു, നമ്മൾ. കാലാകാലങ്ങളിൽ ഉദിച്ചുയർന്ന മതങ്ങളെല്ലാം ശ്രമിച്ചത് സാഹോദര്യം, സമത്വം തുടങ്ങിയ ഉദാത്താശയങ്ങൾ വ്യക്തികൾക്ക് പഠിപ്പിച്ചുകൊടുക്കാനാണ്. എന്നാൽ ഇവയൊക്കെ വ്യക്തിമനസ്സിന്റെ ഉപരിതലത്തെ മാത്രമേ സ്പർശിച്ചുള്ളു. ആന്തരികതലത്തിലെ അഗാധതയിലേക്ക് ഇവ വേരിറക്കിയില്ല. അതുകൊണ്ടല്ലേ, മതങ്ങളുടെ ശക്തമായ സ്വാധീനമുണ്ടായിരുന്ന മൂന്നു മധ്യകാലനൂറ്റാണ്ടുകളിൽ മതയുദ്ധങ്ങളുടെ രക്തം തളംകെട്ടിയത്. ഇന്നും മതത്തിന്റെ ആചാരാനുഷ്ഠാനങ്ങളും ദൈവപ്രീണനങ്ങളും കേരളത്തിലെ മാർക്സിസ്റ്റുകാരുടെ ചെങ്കൊടിയും ജാഥകളുംപോലെ, ബാഹ്യചേഷ്ടകൾ മാത്രമായി ചുരുങ്ങിപ്പോകുന്നു.

മതേതര ദാർശനികധിഷണയായ മാർക്സിസം പോലും ഒരിടത്തും മനുഷ്യന്റെ സ്ഥായിയായ രക്ഷയ്ക്കുതകിയില്ല. കാരണം, ഇവയുടെ മൂല്യങ്ങൾ ഉള്ളിലേക്ക് വേരിറക്കാൻ, അതിനിടയിൽ വികസിച്ചുവന്ന വ്യക്തിത്വങ്ങളുടെ കഠിനപ്രതലം അനുവദിച്ചില്ല. സ്വാർത്ഥതല്പരരായ ഏതാനും വ്യക്തികൾ കേരളത്തിലും ബംഗാളിലും മഹത്തായ ഈ ആശയത്തിന്റെ ശവക്കുഴി തോണ്ടിക്കഴിഞ്ഞത് നാം കണ്ടു. ഇന്നുള്ള ഏത് മതസമൂഹത്തെയുംപോലെ, മാർക്സിസവും അപഹാസ്യമായ വിപ്ലവ-വികാരപ്രകടനം മാത്രമായി ശോഷിച്ചുപോയിരിക്കുന്നു.

വ്യക്തിത്വങ്ങളുടെ അതിപ്രസരമാണിതിനെല്ലാം ഉത്തരവാദി. ഉദാഹരണത്തിന്, അമേരിക്ക ഒരു സമുദായമായിട്ടല്ല, ബുഷ് എന്ന ഒരൊറ്റ നികൃഷ്ടന്റെ അഹന്തയിലൂടെയാണ് അതുല്യസംസ്കാരങ്ങളായ അഫ്ഗാനിസ്ഥാന്റെയും ഇറാക്കിന്റെയും നശീകരണത്തിനു കാരണമായി ഭവിച്ചത്. അധികാരം, അതിന്റെ ഏത് ഭാവത്തിലും, അശ്ലീലവും അധമവുമാണ്. കാരണം, അതിലൂടെ സമൂഹം വ്യക്തിക്ക് കീഴ്പ്പെടേണ്ടി വരുന്നു.

പൊതുവുടമാസമ്പ്രദായം നിലനിൽക്കുകയും സമൂഹത്തിലെ മുതിർന്നവർ പരസ്പരധാരണയുടെ ബലത്തിൽ പൊതുപ്രശ്നങ്ങൾക്ക് തീർപ്പുകൽപ്പിക്കുകയും ചെയ്തുപോന്ന പുരാവർഗ്ഗവ്യവസ്ഥയിൽ മാത്രമാണ്

സമഭാവന ഒരളവുവരെയെങ്കിലും സാക്ഷാത്കരിക്കപ്പെട്ടത്. എന്നാൽ, സംസ്കാരമെന്ന മാനവവികൃതി പുരാവർഗ്ഗങ്ങളെ നശിപ്പിക്കുകയും തൽസ്ഥാനത്ത് ഭിന്നിപ്പിക്കുന്ന വേർതിരിവുകൾ വളർത്തുകയും ചെയ്തു. സമൂഹത്തിന്റെ ആകെ മുക്തിയെന്നത് കയ്യൂക്കുള്ളവന്റെ മാത്രം മുക്തിയായി തരംതാണുപോകുന്നതിന് ഇന്നത്തെ ഇന്ത്യയിൽ ആവോളം ഉദാഹരണങ്ങളുണ്ടല്ലൊ.

നമ്മുടെ ഓരോ അണക്കെട്ടും ഇപ്പറഞ്ഞതിനു സാക്ഷിയാണ്. വൻ അണക്കെട്ടുകൾക്കു വേണ്ടിമാത്രം ഇന്ത്യയിൽ മൂന്നുകോടി ജനങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടിട്ടുണ്ട്! അതിൽ നല്ലപങ്കും ആദിവാസികൾ. ഛത്തിസ്ഘട്ട്, ജാർഖണ്ട്, ഒറസ, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ വിവിധ വിദേശ കുത്തകക്കമ്പനികൾക്കായി രാജ്യത്തെ വില്ക്കുന്ന ഭരണകൂടം ചെയ്യുന്നതും പൊന്മുട്ടയിടുന്ന താറാവിനെ കഴുത്ത് പിരിച്ചുകൊല്ലുകയും പട്ടിണിപ്പാവങ്ങളെ അകാലമൃത്യുവിലേക്ക് തള്ളിവിടുകയുമാണ്.

എക്കാലത്തെയും മതങ്ങളിൽ രക്ഷയെന്നത് വ്യക്തിയുടെ അന്വേഷണവും നേട്ടവുമായി കരുതപ്പെട്ടുപോന്നു. ദൈവസങ്കൽപം പോലും മാനുഷികമായ വികാരങ്ങളും ചേഷ്ടകളും സാദ്ധ്യമായ ഒരു വ്യക്തിയെന്ന ധാരണയിലേക്ക് മിക്ക മതങ്ങളും ഒതുക്കിക്കളഞ്ഞു. ഐശ്വര്യയുഗം അല്ലെങ്കിൽ ദൈവരാജ്യം എന്ന സങ്കല്പത്തിലൂടെ യേശു ഉയർത്തിക്കാട്ടിയത് ഒറ്റപ്പെട്ട വ്യക്തികളുടെ മോക്ഷമല്ല, മറിച്ച്, മനുഷ്യവംശത്തിന്റെയാകെ അനുസന്ധാനമായിരുന്നു. എന്നിട്ടും, വ്യഷ്ടി സമഷ്ടിക്കും സമഷ്ടി വ്യഷ്ടിക്കും ബലിയർപ്പിക്കപ്പെടുന്ന അനുഭവമാണ് ക്രിസ്തുമതത്തിന്റെ ചരിത്രത്തിലുടനീളം കണ്ടിട്ടുള്ളതും ഇന്നും കാണുന്നതും.

യഹൂദക്രൈസ്തവ പാരമ്പര്യമാണ് ഇന്ന് നാം നേരിടുന്ന പരിസ്ഥിതി വിനാശത്തിന് വിത്തുവിതച്ചത് എന്നു പറഞ്ഞാൽ ആരും ഞെട്ടരുത്. ഉത്പത്തിയുടെ പുസ്തകത്തിലെ സൃഷ്ടിപുരാണം തൊട്ട് തുടങ്ങുന്നു ഈ കഥ. പെറ്റുപെരുകി ഭൂമി നിറഞ്ഞ്, അതിനെ കീഴടക്കി സകലത്തിന്റെയും മേൽ ആധിപത്യം സ്ഥാപിക്കുക എന്നാണുപോലും യഹോവ മനുഷ്യനോടു കല്പിച്ചത്! എല്ലാ ജീവനും അമ്മയും അസ്തിത്വാടിസ്ഥാനവുമായ പ്രകൃതിയോടുള്ള ഈ കലാപനിലപാടാണ് ശാസ്ത്രസാങ്കേതികവിദ്യകൾ പ്രതിനിധാനം ചെയ്യുന്ന ഏത് സംസ്കാരത്തിന്റെയും ഉൾക്കാമ്പ്. പ്രകൃതിയെ മാത്രമല്ല, മറ്റു മനുഷ്യരെയും കീഴടക്കുകയാണ് ഇന്ന് ശക്തരായ ഏവരും ലക്ഷ്യംവയ്ക്കുന്നത്. പ്രത്യേകിച്ച്, വെള്ളക്കാർക്കു സ്വാധീനമുള്ള അന്യനാടുകളിലെല്ലാം ഒന്നാന്തരം പകൽക്കൊള്ളയാണ് നടക്കുന്നത്. മിക്ക ആഫ്രിക്കൻ രാഷ്ട്രങ്ങളിലെന്നപോലെ, ഇന്ത്യയിലും പണക്കാർ ഇതുതന്നെയല്ലേ പാവങ്ങളോട് ചെയ്യുന്നത്?

മനുഷ്യനും ദൈവത്തിനും ചേരാത്ത വിശുദ്ധലിഖിതങ്ങളുടെ വിശുദ്ധിയെ ചോദ്യംചെയ്യേണ്ട കാലം പണ്ടേ കഴിഞ്ഞു. മനുഷ്യനെയും അവന്റെ ഈശ്വരനെയും പ്രകൃതിയുടെ ഭാഗമായി, പ്രകൃതി തന്നെയായി, കാണാൻ പഠിക്കാതെ ഈ തെറ്റ് തിരുത്താനാവില്ല. ജീവിക്കാനാണ്, ലാഭമുണ്ടാക്കാനല്ല മനുഷ്യൻ മണ്ണിൽ പണിയെടുക്കേണ്ടത്. *ഞാൻ നിന്നിൽനിന്നു ഖനനം ചെയ്തെടുക്കുന്നത് വീണ്ടും നിറഞ്ഞ് കുമിയട്ടെ. നിരാമയത്വം തരുന്നവളേ, ഞാനേൽപ്പിക്കുന്ന ക്ഷതം നിന്റെ മർമ്മബിന്ദുക്കളോളം,നിന്റെ ഹൃദയത്തോളം, എത്താതിരിക്കട്ടെ* എന്ന അഥർവവേദ സൂക്തം പ്രകൃതിയും മനുഷ്യനുമായുള്ള പരിശുദ്ധമായ ബന്ധത്തെ കൃത്യമായി സൂചിപ്പിക്കുന്നു. സ്ത്രീപുരുഷബന്ധംപോലെ പരസ്പര പൂരകവും, പരസ്പരപോഷകവുമായിരിക്കണം അത്.

ചുരുക്കി പറഞ്ഞാൽ, എന്റേത് എന്നതിന് പകരം, നമ്മൾ, നമ്മുടേത് എന്ന ബോധ്യം മനുഷ്യരെ തമ്മിൽത്തമ്മിലും മനുഷ്യരെയും പ്രകൃതിയിലുള്ള എല്ലാറ്റിനെയും തമ്മിലും ബന്ധിപ്പിക്കാതെ, നമുക്ക് അതിജീവനം അസാദ്ധ്യമാണ്. ഇങ്ങനെയൊരു തിരുത്തിലൂടെയുള്ള പൂർത്തീകരണം ക്രൈസ്തവപാരമ്പര്യത്തിനും അനിവാര്യമാണ്. ഫ്രാൻസിസ് അസ്സീസി, മൈസ്റ്റർ എക്ഹാർട്ട്, തെയ്യാർ ദെ ഷർദാങ്ങ്, മസനോബു ഫുക്കുവോക്ക തുടങ്ങിയവർ ഈ കാഴ്ചപ്പാടിന്റെ ഉപജ്ഞാതാക്കളായിരുന്നു.

ഇങ്ങനെയൊരു മതസംസ്കൃതി രൂപംകൊള്ളണമെങ്കിൽ, മനുഷ്യവ്യക്തിത്വത്തെ മാത്രമല്ല അമിതപ്രാധാന്യത്തിൽനിന്നു വിമുക്തമാക്കേണ്ടത്; ഈശ്വരസങ്കല്പവും ഇന്ന് വ്യാപകമായിത്തീർന്നിട്ടുള്ളതിൽനിന്ന് വ്യത്യസ്തമാകണം. അതായത്, മനുഷ്യനും പ്രകൃതിക്കും മേലെ എവിടെയോ വാഴുന്ന ഒരു വിശ്വവ്യക്തിയായി ഈശ്വരനെ കാണുന്നതിനുപകരം എല്ലാ അസ്തിത്വത്തിന്റെയും ആഴവും ചൈതന്യവുമായി ആ ശക്തിയെ കാണാൻ നമുക്കു കഴിയണം. ദൈവം എന്ന വാക്കുപോലും ഇന്ന് ബാലിശമായ സങ്കൽപങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു, നമ്മുടെയെല്ലാ കുഞ്ഞുകുഞ്ഞു കാര്യങ്ങളിലും ആവശ്യങ്ങളിലും വെറും പുകഴ്ത്തലുകളിലൂടെയും യാചനകളിലൂടെയും പാട്ടിലാക്കാവുന്ന ഒരപ്പൂപ്പൻ എന്ന മട്ടിൽ. ഈ കാഴ്ചപ്പാട് വളർത്തുന്നതിൽ യേശുവിന്റേതായി കുറിക്കപ്പെട്ടിട്ടുള്ള ചില വചനങ്ങളും പങ്കുവഹിച്ചിട്ടുണ്ട്. *സ്വർഗസ്ഥനായ പിതാവ്* എന്ന സംജ്ഞക്ക് വ്യക്തിത്വത്തിലൂന്നിയ ചില പരിമിതികളുണ്ട്. അതു ദൈവത്തെ മനുഷ്യസമാനനാക്കുന്നു. കൂടാതെ, അതു ദൈവതത്തെ പ്രകൃതിയിൽനിന്നു വേർതിരിക്കയും ചെയ്യുന്നു. ഇതിനെല്ലാമുപരി, പിതാവ്, പുത്രൻ, പരിശുദ്ധാരൂപി എന്ന കടിച്ചാൽ പൊട്ടാത്ത ത്രിത്വൈകസമസ്യയും. അതും പോരാഞ്ഞ്, മൂവർക്കും

പുല്ലിംഗഭാവങ്ങളും ഗുണങ്ങളും! ഇത്തരം ലളിതവത്ക്കരണങ്ങളിൽ നിന്ന് മോചനംനേടാൻ ഒരു സത്യക്രിസ്ത്യാനിക്കും സാധ്യമല്ലതന്നെ. കാരണം, ഇതെല്ലാം പക്വതയെത്താത്ത ചെറുപ്രായത്തിൽത്തന്നെ അബോധ മനസ്സിലേക്ക് അടിച്ചേൽപ്പിക്കപ്പെടുന്ന വിശ്വാസപ്രമാണങ്ങളുടെ കാതലിൽപെടുന്നു. ഇവയെ ചോദ്യം ചെയ്താൽ നരകമാണ് ശിക്ഷ! അന്ധമായ ഇത്തരം മാനസികാടിമത്തം ചിലതരം വികാരപ്രീണ നങ്ങൾക്ക് ഉപകരിക്കുമെങ്കിലും, വൈയക്തികമായതൊന്നും അനന്ത ബോധവുമായി ഉൾച്ചേർന്നുപോകാൻ പക്വമായ യുക്തിയനുവദിക്കുക യില്ല. അതുപോലെതന്നെ, എത്ര ശ്രമിച്ചാലും, മനുഷ്യാവതാരമെന്ന സൂത്രപ്പണി സർവാസ്തിത്വത്തിന്റെയും കാതലായ ദൈവതവുമായി കൂട്ടി ച്ചേർക്കുക തീർത്തും ബാലിശംതന്നെയെന്നു പറയേണ്ടിവരും. ദൈവ ത്തിൽനിന്നു വേർപെട്ടുനിൽക്കുന്ന ഒരു പ്രകൃതിയിൽ അവൾക്കെതിരെ പോരാടുന്ന മനുഷ്യന്റെ വ്യക്തിജന്യമായ ഭയപ്പാടുകളാണ് ദൈവാവ താരങ്ങളുടെ ആവശ്യമനുഭവപ്പെടുത്തുന്നത്. എല്ലാം നമ്മെ ഉൾക്കൊ ള്ളുകയും നാം എല്ലാറ്റിന്റെയും ഭാഗമെന്ന അനുഭവമുണ്ടാകുകയും ചെയ്യുമ്പോൾ സമഗ്രമായ ഒരുദ്ഗ്രഹണത്തിന്റെ പാതയിൽ എത്തിച്ചേരു കയാണ് നാം.

❑

# 8

# അമിത ധനം അക്രമംതന്നെ

അതിസമൃദ്ധമായ ഈ ഭൂമിയിൽ എന്തുകൊണ്ടാണ് ദരിദ്രരുണ്ടാകുന്നത്? എന്തുകൊണ്ട് ചുരുക്കം ചിലരുടെ കൈയിൽ ലോകത്തിലെ സമ്പത്തെല്ലാം ചെന്നുചേരുന്നു? ഏവർക്കും സുഭിക്ഷമായി കഴിയാൻ വകയുള്ള ഭൂതലത്തിൽ, ആവശ്യത്തിനുള്ളതു മാത്രമേ ഓരോരുത്തരും വച്ചുകൊണ്ടിരിക്കാവൂ എന്ന ക്രമീകരണം നടപ്പാക്കണം. അങ്ങനെയൊന്നായിരുന്നു ആദിമ ക്രിസ്ത്യാനികൾ ശീലിച്ചുപോന്ന ജീവിതശൈലി. അത് നഷ്ടപ്പെട്ടതോടെ ഒരു വശത്ത് ദാരിദ്ര്യവും മറുവശത്ത് അമിത സമ്പത്തും മനുഷ്യചേതനയെ ഞെരുക്കിത്തുടങ്ങി. ക്രമം തെറ്റിക്കുന്നതാണല്ലോ അക്രമം. എല്ലാവർക്കും ഗുണകരമായ ഒരു ക്രമം തെറ്റിക്കുന്നത് ശിക്ഷാർഹമായി പൊതുവേ അംഗീകരിക്കപ്പെടണം. ഒരുവന്റെ സമ്പാദ്യങ്ങൾ മറ്റൊരുവന്റെ ഇല്ലായ്മയാകുമ്പോൾ അത് അക്രമമായി. പ്രകൃതിയുടെ സ്വാഭാവിക ക്രമം തെറ്റിക്കലാണത്. ഏത് കൂട്ടിവയ്പും അന്യന്റെ അദ്ധ്വാനത്തിന്റെ കൊള്ളയാണ്. കുടുംബസ്വത്ത് എന്ന ഏർപ്പാട് നിറുത്തലാക്കണം. അദ്ധ്വാനമായിരിക്കണം ജീവിക്കാനുള്ള അർഹതക്ക് നിദാനം, ജനനമോ സ്ഥാനമോകൊണ്ട് കൈപ്പറ്റുന്ന ആസ്തികൾ ആയിരിക്കരുത്. ധാർമ്മികശിക്ഷണത്തിലൂടെ, അതിധനം പുച്ഛമായിതോന്നിപ്പിക്കുന്ന ഒരു മാനസികനില വളർത്തിയെടുക്കണം. ആവശ്യപൂർത്തീകരണങ്ങളെല്ലാം പ്രകൃതിയുടെ ദാനമാണെങ്കിൽ, ധനം വഞ്ചനയുടെ ഫലമാണ് എന്ന ധാർമ്മിക ചിന്തയിലേയ്ക്ക് മനുഷ്യമനസ്സാക്ഷി തിരിച്ചുവരേണ്ടിയിരിക്കുന്നു.

എന്റെയുള്ളിൽ പണ്ടേ കിടന്നിരുന്ന ഒരാശയം, ഈ വർഷത്തെ (2010) സ്വാതന്ത്ര്യദിനത്തിൽ, ആലുവ ജനസേവ ശിശുഭവൻ പ്രസിദ്ധീ

കരിച്ചത് (ആധാരം, www.puzha.com) കണ്ടപ്പോൾ കുറച്ചൊന്നുമല്ല സന്തോഷം തോന്നിയത്. അതിങ്ങനെയായിരുന്നു. സമൂഹത്തിനുപകാര മില്ലാതെ പണം സമ്പാദിച്ചു കുന്നുകൂട്ടുന്ന സമ്പന്നരുടെ സ്വത്തിനു പരിധി നിർണ്ണയിച്ചാൽ മാത്രമേ, പട്ടിണിയില്ലാത്ത ഇന്ത്യ എന്ന സ്വപ്നം യാഥാർ ത്ഥ്യമാക്കാൻ സാധിക്കൂ. ഒരു വ്യക്തിക്കു സൂക്ഷിക്കാവുന്ന പരമാവധി സ്വത്തിന്റെ പരിധി നിശ്ചയിക്കണം. ഇൻകംടാക്സ് അടച്ചാൽ മാത്രം മതി, എത്രമാത്രം സ്വത്ത് വേണമെങ്കിലും സമ്പാദിച്ചുകൂട്ടാം എന്ന സമ്പദ് വ്യവസ്ഥിതി മാറണം. അത് മനുഷ്യത്വത്തിന് നിരക്കാത്തതാണ്. ഇത്തരമൊരു പരിധിക്കപ്പുറമുള്ള സ്വത്തുക്കൾ അധ:സ്ഥിതരുടെ ഉന്ന മനത്തിനായി ഉപയോഗിക്കണം. അതിനുള്ള വിശാലവീക്ഷണവും നിയമനിർമ്മാണത്തിനു തന്റേടവുമുള്ളയാളുകൾ ഭരണത്തിലെത്തി ച്ചേരണം.

മനുഷ്യക്കുഞ്ഞുങ്ങളിൽ പയ്യെപ്പയ്യെ വ്യക്തിബോധം ഉരുത്തിരിഞ്ഞു വരുന്നത് രസകരമായ ഒരു പ്രതിഭാസമാണ്. ഒരിക്കൽ സ്വത്വബോധം കൈവരിച്ചുകഴിഞ്ഞാൽ, തുടർന്ന് മരണംവരെ വ്യക്തിപരമായ വികസ നത്തെയും പ്രഫുല്ലതയെയും ലക്ഷ്യംവച്ചാണ് മനുഷ്യന്റെ മുന്നേറ്റം. സമഷ്ടിഭാവം (സമൂഹബോധം) വ്യക്തിഭാവത്തിന്റെ പരിരക്ഷക്കെ ന്നോണം ഒരു പുറംതാളുപോലെ അംഗീകരിക്കപ്പെടുക എന്നതിൽ കവിഞ്ഞ് മിക്ക മനുഷ്യർക്കും അത്ര പ്രാധാന്യമുള്ളതായിത്തീരുന്നില്ല. എന്നാൽ ആദിവാസിസമൂഹങ്ങളിൽ ഇത് നേരേ തിരിച്ചാണ്. വ്യക്തി സ്വാർത്ഥത, സ്വകാര്യസ്വത്ത് തുങ്ങിയവ അവർക്കന്യമാണ്. എല്ലാറ്റിലും കൂട്ടായ്മയാണവരെ നയിക്കുന്ന പ്രേരകത്വം. ജീവിതലക്ഷ്യം വെറും വ്യക്തിത്വവികസനം മാത്രമാകുമ്പോൾ ഒരുവൻ തേടിപ്പോകുന്ന അറിവിന്റെ വ്യാപ്തിയും ചുരുങ്ങിപ്പോകുന്നു. അറിവെന്നത് അനന്തമായ ഒരു പ്രകാശധാരയാണെന്നും അതിലേയ്ക്ക് നയിക്കപ്പെടുകയെന്നാൽ ബോധപ്രകാശനത്തിന്റെ അത്യുദാത്ത ഭാവത്തെയെന്നപോലെ എല്ലാറ്റിനെയും എകീകരിക്കുന്ന സരളതയെയും അനുഭവിച്ചറിയുകയാ ണെന്നും മിക്കവാറും ആൾക്കാർ ഒരിക്കലും കണ്ടെത്തുന്നേയില്ല.

നാം സമാഹരിക്കുന്ന അറിവിന്റെയും മറ്റു സമ്പത്തുകളുടെയും ഏറ്റ ക്കുറച്ചിലുകൾ ഉണ്ടാക്കുന്ന പരിമിതികൾ അല്ലെങ്കിൽ പോരായ്മകളാണ് വ്യക്തികൾ തമ്മിലുള്ള വ്യത്യസ്തതകളുടെ ഉറവിടം. അഹം എത്ര ശക്തമാകുന്നുവോ, അത്രയും അരക്ഷിതനാകുകയാണ് ഓരോ വ്യ ക്തിയും. പണം, സുഖം, അധികാരം എന്നിവ കൂടുതൽ നേടുന്നതിലൂ ടെയാണ് "ഞാൻ" വളരുന്നത്. എന്നാൽ കൂടുതൽ കിട്ടുന്നത് കൂടുതൽ നഷ്ടപ്പെടുമെന്നുള്ള ഭയമുണ്ടാക്കുന്നു. മാത്രമല്ല, മറ്റുള്ളവർക്കു കൂടി കിട്ടേണ്ടത് ഒരാൾ നേടുകയും അവയൊക്കെ സ്വന്തമായി അവകാശ

പ്പെട്ടതുപോലെ കൂട്ടിവയ്ക്കുകയും ചെയ്യുമ്പോൾ അത് ഒറ്റപ്പെടലിന് കാരണമാകുന്നു. ആന്തരികമായ ശൂന്യത വർദ്ധിക്കുന്നു. ഏറ്റം അഗാധമായ തലത്തിൽ സാമ്പത്തികഭദ്രത അല്ലെങ്കിൽ സുഖം ദൈവത്തിലേക്കോ പ്രശാന്തിയിലേക്കോ ഉള്ള വഴിയാകുന്നില്ല. കാരണം, എല്ലാവിധ നേട്ടങ്ങളും ദ്വൈതത്തെ പരിപോഷിപ്പിക്കുന്നു. ദൈവം, ശാന്തി എന്നിവ എല്ലാ ദ്വൈതങ്ങൾക്കും അപ്പുറത്തു മാത്രം കൈവരുന്ന ആന്തരികപ്രകാശമാണ്.

ഏതു ജോലിക്കും വ്യവഹാരത്തിനും ക്രയവിക്രയത്തിനും അതാതിന്റെ മൂല്യനിർണ്ണയം അനുവദിക്കുന്ന പ്രതിഫലം ആഗ്രഹിക്കാവുന്നതാണ്. എന്നാലത് ലാഭക്കൊതിയാവുമ്പോൾ അതിനതിരില്ലാതാകുന്നു. പിന്നെ അതിൽ നീതിന്യായങ്ങളില്ല. സ്വിസ്ബാങ്കുകളാണ് ഒന്നാന്തരം ഉദാഹരണങ്ങൾ. ഓരോ വർഷത്തെയും അധിക മിച്ചലാഭത്തെ ഇരട്ടിപ്പിക്കുകയാണ് അടുത്ത വർഷത്തെ ലക്ഷ്യം. നിക്ഷേപകർ വിഡ്ഢികളായി എന്നും മൂലധനദാതാക്കളായി കഴിയുന്നു. ഇതൊരു മുതലാളിത്തരോഗമാണ്. എല്ലാ കൊള്ളപ്പണവും കൈ നീട്ടി വാങ്ങുന്ന ഈ ബാങ്കുകൾക്ക് അതിന്റെ രക്തത്തിൽ പങ്കില്ലെന്ന് ആർക്കെങ്കിലും പറയാനാവുമോ? അതിവിദൂരത്തുള്ള രാജ്യങ്ങളുടെ പോലും സമ്പദ്വ്യവസ്ഥിതിയെ താറുമാറാക്കുന്ന ഈ മൂല്യച്യുതി അമേരിക്ക, യുറോപ്പ് എന്നിവടങ്ങളിൽ നിന്ന് ഏഷ്യൻരാജ്യങ്ങളിലേക്കും പരന്നുകഴിഞ്ഞു. ഒരിക്കലും കരകയറാനാവാത്ത ദാരിദ്ര്യത്തിലേക്ക് ജനകോടികളെ ചവുട്ടിത്താഴ്ത്തുന്ന ചൂഷണമാണിത്.

സംസ്കൃതത്തിൽ പണത്തിനുള്ള വാക്ക് 'ദ്രവിണം' എന്നാണ്. അതായത്, പണം പണമാകുന്നത് അതിന് ദ്രവസ്വഭാവം ഉള്ളപ്പോൾ, ഒഴുകിക്കൊണ്ടിരിക്കുമ്പോൾ, മാത്രമാണ്. അല്ലെങ്കിൽ അത് വെറും പിൺഡമാണ്, പിണമാണ്. അതുപോലെ, 'ലഭ' എന്നാൽ ലഭിക്കുക എന്നും 'ലുഭ്' എന്നാൽ അത്യാഗ്രഹം തോന്നുക എന്നുമാണ് അർത്ഥം. ആദ്യത്തേത് രണ്ടാമത്തേതായി മാറാൻ ഒരു ചെറിയ കുനുപ്പു മതി. അന്യന്റെ തൊലിയിൽ കുത്തിവലിക്കുന്ന ആ കൂർത്ത കുനുപ്പാണ് ലാഭക്കൊതി. ലാഭത്തിന്റെ രുചിയറിഞ്ഞാൽ നീതിബോധം അതോടെ മറയുന്നു. ബ്ലെയ്ഡുമാഫിയകൾ തൊട്ട് ആയുധക്കമ്പോളങ്ങളും യുദ്ധക്കൊതി യന്മാരും നിക്ഷേപകമ്പനികളും പനപോലെ വളരുന്നത് ഈ സം സ്കാരശോഷണത്തിന്റെ ഫലമായാണ്. അതോടേ, കൊല്ലും കൊലയും സമൂല നശീകരണങ്ങളും ചിലരുടെമാത്രം ലാഭനഷ്ടങ്ങളുടെയും കൂട്ടിവയ്പ്പിന്റെയും പേരിൽ നിത്യസംഭവങ്ങളായിത്തീരുന്നു. അമേരിക്ക നടത്തിയിട്ടുള്ള, ഇന്നും നടത്തിക്കൊണ്ടിരിക്കുന്ന, യുദ്ധങ്ങളെല്ലാം അമേരിക്കൻ കമ്പനികളുടെ ലാഭക്കൊതികൊണ്ട് മാത്രമാണെന്നത് ആർക്കാണറിയില്ലാത്തത്?

ജീവിത സൗഭാഗ്യത്തിലേക്ക് തന്റെ നിർദ്ദേശം യാചിച്ചുചെന്ന ബുദ്ധിമാനായ ചെറുപ്പക്കാരനോട് യേശു പറഞ്ഞതിതാണ്: *നിന്റെയേകപോരായ്മ നിനക്കുള്ള അളവറ്റ ധനമാണ്. അത് ദരിദ്രർക്ക് കൊടുക്കുക, നീ രക്ഷപ്രാപിക്കും.* ദരിദ്രർ എന്നിവിടെ ഉദ്ദേശിച്ചത് മറ്റാരുമല്ല, അയാൾ പണം കൂട്ടിവച്ചപ്പോൾ, അർഹതപ്പെട്ട ആർക്കെല്ലാം അതുപകരിക്കാതെ പോയോ, അവരാണ്, അയാളെ സംബന്ധിച്ചിടത്തോളം ദരിദ്രർ. അതു കേട്ട് അയാൾ, പക്ഷേ, സ്ഥലംവിടുകയാണ് ചെയ്തത്. അയാളുടെ പിൻഗാമികളാണ് ലോകത്തുള്ള ഇന്നത്തെ അനീതികൾക്കെല്ലാം കാരണക്കാർ.

❑

# 9

# പിറവിയെന്ന വിസ്മയം

രണ്ടായിരത്തി പതിനൊന്നിലെ ജൂൺമാസാരംഭം. ഒളിച്ചും മടിച്ചും വീഴുന്ന മൺസൂൺ. ഏതാണ്ട് ഇരുപതു മാസം മുമ്പ് ഞാൻ മുറ്റത്ത് കുഴിച്ചുവച്ച പത്തു തെങ്ങിൻതൈകളിൽ ഒന്നിന് കടിഞ്ഞൂൽ പ്രസവം. പൊടുന്നനെയാണ് നിശയുടെ തിരശീലക്കു പിന്നിൽ, തഴച്ച ധന്യതയുടെ നാഭിയിൽ നിന്ന്, ഒരു തൊട്ടിൽപോലെ പുറംതള്ളിവരുന്ന ചൊട്ട കണ്ണിൽപ്പെട്ടത്. നാലഞ്ചുദിനങ്ങൾ കഴിഞ്ഞതേ, ജീവദാഹത്തോടെ അതിൽനിന്ന് എത്തിനോക്കുന്നു, പ്രകാശത്തിന്റെ നൂറുനൂറു കുഞ്ഞുങ്ങൾ!

ദിവസത്തിൽ പലതവണ ഞാനവളുടെയടുത്തു ചെല്ലും. ആ നവ പുഷ്പിണിയിൽ ജീവന്റെയും സ്നേഹത്തിന്റെയും നിറവുകണ്ട് മനം കുളിർക്കും. വരുംവാരങ്ങളിൽ പാലും തേനും നിറഞ്ഞ് ഉരുണ്ടുകൊഴുക്കേണ്ട ആ പവിഴമുത്തുകൾക്ക് ആർക്കുമേ ചെന്നുമ്മവച്ചീടുവാൻ തോന്നിക്കുന്ന ശൈശവകോമളത്തം. അവയുടെ വെണ്മയിൽ ചുറ്റുപാടെല്ലാം പ്രകാശചിത്തമായതുപോലെ. എന്റെ വീടും ഈ പിറവിയുടെ അദ്ഭുതത്തിൽ കുളിച്ചുനിൽക്കുന്നു. ഉറവയിൽ നിന്ന് നീരൊഴുക്ക് പോലെ, ആദിമവും അരൂപവുമായ ആനന്ദത്തിന്റെ ധാരാളിത്തം ആ കതിർക്കുലയിലൂടെ എന്നിലേക്ക് വർഷിക്കപ്പെടുന്നു. ഭൗമമായ സൗന്ദര്യത്തിന്റെ വശ്യതയിൽ സന്തോഷിക്കേണ്ടതെങ്ങനെയെന്നു ഞാൻ പഠിക്കുന്നു.

ഇനിയങ്ങോട്ടും, നിശാകാലനിലാവും പുലർകാലകിരണങ്ങളും സാന്ധ്യവർഷപാതവും ചേർന്ന് ഈ കതിരുകളിൽ നന്മയുടെ നിറകുട

ങ്ങളെ പരുവപ്പെടുത്തട്ടെ; ജീവനുവേണ്ടി ജീവനുരുവാക്കുന്ന പ്രകൃതിയുടെ സാഫല്യങ്ങളെ ഊട്ടിവളർത്തട്ടെ. ഈ നാടിനെ ഒരു ശീതള പറുദീസയാക്കുന്ന, ഭാഗ്യംചെന്ന ഇവിടുത്തെ ജനത്തിന്, അറുതിയില്ലാതെ, പാലിന്റെയും തേനിന്റെയും അമൃതകുംഭങ്ങളെ പേറുന്ന ഈ കല്പദാരുവിനെ, ഈ ജൈവതേജസിനെ, നമ്രശിരസ്സനായി നമിക്കുന്നേൻ!

❑

# 10

# സുവിശേഷത്തിന്റെ പരിമളം

നാട്ടുകാർ ജോഷ്വായെന്ന് വിളിച്ചിരുന്ന യേശു മരിക്കുമ്പോൾ അദ്ദേഹത്തിന്റെ അമ്മയും മറിയമെന്നുതന്നെ പേരുള്ള മറ്റു രണ്ടു സ്ത്രീകളും അടുത്തുണ്ടായിരുന്നുവെന്നു നാം വായിക്കുന്നു. എന്നാൽ തൻെറ കല്ലറയ്ക്കുസമീപം പിറ്റേന്നാൾ രാവിലെ ചെല്ലുന്നത് ഇതിലൊരാൾ മാത്രമാണ്, മഗ്ദലേനയിലെ മറിയം. അവളെപ്പറ്റി സുവിശേഷകർത്താക്കൾ പരാമർശിച്ചിട്ടുള്ളതെല്ലാം അതീവഹൃദ്യമാണ്. ജോഷ്വായും ഈ മിറിയവും തമ്മിൽ അഗാധമായ ഒരടുപ്പമുണ്ടായിരുന്നുവെന്നത് ഒളിച്ചുവയ്ക്കാൻപറ്റാത്ത എന്തോ ആയതുകൊണ്ടാണല്ലോ, സുവിശേഷത്തിൽ അവളുടെ ചെയ്തികൾ ഇടംകണ്ടെത്തിയത്. അധികം സ്ത്രീപരാമർശങ്ങൾ ഇന്ന് വായിക്കപ്പെടുന്ന പുതിയനിയമഗ്രന്ഥങ്ങളിലില്ല. ഉള്ളതു തന്നെ ഒളിച്ചുവച്ചാണ് സ്ത്രീത്വത്തെ ഭയപ്പെട്ടിരുന്ന സഭാപിതാക്കന്മാർ സുവിശേഷവ്യാഖ്യാനങ്ങൾ നടത്തിപ്പോന്നിരുന്നത്. മറിയം മഗ്ദലേനയുടെ പേരിൽ ഒരു സുവിശേഷഗ്രന്ഥം തന്നെ ആദ്യകാലസഭയിൽ ഉണ്ടായിരുന്നു. സഭ അംഗീകരിക്കാത്ത കൃതികളിൽപെടുന്നു അതും. ആധുനികകാലത്താണ്, യേശുവിനെയും മഗ്ദലേനമറിയത്തെയും ഉൾക്കൊള്ളിച്ച് ഭാവനാസമ്പന്നമായ എഴുത്തുകളും സിനിമകളും ഉണ്ടായിത്തുടങ്ങിയത്. അവയെയും "പിതാക്കന്മാർ" ഒന്നടച്ച് അപലപിച്ചിട്ടേയുള്ളു.

മനുഷ്യപുത്രൻ (Jesus the Son of Man, published by Alfred A. Knopf, 1995) എന്ന കൃതിയിൽ രണ്ടദ്ധ്യായങ്ങൾ ഖലീൽ ജിബ്രാൻ മഗ്ദലെനയിലെ മറിയത്തിനായി മാറ്റിവച്ചിട്ടുണ്ട്. അവയിൽ യേശുവിനെക്കുറിച്ചുള്ള അവളുടെ ചിന്തകൾ അതീവസുന്ദരമായി കുറിച്ചിരിക്കുന്നു.

വസന്തത്തിന്റെ രണ്ടാം പകുതിയിലാണ് ആദ്യമായി ഞാനവനെ കാണുന്നത്. എന്റെ തോഴികളുമായി നടന്നുപോകവേ, അവൻ ഒരു ഗോതമ്പുവയലിലൂടെ നടക്കുകയായിരുന്നു, തനിയെ. അവന്റെ കാലടികളുടെ താളം വ്യത്യസ്തമായിരുന്നു. അവന്റെ നടപ്പും എടുപ്പും മറ്റാരുടേതും പോലെയായിരുന്നില്ല. അവൻ നടന്നത് വേഗത്തിലോ അതോ പതുക്കെയോ എന്നിപ്പോഴുമെനിക്കറിയില്ല.

അവനെ ചൂണ്ടി, എന്റെ തോഴിമാർ നാണത്തോടെ അന്യോന്യം രഹസ്യം പറഞ്ഞു. അഭിവാദ്യമർപ്പിക്കാൻ ഞാനെന്റെ കൈകളുയർത്തിയെങ്കിലും, അവൻ തിരിഞ്ഞു നോക്കിയില്ല. അവഹേളിതയായതുപോലെ എനിക്ക് തോന്നി. എന്നിലേയ്ക്ക് തന്നെ തിരിച്ചെറിയപ്പെട്ട എന്റെ മനസ്സ് കയർത്തു. ഉതിർന്നുവീഴുന്ന മഞ്ഞിനടിയിൽ അകപ്പെട്ടതുപോലെ ഞാൻ വിറച്ചു.

അന്ന് രാത്രിയിൽ, ഭൂമിയിലെ രാജാക്കന്മാർ അവന്റെ മുമ്പിൽ നമ്രശിരസ്ക്കരായി നിൽക്കുന്നത് ഞാൻ സ്വപ്നം കണ്ടു. അവന്റെ മുഖകാന്തി അത് ഞാനെങ്ങനെ പറഞ്ഞറിയിക്കും? ഇരുട്ടില്ലാത്ത രാത്രിപോലെയും ശബ്ദരഹിതമായ പ്രഭാതം പോലെയുമായിരുന്നു അത്. നീ എന്താണാഗ്രഹിക്കുന്നത്, മറിയം? അവൻ ചോദിച്ചു. ഞാനൊന്നും പറയാതെതന്നെ അവന്റെ ചിറകുകൾ എന്റെ ഹൃദയത്തെ പൊതിഞ്ഞു. അതിന്റെ തണുപ്പ് മാറി. അവന്റെ വിരലുകൾ എപ്പോഴും എന്റെ ഹൃദയതന്ത്രികളിൽ ഓടിക്കളിക്കണമെന്നും അവനോടൊത്ത് തനിയെ ഇരിക്കണമെന്നും അന്നു മുതൽ ഞാനാഗ്രഹിച്ചു.

ആഗസ്റ്റുമാസത്തിൽ, ഒരിക്കൽ, എന്റെ ഈജിപ്തുകാരൻ അടിമ വന്നു പറഞ്ഞു: അതാ അവൻ വീണ്ടും അവിടെയുണ്ട്, നിന്റെ പൂന്തോട്ടത്തിനപ്പുറത്ത്. എന്റെ ജനാലയിലൂടെ വീണ്ടും ഞാനവനെ കണ്ടു, ദൂരെയൊരു സൈപ്രസ് മരത്തിന്റെ തണലിൽ. അന്റിയോക്കിലും മറ്റ് വടക്കൻ പട്ടണങ്ങളിലും കാണുന്ന കല്ലിൽ കൊത്തിയ പ്രതിമകൾ പോലെ നിശ്ചലനായിരുന്നു അവൻ. എന്റെയാത്മാവ് വിറകൊണ്ടു. അത്ര സുന്ദരനായിരുന്നു അവൻ! അവന്റെ അവയവങ്ങൾ പരസ്പരം സ്നേഹിക്കുന്നതു പോലെയായിരുന്നു.

ദമാസ്ക്കസിൽ നിന്ന് വാങ്ങിയ ഉടയാടകൾ എടുത്തണിഞ്ഞ്, ഞാനിറങ്ങിച്ചെന്നു. എന്റെ എകാന്തതയാണോ അവന്റെ സുഗന്ധമാണോ എന്നെ അവനിലേയ്ക്ക് വലിച്ചടുപ്പിച്ചത്? എന്റെ കണ്ണുകളുടെ വിശപ്പ് അവന്റെ ആകാരത്തെ കൊതിച്ചോ, അതോ, അവന്റെയഴക് എന്റെ കണ്ണുകളുടെ വെളിച്ചത്തെ ആകർഷിച്ചോ? ഇപ്പോഴും എനിക്കതറിയില്ല.

വാസനിക്കുന്ന വസ്ത്രങ്ങളും ഒരു റോമൻ പടയാളി തന്ന സ്വർണ്ണ ച്ചെരിപ്പുകളും അണിഞ്ഞ് ഞാൻ ചെന്നു. വന്ദനം, ഗുരോ, ഞാൻ അഭിവാദ്യമേകി. വന്ദനം, മറിയം, അവൻ പ്രതിവചിച്ചു. അവന്റെ നോട്ടം എന്നെ നഗ്നയും നാണിക്കുന്നവളുമാക്കി. അങ്ങെന്റെ വീട്ടിലേയ്ക്ക് വരില്ലേ? ഞാൻ ചോദിച്ചു. ഞാൻ ഇപ്പോൾത്തന്നെ നിന്റെ വീട്ടിലല്ലേ, മറിയം? അവൻ ചോദിച്ചു. അവനെന്താണ് ഉദ്ദേശിച്ചതെന്ന് അപ്പോൾ എനിക്ക് മനസ്സിലായില്ല. പക്ഷേ, ഇപ്പോൾ അതെനിക്കറിയാം. എന്നോടൊത്ത് അപ്പവും വീഞ്ഞും കഴിക്കാൻ വരൂ, എന്ന് ഒന്നുകൂടി പറയാൻ ഞാൻ ധൈര്യം കണ്ടു. ഒരിക്കൽ തീർച്ചയായും, എന്നാൽ ഇപ്പോഴല്ല, ഇപ്പോഴല്ല, എന്നവൻ പറഞ്ഞപ്പോൾ, ആ വാക്കുകളിൽ കടലിന്റെ ഇരമ്പവും മരങ്ങളിൽ കാറ്റ് പിടിക്കുന്ന ഇമ്പവും ഞാനറിഞ്ഞു. ജീവൻ മരണത്തോട് സംസാരിക്കുമ്പോലെ ആയിരുന്നു അത്.

കാരണം, സുഹൃത്തുക്കളേ, ഞാൻ മരിച്ചവളായിരുന്നു. ആത്മാവിൽ നിന്ന് മോചനം നേടിയവളായിരുന്നു, അപ്പോൾ ഞാൻ. എല്ലാ പുരുഷന്മാരുടേതുമായിരുന്നു, എന്നാൽ ആരുടേതുമല്ലായിരുന്നു, ശപിക്കപ്പെട്ട ഞാൻ. ഞാൻ വേശ്യയും ഏഴു പിശാചുക്കൾ ബാധിച്ചവളുമായിരുന്നു. എന്നാൽ, അവന്റെ പ്രകാശപൂരിതമായ കണ്ണുകൾ എന്നെ നോക്കിയതേ, എന്നിൽ നിന്ന് ഇരുൾ ഓടിയകന്നു; ഞാൻ മറിയമായി.

ഒരിക്കൽ കൂടി ഞാൻ യാചിച്ചു: എന്നോടൊത്ത് അപ്പവും വീഞ്ഞും കഴിക്കാൻ വരൂ! അവൻ എനിക്കുള്ളിലേയ്ക്ക് നോക്കി പറഞ്ഞു: നിനക്ക് ഏറെ കമിതാക്കളുണ്ട്. അവരെല്ലാം അവരെത്തന്നെ നിന്നിൽ സ്നേഹിക്കുന്നു. ഞാൻ മാത്രം നിന്നെ സ്നേഹിക്കുന്നു, നീയായിട്ട്. മങ്ങിപ്പോകേണ്ട സൌന്ദര്യത്തെ അവർ നിന്നിൽ സ്നേഹിക്കുന്നു. ഞാനോ, നിന്നിലെ അദൃശ്യമായതിനെ സ്നേഹിക്കുന്നു.

എന്നിട്ട്, സ്വരം താഴ്ത്തി അവൻ വീണ്ടും പറഞ്ഞു: ഈ സൈപ്രസ് മരം നിന്റേതാണെങ്കിൽ, അതിനടിയിലിരിക്കാൻ എന്നെ നീ അനുവദിക്കില്ലെങ്കിൽ, ഞാനിതാ പോകുന്നു. കരഞ്ഞുകൊണ്ട് ഞാൻ അപേക്ഷിച്ചു: അങ്ങനെയല്ല ഗുരോ, നിനക്കായി പുകക്കാൻ കുന്തിരിക്കവും, നിന്റെ കാലു കഴുകാൻ വെള്ളിത്താലവും വീട്ടിൽ ഞാൻ ഒരുക്കിയിട്ടുണ്ട് . എന്റെ അതിഥിയായി വരൂ.

അവൻ എഴുന്നേറ്റു. എന്നിട്ട്, ഋതുകാലങ്ങൾ ഭൂമിയെ നോക്കുമ്പോലെ എന്നെ നോക്കി മന്ദഹാസം തൂകിയിട്ട് നടന്നകന്നു. ഒരു മനുഷ്യനും അതുപോലെ നടന്നിട്ടില്ല. എന്റെ പൂന്തോട്ടത്തെ തഴുകിപ്പോയ ഒരു മന്ദമാരുതൻ ആയിരുന്നോ അത്? അതോ, എല്ലാറ്റിനെയും കടപുഴകിയെറിയുന്ന ഒരു കൊടുങ്കാറ്റോ? എനിക്കറിയില്ല. ഒന്നെനിക്കറിയാം, അന്ന്,

അവന്റെ കണ്ണുകളിലെ അസ്തമയം എന്നിലെ അപരാധങ്ങളെ കൊന്നു. ഞാനൊരു സ്ത്രീയായി, ഞാൻ മറിയമായി അവന്റെ മറിയം.

ഒഴിഞ്ഞുകിടന്ന യേശുവിന്റെ കല്ലറയ്ക്കുമുന്നിൽനിന്ന് മഗ്ദലെന യിലെ മറിയം കരഞ്ഞതുപോലെ മറ്റൊരു പ്രണയിനിയും കരഞ്ഞി ട്ടുണ്ടാവില്ല. അവൾ യേശുവിനെ തീവ്രമായി പ്രണയിച്ചിരുന്നുവെന്നതിനു യാതൊരു സംശത്തിനുമിടയില്ല. അവന്റെയൊരു കുഞ്ഞിനെ കൊതി ക്കാൻതക്ക ആഴത്തിലുള്ളതായിരുന്നിരിക്കണം അവളുടെയിഷ്ടം. യേശുവിൻെറ മരണം വരുത്തിവച്ച തീരാനഷ്ടത്തിൽ മറ്റാരുടെയുംകാൾ അവളുടെ നെഞ്ചുപിടഞ്ഞു. അന്ന് അളവില്ലാതെ കണ്ണീരൊഴുക്കിയ എല്ലാ സ്ത്രീകളെയും ഭാഗ്യവതികളെന്നു വിളിക്കാം. സ്വന്തം അല്ലെങ്കിൽ ഒരന്യശരീരത്തിൽ തടഞ്ഞു നിന്നുപോകുന്ന ഒരു പുരുഷനും ഇതു മനസ്സിലാകില്ല. ശരീരത്തിനപ്പുറത്ത് കടന്നവരാണ്, പിന്നീട് ശരീര ത്തെയും നിർമലതയിൽ പൊതിഞ്ഞ് സ്നേഹവായ്പിന്റെ ഭാഗമാ ക്കുന്നത്.

നിന്നെയെനിക്ക് ഇഷ്ടമാണെന്ന് എത്ര തവണ കേട്ടാലും മതിയാ വാതെ, നിന്നെ ചുറ്റിപ്പറ്റിയുള്ളതെല്ലാം ഇഷ്ടമാണെന്നും, മറ്റാരെയുംകാൾ നിന്നെയാണെനിക്കിഷ്ടമെന്നും പുരുഷനെക്കൊണ്ട് പറയിപ്പിക്കുംവരെ സ്നേഹിക്കുന്നവരാണ് പ്രണയിനികൾ. അതുപോലെ യേശുവിനെ സ്നേഹിച്ചവളാണ് ഈ മറിയം. ജോഷ്വായെ അവൾ ഒളിഞ്ഞും മറഞ്ഞും നിന്നു വീക്ഷിച്ചിട്ടുണ്ടാവണം. അവിടുത്തെ ശരീരഗന്ധം നിറഞ്ഞ ഉടയാടകൾ കഴുകിക്കൊടുക്കുംമുമ്പവൾ അവയെടുത്ത് സ്വന്തം മുഖം മൂടിയിട്ടുണ്ടാവണം, അതിന്റെ ലഹരിയിൽ മുഴുകിയങ്ങനെയിരിക്കാൻ. അദ്ദേഹത്തിന്റെ ഇഷ്ടപലഹാരങ്ങൾ ഒരുക്കിക്കൊടുത്ത് അവൾ ആനന്ദിച്ചിട്ടുണ്ടാവണം. ദൂരെനിന്ന് അവിടുത്തെ ഉള്ളുതുറന്ന ചിരിയോ സംസാരമോ കേട്ടാൽ കോരിത്തരിച്ചുകൊണ്ടവൾ വാതുക്കൽ ചെന്ന് ഉറ്റുനോക്കി നിന്നിരിക്കണം, അദ്ദേഹമെത്തുംവരെ. ഈ മനുഷ്യൻ എന്റേതാണ് എന്നവൾക്ക് പൂർണമായ ഉൾബോദ്ധ്യം ഉണ്ടായിരുന്നി രിക്കണം. ഏറ്റം വശ്യമായിരുന്നിരിക്കണം അവന്റെയടുത്തുള്ള അവളുടെ ശാഠ്യങ്ങൾ. അല്ലെങ്കിലെങ്ങനെ യേശുവിനെപ്പോലെയൊരാൾ അവളെ തന്നോടിത്രയധികം അടുക്കാനനുവദിച്ചു? തീർച്ചയായും യേശുവിൻെറ പുരുഷഭാവങ്ങൾ മറ്റാരെക്കാളും നന്നായി തിരിച്ചറിയാൻ മറിയത്തിനു കഴിഞ്ഞിരിക്കണം.

ഈ സ്ത്രീയില്ലായിരുന്നെങ്കിൽ, അവളെക്കുറിച്ചുള്ള ഹൃദയസ്പർശി യായ ആ ഭാഗങ്ങളില്ലായിരുന്നെങ്കിൽ, സുവിശേഷരചനയിലെ മറ്റു ഭാഗങ്ങൾപോലും വായിക്കപ്പെടാതെപോയേനേ എന്നെനിക്കു തോന്നുന്നു. എവിടെയെല്ലാം ഈ സുവിശേഷങ്ങൾ പ്രഘോഷിക്കപ്പെടുമോ,

അവിടെയെല്ലാം ഇവളുടെ കഥയും പ്രകീർത്തിക്കപ്പെടും എന്ന് മറ്റാരെപ്പറ്റിയും യേശു പറഞ്ഞിട്ടില്ലല്ലോ.

അതു സംഭവിച്ചത് ഒരിക്കൽ ഒരു കരപ്രമാണിയുടെ വീട്ടിലേയ്ക്ക് ക്ഷണിക്കപ്പെട്ട്, ഭക്ഷണത്തിനിരിക്കയായിരുന്ന ജോഷ്വായുടെ കാൽക്കൽ ചെന്നിരുന്നു കരയാനും തൈലംകൊണ്ട് അവന്റെ പാദങ്ങൾ പൂശാനും മറിയം ധൈര്യം കാണിച്ചപ്പോഴാണല്ലോ. ചിലതൊക്കെ മനസ്സിലുറപ്പിച്ചുകൊണ്ട്, എങ്ങനെയോ മാന്യന്മാർ ഭക്ഷണത്തിനിരുന്നിടത്തു കയറിക്കൂടിയ അവളെ, ഇഷ്ടമുള്ളതൊക്കെ ചെയ്യാൻ അവിടുന്ന് അനുവദിക്കുകയായിരുന്നു. വലിയവരുടെ ആതിഥ്യമര്യാദകളോ കളിയാക്കലോ ഒന്നുമവളെ പിന്തിരിപ്പിച്ചില്ല. ഈ ധൈര്യശാലിനിതന്നെയായിരുന്നു മരണശേഷവും യേശുവിനെ തിരക്കി ശവത്തിൽ പൂശാനുള്ള തൈലവുമായി ചെന്നതെന്നാണ് കരുതേണ്ടത്. ഏതായാലും, സ്നേഹം കൂസലില്ലായ്മയും സർവവിധ സ്വാതന്ത്ര്യവുമാണെന്ന് അവളെപ്പോലെ ഒരു സ്ത്രീയും അതുവരെ ഇത്ര പരസ്യമായി യഹൂദസമൂഹത്തിൽ പ്രവർത്തിച്ചു കാണിച്ചിട്ടില്ലായിരുന്നു.

സ്നേഹത്തെ ആർഭാടപൂർവം പൂർണമാക്കുന്നതാണ് പ്രേമം. ഊട്ടുശാലയിൽ അവൾ ചെയ്തത് കടുംകൈയായി ഭൂരിപക്ഷവും വിലയിരുത്തി. യഹൂദർ ജഡത്തെ അഭിഷേകം ചെയ്യാനുപയോഗിച്ചിരുന്ന വിലയേറിയ തൈലമായിരുന്നു ഊട്ടുശാലയിൽ മറിയം കൊണ്ടുചെന്നിരുന്നതെന്ന് ബൈബിളിന്റെ കിംഗ് ജെയിംസ് പരിഭാഷയിൽ ഉള്ളതായി ഓഷോ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതവളന്ന് വെള്ളംപോലെ വ്യയം ചെയ്തു. ഏവർക്കും പ്രകോപനപരമായി തോന്നിയ ആ പ്രവൃത്തി, ആ പ്രണയവൃത്തി, ആർഭാടത്തെ വെറുത്തിരുന്ന യേശു, പക്ഷേ, ന്യായീകരിക്കുകയാണ് ചെയ്തത്. അവിശ്വസനീയവും അസ്സാധാരണവുമാണത്. ഇന്നുപോലും ഇത്ര തന്റേടം കാണിക്കാൻ എത്രയാണുങ്ങളുണ്ടാകും?

ഷൈല കാസിഡിയുടേതായി ഒരു നല്ല വ്യാഖ്യാനം ഈ കഥക്കുണ്ട്. അതിങ്ങനെ. യോഹന്നാൻ പറയുന്നിടത്ത് ഈ മറിയം, മാർത്താലാസർമാരുടെ സഹോദരിയാണ്. യേശു അവരെ സന്ദർശിക്കുമ്പോൾ, മാർത്ത സൽക്കാരജോലികൾകൊണ്ട് മടുക്കുമ്പോഴും മറിയം യേശുവിന്റെ കാല്ക്കലിരുന്ന് അദ്ദേഹത്തിന്റെ മധുരഭാഷണങ്ങൾക്ക് കാതോർക്കുകയായിരിക്കും. മാർത്ത സങ്കടംപറഞ്ഞുചെന്നാലും യേശു മറിയത്തിന്റെ പക്ഷത്തായിരിക്കും. *നിൻെറ വ്യഗ്രതകളല്ല മാർത്താ, അവളുടേത്, അവളെ വെറുതേ വിടൂ* എന്ന് മാത്രമേ യേശു അപ്പോൾ പറഞ്ഞിരുന്നുള്ളൂ. മറിയത്തിന്റെ വ്യഗ്രതകളെന്തെന്ന് ഏവർക്കും അറിയാമായിരുന്നു എന്നതാണതിലെ മൃദുലബിന്ദു. തിരിച്ച് യേശുവിനും തൻെറ ആത്മവ്യാകുലതകൾ ഇറക്കിവയ്ക്കാൻ ഒരിടമായിരുന്നു മറിയം എന്നനുമാനിക്കേണ്ടിയിരിക്കുന്നു. തന്നെ ഇല്ലായ്മചെയ്യാൻ കച്ചകെട്ടിയിറങ്ങി

യവർ ധാരാളമുണ്ടായിരുന്നു. എന്നാൽ തൻെറ ഭയാശങ്കകൾ പങ്കുവയ്ക്കാൻ ചുരുക്കംപേരേ ഉണ്ടായിരുന്നുള്ളു. അതിൽ മറിയം ഒന്നാമതായിരുന്നിരിക്കണം. അവൾ മാത്രമായിരുന്നിരിക്കാം എല്ലാം ഉൾക്കൊള്ളാനായവൾ. *പ്രിയമുള്ളവനേ, നിന്റെ മനസ്സിന്റെ പോക്കെങ്ങനെയെന്നു ഞാനറിയുന്നു, ഒന്നും തടയാനെനിക്കു കഴിവില്ലെന്നാലും അകമഴിഞ്ഞു നിന്നെ ഞാൻ സ്നേഹിക്കുന്നുവെന്നു നീയറിയുന്നല്ലോ. എന്റെ ഈ സ്നേഹമളക്കാൻ ഈ ഭൂവിലൊന്നിനും സാധ്യമല്ല. ഏതു ദുഖത്തിലും ഞാൻ നിന്നെ പിരിയുകയില്ല* എന്നു പറയാൻ ഒരു മറിയം യേശുവിനുണ്ടായിരുന്നു എന്നതാണ് നാമറിയേണ്ടത്. പറഞ്ഞതുപോലെ, ഭ്രാന്തമായ ഈ അടുപ്പത്തിന്റെ കഥയാണ് സുവിശേഷഗ്രന്ഥങ്ങളെ ഇത്ര കൗതുകകരമായി വായനായോഗ്യമാക്കുന്നതിൽ പ്രധാനം.

എന്തായിരിക്കാം കൂടിക്കാഴ്ചയുടെ സ്വസ്ഥമായ സമയങ്ങളിൽ അവരിരുവരും അന്യോന്യം പറഞ്ഞിരുന്നത്? പ്രണയിച്ചിട്ടില്ലാത്തയാർക്കും അതൂഹിക്കാനാവില്ല. പ്രണയിച്ചിട്ടുള്ളവർക്കോ അതൊരു കടംകഥയാകേണ്ടതുമില്ല. കാരണം, പ്രണയിക്കുകയെന്നത് ഈ ഭൂവിലെ ജീവിതമധുവും സുവിശേഷപഠനത്തിനുപോലും അനിവാര്യ വുമാണ്. അതുകൊണ്ടുതന്നെയാണ്, സ്ത്രീപുരുഷബന്ധമറിയാത്ത, ദൈവജ്ഞാനികളെന്നു സ്വയം കരുതുന്ന വൈദികർ, സുവിശേഷവാക്യങ്ങൾ വിശദീകരിക്കുമ്പോൾ, മിക്കപ്പോഴും കായം കയ്ക്കുന്നതുപോലെയുള്ള അനുഭവമുണ്ടാകുന്നത്. കാരണം, *എന്നെ സ്നേഹിക്ക്, എന്റെ സ്നേഹം പൂർണമായി നിന്റേതാക്ക്* എന്ന് തീരാശാഠ്യം പിടിക്കുന്ന സ്ത്രീകളെ കണക്കിലെടുക്കാൻ ഇവർക്കറിയില്ല. ഇത്തരക്കാരെ, പ്രണയികളെ, വിലമതിക്കാൻ യേശുവിനു പക്ഷേ, അറിയാമായിരുന്നു.

ഗലീലിയാക്കടലോളം സ്നേഹം എന്ന് യേശു പറഞ്ഞപ്പോളൊക്കെ, അല്ലാ, ചെങ്കടലും ജോർദാനും കടന്നുള്ള സാഗരങ്ങളോളം എന്ന് മറിയത്തോടോത്തു തിരുത്തുന്നവരാണ് കറകളഞ്ഞ പ്രണയിനികൾ. വിരളമായെങ്കിലും ഇത്തരം ഹൃദയേശ്വരികൾ ജീവിച്ചിരിക്കുന്നതുകൊണ്ടാണ് ഈ ഭൂമിയിന്നും സുന്ദരമായി തുടർന്നുപോകുന്നത്.

❑

# 11

# അരഞ്ഞാണമണിഞ്ഞ സുന്ദരി

കിണർ പണ്ടുകാലംതൊട്ട് ഭൂമിയുടെ അകിടെന്നോണം മനുഷ്യന് ജീവജലം നൽകിക്കൊണ്ടിരിക്കുന്നു. നദീതടങ്ങളെ ചുറ്റിപ്പറ്റി എന്ന പോലെ, കിണറുകളെ ചുറ്റിപ്പറ്റിയും തലമുറകൾ ജീവിച്ചിട്ടുണ്ട്. ചില കിണറുകൾ മരിക്കാത്ത ഓർമ്മകളുള്ളതാണ്. അതിലൊന്നാണ് സിക്കാറിൽ ഇസ്രയേൽ ജനത്തിന്റെ ഗോത്രപിതാവ് ജേക്കബ് തന്റെ മകൻ ജോസെഫിനു കൊടുത്ത വയലിലുള്ള കിണർ. അതിന്റെ വക്കത്തി രുന്നാണ്, യേശു യഹൂദർ വെറുത്തിരുന്ന സമരിയാക്കാരിൽ ഒരുവളോട് ആത്മീയതയുടെ രഹസ്യം വെളിപ്പെടുത്തുന്നത്. അതായത്, ദൈവത്തെ ആ മലയിലോ ഈ മലയിലോ (ആരാധനാലയങ്ങളിൽ) അല്ല, ഓരോരു ത്തരുടെയും ഉള്ളിലാണ് തിരയേണ്ടത് എന്ന സത്യം. എന്നിട്ടും ലോകമാ സകലം ഇന്നും മനുഷ്യർ ദൈവത്തെത്തേടി പള്ളിയായ പള്ളികളെല്ലാം കയറിയിറങ്ങുന്നു. എന്റെ ജീവിതത്തിന്റെ ഭാഗമായിത്തീർന്ന ഒരു കിണ റിന്റെ കഥയാണ് ഇവിടെ കുറിക്കുന്നത്.

ഇന്ന് 12 ഫെബ്രുവരി 2009, വ്യാഴാഴ്ച. ഇന്നാണത് സംഭവിച്ചത്. മുപ്പതടിയാഴത്തിൽ, മനുഷ്യനും മരത്തിനും മൃഗത്തിനും നുണഞ്ഞി റക്കാനുള്ള ഭൂമിയുടെയകിട് അതാ ചുരത്തുന്നു! ഒരു മുലഞെട്ടിൽ നിന്നെ ന്നപോലെ, പല ധാരകളിലൂടെയതാ ഉറവകൾ! ആരുമൊരിക്കലും ദാഹിക്കാതിരിക്കാൻ, അമൃതിനേക്കാൾ കുളിർമ്മയുള്ള നുര, ഇറ്റിറ്റു വീഴുന്ന പാൽത്തുള്ളികൾ. അത് തേടിയാണ് ഈ മൂന്നാഴ്ചകൾ ഞാനും മൂന്നു സഹായികളുംകൂടി മണ്ണ് മാന്തി ഇറങ്ങിച്ചെന്നത്. ഓരോ ഇഞ്ച് താഴുമ്പോഴും, അമ്മയ്ക്ക് നോവല്ലേയെന്നു ഞാൻ പ്രാർത്ഥിച്ചിരുന്നു. തുടങ്ങുംമുമ്പേ, സ്ഥാനം കണ്ടയാൾ കുറ്റിയടിച്ചിടത്തു രാത്രിയിൽ മുട്ടു

കുത്തിനിന്ന്, ഭൂമിയുടെ മാറിൽ മുത്തി ഞാൻ മന്ത്രിച്ചു: ക്ഷമിക്കൂ, നിന്നെ നോവിക്കാനല്ലിതൊന്നും, ദാഹം ശമിപ്പിക്കണേ. നിന്റെ മേനിയെ പിളർക്കുകയല്ല, നിന്റെ മുലകളെ തപ്പുകയാണ് ഈ മകൻ. നിന്റെയുറവ ഞങ്ങൾക്ക് പാലും തേനുമാകട്ടെ.

ഇന്നും പണി തുടരേണ്ടതുകൊണ്ട്, ആയുധങ്ങൾ ഉള്ളിലിട്ടിട്ടാണ് പണിക്കാർ പോയത്. രാവിലെ നോക്കിയപ്പോൾ അഞ്ചടിയോളം വെള്ളം! വെള്ളത്തിന്റെ മേല്പ്പാളിയിൽ തൊട്ടുവരെ ശുദ്ധമായ ഉറവ! ഉദാരവതിയായ വസുധക്കും പ്രണയിനിയായ സ്ത്രീയെപ്പോലെ മുകളിലും അവൾക്കുള്ളിലും ആകാശവും അതിന്റെ നീലിമയും ഉണ്ടെന്ന് എത്ര വിരളമായിട്ടാണ് മനുഷ്യനറിയുന്നത്! ഭൂമിയൊരു വലിയ ഗർഭപാത്രമാണ്. ഒരു കിണർ രൂപപ്പെടുത്തുകയെന്ന അദ്ധ്വാനമുള്ള ജോലി, വയറ്റാട്ടി ചെയ്യുമ്പോലെ, കുഞ്ഞിനെ പുറത്തു കൊണ്ടുവരാൻ സഹായിക്കുകയാണ്. ഭൂമി നിത്യം ഗർഭിണിയാണ്. ഓരോ ചെടിയിലൂടെയും, മൃഗത്തിലൂടെയും മനുഷ്യരിലൂടെയും അവൾ അനുക്ഷണം പ്രസവിച്ചുകൊണ്ടിരിക്കുന്നു.

പണി കഴിഞ്ഞ് കുളിച്ചുവന്നിട്ട് കൈയിലെടുത്തത് ബോബി ജോസ് കട്ടിക്കാടിന്റെ *കേളി* എന്ന പുസ്തകമാണ്. അതിൽ ആദ്യാദ്ധ്യായംതന്നെ ''കിണർ' എന്ന ശീർഷകത്തിൽ. ആൺമനസ്സുകൾക്ക് പലപ്പോഴും കോപ്പയുടെ ആഴമേയുള്ളു; സ്ത്രീയുടേതോ, യാക്കോബിന്റെ സിക്കാരിലുള്ള കിണറിനേക്കാൾ ആഴമുള്ളതാകാമെന്ന് ഗ്രന്ഥകർത്താവ്. തമ്മിലൊരുമിച്ചു കഴിയുന്നവരുടെ ആഴങ്ങൾ ഒരുപോലെയാകുന്നില്ലെങ്കിൽ, ഒരാൾക്ക് മറ്റാളെ മടുക്കും.

വെള്ളം കണ്ടതോടെ, ഒന്നു തേകിക്കഴുകിയിട്ട് പണിക്കാർ പോയി. ഇനിയാണ് മോടിപിടിപ്പിക്കൽ. കിണർ ഭംഗിയുള്ളതാക്കിത്തീർക്കുന്ന അദ്ധ്വാനമുള്ള പണി തനിയെ ചെയ്യാമെന്ന് വച്ചു. പുരോഗമിക്കുന്തോറും ഉത്സാഹം ഏറിവരികയായിരുന്നു. കിണറ്റിലെ ജലനിരപ്പ് ദിനംതോറും ഉയരുന്നത് കാണുമ്പോൾ, പറയാനാവാത്ത ചാരിതാർത്ഥ്യം. വായുടെ വക്ക് ഇടിഞ്ഞു പോകാതിരിക്കാനും, മുകളിലേക്കുള്ള അരഭിത്തിയെ താങ്ങി നിറുത്താനുമായി ഏതാണ്ട് നാലടി ഉയരത്തിൽ കരിങ്കല്ലുകൊണ്ട് അരഞ്ഞാണവും അതിന് മുകളിലെ ഭിത്തിയും കെട്ടിയുണ്ടാക്കണം. ഇതിനകം, അടുത്ത് നിൽക്കുന്ന ജീവനുള്ള ഒരു സുന്ദരിയെപ്പോലെയായി, എനിക്ക് ഈ കിണർ. അവളെ അണിയിച്ചൊരുക്കുക ഒരു ഹരമായി. കല്ലും മണ്ണും കൊണ്ട് വിയർത്തുള്ള പണി എനിക്കിഷ്ടമാണ്. ശരീരത്തെ മാത്രമല്ല, മനസ്സിനെയും അത് ശുദ്ധീകരിക്കുന്നു. ഓരോ തരി മണ്ണും കല്ലും താഴേയ്ക്ക് വീഴുമ്പോൾ, വലിയ ശബ്ദത്തിൽ താഴെ ജലം പ്രതികരിക്കും. തനിയെ നിന്ന് പണിയുമ്പോൾ മിണ്ടുന്നത് കല്ലിനോടും

മണ്ണിനോടും വെള്ളത്തോടുമാണ്. കലാപരമായ ഒരു വലിയ സംരംഭം പോലെ അത് ഞാനാസ്വദിച്ചു. കല്ല് കീറുക, അതിന്റെ മുഖം ചെത്തുക, സിമന്റുചേർത്ത് രൂപഭംഗിയോടെ വട്ടത്തിൽ കെട്ടിയെടുക്കുക എന്ന തെല്ലാം രസകരമായ നേരമ്പോക്കാണ്.

അരഞ്ഞാണം: അരയെ അണിയിക്കുന്നത്. കുഞ്ഞുങ്ങൾക്കും സ്ത്രീ കൾക്കും അരഞ്ഞാണം ആഭരണമാകുന്നത് പൗരസ്ത്യരുടെയിട യിലാണ്. ആ ഭംഗി അവർ അവരുടെ കിണറിനും നല്കാനാഗ്രഹി ക്കുന്നു. മനുഷ്യരെപ്പോലെ കിണറിനും അരഞ്ഞാണം എന്നതൊരു മനോഹര സങ്കല്പമാണ്. കാരണം, കിണർ വെറുമൊരു കുഴിയല്ല. തലകുത്തി നിൽക്കുന്ന ഒരു മരമാണ് ഓരോ കിണറും എന്നൊരു സങ്കല്പവുമുണ്ട്. കിണറിനടിയിലെ ഉറവകളും അവകൊണ്ട് നിറയുന്ന ജലശേഖരവും ഈ മരത്തിന്റെ ഉച്ചിപോലെയാണ്. അതിന്റെ വേരുകളോ എന്നാൽ ആകാ ശത്തിലാണ്. അങ്ങനെയെങ്കിൽ, അരഞ്ഞാണം വേണ്ട സ്ഥാനത്തു തന്നെ എന്ന് സങ്കല്പിക്കാൻ വിഷമമില്ല.

മനുഷ്യന്റെ ഉള്ള് അവന്റെ ശരീരത്തിലൂടെ പ്രതിഫലിക്കുന്നുണ്ട്. നീണ്ട കാലത്തെ നിരീക്ഷണങ്ങളിലൂടെ അത് വായിച്ചെടുക്കാൻ പഠിച്ചവരുണ്ട്. നല്ല വൈദ്യന്മാർ ഈ കഴിവുള്ളവരാണ്. ഉദാ: നഖങ്ങളിലെ വെളുത്ത കുത്തുകൾ ആരോഗ്യക്കുറവിന്റെ സൂചനയാണ്; കറുത്ത പുള്ളികൾ രക്തത്തിലെ വിഷാംശത്തിന്റെയും. അതുപോലെ, ഭൂമിയുടെ ആന്തരിക ഘടനയും ജലശേഷിയും മരങ്ങളെ നിരീക്ഷിച്ചു മനസിലാ ക്കാം. വഴിയച്ചൻ എന്നപരനാമമുണ്ടായിരുന്ന ഫാ. തോമസ് വിരുത്തിയിൽ ഈ വിഷയത്തിൽ ചിലതൊക്കെ കുറിച്ചിട്ടിട്ടുണ്ട്. അവയിൽ ചിലത് ഇങ്ങനെ: ഭൂമിക്കു തനതായ ഒരു പമ്പിംഗ് സിസ്റ്റമുണ്ട്. നിലത്തു വന്നുവീഴുന്ന വെള്ളം മലമുകളിലെത്തി ഉറവയായി വീണ്ടും താഴേയ് ക്കൊഴുകുന്നതും മരത്തിനു മുകളിലേയ്ക്ക് വെള്ളമെത്തുന്നതും ഇതു മൂലമാണ്. മറ്റ് വസ്തുക്കളിലെന്നപോലെ വള്ളത്തിന്റെ തന്മാത്രകളും നിത്യ ചലനത്തിലാണ്. ഈ ചലനത്തിൽനിന്നാണ് റേഡിയേഷൻ ഉണ്ടാകുന്നത്. കല്ലിലും മണ്ണിലും ഇത് സംഭവിക്കുന്നുണ്ട്. ഈ കമ്പ നോർജ്ജം വേരിലൂടെയും അന്തരീക്ഷത്തിലൂടെയും തടിയിലും ഇലകളിലുമെത്തുന്നു. Quantum principle തന്നെയാണ് ഇതിനു പിന്നിലും. ചെടിയുടെ മൂലലോമങ്ങളെ മണ്ണുമായി അതിനെ ബന്ധപ്പെടുത്തുന്ന ഫ്യൂസുകളായി കരുതാം. ഇപ്പറഞ്ഞ ഊർജ്ജപ്രസരണങ്ങൾ എല്ലാ ചെടിയിലും അതാതിന്റെ അടയാളങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഫാ. വിരുത്തിയിൽ പറയുന്നത്, ഭൂമി മരങ്ങളിൽ photonic spray നടത്തുന്നുണ്ട് എന്നാണ്. തടിയിൽ കാണുന്ന വെളുത്ത പൂപ്പലുകൾ അടിയിലുള്ള ജലത്തിന്റെ അളവും താഴ്ചയും തിട്ടപ്പെടുത്താൻ സഹായകരമാ

ണെന്നാണ്. പത്തടി മുകളിൽ കാണുന്ന പൂപ്പലിനർത്ഥം പ്രതലത്തിൽ നിന്ന് പത്തടി താഴെ ശുദ്ധജലമുണ്ടെന്നാണ്. അതുപോലെ, അടിയിലുള്ള പാറയുടെയും കല്ലിന്റെയും മണ്ണിന്റെയും ഘടനയും നിറങ്ങളും തടിയിൽ കാണുന്ന ഫംഗസിൽ നിന്ന് തിട്ടപ്പെടുത്താമത്രേ. അതുപോലെ, ഇലകളുടെ നിറവും താഴേയ്ക്കുള്ള ചായ്‌വുമൊക്കെ അടിയിലെ വെള്ളത്തിന്റെ തോതനുസരിച്ച് വ്യത്യസ്തമായിരിക്കും. ഒരു മരത്തിന്റെ, വെള്ളം കൂടുതലുള്ള മണ്ണിന്റെ വശത്തെ ഇലകൾക്ക് വിസ്താരം കൂടുതലും ഏറിയ പച്ചപ്പും കാണാം. അവ മറ്റവയെക്കാൾ താഴേയ്ക്ക് ചാഞ്ഞിരിക്കുകയും ചെയ്യും. നിസ്സാരമെന്നു നാം കരുതുന്ന വസ്തുക്കൾ തമ്മിലും ഊർജ്ജ മാറ്റത്തിലൂടെ പരസ്പരം സ്വാധീനിക്കുന്നു എന്നർത്ഥം. നാമുൾപ്പെടെ എല്ലാം ചുറ്റുമുള്ള പ്രകമ്പനോർജ്ജത്തിൽ കുളിച്ചാണ് നിൽക്കുന്നത്. വലിയ മരങ്ങൾ വലിയ ഊർജ്ജസംഭരണികളാണ്. മരങ്ങളോടുള്ള അടുപ്പംപോലും നമ്മിലെ ഊർജ്ജത്തെ ധനാത്മകമായി നിയന്ത്രിക്കുന്നുണ്ട്.

കേരളത്തിൽ എല്ലായിടത്തും ഉള്ളതോ എന്നറിയില്ല, ഏതായാലും ഇവിടങ്ങളിൽ (മീനച്ചിൽ താലൂക്ക്) ഒരു കിണർ കുഴിക്കാൻ തുടങ്ങുമ്പോൾ മുതൽ ഒരു മുഴുവൻതേങ്ങാ പണിക്കാരോടൊപ്പം താഴേയ്ക്ക് കൊണ്ടുപോകും. ഭിത്തിയിലെ വിടവിലെവിടെയെങ്കിലും അത് സൂക്ഷിച്ചുവയ്ക്കും. ഉറവ കണ്ടാൽ അതാഘോഷിക്കുന്നത് പുതിയ വെള്ളത്തോടൊപ്പം ഈ തേങ്ങായുടെ പാലും ചേർത്ത് പായസം വച്ചാണ്. തെങ്ങ്, തേങ്ങാ എന്ന അദ്ഭുതങ്ങളോടും ഭൂമിയോടുമുള്ള ആദരവിനെയാണ് ഇത് കാണിക്കുന്നത്. തലകുത്തിനിന്ന് വളരുന്ന ഒരു ഒറ്റത്തടിവൃക്ഷമായി കിണറിനെ കാണുന്ന സുന്ദരഭാവനയെപ്പറ്റി നേരത്തേ സൂചിപ്പിച്ചല്ലോ. ഓരോ കിണറ്റുവക്കത്തുനിന്നും താഴേയ്ക്ക് നോക്കുമ്പോഴും മനസ്സ് ആകാശത്തിലേയ്ക്ക് ഉയരണം, ഭൂമിയുടെ മഹിമാവിലേയ്ക്കും. നിങ്ങൾ ഒരു കിണർ കുഴിക്കുമ്പോൾ, അത് നിങ്ങളിലേയ്ക്കും കുഴിഞ്ഞിറങ്ങട്ടെ.

**ജലേ ജലേ, സ്വസ്ത്യസ്തു!**

കൺതുറക്കും മുതൽ മുമ്പിലെത്തുന്നവ
കാണുന്നതില്ല നാം യഥാതഥ.
പതഞ്ഞു ചീറ്റി പരിമൃദുലമായ്
പതിക്കുന്നു ദേഹത്തു ജലധാരകൾ
കുളിപ്പിക്കുന്നു, ദാഹം ശമിപ്പിക്കുന്നു
കുളിർപ്പിച്ചൂർജ്ജമുണർത്തീടുന്നു.
മാറിമാറിവരും ഋതുമലർവാടിയി-
ലൂറിയരിച്ചുമുയിരെടുത്തും

മണ്ണിൻ സിരകളിലൂടെ വീണ്ടു-
മന്തര സാധനാചൈതന്യമായ്
വായുവാൽ തള്ളി മേല്പോട്ടുയർന്നും
തീയിന്റെ ചൂടാൽ സംശുദ്ധമായും
എന്നെത്തലോടിത്തലോടിയിതാ
പഞ്ചഭൂതമായിട്ടൊഴുകുന്നവൾ!

പൃഥ്വിയാകാശം വായുവഗ്നി
ജലവുമായ്ക്കൂട്ടക്കളിയിലവർ
ആരറിയുന്നെത്ര ചോദനകൾ
വാരിച്ചൊരിയുന്നു ജീവോർജ്ജങ്ങൾ!

ഐതരേയോപനിഷത്ത് ജലത്തെ ആദിരൂപസങ്കല്പമായി വാഴ്ത്തുന്നുണ്ട്. *സൗന്ദര്യം അനുഭവം അനുഭൂതി* എന്ന കൃതിയിൽ ഇങ്ങനെയൊരു വിശദീകരണം എഴുതിയിരിക്കുന്നു, നിത്യചൈതന്യയതി:

*"മുകളിൽ ആദിരൂപമായി അംഭസ് (ജലം ചൂടുകൊണ്ട് ആവിയായി മുകളിൽ നില്ക്കുന്നു.) താഴെ മരീചി (ജലത്തിൽ സൂര്യപ്രകാശം തട്ടിയുണ്ടാകുന്ന ക്ഷണികമായ നിറഭംഗി.) അതിനു താഴെ സ്ഥൂല സ്വഭാവമുള്ള മരം. നാലാമതായി നാശത്തെ സൂചിപ്പിക്കാൻ മരണം. മരണത്തെ വീണ്ടും ജലത്തിലാണ് നിക്ഷേപിച്ചിരിക്കുന്നത്."* (പുറം 101–102) അങ്ങനെ തുടക്കവും ഒടുക്കവും ജലത്തിലാണ്. ഈ ഊന്നൽ അത്ഭുതകരംതന്നെ.

വസ്തുവും ചൈതന്യവും ഭിന്നങ്ങളല്ല, ഭാവാന്തരങ്ങളാണ്; സത്യവും ധർമ്മവും സൗന്ദര്യവും ജഗദ്സാരത്തിന്റെ പര്യായങ്ങളും. വസ്തുവിൽ നിലീനമായിരിക്കുന്ന ജീവചൈതന്യത്തെക്കുറിച്ച് മനസ്സുണരുന്ന നിമിഷമാണ് കവിതയുടെ ഉറവിടം.

*ജീവോ സ്യൈമവ പരഃ* (ശ്രീശങ്കരൻ)

❑

# 12

# ദൈവത്തിന്റെ പ്രതിഛായ

*സ്വന്തം പ്രതിഛായയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.* (ഉൽപത്തി: 1, 27–28)

എന്താണ് ഈ വാക്യംകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെന്ന് *'മന:ശാസ്ത്രം ജീവിതത്തിൽ'* എന്ന ഗ്രന്ഥത്തിൽ (അദ്ധ്യായം 4) നിത്യചൈതന്യ യതി വ്യക്തമാക്കുന്നുണ്ട്.

ഭാരതീയചിന്തയാണ് ഇവിടെ നമുക്കു വഴികാട്ടിയാകുന്നത്. അതിൽ സൃഷ്ടിയെന്നത് ആദ്യസത്തയുടെ ഏകാകിതക്കുള്ള പരിഹാരമായിട്ടാണ് വീക്ഷിക്കപ്പെടുന്നത്. തനിച്ചായിരുന്നതിൽ അസന്തുഷ്ടനായിരുന്ന പ്രജാപതി സ്വയം സ്ത്രീയും പുരുഷനുമായിത്തീർന്ന്, പരസ്പരാലിംഗനം ചെയ്ത് സന്തതികളെ ഉല്പാദിപ്പിച്ചു. ബൈബിളിലെ വാക്യത്തിലും ലൈംഗികത പരാമർശിക്കപ്പെട്ടിരിക്കുന്നത് ഇപ്പോൾ പറഞ്ഞതുപോലെ, ദൈവികശക്തിയുമായി നേരിട്ടുബന്ധപ്പെടുത്തിയാണെങ്കിലും ക്രിസ്തുമതചിന്തകർക്ക് അതിലെ ലാളിത്യം രുചിച്ചില്ല. രുചിക്കുറവിനേക്കാൾ, ലൈംഗികതയോടുള്ള ഭയംകൊണ്ടായിരിക്കണം, ആദ്യ ദമ്പതികളായ ആണിന്റെയും പെണ്ണിന്റെയും ബുദ്ധിശക്തിയെയാണ് *സ്വന്തം സാദൃശ്യം* കൊണ്ട് പരമാമർശിക്കുന്നത് എന്ന് ലഘൂകരിച്ച്, ആ ഭാഗം അവർ "അപകടരഹിത"മാക്കി! സത്യത്തിൽ, ആ വാക്യത്തിന് ഒരർത്ഥമേയുള്ളു: എല്ലാ ജീവനും മൗലികസത്തയുടെ രതിശക്തിയിൽ നിന്നുള്ള ബഹിർസ്ഫുരണങ്ങളാണ്; ശൃംഗാരമാണ് ജീവരാശികളുടെ ഉറവിടത്തിനു പ്രേരണ. സ്ത്രീപുരുഷാംശങ്ങൾ ദൈവതയുടെ അന്തരാർത്ഥത്തിൽപ്പെടുന്നു. ഒരേ ആശയം അടുത്തടുത്തുള്ള രണ്ട് പാദങ്ങളിൽ വ്യത്യസ്തമായി വെളിപ്പെടുത്തുക ബൈബിളിലെ ഒരു ഭാഷാശൈലിയാണ്.

അങ്ങനെ നോക്കുമ്പോൾ, സ്വന്തം *പ്രതിഛായയിൽ* എന്നതിന്റെ വിശദീകരണമാണ് *ആണും പെണ്ണും* എന്നത്.

ഒരു സങ്കല്പകഥയിൽ സി. രാധാകൃഷ്ണൻ എന്ന പയ്യൻ മുത്തച്ഛനോട് ചോദിക്കുന്നു: *മനുഷ്യർക്കിടയിൽ ആണും പെണ്ണും ഉള്ളതുകൊണ്ട് ദൈവത്തിനു ദേവനായും ദേവിയായും രൂപം സങ്കല്പിക്കുന്നതാണോ?* ജ്ഞാനിയായ മുത്തച്ഛൻ വ്യക്തമായ ഉത്തരം നൽകി: *അല്ല, മറിച്ച്, ദേവനും ദേവിയും യഥാർത്ഥത്തിൽ ഉള്ളതുകൊണ്ടാണ് ജീവികളിൽ ആണും പെണ്ണും ഉള്ളത്.*

ഈ ചിന്തയുടെ തുടർച്ചയായി എല്ലാ രസങ്ങളുടെയും അടിസ്ഥാനത്തിൽ രതിയെയും അതിൽ ദ്വന്ദ്വാത്മകത്വത്തെയും അംഗീകരിക്കേണ്ടിയിരിക്കുന്നു. ദ്വന്ദ്വങ്ങൾ അന്യോന്യവിരോധികളും അതേ സമയം പരസ്പരപൂരകങ്ങളുമാണ്. ആത്യന്തികമായി എല്ലാവരും സ്വന്തം പ്രതിഛായയിൽ അനുരക്തരാകുന്നു. സ്നേഹമെന്നാൽ ദർപ്പണദൃശ്യത്തിലേയ്ക്കുള്ള ആകർഷണമാണ്. എനിക്കു സ്നേഹമുദിക്കുന്നത് എന്റെ പ്രതിഛായയെ കണ്ടെത്താനാകുന്നിടത്താണ്.

ദർപ്പം = സന്തോഷം; ദർപ്പണം = സന്തോഷിപ്പിക്കുന്നത്. രതിയുടെ എല്ലാ രൂപങ്ങളിലും നാം കണ്ടെത്തുന്നതും സ്നേഹിക്കുന്നതും നമ്മെത്തന്നെയാണ്. നമ്മെത്തന്നെ ഏറ്റവും കൂടുതലായി പ്രതിബിംബിപ്പിക്കുവാനാകുന്നത് ആരിലാണോ, എന്തിലാണോ, അവിടെയായിരിക്കും നമ്മുടെ രതിയുടെ ഏറ്റവും ശക്തിയേറിയ മേൽവിലാസം. തീർത്തും നിസ്വാർത്ഥമായ സ്നേഹം എന്നൊന്നില്ല. കാരണം, സ്വസത്തയെ മാറ്റിവച്ചിട്ട് സ്നേഹിക്കാനാവില്ല. അപ്പോൾ സൃഷ്ടിതന്നെ ദൈവത്തിന്റെ സ്വയം സ്നേഹിക്കലാണ്. സ്രഷ്ടാവ് ചെയ്യുന്നതുതന്നെ സൃഷ്ടിയും അനുകരിക്കുന്നു. ഈ അർത്ഥത്തിലാണ് മനുഷ്യൻ ദൈവത്തിന്റെ പ്രതിഛായയാണെന്നു മനസ്സിലാക്കേണ്ടത്.

## മധുരമാകുന്ന രതി

ഒരു തുള്ളിയിൽ നിന്നു തുടങ്ങുന്നതാണല്ലോ നീർച്ചാലും അരുവിയും ആറും ആഴിയുമെല്ലാം. ഒരു സ്നേഹസാഗരത്തിന്റെ ആരംഭം ഒരാദ്യകടാക്ഷത്തിലാകാം - കണ്ണിന്റെ കോണിൽ നിന്നോ മനസ്സിന്റെ മൂലയിൽ നിന്നോ. അതു വളർന്നു പെരുകി എല്ലാറ്റിനെയും കടപുഴക്കി വഹിച്ചുകൊണ്ടുപോകുന്ന അനുരാഗത്തിന്റെ ഒഴുക്കായിത്തീരാം.

രതിയെന്ന ഊർജ്ജം ഇതിലെല്ലാം പ്രവർത്തിക്കുന്നു; എല്ലാറ്റിലും മധുരം കലർത്തുന്നു: കാണുന്നതിലും കേൾക്കുന്നതിലും സ്പർശിക്കുന്നതിലും ആനന്ദമുണ്ടാക്കുന്നു. രതി പോയാൽ അരതിയായി. വിരക്തിയായി, വെറുപ്പായി. മരണത്തെവരെ വിളിച്ചുവരുത്താൻ അരതിക്കാവും.

എന്നാൽ രതി സ്നേഹമായി വ്യാപിച്ചിരിക്കുന്നിടത്ത് എല്ലാം മധുവാണ്. ഈ മധു നുകർന്ന് മത്തുപിടിച്ച് രതിയുടെ പെരുവെള്ളപ്പാച്ചിലിൽ കടപുഴുകി ഒഴുകുക എന്നതുതന്നെയാണ് അതിലെ മധുരം. ജീവസ്പന്ദനവും സ്ത്രൈണതയും സമാനമാണ്. ജീവസ്പന്ദനത്തിലേയ്ക്ക് പുരുഷൻ ആകർഷിക്കപ്പെടുന്നു - ശുദ്ധമായ രാഗം. രാഗത്തിൽനിന്ന് അനുരാഗമുണ്ടാകുന്നു.

**അമൃതത**

ദൈവത്തിന്റെ പ്രതിഛായയുടെ ഭാഗമാണ് അമൃതതയും. *തത്ത്വമസി* എന്ന പ്രഖ്യാതകൃതിയിൽ ഉപനിഷത്തിന്റെ സന്ദേശം എന്ന അദ്ധ്യായം അതിമനോഹരം തന്നെ. മരണം അമർത്യതയുടെ വിശദീകരണമാണെന്ന് ശ്രീ സുകുമാർ അഴീക്കോട് അതിൽ പറഞ്ഞിരിക്കുന്നു. ഒരസ്സാധാരണ യുക്തിയാണിത്. *അന്ന് അസ്സത്തുണ്ടായിരുന്നില്ല; സത്തുമുണ്ടായിരുന്നില്ല. അപ്പോൾ മൃത്യുവില്ല; അമൃതവുമില്ല.* ഇന്ദ്രിയാനുഭവത്തിൽ പരസ്പരവിരുദ്ധമായി പ്രത്യക്ഷത്തിൽ തോന്നിപ്പിക്കുന്ന ആശയങ്ങൾ ആത്മാനുഭൂതിയുടെ വെളിച്ചം തട്ടുമ്പോൾ ഋജുവും സ്പഷ്ടവുമാകുന്നു എന്നാണദ്ദേഹത്തിന്റെ വിശദീകരണം.

ഇടവിടാതെ വെളിച്ചം നിലനിൽക്കുന്നിടത്ത് വെളിച്ചത്തെ വെളിച്ചമായി നാമറിയുകയെങ്ങനെ? തമസിന്റെ അനുഭവത്തിൽ നിന്നാണ് വെളിച്ചത്തെപ്പറ്റി ബോധമുണരുന്നതും അതിനായി ദാഹം തോന്നുന്നതും. ഇരുട്ടോ നിഴലോ മറയോ ഇല്ലാതെ ജനനം മുതൽ പ്രകാശത്തെയനുഭവിക്കുന്നയാൾ വെളിച്ചത്തെ തിരിച്ചറിയുന്നില്ല. ഇല്ലായ്മയാണ് ഉണ്മയുടെ പ്രഭാവത്തെ വെളിപ്പെടുത്തുക. അതുപോലെതന്നെ മരണത്തിന്റെ അനുഭവമാണ് അമൃതത്തിനായി കൊതിയുണർത്തുന്നത്. സൃഷ്ടിയുടെ തന്നെ വിശദീകരണവും ഈ യുക്തിയിലുണ്ട്. എന്തെന്നാൽ, നിത്യമൗനഘനമായ ബോധത്തിന്റ ഉണരലാണ് വൈവിദ്ധ്യസമൃദ്ധമായ പ്രപഞ്ചാവിഷ്കാരം. *നിത്യത ചലിക്കുമ്പോൾ കാലമുണ്ടാകുന്നു* എന്ന് പ്ലേറ്റോ പറഞ്ഞു. എല്ലാം ചലനരഹിതമായിരിക്കുകയും കാലമില്ലാതിരിക്കയുമായിരുന്നപ്പോൾ ഏകമായിരുന്ന സത്ത ഇരുട്ടിലൂടെ ചലിച്ച് വിശ്വമായിത്തീർന്നുവെന്ന് ഉപനിഷത്തും. ഈ പ്രഘോഷത്തെ ഭാഷ തുടുത്തുപോകുന്ന പ്രയോഗങ്ങൾ എന്ന് മാക്സ് മ്യുള്ളർ വിശേഷിപ്പിച്ചിരിക്കുന്നത് എത്ര ശരിയും ഭംഗിയുമാണ്.

'നേതി, നേതി' എന്നുരുവിടാനാകുന്നവർക്കു മാത്രമേ 'അസ്തി, അസ്തി' എന്ന മഹിമാവിലേയ്ക്ക് ഉണരാനാകൂ. മരണത്തെ രുചിക്കേണ്ടി വരുന്ന ഓരോ അനുഭവവും ഓരോ നേതിയാണ്. അതിനപ്പുറത്തു കടന്നാൽ, അവിടെ അസ്തിയെ കെട്ടിപ്പുണരാം. അതാണ് ജീവിത രഹസ്യം. അമൃതം നുകരാൻ മരണം നുകരാതെ തരമില്ല.

❑

# 13

# ഇരട്ടിമധുരം

എന്റെ വല്യമ്മയ്ക്കുവേണ്ടി ഇടയ്ക്കിടയ്ക്ക് എണ്ണകാച്ചുന്നത് കുട്ടിക്കാലത്തെ ഓർമ്മകളിലൊന്നാണ്. പലതരം പച്ച-അങ്ങാടി മരുന്നുകൾ പലയിടത്തുനിന്നും വന്നെത്തും. അതിലൊന്ന്, ഒരു തരം വേരാണെന്നാണറിവ്, അല്പം മുറിച്ചു തന്നിട്ട് വല്യമ്മ പറയും, നന്നായി ചവച്ചരച്ചുകൊണ്ട് അതിന്റെ രുചിയറിയാൻ. ഹായ്! ചവയ്ക്കുന്തോറും, രുചി കൂടും. മധുരംതന്നെ, പക്ഷേ, ഒരു പ്രത്യേക തരം. ഇരട്ടിമധുരമെന്നായിരുന്നു അതിന്റെ പേര്. ഇന്നും ജീവിതത്തിൽ പലതുമെനിക്ക് ഇരട്ടിമധുരം പോലെയാണ്. ചവച്ചിറക്കുന്തോറും മധുരം കൂടുന്ന ചില അനുഭവങ്ങൾ. എന്തുകൊണ്ടാണിത്?

അർത്ഥങ്ങളെ സൃഷ്ടിക്കുക എന്നതാണ് മനസ്സിന്റെ നിരന്തര ജോലി. ഓരോരോ ഇന്ദ്രിയത്തിന്റെ അറിവും ഉടനടി ഒരർത്ഥത്തെ ഉണ്ടാക്കണമെന്നില്ല. അല്പം കഴിഞ്ഞ് തിരിച്ചുവന്നാൽ ഒരുപക്ഷേ, വിപരീതാർത്ഥം തന്നെ കണ്ടെത്തിയെന്നും വരാം. തിരിച്ചുവരാനുള്ള ഈ ശീലം വളർത്തിയെടുക്കുക എന്നതാണ് പ്രധാനം. ചില പുസ്തകങ്ങൾ ഇങ്ങനെയാണ്. ഓരോ തവണ വായിക്കുമ്പോളും പുതിയ അർത്ഥങ്ങളുരുത്തിരിഞ്ഞു വരുന്ന വാക്യങ്ങൾ അവയിൽ കണ്ടെത്തിയെന്നിരിക്കും. അത്തരം ചിലവ ഇവിടെ കുറിക്കട്ടെ:

നിത്യചൈതന്യയതി: *ഒരാരാമത്തിലേയ്ക്ക് പുതുതായി പറിച്ചുനടുന്ന ഇളംചെടിപോലെയാണ് ഒരു സ്ത്രീ ഭാര്യയാകുന്നത്. അവളിൽ തളിരിലകളെയും പൂമൊട്ടുകളെയും വിരിയിക്കാൻ കഴിയുക എന്നതാണ് ഭർത്താവിനുണ്ടായിരിക്കേണ്ട കലാവൈഭവം. ആ കലയറിയാത്തവർ*

*തന്റെ പൂന്തോട്ടത്തിൽ പൂവില്ലെന്നു പറഞ്ഞിട്ട് കാര്യമില്ല.* ഇതോർത്താണ് ഓരോ പിണക്കവും ഞാനതിജീവിക്കുക.

ലെവിനാസ്: *എത്ര സൗന്ദര്യമുണ്ടെന്നു പറഞ്ഞാലും, ജീവിതത്തെപ്പറ്റി ഒരൽപമെങ്കിലും സാർവ്വലൗകികബോധമില്ലെങ്കിൽ, ഒരു സ്ത്രീ ബഹുമാനിതയാവുന്നില്ല, ഭർത്താവിന്റെ മുമ്പിൽ പോലും .*

*ജീവിതകാലം മുഴുവൻ പഠിക്കാനുള്ളതല്ല. പഠിച്ചത് ജീവിക്കുമ്പോഴാണ് ജീവിതം സഫലമാകുന്നത്.*

*ഞാനടുത്തു നിൽക്കേ, 'എനിക്കാരുമില്ല' എന്നൊരാൾ പറയുന്നെങ്കിൽ, ഞാൻ പരത്തുന്നത് പ്രകാശമല്ല, ഇരുട്ടാണ്.*

ബാലാമണിയമ്മ: *ഏറ്റവും നല്ല കവിത എഴുതപ്പെട്ടതല്ല, ജീവിക്കപ്പെട്ടതാണ്.* ഓരോ പുതിയ കവിതാസമാഹാരം കൈയിലെത്തുമ്പോഴും ഇതാണ് ഞാനോർക്കാറ്. ഈ രചയിതാവ് കവിത ജീവിക്കുകയും അല്പം കൂടി ഭാഷ പഠിക്കുകയും ചെയ്തിരുന്നെങ്കിൽ എന്നാശിക്കുകയും ചെയ്തിട്ടുണ്ട്.

അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ച് ഒരു വിചാരവും സാധ്യമല്ല. എത്ര പുസ്തകം വായിച്ചാലും പ്രഭാഷണങ്ങൾ കേട്ടാലും, ധ്യാനത്തിൽ പങ്കെടുത്താലും, ആത്മാവിനുപകരിക്കുന്ന അറിവുണ്ടാകണമെങ്കിൽ, അത് ഉള്ളിൽനിന്നുതന്നെ വരണം. ജീവൻ അനശ്വരമാണെന്നും, അത് എല്ലാറ്റിലും ഒന്നാണെന്നും, അതറിയുകയാണ് ദൈവികത അല്ലെങ്കിൽ ഈശ്വരസ്പർശം എന്നുമൊക്കെ ഓരോരുത്തരും തനിയെ കണ്ടെത്തേണ്ട സത്യങ്ങളാണ്. ദൈവം അതാ മുകളിലുണ്ട്, എല്ലാം കാണുന്നുണ്ട്, ദൈവത്തെ ഭയക്കണം, സ്നേഹിക്കണം എന്നൊക്കെ എത്ര തവണ നാം കേട്ടിട്ടുണ്ട്. ജീവിതത്തെപ്പറ്റി ഏതോ ഒരനിശ്ചിതത്വവും ഭയവും സൃഷ്ടിക്കാനല്ലാതെ എന്തെങ്കിലും സ്ഥായിയായ മാറ്റം അതുകൊണ്ട് ജീവിതത്തിൽ വന്നിട്ടുണ്ടോ? സത്യസന്ധമായി സ്വയം നിരീക്ഷിച്ചിട്ടു പറയുക, ഉണ്ടോ? എന്നാൽ നേരേ മറിച്ച്, കാണുന്നതിലെല്ലാം നമ്മോടു പ്രതികരിക്കുന്ന എന്തോ ഉണ്ട്, അതു നമ്മെ സന്തോഷിപ്പിക്കുന്നതിനുള്ളതാണ്; നമുക്ക് സൗന്ദര്യമായി പ്രത്യക്ഷപ്പെടുന്നതെന്തോ, ആനന്ദം തരുന്നതെന്തോ, അതു തന്നെയാണ് ദൈവപ്രഭാവത്തിന്റെ മിന്നലാട്ടങ്ങൾ എന്ന് സ്വയം ചിന്തിച്ചും അനുഭവിച്ചും തുടങ്ങുമ്പോൾ ജീവിതത്തിൽ പച്ചപ്പുണ്ടാകുന്നു. അപ്പോൾ ദൈവമൊരു നിത്യസാന്നിദ്ധ്യമായിത്തീരുന്നു. പള്ളികളിലും പ്രാർത്ഥനക്കൂട്ടങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും വിശ്വാസികൾ മുട്ടിവിളിക്കുമ്പോൾ മാത്രം ചെവികൊടുക്കുന്ന ഒരു പുരുഷസത്തയായിട്ടല്ല, മറിച്ച്, ഓരോ നിമിഷവും നമ്മോടിടപെടുന്ന, അല്ലെങ്കിൽ നാമിടപെടുന്ന കൊച്ചു കാര്യങ്ങളിലാണ് ദൈവം തന്റെ സ്നേഹസാന്നി

ദ്ധ്യമറിയിക്കുന്നത് എന്ന് മനസ്സിലാക്കുമ്പോൾ, സംഗതിയാകെ മാറുന്നു. പിന്നെ എവിടെയും വെളിച്ചമാണ് കാണാനാവുക. അതോടെ, സ്വർഗവും നരകവും നമ്മെ അലട്ടുന്ന വിഷയങ്ങളേ അല്ലാതാകും.

ഇവിടെയൊരു വലിയ യുക്തി ഒളിഞ്ഞിരിപ്പുണ്ട്. പ്രകൃതിയിൽ നിന്ന് വ്യത്യസ്തമായ വ്യക്തിപ്രഭാവത്തോടെ മാറി നിൽക്കുന്ന ഒരു സത്ത യാണ് ദൈവമെങ്കിൽ, എല്ലാ സൃഷ്ടിയും അതോടെ അർത്ഥശൂന്യമാണ്. കാരണം, ദൈവത്തിൽ നിന്ന് വേറിട്ടുള്ളതിനൊക്കെ അസ്തിത്വം കിട്ടുന്നത് എവിടെനിന്ന്, അത്തരം അസ്തിത്വങ്ങൾ എന്തിനുവേണ്ടി, എന്നും മറ്റുമുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടിവരും. അതൊരിക്കലും മനുഷ്യബുദ്ധിയിൽ ഒതുങ്ങുന്ന സംഗതിയേ അല്ല. അദ്വൈതമെന്ന വേദാന്തപാഠത്തിന്റെ പൊരുൾ അതാണ്. ഇതുവരെയുള്ള ഒരു മതത്തിന്റെയും ദൈവശാസ്ത്രം അത്രകണ്ട് വളർന്നിട്ടില്ല. അന്ധമായ വിശ്വാസവും അതിന്റെ സാന്ത്വനങ്ങളും തികച്ചും മറ്റൊന്നാണ്. അത് മതിയാകുന്നവരെ ശല്യപ്പെടുത്തേണ്ടതുമില്ല.

പക്ഷേ, ഉറച്ചുപോയ വിശ്വാസങ്ങൾ വരുത്തിവയ്ക്കുന്ന വിനാശങ്ങൾ അനല്പമാണ്. പരാശക്തി ഇങ്ങനെയാണ്, അങ്ങനെയാണ്, ആ മൂർത്തി അവിടെയുണ്ട്, ഈ മൂർത്തി ഇവിടെയുണ്ട് എന്നൊക്കെയുള്ള ഒരേ പല്ലവി ചെറുപ്പംമുതൽ കേട്ടുകേട്ട്, ദൈവത്തെ മറ്റെവിടെയെങ്കിലും തെരയാൻ ആരും ധൈര്യപ്പെടുന്നില്ല. എല്ലാ മൂല്യച്യുതികൾക്കും കാരണം അതു തന്നെയാണ്. നീ പാപിയാണ്, നമ്മളൊക്കെ പാപികളാണ്, എന്നുമാത്രം ഏതുനേരവും കേൾക്കുന്നവർ, മടുത്തുപോകും. അത്തരം ചിന്തകൾ ഏകാകിതയെ സൃഷ്ടിക്കും. അപ്പോൾ മനുഷ്യർ കുടിച്ചു ബോധംകെട്ട് നടക്കാൻ നോക്കും. കടുത്ത ഭക്തിജ്വരം ബാധിച്ചവർ പള്ളികളിലും ധ്യാന ക്കൂട്ടങ്ങളിലും മറ്റും അലറിക്കൊണ്ട് നടത്തുന്ന വാചകക്കസർത്തുകൾ കേട്ടിട്ട് ഇന്നൊരാൾക്ക് വട്ടുപിടിക്കുന്നില്ലെങ്കിൽ, അതിനർത്ഥം, അയാൾക്ക് പണ്ടേ വട്ടായിട്ടുണ്ട് എന്നുതന്നെ. ആരുടേയും സുബോധം നശിപ്പിക്കാനുള്ളതെല്ലാം ഇന്ന് പ്രാർത്ഥനാലയങ്ങളെന്നു പറയപ്പെടുന്നിടത്തൊക്കെ കരുതിവച്ചിട്ടുണ്ട്. പാപം, ബലി, പുക, തിരി, കൂദാശകൾ, നേർച്ചകൾ എന്നിവയിലൊക്കെ ഊന്നിയൂന്നി മനുഷ്യരുടെ സ്വൈരം കെടുത്തുന്നവർ ഒരിക്കലെങ്കിലും വിശ്വാസികളെ ക്ഷണിക്കുന്നത് കണ്ടിട്ടുണ്ടോ, പ്രകൃതിയിലെവിടെയും എല്ലായിടത്തുമുള്ള ദൈവസാന്നിദ്ധ്യം കണ്ടെത്തുവാൻ? ജീവന്റെ എല്ലാ ഭാവങ്ങളിലും ഈശ്വരനെ കണ്ടെത്താൻ? അകത്തും പുറത്തും ഐശ്വര്യസ്പർശം അനുഭവിക്കാൻ? ജീവസന്ധാരണത്തിനാവശ്യമായതിൽ കവിഞ്ഞതിനായി പ്രകൃതി യെയും അന്യനെയും ദ്രോഹിക്കുന്നതാണ് പാപമെന്നു മനസ്സിലാക്കാൻ?

സഹജമായ മൗലികപ്രകൃതിയെ മാറ്റാൻ എങ്ങനെ സാധിക്കുമെന്ന് പഠിക്കാത്തിടത്തോളം, സദ്‌വൃത്തനായി ജീവിക്കേണ്ടത് എങ്ങനെയെന്നും മറ്റുമുള്ള പ്രസംഗങ്ങൾകൊണ്ട് പ്രയോജനമൊന്നുമില്ല. ധർമപദത്തിലും വേദപുസ്തകങ്ങളിലും എഴുതിയിരിക്കുന്നവ ദൈവവാക്യമെന്നു പുകഴ്ത്തി ഏവരും വായിക്കുന്നുണ്ട്, പഠിപ്പിക്കുന്നുണ്ട്. പക്ഷേ, മനുഷ്യൻ പണ്ടു നിന്നിടത്തുതന്നെ ഇപ്പോഴും നിൽക്കുന്നു. എന്തായിരിക്കാം ഇതിനു കാരണം?

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസമെന്തെന്ന് ചോദിച്ച ശിഷ്യനോട് ഒരു സെൻഗുരു പറഞ്ഞ കഥയുണ്ട്. പല തുരംഗങ്ങളുള്ള ഒരു പെട്ടിയിലേയ്ക്ക് ഒരെലിയെ വിട്ടു. നാലാമത്തെ തുരംഗത്തിൽ ഒരു കഷണം പാൽക്കട്ടി വച്ചിരുന്നത് എലി കണ്ടുപിടിച്ചു. പിറ്റേ ദിവസവും എലിയെ അതിലിറക്കിവിട്ടു. ഒട്ടും സംശയിക്കാതെ അതു നേരിട്ട് നാലാം തുരംഗത്തിലെത്തി, പാൽക്കട്ടി പ്രതീക്ഷിച്ച്. പക്ഷേ, ഇത്തവണ അതു വച്ചിരുന്നത് രണ്ടാം തുരംഗത്തിലായിരുന്നു. പലതവണ നാലാം തുരംഗം പരിശോധിച്ചിട്ടും പാൽക്കട്ടി കാണാഞ്ഞതിനാൽ, എലി മറ്റുള്ളവയിൽ കയറിയിറങ്ങി. പാൽക്കട്ടി കണ്ടെത്തുകയും ചെയ്തു. തുടർന്ന് ഗുരു പറഞ്ഞതാണ് ശ്രദ്ധിക്കേണ്ടത്. എന്നാൽ, എലിക്കു പകരം ഒരു മനുഷ്യനെ അതേ സാഹചര്യത്തിൽ സങ്കല്പ്പിക്കുക. നാലാം തുരംഗം വിട്ട് മറ്റൊരിടത്തും അവൻ തെരയുകയില്ല, മരണം വരെ! ദൈവം ഇന്ന മതത്തിലാണെന്നോ, ഇന്ന പള്ളിയിലോ ഇന്നയമ്പലത്തിലോ ആണെന്നോ ഒരിക്കൽ തോന്നിയാൽ, മരിക്കുംവരെ അതുതന്നെ വിശ്വസിക്കും. അതും ഒരിക്കലെങ്കിലും ദൈവത്തെ അവിടെ കണ്ടുമുട്ടിയശേഷമല്ല, അവിടെയുണ്ടെന്ന് മറ്റാരോ പറഞ്ഞതിന്റെ ബലത്തിൽ! അതുപോലെ, ദൈവവചനം വായിപ്പിക്കാനും മന:പാഠമാക്കാനും എന്തെല്ലാം പരിപാടികൾ ഈയിടെയായി ആസൂത്രണം ചെയ്യപ്പെടുന്നു! എന്നാൽ ഈ കൃതികളുടെ രചനപ്രക്രിയകളെക്കുറിച്ചോ വിശ്വാസ്യതയെക്കുറിച്ചോ വേണ്ട ഗവേഷണങ്ങൾ ഇവർ നടത്തിയിട്ടുണ്ടോ? ഉണ്ടായിരുന്നെങ്കിൽ, ഇപ്പറഞ്ഞതിൽ അധികവും വ്യർഥവ്യായാമങ്ങളാണെന്ന് ബോദ്ധ്യം വരുമായിരുന്നു.

നമ്മോടു രക്ഷ പ്രസംഗിക്കുന്നവർ അതിനുമുമ്പ്, നാം അപകടത്തിലാണെന്നു പറഞ്ഞ് ഫലിപ്പിക്കണം. എന്തപകടം? ജൈവസമ്പന്നതയുടെയും ആത്മസൗന്ദര്യത്തിന്റെയും മദ്ധ്യത്തിലേക്കാണ് മനുഷ്യനെ ദൈവം ഇറക്കിവിട്ടിരിക്കുന്നത്. ദൈവമാണ് നമുക്കുള്ളിലും ചുറ്റുമെങ്കിൽ, പിന്നെയെന്തിൽ നിന്നാണ് ഒരാൾ രക്ഷതേടേണ്ടത്? ജീവന്റെ കണികകൾ തമ്മിൽ എവിടെയും ഒരു ചൈതന്യവൃത്തമുണ്ട്. അത് പരസ്പരം പൂർത്തീകരിക്കുന്നതാണ് എല്ലാ തേജസ്സിന്നുമുറവിടം. അതിനുള്ള

സാദ്ധ്യതകളെ തെരയുക എന്നതാണ് ഏറ്റവും രസകരമായ ബോധ പ്രക്രിയ. അത് സംഭവിക്കാത്തിടത്താണ് വിരസതയനുഭവപ്പെടുന്നത്. ഉൾക്കണ്ണു തുറന്നുവച്ചാൽ മാത്രം മതി, അതൊരു ശീലമാകാൻ. അതു തന്നെയാണ് ധ്യാനം. അത് ഏതാനും സമയത്തേയ്ക്ക് പരിശീലിക്കാനുള്ള ഒരു മാനസ്സികവ്യായാമമാകരുത്. ഇരട്ടിമധുരം പോലെ എപ്പോഴും കൂടുതൽ രുചിയനുവദിക്കുന്ന ഒരു തഴക്കമായി അത് മാറണം. ജീവിതത്തിന്റെ ബഹളങ്ങളിൽ ചില ഇടവേളകളെങ്കിലും ആന്തരികമൗനത്തിനായി മാറ്റിവയ്ക്കാനാകുന്നവർക്ക് ഇതെന്തെന്നു മനസ്സിലാകും. ബാക്കിയുള്ളവർക്ക് ഈ ജീവിതം എന്നും നാലാം തുരംഗം (പള്ളിയമ്പലങ്ങൾ) കയറിയിറങ്ങൽ മാത്രമായിപ്പോകും.

Soeren Kierkegaard ന്റെ ഈ വാക്യം ശ്രദ്ധിക്കൂ. "Die Ruhe der Natur hat ihren Grund darin, dass die Zeit gar keine Bedeutung für sie hat. Erst mit der Augenblick beginnt die Geschichte." അത് ഞാനിങ്ങനെ സ്വതന്ത്രതർജ്ജമ ചെയ്യട്ടെ:

പ്രകൃതിയുടെ കാര്യത്തിൽ സമയത്തിന് യാതൊരർത്ഥവുമില്ല. ഈ നിമിഷം മുതലാണ് ചരിത്രം തുടങ്ങുന്നത്. പ്രകൃതിയിലെ സ്വച്ഛന്ദ ശാന്തതയുടെ പൊരുളതാണ്.

ഈ സത്യമറിഞ്ഞവന്റെ ഹൃദയത്തിൽനിന്നുയരുന്ന ഗദ്ഗദം ഇങ്ങനെയായിരിക്കും:

ഒരു നിശ്വാസ,മൊരേങ്ങൽ, നിൻ
കണ്ണിമകളുടെയൊരു വിതുമ്പൽ
ഒരു തൂവലായെൻ നെഞ്ചിടത്തിൽ
വന്നു പതിക്കൂ, സർവ്വസ്വമേ!

❑

# 14

# സമയമെത്ര ബലഹീനം!

*ഒരു ജന്മം മുഴുവൻ ശ്രമിച്ചാലും തിരിച്ചുനല്കാനാവാത്തത്ര പ്രേമ വാത്സല്യത്തോടെ എന്റെയുച്ചിയിലവൾ ഉമ്മവച്ചു* എന്നയോർമ്മയുടെ മധുരിമയിൽ ഉറക്കത്തിൽ നിന്നുണർന്ന ഞാൻ സമയം നോക്കി. ആറരയാകാൻ പോകുന്നേയുള്ളൂ. പെട്ടെന്നൊരു ചായയുണ്ടാക്കി പതുക്കെപ്പതുക്കെ രുചിച്ചിറക്കി. *ജലസ്രോതസിലെ ആത്മഹർഷങ്ങൾ* എന്ന് ശീർഷകം കൊടുത്ത് പത്തുപന്ത്രണ്ട് വർഷംമുമ്പ് ഞാനുണ്ടാക്കിയ കൊച്ചു കൈയെഴുത്തുപുസ്തകത്തിലെ വാക്യമായിരുന്നു ഓർമ്മയിൽ പൊന്തിവന്നത്. ആ കൃതിയെടുത്തു മറിച്ചുനോക്കി. പാലസ്തീൻ പെൺകിടാങ്ങൾ സ്തനങ്ങൾക്കിടയിൽ സൂക്ഷിക്കുന്ന മീറപ്പൊതിപോലെ അവളെന്നെ താലോലിച്ചു എന്ന വരികൾ എന്റെയാത്മാവിനെ വീണ്ടും മത്തുപിടിപ്പിച്ചു. അപ്പോളതാ, ചിത്രഭംഗി തുന്നിപ്പിടിപ്പിച്ച വെളുത്ത വിശറികൾ പോലുള്ള ചിറകുകളടിച്ചുകൊണ്ട് ഒരു നിശാശലഭം മേശപ്പുറത്തു കിടന്ന ഒരു പഴയ സ്വാച്ചിൽ* വന്നിരുന്നു. അറിയാതെ ഞാനതിലേയ്ക്ക് നോക്കിയപ്പോൾ സൂചികൾ പന്ത്രണ്ടിനോടും രണ്ടിനോടും തൊട്ടിരിക്കുന്നു. പാതിരാത്രി കഴിഞ്ഞിട്ടേയുള്ളൂ! നേരേ തിരിച്ചുപിടിച്ചായിരുന്നു നേരത്തേ നോക്കിയത്. ഒരിളിഭ്യതയും തോന്നിയില്ല. *സമയം ബലഹീനവും യുക്തിഹീനവുമാണെന്ന് ഞാനെന്നേ അറിഞ്ഞിട്ടുണ്ട്, ഓരോ തവണയും സ്ത്രീ അവളുടെ സ്നേഹസാന്നിദ്ധ്യം പ്രകടിതമാക്കുമ്പോൾ* എന്ന് അതിൽ കുറിച്ചിരുന്നത് വീണ്ടും ആവർത്തിക്കപ്പെടുന്നു, അത്ര തന്നെ.

---

* Swatch - a cheap sort of Swiss wrist-watch

ഉറങ്ങാനല്ല, തുടർന്ന് വായിക്കാനാണെനിക്ക് താല്പര്യം തോന്നിയത്. *ഒരുദ്യാനധാര, ജീവജലമുള്ള കിണർ, മലയിടുക്കുകളിലൂടെയൊഴുകുന്ന അരുവി* ഇവയുടെ ഹൃദയഹാരിത ഒരിക്കൽക്കൂടി എന്റെയനുഭവമായി. ഞാൻ തുടർന്ന് വായിച്ചു: *അവളുടെ കവിൾത്തടങ്ങൾ സ്വർണപ്രഭയേറ്റ പോലെ മനോജ്ഞമായിരുന്നു. അവളുടെ മിഴികൾ അരിപ്രാവുകളെപ്പോലെ നിഷ്ക്കളങ്കമായി സ്ഫുരിച്ചിരുന്നു. തന്റെ തൂമന്ദഹാസത്താൽ എന്റെ സർവമാനങ്ങളെയും വലയംചെയ്ത്, നിറഞ്ഞുതുളുമ്പി, പ്രകാശപൂരിതയായി അവൾ അടുത്തുനിന്നു.* ആ അനുഭൂതികളിലേയ്ക്ക് ഞാൻ ഒരു നിമിഷം തിരിച്ചുപോയി.

ഒരു മൂങ്ങാ പലവട്ടം മൂളി. ഇണയെ വിളിക്കുകയാവാം. ആരുടെയോ വളർത്തുനായ എന്തോ ഗൗരവമായത് വിളിച്ചറിയിക്കുന്നുണ്ടായിരുന്നു. ഒരു ഗൗളി നാല് തവണ തന്റെ കുഞ്ഞുങ്ങളുടെ പേരുവിളിച്ചു. അടുത്ത വരിയിൽ എന്റെ കണ്ണുകൾ തടഞ്ഞു. *സമുദ്രങ്ങളുടെ ആഴങ്ങളെ വെല്ലുന്നു വിഹായസിന്റേത്. അതിനെയും ചെറുതാക്കുന്നു മനുഷ്യ ഹൃദയങ്ങളുടെ പാരസ്പര്യം.* സമയം ബലഹീനമാണെന്ന് എന്റെയുള്ളിൽ വീണ്ടും മന്ത്രണമുണ്ടായി. ഞാനൊന്നുകൂടി ഉറങ്ങാൻ കിടന്നു.

മടക്കിവച്ച കൊച്ചു പുസ്തകത്തിന്റെ താളുകൾ അർദ്ധബോധത്തിൽ വീണ്ടും മറിഞ്ഞുകൊണ്ടിരുന്നു. ആരോ അതിൽനിന്നു വായിക്കുന്നതു പോലെ എനിക്ക് തോന്നി. *പൂവിതളുകൾ പോലെ മൃദുലമായ അവളുടെ കവിളിൽ എന്റെ കരതലം സ്പർശിച്ചതേ, ജലപ്പരപ്പിൽ വീണ കടലാസ് കുതിർന്നലിഞ്ഞു താഴുന്ന ശാന്തതയോടെ, എന്റെ തോളിലേയ്ക്കമർന്നു, അവളുടെ ശിരസ്സ്. "മരണത്തിനു മുമ്പുള്ള ഒരു വെപ്രാളം, അത് മാത്രമല്ലേ ഈ ജീവിതം?" അനവധി ദൈന്യവിനാഴികകളെ അർത്ഥശൂന്യമാക്കിയതെല്ലാം മറന്ന്, ഈ ചോദ്യത്തിലേയ്ക്കവൾ മയങ്ങിപ്പോയി.*

ഉറങ്ങൂ, കുട്ടീ, നീ ഉണരുമ്പോൾ, തീർച്ചയായും, ഉദയസൂര്യനും നിന്റെയീ ഞാനും ഇവിടെത്തന്നെയുണ്ടാവും, നിന്നെക്കാത്ത്!

❑

# 15

# കൂട്ടിൽ കിടന്ന് ചത്ത കിളി

**കേ**രളസമൂഹത്തിന്റെ ധാർമ്മിക കപടതകളെ തുറന്നുകാട്ടുന്ന രീതിയിലുള്ള രചനയായിരുന്നു മാധവിക്കുട്ടിയുടേത്. ലൈംഗികതയെപ്പറ്റി ശരിയായ ധാരണയുള്ളവർ വളരെ വിരളമാണെന്നും, അതുള്ളവരിൽ ഏറിയ പങ്കും സ്ത്രീകളാണെന്നും, പുരുഷമേധാവിത്വവും അതിന്റെ സ്വാർത്ഥതയും ഈ അറിവിന്റെ ഒരംശംപോലും സാർത്ഥകമാക്കാൻ സ്ത്രീയെ (ഭാര്യയെ, വിശ്വാസിയെ, സന്ന്യാസിനിയെ) അനുവദിക്കുന്നില്ലെന്നുമുള്ള സമകാലിക യാഥാർത്ഥ്യത്തെ തന്റെ കഥകളിലൂടെയും ആത്മകഥാസ്പർശിയായ രചനകളിലൂടെയും അവർ വിളിച്ചുപറഞ്ഞുകൊണ്ടിരിന്നു. ഒരു റോസി തമ്പിയോ, എസ്. ശാരദക്കുട്ടിയോ, കെ.ആർ. മീരയോ ഇന്ന് മനസ്സിലാക്കുകയും കൊച്ചുകൊച്ചു കുറിപ്പുകളിലൂടെ വെളിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ തന്നെ അല്പം പരുക്കൻ ഭാഷ്യങ്ങളായിരുന്നു 1960നോടടുത്ത നാളുകൾ മുതൽ മാധവിക്കുട്ടിയിൽ നിന്ന് കേരളം കേട്ടുകൊണ്ടിരുന്നത്. എന്നാൽ ഈവക കാര്യങ്ങൾ ഉൾക്കൊള്ളാനുള്ള ബോധമോ മേധയോ ഇന്നും കേരള പുരുഷാരത്തിനും ഒട്ടു മുക്കാലും സ്ത്രീജനത്തിനുപോലും ഇല്ലെന്നത് വെറും നഗ്നയാഥാർത്ഥ്യമാണ്. ഇങ്ങനെയുള്ള ഒരു സമുദായത്തിന് ഇങ്ങനെയൊരെഴുത്തുകാരിയെ വിലയിരുത്താനാവില്ലെന്നതും നാമംഗീകരിക്കേണ്ടിയിരിക്കുന്നു.

അവരുടെ കൃതികൾ വായിച്ചിട്ട് ഒരു *ഞെട്ടൽ* അഭിനയിക്കുക മാത്രമാണ് മലയാളികൾ ചെയ്തുകൊണ്ടിരുന്നത്. ദശാബ്ദങ്ങളോളം ഈ ഞെട്ടൽ തുടരുമ്പോൾ, അതൊരു ഞെട്ടലേയല്ലായിരുന്നു, ഒന്നും തിരിയാത്തതിന്റെ ഒരു ഗോഷ്ഠി മാത്രമായിരുന്നു എന്നാണ് മനസ്സിലാക്കേ

ണ്ടത്. ലൈംഗികതയെ മാധവിക്കുട്ടി കണ്ടത് ശരീരമർഹിക്കുന്ന ആനന്ദ ത്തിനുള്ള വഴിയായിട്ടാണ്. ദാമ്പത്യത്തിൽ പോലും ഈ വഴി അജ്ഞത യുടെയും ഭയത്തിന്റെയും പുരുഷസ്വാർത്ഥതയുടെയും കീറാമുട്ടികൾ തടഞ്ഞുകളയുന്ന സ്ഥിതിവിശേഷമാണ് ഇന്നും ഈ സമൂഹത്തിൽ നിലനിൽക്കുന്നത്.

*ഉച്ഛിഷ്ടം കഴിക്കുംപോലെ ഭാര്യാധർമം നിർവഹിക്കേണ്ടിവരുന്ന സ്ത്രീകളുടെ ഭർത്താക്കന്മാർക്ക് സ്നേഹമെന്തെന്നറിയില്ല; എന്റെ സ്നേഹത്തിനർഹനായ ഒരു പുരുഷനും ഭൂമിമലയാളത്തിലില്ല* എന്നൊക്കെ അവർ പറയുമ്പോൾ, സ്ത്രീപുരുഷ ലൈംഗികതയുടെ വ്യത്യാസങ്ങളെയും അവയെ സ്വരുമിപ്പിക്കാനറിയുന്നവർക്ക് അനുഭ വേദ്യമായ ആനന്ദത്തെയും പറ്റിയാണ് മാധവിക്കുട്ടി സൂചിപ്പിക്കുന്നത്. ഈ ജീവിതംകൊണ്ടിത്രമാത്രം എന്ന കുറിപ്പിൽ, മാധവിക്കുട്ടി എഴുതി: *"സ്നേഹമൊരു നദിയാണ്. ഇത്ര ഭാഗം വാത്സല്യം, ഇത്ര ഭാഗം പ്രണയം, ഇത്ര ഭാഗം സൗഹൃദം എന്ന് അതിൽ വേർതിരിക്കാനാവില്ല. ബന്ധങ്ങളിൽ വച്ചേറ്റം തീവ്രമായതാണ് പ്രണയം, ഏറ്റവും ഭംഗിയു ള്ളതും."* അവരുടെ പ്രണയകഥകൾ വായിച്ചുരസിച്ച മലയാളികൾതന്നെ സ്വന്തം കുടുംബവട്ടത്തൊരു പ്രണയബന്ധമുണ്ടായാൽ, ഇന്നും പരി ഭ്രാന്തരാകുന്നു, കൊലനടത്തിപ്പോലും *കുടുംബാഭിമാനം* കാത്തുസൂക്ഷി ക്കാൻ ഒരുമ്പെടുന്നു. പ്രണയത്തെ വിലമതിക്കാനറിയാത്ത ഒരു സമൂ ഹവും നിലനിൽക്കില്ല.

ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ, പഴയനിയമത്തിലാണ് പാട്ടുകളുടെ പാട്ട് എന്നപരനാമമുള്ള ഉത്തമഗീതം ഉൾപ്പെടുന്നത്. പുതിയനിയമത്തിൽ അത്തരമൊന്നില്ലാഞ്ഞാണ്, മറിയം മഗ്ദലേനയുടെയും യേശുവിന്റെയും പേരിൽ ചിലർ കഥകളും മറ്റ് കലാസൃഷ്ടികളും ഉണ്ടാക്കിയത്. എന്നാൽ, സഭക്കതൊന്നും ഒട്ടുമിഷ്ടമല്ല. സഭയും അതിലെ മനം കടുത്ത വിശ്വാസി കളും, ശരീരത്തെപ്പോലെ, പ്രണയത്തെയും വെറുക്കുന്നവരാണ്.

മാധവിക്കുട്ടിയുടെ മരണത്തോടനുബന്ധിച്ചുള്ള ഒരു കുറിപ്പിൽ, സക്കറിയ പറഞ്ഞതിങ്ങനെ: *കേരളത്തിലെ യാഥാസ്ഥിതിക സ്ത്രീവി ഭാഗങ്ങൾ മാധവിക്കുട്ടിയുടെ പെൺകാഴ്ചകളോട് അനഭിമതരായിരുന്നു. സ്ത്രീകളുടെ ശരീരത്തെപ്പറ്റിയും അതിന്റെ ലൈംഗികസാദ്ധ്യതകളെ പ്പറ്റിയും അതുൾക്കൊള്ളുന്ന സ്വാതന്ത്ര്യത്തെപ്പറ്റിയും മാധവിക്കുട്ടി സ്വീകരിച്ച നിലപാടുകൾ കേരളത്തിലെ ഇടതും വലതുമായ യാഥാ സ്ഥിതികർക്ക് മനസ്സിലാക്കാവുന്നതിലപ്പുറമായിരുന്നു. കേരളത്തിലെ കപടപുരുഷത്വത്തിനു തന്നെ അവരുടെ ജീവിതം ഒരു സ്ഥിരം വെല്ലുവിളിയായിരുന്നു.* സ്ത്രൈണലൈംഗികതയെക്കുറിച്ച് ആഴമായ അറിവുണ്ടായിരുന്ന നിത്യചൈതന്യയതി മാധവിക്കുട്ടിയെപ്പറ്റി

പറഞ്ഞതും ശ്രദ്ധിക്കേണ്ടതാണ്: *നിത്യപ്രണയത്തിന്റെ രാജകുമാരിയായിരുന്നു അവർ. തന്റെ ഭഗ്നപ്രണയത്തിന്റെയും തീവ്രകാമനകളുടെയും വിഫലമോഹങ്ങളെ അവർ നിരന്തരം വെളിവാക്കിക്കൊണ്ടിരുന്നു. 'എന്റെ കഥ' അങ്ങനെയൊന്നാണ്. എന്നാൽ, അവർ ചുരത്തിയ ഭാവനകൾ വേണ്ടപ്പെട്ടവരുടെ പോലും നൊമ്പരങ്ങൾക്ക് കാരണമാകുകയാണുണ്ടായത്. സ്വന്തമച്ഛൻ ശക്തമായ പ്രതിഷേധക്കൊടുങ്കാറ്റായും അമ്മ മൗനമായ പ്രാർത്ഥനയായും അവരെ തിരുത്താനാണ് ശ്രമിച്ചത്. ആമിക്ക് എഴുത്തിനപ്പുറമുള്ള ബാഹ്യലോകം പ്രശ്നമായിരുന്നില്ല. എഴുത്തിനകത്തവർ തന്റേടിയുടെ രാജ്യത്തായിരുന്നു. പ്രണയിനികൾക്ക് ഇങ്ങനെ ചില പദ്ധതികളുണ്ട്, എന്തിനെയും ഏതിനെയും നേരിടാമെന്ന തോന്നൽ.*

മരണശേഷം കമലാ സുരയ്യയെപ്പറ്റി ഇതിനോടകം വളരെയധികം പൊങ്ങച്ചങ്ങൾ രചിക്കപ്പെട്ടുകഴിഞ്ഞു. വളരെ യഥാതഥമായ ഒരു വിലയിരുത്തൽ ആഗ്രഹിക്കുന്നവർ നിശ്ചയമായും വായിക്കേണ്ട ഒരു നിരൂപണം എസ്. ശാരദക്കുട്ടി *പെൺവിനിമയങ്ങൾ* എന്ന കൃതിയിൽ എഴുതിയിട്ടുണ്ട്. 'വിശ്വസാഹിത്യകാരിയായ മാധവിക്കുട്ടി വെറുമൊരു കൗതുകവസ്തുവായി തരംതാഴ്ന്നുപോയതിന്റെ പിന്നിലെ പരിചിന്തനങ്ങൾ' എന്ന് ഈ അദ്ധ്യായത്തെ വിലയിരുത്താൻ ഞാനാഗ്രഹിക്കുന്നു. ഈ രചന അവസാനിക്കുന്നതിങ്ങനെ: *സന്ദേഹങ്ങളോ അസ്വസ്ഥതകളോയില്ലാത്ത, ചോദ്യങ്ങളോ ഉത്തരങ്ങളോയില്ലാത്ത മാന്യരും സമർത്ഥരുമാണ് മലയാളികൾ. അവർ മാധവിക്കുട്ടിയേയും ഒരു മലയാളിയാക്കി.* ഇതു വായിക്കുന്ന ഓരോ പുരുഷനും തലകുലുക്കി ഇതിന് *ആമേൻ* എന്ന് പ്രതിവചിക്കും. എന്നിട്ട് താനൊഴികെയുള്ള പുരുഷാരത്തെക്കുറിച്ച് അല്പം നിന്ദയോടെ ഒന്നിരുത്തി മൂളും.

അവരുടെ വലിയ ബോധം മലയാളികളുടെ ചെറിയ ബോധത്തിൽ അദ്ഭുതങ്ങൾ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്നു എന്നു പറയാം. *പോയപ്പോൾ അവർ ചിരിച്ചിരിക്കണം. നിങ്ങൾക്ക് മനസ്സിലാവൂല്ലാ, കുട്ടികളേ, എന്നായിരിക്കണം ആ ചിരി*, അവരുടെ ഒരു കുടുംബ സുഹൃത്തായിരുന്ന എൻ.എൽ. ബാലകൃഷ്ണൻ പറയുന്നു.

❑

# 16

# വീലില്ലാതെയും വീൽച്ചെയറോ?

എട്ടു മുതൽ പതിനഞ്ചു വയസ്സുവരെയുള്ള പതിനേഴു വിദ്യാർഥീ വിദ്യാർഥിനികളുമായി നടത്തിയ ഒരു പഠനയാത്രയുടെ പരിസമാപ്തിയിൽ, ഞങ്ങൾ രണ്ടദ്ധ്യാപകരും ഒരദ്ധ്യാപികയും ഡൽഹിയിൽ നിന്ന് തിരിച്ച്, രണ്ട് ദിവസം മംഗള എക്സ്പ്രസ്സിൽ കഴിച്ചുകൂട്ടിയശേഷം, 2011 ഏപ്രിൽ 26ന് പതിനൊന്നു മണിയോടെ എറണാകുളം ജംഗ്ഷനിൽ എത്തുന്നു. കുട്ടികളെല്ലാംതന്നെ വശക്കേടിലായിരുന്നു. ഒരു പയ്യൻ ഒന്നര ദിവസമായി ശർദ്ദിമൂലം ഒന്നും കഴിക്കാനാവാതെ ആകെ പരിതാപകരമായ സ്ഥിതിയിലും. അവനെ ഉടൻതന്നെ റെയിൽവേ മെഡിക്കൽ ഓഫീസറെ കാണിക്കണം. അതിനായി ആദ്യം സ്റ്റേഷൻ മാനേജരുടെ കത്തു കിട്ടണം. ആൾ സ്ഥലത്തില്ല. ഡെപ്യൂട്ടി മാനേജരുടെ പക്കൽ ചെന്ന് അത് വാങ്ങി. കുട്ടികൾ ഇറങ്ങിയത് പ്ലാറ്റ്ഫോമിന്റെ അങ്ങേ തലയ്ക്കലാണ്. അവിടെനിന്ന് അവശനായ കുട്ടിയെ എക്സിറ്റ് വരെയും പിന്നെ ഡോക്ടറുടെയടുത്തേക്കുമെത്തിക്കാൻ ഒരു വീൽചെയർ വേണം. രണ്ടെണ്ണം പ്ലാറ്റ്ഫോമിൽ കിടക്കുന്നുണ്ട്, രണ്ടിനും മുമ്പിലത്തെ ചെറിയ ചക്രങ്ങളില്ല; വലിയ ചക്രങ്ങളിൽ ഒന്നു മാത്രമേ കറങ്ങുന്നുള്ളുതാനും! എന്തു ചെയ്യാൻ!

ഉപയോഗയോഗ്യമായ ഒന്ന് കിട്ടുമോയെന്ന് റെയിൽവേഗാർഡിനോട് അന്വേഷിച്ചപ്പോൾ പറഞ്ഞു, സ്റ്റേഷൻമാനേജരാണ് വീൽചെയർ നൽകേണ്ടത് എന്ന്. വീണ്ടും ഞാൻ മുമ്പ് ചെന്ന മുറിയിലെത്തി. *സാറേ, പുറത്ത് കിടക്കുന്ന രണ്ട് വീൽചെയറിനും ചക്രങ്ങളില്ല, വേറൊരെണ്ണം തരാമോ?* ആള് പെട്ടെന്ന് ചൂടായി. *ഞാനെന്നാ നിങ്ങൾക്ക് പുതിയ ഒരെണ്ണം വാങ്ങിത്തരണോ?*, അയാൾ കയർത്തു. അവിടെയത്ര പരിചയ

മില്ലാത്ത ഞാൻ റെയിൽവേ മെഡിക്കൽ ഓഫീസറുടെ മുറിയെവിടെ യെന്നു ചോദിച്ചതും ഡെപ്യൂട്ടി മാനേജർക്ക് ശല്യമായി തോന്നി. പുറ ത്തേക്കിറങ്ങി നോക്കിയാൽ കാണാം എന്നാണ് അങ്ങേർ വഴി പറഞ്ഞു തന്നത്! വീണ്ടും വല്ലതും ചോദിച്ചാൽ തല്ലിയാലോ എന്നു ഭയന്ന്, പുറത്തു കടന്ന്, ഞങ്ങൾ രണ്ട് വാദ്ധ്യാന്മാരും കൂടി പയ്യനെ എടുത്ത്, കൊടും വെയിലത്ത്, ഇരുന്നൂറ്റമ്പതു മീറ്ററോളം ദൂരെയുള്ള ഡോക്ടറുടെ ആസ്ഥാനത്തേക്കു നടന്നു. തൊണ്ണൂറു കഴിഞ്ഞ, മുട്ടു നിവർക്കാനാ വാത്ത മുത്തശ്ശിമാരെപ്പോലെ രണ്ടു വീലില്ലാച്ചെയറുകൾ പ്ലാറ്റുഫോമിലെ വിടെയോ കിടന്ന് ഞങ്ങളെ അനുതാപപൂർവം നോക്കുന്നുണ്ടായിരുന്നു.

നമ്മുടെ നാട്ടിൽ സാധാരണ ഏത് ഗവ. ജോലിക്കാരനും കാണി ക്കാറുള്ള ഗർവ് ആ റെയിൽവേ ഉദ്യോഗസ്ഥനും കാണിച്ചുവെന്നേയുള്ളു. എന്നാലും, വീൽചെയറിന്റെ കാര്യത്തിൽ അയാൾ ചോദിച്ച ആ ചോദ്യം അർത്ഥശൂന്യമാണെന്നും, മനുഷ്യത്വവും മാന്യതയുമുള്ള നാട്ടിലാണെ ങ്കിൽ അതുമതി അയാളുടെ കസേര തെറിക്കാനെന്നും കഴിവതും താഴ്മയോടെ ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാനിതെഴുതുന്നത്. ഇത്ര പൊങ്ങിയ ജോലിയിലിരിക്കുന്ന ഒരാൾക്ക് സാമാന്യബുദ്ധിയെ ങ്കിലും വേണ്ടേ? പുതിയതല്ലെങ്കിലും, കറങ്ങുന്ന രണ്ട് ചക്രമെങ്കിലു മില്ലാതെ ഒരു ചെയർ വീൽച്ചെയറാകുമോ, സാറേ? ചുരുങ്ങിയത് അത്തരം ഒരേയൊരു ചെയറെങ്കിലും അത്യാവശ്യക്കാരുടെ ഉപയോഗത്തിനായി ഇത്രയും വലിയ ഒരു സ്റ്റേഷനിൽ ഉണ്ടെന്ന് വരുത്തേണ്ടത് സ്റ്റേഷൻ മാനേജരുടെയല്ലെങ്കിൽ പിന്നെയാരുടെ കടമയാണ്? റെയിൽവേ നന്നായി പ്രവർത്തിപ്പിക്കാനല്ലേ താങ്കളെ അവിടെയിരുത്തിയിരിക്കുന്നത്? അതിനാ വശ്യമുള്ളവ വാങ്ങാൻ കാശുമുടക്കുന്നത് താങ്കളല്ലല്ലോ, ഇന്ത്യൻ റെയിൽവേയല്ലേ? ഞങ്ങൾക്ക് പകരം ഒരു സ്ത്രീയായിരുന്നു നീണ്ട യാത്ര കഴിഞ്ഞ്, ഇങ്ങനെ ഒരടിയന്തിരാവസ്ഥയിൽ സ്റ്റേഷനിൽ വന്നിറങ്ങുന്ന തെങ്കിൽ, ഒട്ടും നടക്കാനാവാത്ത ഒരാൾക്ക് അവർ എങ്ങനെ അത്യാവശ്യ സഹായം ഉറപ്പുവരുത്തും? തന്റെ യൂണിഫോമിൽ ബാബു ജോസഫ് എന്ന പേര് കുത്തിയിരുന്ന ആ ഡെപ്യൂട്ടിയാഭാസന്റെ സ്വന്തത്തിൽപെട്ട ഒരാൾക്കാണ് ഇത്തരമൊരു സാഹചര്യം വന്നുഭവിക്കുന്നതെങ്കിൽ, അയാൾ ചോദിച്ച ചോദ്യംകൊണ്ട് കാര്യങ്ങളോടുമോ?

ആദായനികുതിയടയ്ക്കുകയും റെയിൽവേയുടെ സേവനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന ഫീ കൊടുക്കുകയും ചെയ്തിട്ട്, ഇത്തരക്കാരുടെ തലക്കനവുംകൂടി പാവം യാത്രക്കാർ ചുമക്കേണ്ടതുണ്ടോ? വേണ്ടതായ എല്ലാ സാമഗ്രികളും സാങ്കേതികമായ അറിവുമുണ്ടായിരുന്നിട്ടും നമ്മുടെ തീവണ്ടികളിൽ ശുചിത്വമോ, നല്ല ഭക്ഷണമോ കുടിവെള്ളമോ അടിസ്ഥാ നപരമായ മറ്റ് സൗകര്യങ്ങളോ ഇന്നും ലഭ്യമല്ല. അകത്തും പുറത്തേ യ്ക്ക് നോക്കുന്നിടത്തുമെല്ലാം മനം മടുപ്പിക്കുന്ന വൃത്തികേട്. ഓരോ

സ്റ്റേഷനടുക്കുന്തോറും സഹികെടുത്തുന്ന നാറ്റം. പാളങ്ങൾ നിറയെ തീട്ടം! ഇതിനെല്ലാം പുറമേ, മേല്പ്പറഞ്ഞപോലുള്ള ചുറ്റുപാടുകളിൽ പോലും ഉത്തരവാദിത്വമോ സഹായമനസ്ഥിതിയോ ഇല്ലാത്ത ഏമാന്മാരുടെ കാലുപിടിക്കേണ്ട ഗതികേടും. സീറ്റുണ്ടെങ്കിലും വഴിക്ക് ഒരു റിസർവേഷൻ കിട്ടാനും യാത്ര നീട്ടിക്കിട്ടാനും TTക്ക് ഉദാരമായ കൈനീട്ടം വേണം. ഇതൊക്കെയായിട്ടും, നാം സഹസ്രാബ്ദങ്ങളുടെ സംസ്കാരത്തിൽ അഭിമാനിക്കുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് ഇവിടെ ശമ്പളക്കാരില്ലായിരുന്നു, സംസ്കാരികളുണ്ടായിരുന്നു; ഇന്ന് ശമ്പളക്കാരുണ്ട്, പക്ഷേ, നിലയും വിലയും മാനവും എന്തെന്നറിയാത്തവർ. മുഴുത്ത ശമ്പളം പറ്റിയിട്ട്, ചെയ്യുന്നതൊക്കെയും അവരുടെ ഔദാര്യ സേവനമാണെന്ന് ചിന്തിക്കാൻമാത്രം ധാർഷ്ട്യം നാറുകയും വീലില്ലാത്ത ചെയറും വീൽച്ചെയർ ആകാമെന്ന് വാശിപിടിക്കുകയും ചെയ്യുന്ന ഇത്തരം ബാബുമാരെ വച്ചുപൊറുപ്പിക്കരുത്.

രണ്ടു കൈപിടി മാത്രം വിളക്കിച്ചേർത്ത, തുരുമ്പിച്ച ഒരു ചതുരപ്പെട്ടി, അവശനെങ്കിലും അന്തസ്സുള്ള ഒരിന്ത്യൻകുഞ്ഞിനെ തള്ളിക്കൊണ്ടുപോകാനുള്ള വീൽച്ചെയറായി ഉപയോഗിച്ചുകൂടേ എന്നു ചോദിക്കുന്ന ഇയാൾ, പിടിപ്പുകെട്ട ഒരധികാരശ്രേണിയിലെ ക്ലാവുപിടിച്ച ഒരു കണ്ണി മാത്രമാണ്.

ഞങ്ങൾ ഡൽഹിക്ക് പോയത് കേരള എക്സ്പ്രസ്സിലാണ്. ഡൽഹിയിലെ മെട്രോയും ഞങ്ങൾ കണ്ടു. വികസിത രാജ്യങ്ങളിലെ നിലവാരം പുലർത്തുന്ന ഒരു സംരംഭമാണ് ഇപ്പറഞ്ഞത്. ബാക്കി ഇന്ത്യയിലെ ഏതു ട്രെയിനിൽ സഞ്ചരിച്ചാലും ഒരു പൗരന് നാണം തോന്നും. സ്പീഡിൽ പോകുന്നു എന്നതൊഴിച്ചാൽ, കാളവണ്ടിയുടേതുപോലെ കുടുക്കമാണ് എല്ലാത്തിനും. ഉറങ്ങാൻ കിടന്നാൽ പേറ്റുന്ന മുറത്തിൽ കിടക്കുന്ന അരിയുടെയനുഭവം! എന്തുകൊണ്ടാണ് മറ്റു നാടുകളിലെപ്പോലെ സ്വരമില്ലാതെയും ഒട്ടും കുടുക്കമില്ലാതെയും പാഞ്ഞു പോകുന്ന ട്രെയിനുകൾ നമുക്കില്ലാത്തത്? ഒത്തിരി വടക്കന്മാരുടെ കാലുപിടിച്ചുകഴിയുമ്പോൾ, കേന്ദ്രത്തിൽ നിന്ന് ഒരു പുതിയ ട്രെയിൻ അനുവദിക്കും. അതോടെ, മറ്റു സംസ്ഥാനങ്ങളിൽ ഇടിച്ചു ചളുങ്ങി തുരുമ്പെടുത്തു കിടക്കുന്ന കുറെ ബോഗികൾ ഇങ്ങോട്ട് കൊണ്ടു വന്നിട്ട്, കേട്ടാൽ സുഖമുള്ള ഒരു പുതിയ പേരും നൽകും. ഇ. അഹമ്മദും നമ്മുടെ എം.പിമാരും കുറേക്കാലം വീരവാദം മുഴക്കും. ജനം സന്തോഷിക്കും. എന്നാൽ പുതിയ ഒരൊറ്റ ലൈൻ പാളമോ, നടത്തിപ്പിനാവശ്യമായ കൂടുതൽ ജോലിക്കാരോ ഉണ്ടാകുന്നില്ലാത്തതിനാൽ, മൊത്തം ശൃംഖലയുടെ പ്രവർത്തനം പഴയതിലും മോശമായിപ്പോകുന്നു. ഞങ്ങൾ കയറിയ രണ്ടു *സൂപ്പർഫാസ്റ്റും* മറ്റുള്ളവയ്ക്ക് (അവയിൽ കൂടുതലും ഗുഡ്സ് ട്രെയിനുകൾ!) വഴി

കൊടുക്കാനായി പത്തുമുപ്പതു തവണയെങ്കിലും ഏറെനേരം നിറുത്തിയിടേണ്ടിവന്നു. അല്ലെങ്കിൽ യാത്രയുടെ നീളം ഒരഞ്ചുമണിക്കൂറെങ്കിലും കുറഞ്ഞേനെ. അപ്പോൾ പിന്നെ *സൂപ്പർ* ഫാസ്റ്റെന്നു പറയുന്നതെന്തിന്? വിവരമുള്ളവർ പാസഞ്ചർ ട്രെയിനുകൾക്ക് പ്രാമുഖ്യം നൽകും. ഈ നാട്ടിൽ മനുഷ്യരേക്കാൾ വിലയുള്ളത് ചരക്കിനാണല്ലോ.

മറ്റൊരു നിരീക്ഷണം. കൊങ്കൺ റെയിൽവേയിലൂടെ പോയിട്ടുള്ളവർക്കറിയാം, എത്രയിടത്താണ് വിലയേറിയ പാളങ്ങളും മറ്റു സാമഗ്രികളും തുരുമ്പെടുത്ത് നശിക്കാനായി കുന്നുപോലെ കൂട്ടിയിട്ടിരിക്കുന്നതെന്ന്. ഇതൊക്കെയും നാമോരോരുത്തരുടെയും പണമാണെന്ന് എത്ര ഇന്ത്യാക്കാർ ചിന്തിക്കുന്നുണ്ട്? പ്രതികരിക്കുന്നുണ്ട്? വഷളത്തവും ഉത്തരവാദിത്തമില്ലായ്മയും അനീതിയും കണ്ണിൽപെട്ടാൽ ഉടനടിയുള്ള (ഉടൻ ജനത്തിന്റെ അടി കൊള്ളുന്നയനുഭവമുണ്ടാക്കുന്ന) പ്രതികരണം ജനാധിപത്യത്തിന്റെ ജീവധാരയാണ്. അതുണ്ടായാലേ, വീലില്ലാത്ത വീൽച്ചെയർ പോലത്തെ കാര്യശേഷിയില്ലാത്ത മാനെജർമാർ മനുഷ്യരെ ഉപദ്രവിക്കുന്നത് നിറുത്തൂ.

ഇതിന്റെ കോപ്പി എറണാകുളത്തുള്ള ഡെപ്യൂട്ടിബാബുതൊട്ട് ബഹുമാന്യയായ റെയിൽവേമന്ത്രി മമതാ ബാനർജിവരെയുള്ളവർ കൈപ്പറ്റുന്നതായിരിക്കും, പോസ്റ്റു വഴിയും ഇമെയിൽ വഴിയും.

❑

# 17

# എന്റെ വാക്ക്

*എന്റെ വാക്ക് എന്റെ മനസ്സിൽ ഉറച്ചിരിക്കുന്നു. പരമചൈതന്യമേ, നീയെനിക്ക് വെളിച്ചപ്പെട്ടാലും. പ്രജ്ഞാനത്തെ ഉറപ്പിച്ചുനിറുത്തുന്ന ആണികളാകട്ടെ എനിക്കു വാക്കും മനസ്സും. ഞാൻ പഠിച്ചത് എന്നെ വിട്ടുപോകാതിരിക്കട്ടെ. ആ പഠിപ്പിനു വേണ്ടിയാണ് ഞാൻ രാവും പകലും കഴിച്ചുകൂട്ടുന്നത്. ഞാൻ പറയുന്ന പരമാർത്ഥവും സത്യവും എന്നെ രക്ഷിക്കട്ടെ.*

അതിസുന്ദരമായ ഈ പ്രാർത്ഥന *പ്രജ്ഞാനം ബ്രഹ്മ* എന്ന മഹാവാക്യമുൾക്കൊള്ളുന്ന ഐതരെയോപനിഷത്തിലുള്ളതാണ്. ജീവജ്ഞാനം തന്നെയാണ് ദൈവികത എന്നു പ്രഘോഷിക്കുന്ന ഋഗ്വേദമാണ് മനുഷ്യമഹത്വത്തെപ്പറ്റിയും ഗർഭത്തെപ്പറ്റിയും ഏറ്റവും കൂടുതൽ ചർച്ചചെയ്യുന്ന വേദകൃതി. ജ്ഞാനത്തെ ഉള്ളിൽ വഹിക്കുന്നതും ജീവനെ ഉള്ളിൽ വഹിക്കുന്നതുപോലെയാണ് എന്നാണതിന്റെ മതം.

മലയാളത്തിലും സംസ്കൃതത്തിലും ശബ്ദമെന്നാൽ വാക്കെന്നും അർത്ഥമുണ്ട്. വാക്കുകളുടെ അദ്ഭുതത്തിലേക്ക് വായനക്കാരെ ഒരിക്കൽക്കൂടി വഴിനടത്തട്ടെ. സംസ്കൃതത്തിൽ ഭൂതകാലക്രിയയുണ്ടാക്കാൻ വർത്തമാനത്തോട് 'അ' ചേർത്താൽ മതി. ഉദാ: കരോതി = ചെയ്യുന്നു, അകരോത് = ചെയ്തു. എത്ര അഗാധമായ തത്ത്വചിന്തയാണ് ഭാഷയിൽ ഒളിഞ്ഞിരിക്കുന്നതെന്ന് ശ്രദ്ധിക്കുക. 'അ' നിഷേധധ്വനിയുള്ള ഉപസർഗ്ഗമാണ്. ചെയ്യുന്നു അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുക വർത്തമാനാനുഭവമാണ്. അതു പൂർത്തിയാകുക എന്നാൽ വർത്തമാനം ഭൂതത്തിലേക്ക് മറഞ്ഞുപോയി എന്നാണല്ലൊ. അതായത്, വർത്തമാനത്തെ ഇല്ലായ്മചെയ്യാൻ, സംഭവിച്ചുകൊണ്ടിരുന്നത് ഇതാ സംഭവിച്ചുകഴിഞ്ഞു

എന്ന ധ്വനിയുണ്ടാക്കാൻ, ക്രിയാപദത്തോട് 'അ' ചേർക്കുക. ഭൂതം ഇല്ലായ്മക്ക് (മരണത്തിനു) പര്യായമാണ്. ജീവനാകട്ടെ വർത്തമാനത്തിലൂടെ തുടർപ്രക്രിയയാകുന്ന ഒരു പ്രതിഭാസമാണ്.

തീർന്നില്ല, വാക്കുകളിലെ വിസ്മയം. 'ഭൂത'ത്തിൽ നിന്നുണ്ടാകുന്ന വാക്കാണ് അദ്ഭുതം. എന്തെങ്കിലും പുതിയത് ഭവിക്കുന്നതാണ് അദ്ഭുതം. അദ്ഭുതം തുടരാനാവില്ല, കാരണം, ഉണ്ടായത്, അതോടേ ഭൂതമായിക്കഴിഞ്ഞു. സംഭവിച്ചുകൊണ്ടിരിക്കുന്നതെല്ലാം അദ്ഭുതങ്ങളാണെന്ന് മറ്റൊരു ലേഖനത്തിൽ (അഹന്തയുടെ അഭാവമാണ് ആത്മീയത) പറഞ്ഞത് ഈയർത്ഥത്തിലാണ്.

ഇന്നലെയും നാളെയും ഒരറ്റമടഞ്ഞ പാലങ്ങളാണ്. ഓർമ്മകളുടെയും (കഴിഞ്ഞവ) സങ്കല്പങ്ങളുടെയും (സംഭവിക്കാത്തവ) ഈ പാലങ്ങളിലൂടെ മാത്രം നടക്കുന്നവർ ഇന്നുകൊണ്ട് തൃപ്തരല്ലാത്തവരാണ്. സ്വർഗ്ഗരാജ്യം ഒരദ്ഭുതമാണെന്നും അത് നമുക്കുള്ളിലാണെന്നും അത് ഇപ്പോൾ ഇവിടെയാണെന്നും യേശു പറഞ്ഞത് എത്ര കണിശമായിട്ടാണ്! അന്നദ്ദേഹത്തെ കേട്ടവർക്കോ, ഇന്ന് അദ്ദേഹത്തിൻെറ വചനം ഘോഷിക്കുന്ന അനുയായികൾക്കോ ഇതൊന്നും ഇതുവരെ തിരിഞ്ഞിട്ടില്ല എന്നത് അതീവ കഷ്ടംതന്നെ.

ഓരോ വാക്കും ഒരു വിസ്മയംതന്നെ. 'വിസ്മയം' എന്ന വാക്കുതന്നെ രൂപപ്പെട്ടത് എങ്ങനെയെന്നു നോക്കുക. 'സ്മയ' എന്ന സംസ്കൃത ശബ്ദത്തിനർത്ഥം ഗർവ്, അഹങ്കാരം എന്നൊക്കെയാണ്. അതില്ലാത്ത അവസ്ഥയാണ് 'വിസ്മയം'. നമ്മെ അതിശയിക്കുന്ന (നമ്മുടെ മാനസ്സ സീമകൾക്കപ്പുറത്ത് ശയിക്കുന്ന) എന്തും വിസ്മയഹേതുവാണ്. അതായത്, 'അമ്പേ, ഞാൻ' എന്ന പമ്പരവിഡ്ഢിത്തത്തിൽനിന്ന് നമ്മെ മുക്തരാക്കുന്ന അനുഭൂതിയാണ് വിസ്മയിക്കാനുള്ള കഴിവ്. നമുക്കുള്ളിലും പുറത്തും നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നതെല്ലാം വാസ്തവത്തിൽ നമ്മെ വിസ്മയിപ്പിക്കേണ്ടവയാണ്.

വാക്കുകളുടെ ഉൽപ്പത്തിയിലേയ്ക്കു നുണഞ്ഞിറങ്ങുന്ന അനുഭവമാണ് സംസ്കൃതഭാഷാപഠനം കൊണ്ടുണ്ടാകുന്നത്. ഈ സുഖം നിത്യചൈതന്യയതിയുടെ രചനകളിലുണ്ട്. ഭാഷയിൽ ഓരോ അക്ഷരവും തന്നെ അർത്ഥനിബിഡമാണെന്ന കണ്ടെത്തൽ അദ്ദേഹത്തിന്റെ ഭാഷാപ്രയോഗത്തിന്റെ സവിശേഷതയാണ്. അർത്ഥങ്ങൾ കൂടിയിഴുകിച്ചേർന്ന് സങ്കീർണ്ണാശയങ്ങൾ രൂപപ്പെടുന്നത് സംസ്കൃതത്തിലേതുപോലെ മറ്റെവിടെ? യതിയുടെ ഋഗ്വേദപഠനത്തിലെ (ഋഗ്വേദം - പഠനം, നാരായണഗുരുകുലം, വർക്കല, 2001) പുറങ്ങൾ 172-173 അത്യന്തം രസിപ്പിക്കുന്നവയാണ്. നിഷേധധ്വനിയുള്ള 'ന,മ,ത' എന്നിവയും അംഗീകാരധ്വനിയുള്ള 'സ'യും ചേർന്നുണ്ടാകുന്ന വാക്കുകളും അവയുടെ

അർത്ഥരൂപാന്തരങ്ങളും അദ്ദേഹം വിവരിച്ചു കാണിക്കുന്നു. ഉദാ: സത്യം പിരിച്ചെഴുതിയാൽ സ+തി+യം. ഉണ്മയുടെ അംഗീകാരത്തെ ദ്യോതിപ്പിക്കുന്ന 'സ'യ്ക്കും 'യ'യ്ക്കുമിടയ്ക്ക് നിരാകാരാർത്ഥമുള്ള ത (തമസ്) വന്നിട്ടും അതിനെ ഇരുവശത്തുമുള്ള ഉണ്മ സ്വരൂപത്തിലേക്ക് ഉൾക്കൊണ്ട് മാറ്റിയെടുക്കുന്നു. 'ത'യുടെ ദോഷം ഇല്ലാതാകുന്നു.

സ്വന്തം കണ്ടെത്തൽ: നിഷേധസ്വരങ്ങളായ 'മ,ന'കളുടെ സഞ്ചലിതത്വത്തിൽ നിന്ന് 'സ' നിജസ്ഥിതിയെ സൃഷ്ടിക്കുന്ന പ്രതിഭാസമാണ് മനസ്സ്. മിക്ക മൂല രൂപങ്ങൾക്കും മൂന്നു ഘടകമാത്രകൾ ഉള്ളതായി കാണാം: ഉദാ: ശരീരം, മനസ്സ്, ഈശ്വരൻ, പ്രപഞ്ചം, സാഹിത്യം, സംഗീതം, സ്പർശനം തുടങ്ങിയവ.

*സംസ്കാരത്തിന്റെ അടിസ്ഥാനശിലയും അനുഭവങ്ങളുടെ വാതിലും ഭാവനയുടെ മേല്ക്കൂരയും ഓർമ്മയുടെ അടിത്തറയും സ്നേഹത്തിന്റെ കിടപ്പറയും സർവ്വോപരി സംശയത്തിന്റെയും അനിശ്ചിതത്വത്തിന്റെയും ചോദ്യംചെയ്യലിന്റെയും അന്തരീക്ഷത്തിലേക്കു തുറക്കുന്ന ജനാലയുമാണ് ഭാഷ.* (ഡോൺ ക്വിക്സോട്ട് ദ് ലമാൻഷ എന്ന നോവലിനെക്കുറിച്ച്; വിവ. വിപിൻ ചന്ദ്രൻ, മലയാളം വാരിക, 25.11.05)

നാമുച്ചരിക്കുന്ന ഓരോ വാക്കിന്റെയും ശബ്ദം ഒരിക്കലും നശിക്കുന്നില്ല. എത്ര നേർത്തതായിരുന്നാലും അതുണ്ടാക്കുന്ന തരംഗങ്ങൾ വിഹായസിൽ എന്നെന്നും മുഴങ്ങിക്കൊണ്ടിരിക്കും എന്നറിയുന്നതു തന്നെ എന്തൊരു വിസ്മയമായിരിക്കേണ്ടതാണ്! ഓരോ വാക്കും അനന്തതയിലേയ്ക്ക് നീളുന്ന ഒരോളം സൃഷ്ടിക്കുന്നുണ്ട്.

❑

# 18

# സ്വരലയം

ഒരു സ്വപ്നത്തിലെ കഥയല്ല, കഥയിലെ സ്വപ്നമാണ് എന്നേറ്റുപറഞ്ഞുകൊണ്ടുതന്നെ ഈ അനുഭവം വെളിപ്പെടുത്തുകയാണ്. യഥാർത്ഥ ജീവിതത്തിൽനിന്നാണ് ഇതിന്റെ ഊടും പാവും ഉരുത്തിരിഞ്ഞിട്ടുള്ളത് എന്നതുകൊണ്ടാണ് പത്തുപതിനഞ്ച് വർഷങ്ങൾക്കുശേഷവും എന്റെ മനസ്സിലിതു മായാതെ കിടക്കുന്നത്. ഇതിലെ സ്ഥലകാലസാന്നിദ്ധ്യങ്ങളെ അറിയാത്തവർക്ക് ഇതിന്റെ ഉള്ളുകള്ളികൾ അത്രയൊന്നും മനസ്സിലായെന്നുവരില്ല. എന്നിരുന്നാലും, ഉണ്മയിൽ നിന്ന് ശൂന്യതയെ നെയ്തെടുക്കുകയാണോ, ശൂന്യതയിൽ നിന്ന് ഉണ്മയെ സൃഷ്ടിക്കുകയാണോ ഒരു സ്വപ്നത്തിന്റെ പണി എന്നു ചിന്തിക്കാൻ ഇതു പ്രേരകമായേക്കാം. രണ്ടുംകൂടിയാണ് എന്നാണെന്റെ നിഗമനം.

സസ്യവേലികളുടെ ഗ്രാമം എന്നർത്ഥം വരുന്ന Hägendorf ൽ – Swtizerland -- ഉള്ള ഒരു കുന്നിന്മുകളിലേയ്ക്ക് ഒറ്റയ്ക്ക് നടക്കുകയാണ് ഞാൻ. ഏപ്രിൽ മാസത്തിലെ ഇളംചൂടുള്ള ഒരു ദിവസം. ചെടികളായ ചെടികളെല്ലാം തളിർത്തും പൂവിട്ടും വസന്താഗമനം അറിയിക്കുന്നുണ്ട്. കിളികളെല്ലാം ഉല്ലസിച്ച് ബഹളം വയ്ക്കുന്നുണ്ട്. നായ്ക്കളെ നടക്കാൻ കൊണ്ടുപോകുന്നവർ, അന്യർ അടുത്തുവരുമ്പോൾ, അവയെ തുടലിൽ കുരുക്കുകയും പിന്നീട് അഴിച്ചുവിടുകയും ചെയ്യുന്നു. ഇടയ്ക്കിടയ്ക്ക് അവ കാഷ്ടിക്കുന്നത് ചെറിയ പ്ലാസ്റ്റിക് കൂടിനുള്ളിലാക്കി, വഴിയരുകിൽ അതിനായി സ്ഥാപിച്ചിരിക്കുന്ന പെട്ടികളിലിടുന്നത് കാണാം. മറ്റ് വഴിപോക്കർക്ക് അസഹ്യമാകുന്നതൊന്നും തങ്ങളുടെ ഭാഗത്തുനിന്നുണ്ടാകരുത് എന്ന മര്യാദയുടെ പ്രതിഫലനങ്ങളാണ് ഇതൊക്കെ. തിരിച്ചു വീട്ടിലേയ്ക്ക് ലൈൻബസ്സിൽ പോകാമെന്ന് ഞാൻ കരുതി.

ആദ്യം വന്ന ബസിൽ കയറി ഞാൻ Kantonsspital Olten വരെയുള്ള റ്റിക്കറ്റെടുത്തു. Hägendorfൽ നിന്ന് പന്ത്രണ്ട് കി.മീ. അകലെക്കിടക്കുന്ന ടൗൺ ആണ് ഓൾട്ടൻ. കിഴുക്കാംതൂക്കായി പോകുന്ന വഴിയിലൂടെ ഇറങ്ങി വലിയ മണിമാളികയുള്ള ഒരു കെട്ടിടത്തിനടുത്ത് ബസ്സ് നിറുത്തിയപ്പോഴാണ് സ്വപ്നാകരമായ ഒരനുഭൂതിയിൽ നിന്ന് ഞാൻ ഞെട്ടിയുണരുന്നത്. അദ്ഭുതമെന്നേ പറയേണ്ടൂ, ആ ചുരുങ്ങിയ സമയംകൊണ്ട് മറ്റെവിടെയെല്ലാമോ ഞാൻ സഞ്ചരിച്ചുകഴിഞ്ഞിരുന്നു. മുംബയിൽ ലോവർ പരേലിൽ ഒരു സിന്ധി കോളനിയുണ്ട്. അതിന്റെ കിഴക്കുഭാഗത്ത് ഒരു കുന്നുണ്ട്. ഞാൻ വളരെക്കാലം കയറിയിറങ്ങിയിട്ടുള്ള ആ തിട്ടയാണ് എന്തുകൊണ്ടോ എന്റെ മനസ്സിലപ്പോൾ തെളിഞ്ഞുവന്ന ദൃശ്യം. അവിടെനിന്ന് പുറപ്പെടുന്ന ബെസ്റ്റിന്റെ - Bombay Electricity and State Transport - ഡബിൾ ഡെക്കർ ബസ്സിൽ എത്ര തവണയാണ് ഞാൻ ഓടിക്കയറിയിട്ടുള്ളത്. ആ ഓർമ്മകളെ ലാളിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. ബസ്സിൽ നിന്നിറങ്ങി, വീണ്ടും ഏകാകിയായി അല്പംകൂടെ നടക്കാനാഗ്രഹിച്ച്, മുകളിലേയ്ക്ക് കയറുന്ന ഒരു നടപ്പാതയിലൂടെ ഞാൻ മുന്നോട്ടു നീങ്ങി. അവിടെയടുത്ത്, Platz der Stille (വിശ്രാന്തിയുടെ സ്ഥലം) എന്നറിയപ്പെടുന്ന, ലോവർ പരേലിലേതിനു സമാനമായ, നിരപ്പേൽ ഒരു കൊച്ചു ലൈബ്രറിയുണ്ട്. ഞാനവിടെ കയറി. ഒരു ഹാളിൽ പൊതുപരിശീലനത്തിനായി വച്ചിരിക്കുന്ന ഒരു പിയാനോയിൽ, മുമ്പിൽ വച്ചിരുന്ന, പാശ്ചാത്യരീതിയിൽ നോട്ടെഴുതിയ, കടലാസിൽ നോക്കി, വായിക്കുന്നതാരെന്നോ? സാക്ഷാൽ നിത്യചൈതന്യയതി! ബേതോവെന്റെ *Für Elise* എന്ന ഗീതമാണദ്ദേഹം ഒപ്പിച്ചെടുക്കാൻ നോക്കുന്നത്; പക്ഷേ അത്ര ശരിയാകുന്നില്ല. അടുത്തുചെന്നുനിന്ന്, ശ്രദ്ധിച്ചുകൊള്ളട്ടേ എന്നു ചോദിച്ച് ഞാൻ ഒന്നു ചിരിച്ചു. ആഹാ, ഇതാര്, ഇവിടെയടുത്താണോ താമസം എന്നെന്നോട് ചോദിച്ചുകൊണ്ട് അദ്ദേഹമെഴുന്നേറ്റു. സ്വിറ്റ്സർലന്റിൽ വന്നതിന്റെ ഉദ്ദേശ്യവും മറ്റും എന്നോട് വിവരിച്ചുകൊണ്ട്, എന്റെകൂടെ ചുരം കയറി നടന്നു. Olten ടൗണിലുള്ള ബനെഡിക്റ്റൈൻ ആശ്രമത്തിലാണ് താമസം, വാടകയല്പം കൂടുതലാണ് എന്നൊക്കെ പറഞ്ഞു. എന്റെ വീട്ടിൽ വന്നു തങ്ങാം, ആ കാണുന്ന ഗോപുരത്തിനടുത്താണ് എന്നൊക്കെ ഞാനും പറഞ്ഞു. വീട്ടിൽ വരാമെന്നു മാത്രം അദ്ദേഹം സമ്മതിക്കുകയും ചെയ്തു.

രണ്ട് ദിവസം കഴിഞ്ഞ് അദ്ദേഹം വീട്ടിൽ വന്നു. പള്ളിയറ ശ്രീധരനെഴുതിയ *ഗണിതം രസകരം* എന്ന കൊച്ചു പുസ്തകം എന്റെ ആൺകുട്ടികൾക്ക് സമ്മാനിച്ചു. അതെടുത്തു ഞാൻ മറിച്ചുനോക്കി. കുട്ടികളെ ഒരു കണക്കു പഠിപ്പിക്കാൻ വേണ്ടി ഒരദ്ധ്യാപകൻ പറയുന്ന കഥയിൽ ഒരൊരാസ്യത്തിന്റെ വിവരണം ഇങ്ങനെയാണ്: *ആൺകുട്ടിയാണ്*

*ജനിക്കുന്നതെങ്കിൽ, ഭാര്യയുടെ വിഹിതത്തിന്റെ ഇരട്ടി അവന്. പെൺ കുഞ്ഞാണെങ്കിൽ, നേർപകുതി.* ഇത് കണ്ടതേ, ഞാൻ വാചാലനായി.

"വായിച്ചു പോകുന്നവർക്ക്, വിശേഷിച്ച് കുട്ടികൾക്ക്, ഒന്നും തോന്നുകയില്ലെന്നായിരിക്കാം ഗ്രന്ഥകാരന്റെ ഭാവം. എന്നാലദ്ദേഹത്തിനു തെറ്റി. ചെയ്യുന്നതെന്തെന്നറിയാതെ, ധാരാളമെഴുത്തുകാർ ഇത്തരം വികൃതഭാഷ്യങ്ങൾ തൊടുത്തുവിടാറുണ്ട്. എന്നിട്ട്, പൊതുവേദികളിലും മാധ്യമങ്ങളിലും ആൺപെൺതുല്യതയ്ക്കുവേണ്ടി പടുവായ് കീറും." അല്പം കുപിതനായി ഞാൻ പറഞ്ഞു. ഗുരു എതിരൊന്നും പറഞ്ഞില്ല.

നിത്യചൈതന്യയതിയുടെ കൃതികൾ എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്, പലതും പഠിപ്പിച്ചിട്ടുണ്ട്. ശ്രീ ശങ്കരാചാര്യരുടെ വിവേകചൂടാമണിയുടെ വിശദീകരണമായി യതി എഴുതിയ വേദാന്തപരിചയം (രണ്ട് വലിയ വാല്യങ്ങൾ!) എടുത്തുപറയേണ്ടതാണ്. ഇരുപതു വർഷമെടുത്തു ഇവ പൂർത്തിയാക്കാൻ. അതും 1999 ൽ അദ്ദേഹം മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുൻപ്. ഊട്ടിയിൽ നടരാജഗുരു ഗുരുകുലം സ്ഥാപിക്കുകയും യതി അതിന്റെ സാരഥിയാകുകയും ചെയ്തശേഷം, ഒരിക്കൽ ഞാൻ അദ്ദേഹത്തെ അവിടെവച്ച് പരിചയപ്പെട്ടു. അന്ന് അടുത്തുള്ള ഒരു വിദ്യാലയത്തിലെ കുഞ്ഞുങ്ങൾ അദ്ദേഹത്തിന് ചുറ്റും കൂടി നിന്നിരുന്നു. അത് ഞാൻ ഓർത്തിരിക്കാൻ പ്രധാന കാരണം, അവിടെ അന്ന് കണ്ട ഒരു പെൺകുട്ടിയുടെ മായാത്ത രൂപമാണ്. കഷ്ടിച്ച് നാലു വയസ് കാണും അവൾക്ക് പ്രായം. പേര് തെരേസ്. അവൾ നടക്കുന്നതും ചെയ്യുന്നതുമെല്ലാം നൃത്താത്മകമായിരുന്നു. എന്തൊരു താളലയം! അങ്ങേയറ്റം സഹജമായ അവളുടെ ആ വശ്യത പിന്നീടൊരിക്കലും എനിക്ക് മറക്കാനായിട്ടില്ല. പ്രകൃതിയിൽ സ്ഥായിയായി ഒരു താളാത്മകഭാവം നിലനിൽക്കുന്നുണ്ടെന്ന് എനിക്ക് ആദ്യം കാണിച്ചു തന്നത് ആ കൊച്ചു പൈതലാണ്. എന്തുകൊണ്ടെന്നറിയില്ല, *Für Elise* കേൾക്കാനിടവരികയോ അത് മൂളിക്കൊണ്ട് നടക്കുകയോ ചെയ്യുമ്പോഴെല്ലാം, ആ കുഞ്ഞിന്റെ അഴകേറിയ രൂപവും ഭാവങ്ങളും എന്നിലേയ്ക്ക് കടന്നുവരികയും എനിക്കുണ്ടാകുന്നതെല്ലാം പെൺകുഞ്ഞുങ്ങളായിരിക്കാൻ കൊതിക്കയും ചെയ്തുകൊണ്ടിരുന്നു. .

രസകരമായ ഒരു കഥയുണ്ട് *Für Elise* യുടെ സൃഷ്ടിയെപ്പറ്റി. Beethoven അതെഴുതിയത്, അദ്ദേഹം സ്നേഹിച്ചിരുന്ന ഒരു തെരേസിനു വേണ്ടിയായിരുന്നു. അവൾ കൈവിട്ടുപോയപ്പോൾ, For Theres എന്നത് For Elise എന്ന് മാറ്റിയതാണത്രേ.

തീരെ പരിമിതമായ സ്വരങ്ങൾ കൊണ്ട്, A minor scale-ൽ അതിലളിതമായ, എന്നാൽ ശ്രുതിമധുരമായ ലയത്തെ സൃഷ്ടിക്കുകയാണ്

ബേതോവെൻ അതിലൂടെ സാധിച്ചിരിക്കുന്നത്. സഡ്ജത്തിൽ നിന്ന് വലിയ നിഷാദത്തിലേയ്ക്ക് ഒഴുകിയിറങ്ങുമ്പോളുണ്ടാകുന്ന അരസ്വര ത്തിന്റെ (half note) ആവർത്തനംകൊണ്ട് വിഷാദാത്മകമായ ഒരനുഭൂതി യുണ്ടാക്കുന്ന സൂത്രമാണിതിൽ പ്രയോഗിച്ചിരിക്കുന്നത്.

ചരണത്തിലേയ്ക്ക് വരുമ്പോൾ, ഊട്ടിക്കാരി കൊച്ചുതെരേസിന്റെ നൃത്തഭംഗികളാണ് എന്നുള്ളിൽ നിറയുക. കീർത്തികേട്ട ഈ റ്റ്യൂൺ ആസ്വദിക്കാനാഗ്രഹിക്കുന്നവർ ഈ ലിങ്ക് സന്ദർശിക്കുക:

http://www.youtube.com/watch?v=yAsDLGjMhFI&feature=related

ലിങ്ക് തുറക്കുമ്പോൾ, ജൂലിയ ഫിഷെർ പിയാനോയിൽ ഈ സംഗീതം വായിക്കുന്നത് കേൾക്കുന്നതിനേക്കാൾ മനോഹരമാണ്, അവരുടെ ശരീരം മുഴുവൻ സംഗീതത്തിനൊത്ത് താളാത്മകമാകുന്നതും കൈവിരലുകൾ കട്ടകളിൽ ഒട്ടും മർദ്ദം ചെലുത്തുന്നതായി തോന്നി ക്കാതെ, നൃത്തംവച്ച് ഒഴുകിയൊഴുകി മാറുന്നതും കാണുക. അവളുടെ ശരീരം മുഴുവൻ, ഊട്ടിയിൽ വച്ച് എന്റെയകതാരിൽ കടന്നുകൂടിയ പെൺകുഞ്ഞിനെപ്പോലെ, ഒരു സുന്ദര ഗീതത്തിലെ താളവും ലയവുമായി മാറുന്ന അത്യപൂർവമായ അനുഭവമാണ് കാണികളിലും ശ്രോതാ ക്കളിലും സൃഷ്ടിക്കുന്നത്.

❑

# 19

# സംഗീതത്തിലെ മൗനം

വളരെ വലിയ സംഗീതപ്രേമികളാണ് കേരളീയർ. പൊതുഗതാഗതസൗകര്യങ്ങളിൽ പോലും, വണ്ടിയുണ്ടാക്കുന്ന ഗംഭീരൻ *ചെത്തത്തെ* മൂടിക്കളയാനെന്നോണം ഉച്ചത്തിൽ പെട്ടിപ്പാട്ടുമായി കിതച്ചുപായുന്നവർ വേറേയെവിടെയുണ്ട്? മൈക്കുപയോഗിച്ച് പരസ്യങ്ങളുമായി നാടായ നാടെല്ലാം ഊരു ചുറ്റുന്നവർ വിരാമമില്ലാത്ത പാട്ടു കച്ചേരിക്കിടയ്ക്കാണ്, കേട്ടാലൊന്നും തിരിയാത്തവിധം 'എക്കോയും' 'വൈബ്രേഷനും' ചേർത്ത് ഓരോന്ന് വിളിച്ചുകൂവുന്നത്. നമുക്ക് ഗന്ധർവ സംഗീതം പോലും ഒരുവിധത്തിൽ ഒരു വലിയ ശബ്ദകോലാഹലമാണ്. ചാനലുകളിലെ സംഗീതമത്സരങ്ങളിൽ ഗായകർ സ്വരമൊന്നു നിറുത്താൻ നോക്കിയിരിക്കുമ്പോലെയാണ് ഓർകെസ്ട്ര ചാടിവീണ് ഇടം നിറയ്ക്കുന്നത്! മലയാളികൾ കൂടുന്നിടത്തൊക്കെ (ഇത് പ്രവാസികളുടെയിടയിലും വളരെ ശരിയാണ്) മൈക്ക് പിടിപ്പിക്കുക, അത് ഏറ്റം കൂടിയ സ്വരത്തിൽ സെറ്റപ്പ് ചെയ്ത്, ആബാലവൃദ്ധം ശ്രവണേന്ദ്രിയം കേടാക്കി വിടുക എന്നതൊക്കെ പണ്ടും ഇന്നും തകൃതിയായി നടക്കുന്ന തമാശകളാണ്. ചുരുക്കി പറഞ്ഞാൽ, ഒരു നിമിഷംപോലും മൗനമായി ഇരിക്കുക നമുക്ക്, മലയാളികൾക്ക് പറഞ്ഞിട്ടില്ല.

എന്നാൽ, മൗനം അസ്വസ്ഥതയായി തോന്നുന്നവർക്ക് ഒരു വലിയ സത്യം കൈവിട്ടുപോകുന്നു. എന്തെങ്കിലുമാസ്വദിക്കാൻ നിശ്ശബ്ദ നിമിഷങ്ങൾ അനിവാര്യമാണ്. സപ്തസ്വരങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന സംഗീതമാധുര്യം ഉള്ളിലുറങ്ങുന്ന ആത്മാവിനെ തൊട്ടുവിളിച്ചുണർത്തുന്നത് മൗനത്തിന്റെ ജീവനാഡികളിലൂടെയാണ്. സംഗീതം അതിന്റെ പാരമ്യത്തിൽ ആസ്വാദ്യകരമാകുന്നത്, അതിനിടയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന

മൗനസമ്പന്നതയിലൂടെയാണ്. ഇവിടെ കൊടുത്തിരിക്കുന്ന ലിങ്കിൽ കിട്ടുന്ന സംഗീതം ശ്രദ്ധിച്ചു ശ്രവിക്കാൻ സമയമുള്ളവർക്ക് ഇക്കാര്യം ഉടൻ മനസ്സിലാകും. ശബ്ദകോലാഹലമില്ലാതെ, മൗനത്തിന്റെ ഇടവേള കളിലൂടെ സംഗീതത്തെ അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്ന അദ്ഭുതം ഈ Youtube video-clipൽ അനുഭവിക്കാം.

http://www.youtube.com/watch?v=M24InNcejgg&feature=related

സ്വരങ്ങളിൽ നിന്ന് വാക്കുണ്ടാകുന്നത്, പദ(ശബ്ദ)ങ്ങളിൽ ആശയ ങ്ങളെ ഒളിച്ചുവയ്ക്കുന്നത്, അവയിലൂടെ ജ്ഞാനം ആർജ്ജിതമാകുന്നത്, ജ്ഞാനത്തിൽ നിന്ന് ബോധമുദിക്കുന്നത് എന്നതൊക്കെ ഇതിനു സമാന മായ അദ്ഭുതങ്ങളാണ്. മൗനസാന്ദ്രമായ ശ്രദ്ധയില്ലാതെ അവയൊന്നും അന്തരംഗത്ത് മുദ്രിതമാകില്ല. കാരണം, ഇവയെല്ലാം മിന്നൽവേഗത്തി ലാണ് സംഭവിക്കുക. പ്രകാശത്തിന്റെ വേഗത്തെ വെല്ലുന്നതൊന്നും പ്രപഞ്ചത്തിലില്ലെന്ന് ഐൻഷ്റ്റൈൻ പറയുമ്പോൾ, അത്ര തീർച്ചപറ യാൻ അദ്ദേഹത്തിന് എന്താണാധാരമന്ന് ഞാൻ സംശയിച്ചിട്ടുണ്ട്. മനുഷ്യന്റെയറിവിൽ, അതിൽക്കവിഞ്ഞ ഒരു വേഗം ഭൗതികലോകത്ത് ഇല്ലെന്നേ അതിനർത്ഥമുള്ളൂ എന്ന് ഞാൻ മനസ്സിലാക്കുന്നു. (100 ശത മാനം സ്ഥിരീകരിച്ചിട്ടില്ലെങ്കിലും 2011-ൽ CERN നടത്തിയ പരീക്ഷണ ങ്ഫലിൽ നിന്നു തെളിയുന്നത്, ക്വാണ്ടം ലോകത്തിൽ ന്യൂട്രിനോ എന്ന അതിസൂക്ഷ്മ ഘടകത്തിന്റെ വേഗം ഫോട്ടോണിന്റെ വേഗത്തെ മറികട ക്കുന്നതാണ് എന്നതാണ്. (A fundamental subatomic particle, the neutrino, seems to be capable of travelling faster than the speed of light). നമുക്ക് എല്ലാ അറിവിന്റെയും ആധാരവും മാദ്ധ്യമവും വെളിച്ചമാണ്. പ്രകാശമില്ലെങ്കിൽ ഐന്ദ്രികമായ സമ്പർക്കങ്ങളോ, അവവഴി തലച്ചോ റിൽ ഉരുത്തിരിയുന്ന അറിവോ അനുഭൂതിയോ സാധ്യമല്ലല്ലോ. (പ്രകാശ മെന്നാൽ, ഒരേ സമയം വിദ്യുത്കാന്തോർജ്ജം എന്നും ആത്മാവിന്റെ കണ്ണെന്നും മനസ്സിൽ വയ്ക്കണം.) പ്രകാശമില്ലെങ്കിൽ, നമുക്ക് പ്രപ ഞ്ചമില്ല. സഹസ്രാബ്ദങ്ങൾക്കു മുമ്പ് കുറിക്കപ്പെട്ട വേദവാക്യം ഓർമി പ്പിക്കുന്നു, പ്രകാശമുണ്ടാകുന്നതുവരെ ഭൂമി (പ്രപഞ്ചം) രൂപമില്ലാത്ത തായിരുന്നു എന്ന്. ആകാശത്തിനും ഭൂമിക്കും പ്രകാശം അള്ളാവാകുന്നു എന്ന് ഖുറാൻ. അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് (ഇല്ലായ്മ യിൽ നിന്ന് ഉണ്മയിലേയ്ക്ക്) എന്നെ നയിക്കണമേ എന്നാണ് ഏറ്റവും ഹൃദയ ഹാരിയായ ഹൈന്ദവജപം. അറിവ് പ്രകാശമാണെന്നും, അറിയു ന്നവനും, അറിയപ്പെടുന്നതും ഒന്നാകുന്നതുവരെ അറിവെന്നയദ്ഭുതം ഉണ്ടാവില്ല എന്നിവയിൽ കവിഞ്ഞ ഒരു മന:ശാസ്ത്രവുമില്ല. അറിവു മാത്രമാണ് അഴിവും നിഴലുമില്ലാത്ത പ്രകാശം.

Dosho Port ന്റെ *Keep me in your heart a while* (The haunting Zen of Dainin Katagiri, Wisdom Publications, Boston 2009) എന്ന പുസ്തകത്തിൽ, ഒരു വാക്യം ഇങ്ങനെ: *ബുദ്ധന്റെ വിശാലലോകത്തിലെത്താൻ നാം ചെയ്യേണ്ടതിതാണ്. ശരീരത്തിന്റെയും ആത്മാവിന്റെയും പ്രകൃതങ്ങൾ ചേർന്നതാണ് മനുഷ്യൻ എന്നോർക്കുക. അതിൽ ആത്മാവാണ് ഹൃദയം, ജീവന്റെ സ്രോതസ്. അത് പ്രപഞ്ചത്തോളം വിസ്തൃതമാണ്. അത് തുറന്നിടുക. ഏത് ചെറിയ കാര്യത്തെയും വലുതാക്കുന്നത് ഈ ശ്രദ്ധയാണ്.* സ്വരത്തിൽ നിന്ന് സംഗീതം ജനിക്കുക, പുറത്തെ വെളിച്ചത്തിലൂടെ അകത്തു ജ്ഞാനം തെളിയുക, വെറുമൊരു കടാക്ഷത്തിലൂടെ അപാരമായ സ്നേഹം വിതറുക എന്നതൊക്കെ അതിന്റെ ഫലങ്ങളാണ്. മൗനം ഹൃദയത്തിൽ നിറയുമ്പോൾ മാത്രമാണ് ശരീരത്തെയും ആത്മാവിനെയും വേണ്ടവണ്ണം കൂട്ടിയിണക്കുന്ന, സ്ഥൂലതയിലൂടെ സൂക്ഷ്മതയിലേയ്ക്ക് കടക്കാനാവുകയെന്ന വിദ്യ നാം കണ്ടെത്തുന്നത്. ശബ്ദകോലാഹലങ്ങളും കാഴ്ച്ചക്കേളികളും ബാക്കി വയ്ക്കുന്നത് ശൂന്യത മാത്രമാണ്.

സ്ഥൂലതയും സ്വാതന്ത്ര്യവും വിരുദ്ധ ധ്രുവങ്ങളാണ്. ഉപകാരമില്ലാതെ കൂടിക്കിടക്കുന്ന വസ്തുക്കൾ മുറിയുടെ ഭംഗി മാത്രമല്ല, അതിന്റെയർത്ഥംതന്നെ ഇല്ലാതാക്കുമ്പോലെ, അനാവശ്യ ചിന്തകൾ മനസ്സിനെ ഞെരുക്കും. ഇടയ്ക്കിടയ്ക്ക് മനസ്സിനും ഒരു അടിച്ചുവാരലും നനച്ചുതൂക്കലും ആവശ്യമാണ്. അതൊട്ടും എളുപ്പമല്ലതാനും. അതിലും ബുദ്ധിപൂർവ്വവും അത്യാവശ്യവുമായ കാര്യം അനാവശ്യമായവ ഉള്ളിലേയ്ക്ക് കടക്കാനനുവദിക്കാതിരിക്കുകയാണ് – അനാവശ്യ വാർത്തകൾ, ഉപകരിക്കാത്തയറിവുകൾ, വേണ്ടാത്ത ബന്ധങ്ങൾ തുടങ്ങിയവ. കാരണം, സ്വാതന്ത്ര്യമെന്നത് വ്യക്തിത്വത്തിന്റെ ഒരു പൊതുഭാവമാണ്. അന്തിമ വിശകലനത്തിൽ, വിശാലമായ ഇടമാണ് അതിനാധാരം. ഇടത്തെ കൊല്ലുന്നതെന്തും സ്വാതന്ത്ര്യത്തെയും കൊല്ലും. ഇടമെന്നാൽ ആകാശമാണ്. ആകാശത്തിന്റെ ഗുണമാണ് മൗനം. ജീവന്റെയും സൗന്ദര്യത്തിന്റെയും സംഗീതത്തിന്റെയും മുന്നോടിയാണത്.

❑

# 20

# ഞാനും എന്റെ നിഴലും

ആവർത്തിച്ചു വായിച്ചാലും മനസ്സിലാക്കാൻ വീണ്ടും ബാക്കിയിരിക്കുന്ന കൃതിയാണ് നിത്യചൈതന്യയതിയുടെ ഋഗ്വേദപഠനം. അതിൽ മണ്ഡലം 1, സൂക്തം 3, മന്ത്രം 1–3 അശ്വനീദേവതകളോടുള്ള പ്രാർത്ഥനയാണ്. സൂര്യന് തന്റെ ഭാര്യ സംജ്ഞയിലുള്ള കുമാരന്മാരാണിവർ. സൂര്യൻ പ്രകാശമാണെങ്കിൽ അതിന്റെ മറുപുറമാണ് നിഴൽ.

ഭാരതീയർ സൂര്യന് സംജ്ഞ (പ്രകാശം) എന്ന യഥാർത്ഥ ഭാര്യയെ സങ്കല്പിച്ചു നൽകിയപ്പോൾ 'ഛായ' എന്ന കള്ള ഭാര്യയേയും നൽകി. അവളുടെ അസ്തിത്വം സൂര്യനും സംജ്ഞയും അറിയുന്നതുതന്നെ ഒരിക്കൽ ഛായ സൂര്യപുത്രനായ യമനെ ശപിക്കുമ്പോഴാണ്. നമ്മുടെ ഉള്ളിലും മറഞ്ഞിരിക്കുന്ന ഛായയുണ്ട്. അവളെ അംഗീകരിക്കാനാകുക എന്നതുതന്നെ സ്വയം പ്രകാശിക്കാനുള്ള ആദ്യപടിയാണ്. ആത്മീയ തലത്തിൽ പ്രകാശമെന്നാൽ അറിവാണ്. ദിവ്, വിദ്യ എന്ന പദങ്ങൾ ഒരേ ധാതുവിൽ നിന്നുദ്ഭവിക്കുന്നു. ദിവ് -> ദേവൻ -> ദൈവം. അതുതന്നെയാണ് വിദ്യ, അറിവ്. സ്വയം പ്രകാശിതമായി അറിയുന്നതുതന്നെയാണ് ദൈവതം. ഈ അറിവിന്റെ അഭാവമാണ് ഛായ, നിഴൽ.

എന്നാൽ വെളിച്ചത്തിന്റെ അഭാവമല്ല നിഴൽ. അത് അന്ധകരമാണ്. വെളിച്ചം കാണാൻ കണ്ണില്ലാത്ത അവസ്ഥയും അന്ധകാരത്തെയുണ്ടാക്കും.

അപ്പോൾ നിഴലോ? നിഴലുണ്ടാകണമെങ്കിൽ അതാര്യമായ വസ്തുവും അതിന്റെ ഒരു വശത്തുനിന്നു പതിക്കുന്ന പ്രകാശവും വേണം. വെളിച്ചത്തെ കടത്തിവിടാത്ത വസ്തുവിന്റെ അതാര്യതയുടെ പ്രതി

ബിംബമാണ് നിഴൽ. എന്നിരുന്നാലും നിഴൽ നമുക്കു ദൃശ്യമാകണമെങ്കിൽ അതാര്യതയെ വലയം ചെയ്യുന്ന നേരിയ പ്രകാശമെങ്കിലും ഉണ്ടായിരിക്കണം. അതായത്, നിഴൽ വീഴുന്ന വശത്തും വെളിച്ചം വിതറിയിരിക്കണം. പ്രകാശത്തിന്റെ അഭാവത്തെ കാണാൻ പോലും പ്രകാശം ആവശ്യമായി വരുന്നു എന്നർത്ഥം.

അതാര്യതയാണ് നിഴലിനു നിദാനമെങ്കിൽ ഏതു ഖരവസ്തുവിനും അതിന്റെ അതാര്യതയുടെ നിഴലുണ്ടാകാം. ഏതനുപാതത്തിൽ ഞാൻ പ്രകാശത്തെ സ്വീകരിക്കുന്നുവോ, തടയുന്നുവോ എന്നതിനനുസരിച്ച് എന്റെ നിഴലും കൂടിയോ കുറഞ്ഞോ ഇരിക്കും. എന്റെ ഭൗതിക/ആത്മീയ തലങ്ങളെ ഒരുപോലെ ബാധിക്കുന്ന സത്യമാണിത്.

അജ്ഞാനവും ഒരു തരം നിഴലാണ്. അതായത്, ബോധത്തിന്റെ. എല്ലാം ഒന്നാണെന്ന അറിവിനെ മറയ്ക്കുന്നത് ഈ നിഴലാണ്. വിശ്വം ഉണ്ടാകുന്നതുതന്നെ മായയിലാണെന്നു പറയുന്നു. വിശ്വമില്ലെങ്കിൽ നാമില്ല, നമ്മുടെ ജ്ഞാനവും അജ്ഞാനവും ഇല്ല. ആദിസത്ത അല്ലെങ്കിൽ പരമാത്മാവുമായി ഒന്നാകുന്ന വലിയ ആനന്ദം അനുഭവിക്കാൻ സാധിക്കുന്നതുതന്നെ മായ എന്ന, അജ്ഞാനമെന്ന, ഇരുൾ ഉള്ളതുകൊണ്ടാണ്. ഇരുട്ടിന്റെ വ്യാകുലതയാണ് വെളിച്ചത്തെ തേടാൻ നമ്മെ നിർബന്ധിക്കുന്നത്.

❑

# 21

# പ്രകൃതിയെ മറന്ന ഫ്രാൻസീസുമാർ

കോട്ടയം ജില്ലയിലെ ഒരു ഫ്രൻസീസ്കൻ ആശ്രമത്തിലെ തലവന് ജൂൺ 2, 2005 ൽ അയച്ച കത്താണിത്.

പ്രിയ സുഹൃത്തേ,

ഒരു കൂട്ടുകാരനെ സന്ദർശിക്കാനായി ഇന്നലെ ഞാൻ നിങ്ങളുടെ ആശ്രമത്തിലെത്തിയിരുന്നു. വിടപറഞ്ഞു തിരിച്ചുപോരുമ്പോൾ, ഊട്ടുമുറിയുടെയടുത്തുള്ള വരാന്തയിൽനിന്നുകൊണ്ടു തൊടാവുന്ന വിധം രണ്ട് ചെറിയ കൂടുകളിൽ ഓരോ അൽപപ്രാണികൾ ബന്ധനസ്ഥരായിരിക്കുന്നത് കണ്ടു. മതിഭ്രമംകൊണ്ട് ഒരഴിക്കൂടിനുള്ളിൽ നിറുത്തില്ലാതെ വട്ടംകറങ്ങുന്ന ഒരണ്ണാനും മറ്റേതിൽ വിഷാദമൂകയായിരിക്കുന്ന ഒരു മൈനയും എന്നിലുണ്ടാക്കിയ ദുഃഖം വിട്ടുമാറുന്നില്ല. ശ്യാമകേരളത്തിന്റെ അരണ്യപ്രാന്തങ്ങളിൽ കാട്ടുപറവകളുടെ സല്ലാപങ്ങളാസ്വദിച്ചും ധ്യാനിച്ചും കഴിഞ്ഞിട്ടുള്ള സാധകരും, ശ്രീനഗറിന്റെയും ജലന്തറിന്റെയും മറ്റും ആർഷധന്യതകളിൽ 'കുഞ്ഞാടുകളെ' മേയിച്ചിരുന്നവരും, ധ്യാനപ്രസംഗങ്ങളും കൗൺസെലിങ്ങും നടത്താൻ യൂറോപ്പിലും അമേരിക്കയിലും ചുറ്റിക്കറങ്ങുന്നവരുമൊക്കെ വിശ്രമജീവിതം നയിക്കുന്ന ഈ ആവൃതിക്കുള്ളിൽ ഇതെങ്ങനെ സംഭവ്യമായി എന്ന ചോദ്യത്തിനുത്തരം തരാൻ അപ്പോളവിടെ ആരുമുണ്ടായില്ല.

മണ്ണിലുറച്ചുചവുട്ടിയാൽ ദുർബലരായ പുഴുക്കളെ നോവിച്ചേയ്ക്കുമെന്നോർത്തു മനംനൊന്ത ഒരു വിശുദ്ധന്റെ അനുയായികൾക്ക് ജാലകപ്പാളിയിൽ തലതല്ലിയും അഴികളിൽ നഖമുടക്കിയും രണ്ടരിപ്രാണികൾ ഇഞ്ചിഞ്ചായി നിത്യേന മൃതപ്പെട്ടുകൊണ്ടിരിക്കുന്നത് എങ്ങനെ കണ്ടിരി

ക്കാനാവുന്നു? സ്വാതന്ത്ര്യത്തിന്റെ മൂർത്തീമത്ഭാവങ്ങളായ ഒരണ്ണാർ ക്കണ്ണനെയും ആകാശപ്പറവയെയും വെറും രണ്ടുമൂന്നു ചതുരശ്രച്ചാ ണുകൾക്കുള്ളിൽ തളച്ചിടാൻ നിങ്ങൾ താപസന്മാർക്ക് മനസ്സുവന്നതെ ങ്ങനെ? തങ്ങളുടെ ജന്മാവകാശമായ ആകാശം അവർക്ക് തിരിയെക്കൊടു ക്കാൻ കേണുകൊണ്ടിരിക്കുന്ന ഈ മിണ്ടാപ്രാണികളുടെ രോദനങ്ങൾ ഒരു കാഷായവസ്ത്രധാരിപോലും ശ്രദ്ധിക്കുന്നില്ലെന്നോ!

എകാകിതയുടെ ദുഃഖത്തിൽനിന്നുള്ള രക്ഷയ്ക്കായി, എല്ലാറ്റിനും ദൈവം ഇണകളെ നൽകി. തൊട്ടുതാഴെ പൂന്തോപ്പിൽ കൂട്ടുകൂടി തത്തി ക്കളിച്ച് ഇരതേടുന്ന സ്വന്തം കൂട്ടരെ കാണുമ്പോൾ ഈ ബന്ധിതരുടെ ചങ്ക് വേദനയിൽ തകരുന്നത്, സ്വന്തയിഷ്ടത്തിന് ഒറ്റത്തടിയായി കഴിയുന്ന നിങ്ങൾക്ക് കേൾക്കാനാവില്ലായിരിക്കാം. ഇണയെ തൊട്ടുരുമ്മിയും കൂടെ രമിച്ചും ഓടിപ്പറക്കേണ്ട ഈ പാവങ്ങളെ ഏകാന്തത്തുറുങ്കിലടയ്ക്കാൻ നിങ്ങൾക്കധികാരം തന്നതാര്? പ്രകൃതി നിങ്ങൾക്കൊരിക്കലും ഗുരുവാ യിരുന്നിട്ടില്ലെന്നോ? എങ്ങനെയാണ് നിങ്ങളുടെ മനസ്സുകൾ ഹിംസയുടെ ഹിമശൈലങ്ങളായിത്തീർന്നത്? ക്രിസ്തീയതയുടെ കാമ്പെന്തെന്നു തുടരെ പ്രസംഗിക്കുന്ന നിങ്ങളിൽ ജനം പ്രതീക്ഷിക്കുന്നത് കുഞ്ഞുങ്ങ ളുടെ നിഷ്ക്കളങ്കതയും യോഗിയുടെ ജ്ഞാനവുമാണെന്ന് നിങ്ങൾക്കറി യില്ലെന്നാണോ?

ഇരുട്ടിലായിപ്പോയ സസ്യത്തിന് ഒറ്റയാഗ്രഹമേ കാണൂ: അതിന്റെ കൈകൾ പ്രകാശത്തിലേയ്ക്കും കാലുകൾ ഭൂമിയുടെ നനവിലേയ്ക്കും നീട്ടാനാവുക. അഴികൾക്കുള്ളിലെയണ്ണാനും കിളിക്കും പ്രകൃതിയുടെ വിശാലത മാത്രമാണ് സ്വപ്നം. അതു മറന്ന്, ഇവരെ അഴികളുടെ ഏകാ ന്തതക്കുള്ളിൽ പൂട്ടിയിട്ടവരെ ഒരൊറ്റ ദിവസം ഒരു തൂണിൽ കെട്ടിയിട്ടു നോക്കൂ. പ്രകൃതിയുടെ ആർദ്രതയെ വഞ്ചിക്കാതിരിക്കാൻ, ജൈവതേ ജസിനെ ബഹുമാനിക്കാൻ, അവർ പഠിച്ചേക്കും!

ഈ കത്തിന് ഒരു പ്രതികരണവുമുണ്ടായില്ല. അതുകൊണ്ട്, വീണ്ടും ഞാനൊരു ശ്രമം നടത്തി. ആശ്രമവാസികൾക്കു വായിക്കാൻ താഴെക്കാ ണുന്ന കഥയെഴുതി അയയച്ചുകൊടുത്തു.

**'മൈനാമോൾ'**

പണ്ടുപണ്ടൊരു ആശ്രമമുണ്ടായിരുന്നു. ലോകം കണ്ടിട്ടുള്ളതിൽ ഏറ്റവും സൗമ്യനായ പ്രകൃതിസ്നേഹിയായിരുന്ന അസ്സീസിയിലെ ഫ്രാൻസീസിന്റെ അനുയായികളാണ് അവിടത്തെ അന്തേവാസികൾ. അവരിലൊരാൾ ഒരിക്കൽ ഒരു മൈനയെ കൂട്ടിലാക്കി വളർത്തി. മൈനാ മോൾ എന്നവളെ ഓമനിച്ചുവിളിച്ചുപോന്നു. സന്ന്യാസികൾ ദിവസവും സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർഥന ചൊല്ലുന്നത് കേട്ടുകേട്ട് മൈനാമോളും അതു മന:പാഠമാക്കി. പക്ഷേ, ഒരു സവിശേഷതയുണ്ടാ

യിരുന്നു. അവൾ അതാവർത്തിക്കുമ്പോൾ, അന്നന്ന് വേണ്ടുന്നയാഹാരം എന്നതിന് പകരം, അന്നന്ന് വേണ്ടുന്ന*യാകാശം* ഞങ്ങൾക്ക് തരേണമേ എന്നാണവൾ പറഞ്ഞുശീലിച്ചത്. അതു തിരുത്തിക്കൊടുക്കാൻ സന്ന്യാസികൾ ആവതു ശ്രമിച്ചിട്ടും നടന്നില്ല.

അങ്ങനെയിരിക്കേ, ഒരിക്കൽ ശുദ്ധമനസ്ക്കനായ ബ്രദർ സൂര്യപ്രിയൻ മൈനാമോളുടെ ഈ ആവർത്തനം കേട്ടപ്പോൾ പെട്ടെന്ന് അദ്ദേഹത്തിന് ഒരു വെളിപാടുണ്ടായി. ഞാനെന്താണീ കേൾക്കുന്നത്? ഈ പറവ യഥാർത്ഥത്തിൽ പ്രാർഥിക്കുകയാണല്ലോ. ആഹാരത്തെക്കാൾ പോലും ഏത് പറവയ്ക്കും ഇഷ്ടമായ ആകാശത്തിനുവേണ്ടിയല്ലേ അവൾ ചോദിച്ചുകൊണ്ടിരിക്കുന്നത്! ആകാശമെന്നാൽ, സ്വതന്ത്രമായി വിഹരിക്കാനുള്ളയിടം എന്നാണല്ലോ. അതല്ലേ ഞങ്ങൾ അവൾക്കു നഷ്ടപ്പെടുത്തിയത്! കഷ്ടം, ഇതിലും വലിയ ക്രൂരത ഒരു കിളിയോട് ചെയ്യാനില്ല. വിശുദ്ധ ഫ്രാൻസിസ് ഇതൊരിക്കലും അനുവദിക്കുമായിരുന്നില്ല.

സൂര്യപ്രിയൻ പിന്നെയൊന്നുമാലോചിച്ചില്ല, ചെന്ന് മൈനാമോളെ തുറന്നുവിട്ടു. ഒറ്റ കുതിപ്പിന്, അവൾ ആകാശത്തേയ്ക്ക് പറന്നുപോയി. ❑

# 22

# ഗീതഗോവിന്ദവും ഉത്തമഗീതവും

ഈ ലേഖനം വായിക്കുന്നതിലും മെച്ചം, മാനസികതടസം തോന്നാത്ത സ്വസ്ഥമായ ഒരു വേളയിൽ ഉത്തമഗീതവും (ബൈബിളിലെ *പാട്ടുകളുടെ പാട്ട്* എന്ന പുസ്തകം) ജയദേവനെഴുതിയ ഗീതഗോവിന്ദവും ആദ്യന്തം ഒന്ന് വായിക്കുകയാണ്. ഭാരതത്തിലെ ക്രൈസ്തവ ഇടയന്മാരുടെ അഭീഷ്ടമനുസരിച്ചാണെങ്കിൽ നല്ല വിശ്വാസികൾ വായിക്കാനോ പരിചയപ്പെടാനോ ശ്രമിക്കരുതാത്ത ഒരു പുസ്തകമാണ് ആദ്യത്തേത്. (രണ്ടാമത്തേതിന്റെ കാര്യം പറയുകയും വേണ്ടാ.) എന്നാൽ വിദേശങ്ങളിൽ അതിന്റെ ധാരാളം പഠനങ്ങൾ കണ്ടെത്താം.* ഏതാണ്ട് ആറു വർഷംമുമ്പ്, *പുതിയ നിയമത്തിന് ഒരു ഉത്തമഗീതം* എന്ന എന്റെയൊരു കൊച്ചു രചന, സ്വയം ആവശ്യപ്പെട്ടതനുസരിച്ച്, മുതിർന്ന ഒരു പെൺകുട്ടിക്ക് വായിക്കാൻ കൊടുത്തു. വീട്ടിൽവച്ച് അതു കാണാനിടയായ അവളുടെയമ്മ, അന്നുതന്നെ എന്നെ വിളിച്ച്, മകൾക്ക് ഇനിയെന്തെങ്കിലും വായിക്കാൻ കൊടുക്കുന്നത് കർശനമായി നിരോധിച്ചു. സത്യത്തെ ഭയക്കുന്ന അച്ഛനമ്മമാരും ധാർമ്മികാപ്പോസ്തലരും നമ്മുടെയിടയിൽ എണ്ണത്തിൽ ഏറിവരുന്നതേയുള്ളു, കുറയുന്നില്ല. അശ്ലീലം ആദ്യം മനസ്സിലാണ് ജനിക്കുന്നതെന്നറിയാത്ത ഇത്തരക്കാർ ഒരിക്കലും തുറക്കാൻ ധൈര്യപ്പെടാത്ത താളുകൾ ബൈബിളിൽ പോലും ഉണ്ടെന്നറിഞ്ഞിരിക്കുന്നത് നല്ലതാണ്!

മേൽപ്പറഞ്ഞ കൊച്ചു പുസ്തകത്തിൽ ആമുഖമായി ചേർത്തിരുന്നതാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. കാലാകാലങ്ങളിൽ ദൈവം

---

* Das Hohenlied, 1986,

Zur Liebe befreit, 1998, Bensingerverlag, Zürich.

മനുഷ്യർക്ക് നൽകിയിട്ടുള്ള സന്ദേശങ്ങളാണ് ബൈബിളിന്റെ താളുകൾ വഹിക്കുന്നതെന്ന് വിശ്വസിക്കുന്നവർക്കും അവയുടെ അന്തരാർത്ഥങ്ങൾ ഗ്രഹിക്കുവാൻ, അടുത്ത കാലംവരെ, പുരോഹിതരുടെ വ്യാഖ്യാനങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. എന്നാൽ, പഴയനിയമത്തിലെ ഈയൊരു പുസ്തകം ഔദ്യോഗിക വ്യാഖ്യാതാക്കൾക്കുപോലും എന്നുമൊരു തലവേദനയായി വേറിട്ടുനിന്നു. കാരണം, സാമാന്യ സാമുദായിക ചട്ടങ്ങളെ കവിഞ്ഞൊഴുകുന്ന വൈകാരികതയും നഗ്നമായ ശാരീരികയടുപ്പത്തിന്റെ സ്വാതന്ത്ര്യവും ഉത്തമഗീതത്തിന്റെ പൊതു ശൈലിയാണ്. അവയെ ലൈംഗികതക്കുനേരെയുള്ള ക്രിസ്തുമതത്തിന്റെ സങ്കുചിത മനോഭാവവുമായി എങ്ങനെ പൊരുത്തപ്പെടുത്തും എന്ന അങ്കലാപ്പ് എന്നും വലുതായിരുന്നു. ഈ കൃതിയെ നിർവചിച്ചു നിർവീര്യമാക്കാനുള്ള ശ്രമം തുടരെയുണ്ടായിട്ടുമുണ്ട്. ഉദാഹരണത്തിന്, ഇസ്രയേലും യഹോവയും തമ്മിൽ, അല്ലെങ്കിൽ, ഭാവിയിലെ ക്രിസ്തുവും തന്റെ ആത്മീയ മണവാട്ടിയായ സഭയും തമ്മിലുള്ള അടുപ്പത്തിന്റെ പ്രതീകമായി ഉത്തമഗീതത്തിലെ കാമദ്യോതകമായ പരാമർശങ്ങളെ മയപ്പെടുത്തിയെടുക്കുന്ന രീതി സഭയിലെ വ്യാഖ്യാതാക്കൾക്ക് ഇന്നും പ്രിയങ്കരമാണ്.

എന്നാൽ, മനുഷ്യപ്രകൃതിയോടും നൈസ്സർഗികമായ ജീവിതമാനങ്ങളോടും ബൗദ്ധികമായ ആർജ്ജവം പുലർത്തുന്ന ചിന്തകരാകട്ടെ, ഈ രചനയെ വിലയിരുത്തുന്നത്, പ്രകൃതിദത്തമായ ലൈംഗികതയുടെയും അനുരാഗത്തിന്റെയും ഉദാത്തമായ ഉത്ഘോഷങ്ങളായിട്ടു തന്നെയാണ്. ഇസ്രയേലിൽ നിത്യോപയോഗത്തിലിരുന്ന പ്രേമഗീതങ്ങളുടെ സമാഹാരമാണ് പാട്ടുകളുടെ പാട്ട്. പ്രണയമെന്ന വികാരം മനസ്സിനെ ഹരംപിടിപ്പിക്കുന്ന ഒരു ദൈവദാനമാണ്. അതിനെ തടയുകയോ, വ്യാഖ്യാനിച്ചു നശിപ്പിക്കുകയോ അരുത്, അതിലേർപ്പെട്ടു നിർവൃതിയടയുന്നവരെ നിയമച്ചങ്ങലകളിട്ടു ബന്ധിക്കരുത് എന്ന സന്ദേശമാണ് ഉത്തമഗീതത്തിന്റെ പൊരുൾ എന്ന് സുപ്രസിദ്ധ ബൈബിൾ പണ്ഡിതനായിരുന്ന പ്രൊഫസർ ഹെർബെർട്ട് ഹാഗ് നിരന്തരം വാദിച്ചിരുന്നു. സാമുദായിക സമ്മർദ്ദങ്ങൾക്ക് അടിമയാകാതെ, ആത്മസൗന്ദര്യത്തോട് സമുദ്ഗമനോഭാവമുള്ള മനസ്സുകൾക്ക് മാത്രമേ ഉത്തമഗീതത്തിലെ ഹൃദയരാഗങ്ങളുടെ താളവും ലയവും ആസ്വദിക്കാനാവൂ.

വൈവാഹിക ജീവിതചര്യകളിൽ ഒതുങ്ങാത്തതും അനുദിന സ്ത്രീപുരുഷബന്ധങ്ങളിൽ കാംക്ഷിക്കേണ്ട രഹസ്യഭാവചട്ടങ്ങളെ പാലിക്കാൻ ഒട്ടും കൂട്ടാക്കാത്തതുമായ പ്രേമ വാത്സല്യപ്രകടനങ്ങൾ ഈ ഗാനങ്ങളിൽ സമൃദ്ധമായുണ്ട്. ഉദാഹരണത്തിന്,

എന്റെ പ്രിയൻ തന്റെ ഉദ്യാനത്തിന്റെ
സുഗന്ധതടങ്ങളിലേക്കിറങ്ങിപ്പോയി.

ഞാൻ എന്റെ പ്രിയന്റേതാണ്,
എന്റെ പ്രിയൻ എന്റേതും. (6: 23)

പ്രേമഭാജനം തന്നെയാണിവിടെ ഉദ്യാനമായി നിനയ്ക്കപ്പെടുന്നത്. സുമേറിയരും ഈജിപ്തുകാരും ഇത്തരമുപമകൾ ധാരാളം ഉപയോഗിച്ചിരുന്നു. സ്ഥിരസഹവാസത്തിന്റെ വിരസതയോ, സന്തതിവ്യഗ്രതകളോ അലട്ടാത്ത കലർപ്പില്ലാത്ത പരസ്പരാസ്വാദനത്തിന്റെ അനുഭൂതി മാത്രമാണ് ഇവിടെ വിവക്ഷ. ലജ്ജയുടെ വേലിയേറ്റങ്ങളില്ലാത്ത, അടുക്കാനുമകലാനുമനുവദിക്കാത്ത സങ്കല്പമതിലുകളില്ലാത്ത, അനുരാഗത്തിന്റെ ലാവണ്യസീമകളിൽ സർവസ്വാതന്ത്ര്യമനുഭവിക്കുന്നവരാണ് ഉത്തമഗീതത്തിലെ നായകനും നായികയും.

ഈ ഭൂവിലലഞ്ഞുതിരിയും ഹിമകണങ്ങളേയും
ഇല്ലായ്മയിൽ നിന്നൊളിഞ്ഞുനോക്കും പുല്ലോലയേയും
പ്രകാശവർഷങ്ങൾ പിന്നിട്ടുവരും കിരണങ്ങളേയും
സ്വരുമിപ്പിച്ച്, ഇന്ദ്രനീലത്തിന്റെ പ്രതിഭയേകി
എന്മിഴികളിലൂടെയത് നിന്റെയന്തരാത്മാവി-
ലെത്തിച്ച് ആനന്ദതരംഗങ്ങളെയുണർത്തുന്ന
ഈ അശരീരതേജസ്സേത് ? അതെന്ത്?
അത് നമ്മെയോ, നാമതിനെയോ തിരയുന്നത്,
അന്യോന്യം നാമടുക്കുമ്പോൾ?

മഴവില്ലു പോലെ വന്നെന്തിനെൻ
മിഴികളെ നീ കവർന്നെടുത്തു?
ചുണ്ടുകൾ കൂമ്പിച്ചലിപ്പിച്ചെന്തിനെൻ
ചങ്കിനെ നീ മാടിവിളിച്ചു?

എന്റെ ചുംബനപ്പാടുകൾ ഗുഹാമനുഷ്യന്റെ
ശിലാലിഖിതങ്ങൾ പോലെ നിന്റെയാത്മാവിൽ
മായാമുദ്രയാകട്ടെ.
ഒരു ഗീതം മാത്രമാണുത്തമഗീതമായത്,
ഒരു പാട്ട് മാത്രമാണ് പാട്ടുകളുടെ പാട്ടായത്,
ഒരു നീ മാത്രമാണ് എന്റെ നീയായത്!

(*പുതിയ നിയമത്തിന് ഒരുത്തമഗീതം*)

മറ്റൊരു കാര്യം ശ്രദ്ധയിൽപെടുന്നത്, ഉത്തമഗീതത്തിലുടനീളം സ്ത്രീയാണ് ശക്തിയേറിയവൾ, പ്രണയത്തെ നയിക്കുന്നവൾ, എന്നതാണ്.

എന്റെ ആത്മപ്രിയനെ രാത്രിയിൽ
ഞാൻ ശയ്യയിൽ തെരഞ്ഞു, കണ്ടില്ല.

പുറത്തു നിന്ന് അവനെ പിടികൂടി
ഞാൻ കിടപ്പറയിൽ കൊണ്ടുവന്നു. (3:14)
അത്യാഹ്ലാദത്തോടെ ഞാനവന്റെ നിഴലിലിരുന്നു.
അവന്റെ ഫലം എനിക്ക് നന്നേ രുചിച്ചു. (2:3)

പുരുഷമേധാവിത്വം കർശനമായി നിലവിലിരുന്നയൊരു യാഥാസ്ഥിതിക സമുദായത്തിൽ സ്ത്രീക്ക് ഇത്രമാത്രം സ്വാതന്ത്ര്യവും തന്റേടവും അനുവദിച്ചുകൊടുക്കുന്ന മറ്റൊരു കൃതി ബൈബിളിൽ ഇല്ല തന്നെ. സുദൃഢമായ അനുരാഗത്താൽ രണ്ട് വ്യക്തികൾ ബന്ധിതരാകുമ്പോൾ ചുറ്റുപാടുകളെയും സാമാന്യ സാമൂഹിക മര്യാദകളെയും വിഗണിച്ചുപെരുമാറുക സ്വാഭാവികമാണ്. ഭൂരിപക്ഷ സമ്മർദ്ദങ്ങളെ വകവയ്ക്കാത്ത ശക്തിയും തേജസും അനുരാഗത്തിനുണ്ട് എന്ന് അതിപുരാതനമായ ഒരു സമൂഹം ഉത്തമഗീതത്തിലൂടെ പ്രത്യക്ഷമായി അംഗീകരിക്കുകയാണ്. നിയമങ്ങൾ മനുഷ്യനെ സ്വതന്ത്രനാക്കുന്നില്ലെങ്കിൽ, അവയ്ക്ക് സാധുതയില്ല. സമുദായക്കെട്ടുറപ്പിന്റെ മറവിൽ മനുഷ്യർ വച്ചുപുലർത്തുന്ന ചട്ടങ്ങളും ശീലങ്ങളും എപ്പോഴും വ്യക്തിഗതമായ ശ്രേയസ്സിന് ഗുണംചെയ്യണമെന്നില്ല. ഉന്നതിയിലേക്കുള്ള ഉത്ഥാനത്തിനു തടസ്സമുണ്ടാക്കുന്നതെന്തും ശ്രേഷ്ഠമല്ലെന്നുറപ്പിച്ചു പറയാം. ആത്മാവ് മാത്രമല്ല, ശരീരവും ദൈവദാനമാണെന്നും, അതുകൊണ്ടുതന്നെ, അത് പാവനവും, വ്യക്തിയുടെ സമഗ്രവികസനത്തിന് ഉപാധിയാണെന്നുമുള്ള മൗലിക തത്ത്വം അംഗീകരിക്കാത്ത ചട്ടങ്ങളും വിലക്കുകളും ദോഷമേ ചെയ്യൂ. തങ്ങളുടെ ചിന്തയിലും എഴുത്തിലും ഇത്തരം കടമ്പകൾ ചാടിക്കടന്ന വിശുദ്ധർ ഏറ്റവും തീവ്ര ശരീരവിരോധിയായ കത്തോലിക്കാസഭയിലുമുണ്ടായിരുന്നു. മെതിൽഡെ മാഗ്ദെബുർഗ് (Methilde Magdeburg) തന്റെ ആത്മീയ മണവാളൻ യേശുവിനോടു പറയുന്നു:

നിന്റെ ഹൃദയാഭിലാഷങ്ങൾ നീയെന്തിനു വെടിയണം?
എന്റെയാത്മാവിന്റെയാവൃതിയിലും
എന്റെ മാംസളഹൃത്തിലും വിരുന്നൂട്ടി
ഉമ്മവച്ച് നിന്നെ ഞാൻ സന്തോഷിപ്പിക്കാം.

അനുരാഗബദ്ധയായ ഒരു സ്ത്രീയായി സ്വയം സങ്കൽപ്പിച്ചുകൊണ്ട്, കുരിശിന്റെ യോഹന്നാൻ (St. John of the Cross) ദൈവവുമായുള്ള അടുപ്പത്തെ ഇങ്ങനെ ചിത്രീകരിക്കുന്നു:

പൂത്തുലഞ്ഞുനിന്ന എന്റെ ഹൃദയനന്ദനത്തിൽ കിടത്തി
മയിൽപ്പീലികൊണ്ട് വീശി ഞാനവനെ ഉറക്കി.
അവന്റെ മുടിയിലൂടെ ഞാൻ വിരലോടിച്ചു.

അവന്റെ വലതുകരമെന്നെ തടവി.
ഞാൻ ആനന്ദലഹരിയിലാണ്ടു.
ലോകത്തെ മറന്ന്, ധവളലില്ലിപ്പൂക്കളുടെ
മെത്തയിൽ ഞങ്ങൾ ആശ്ലേഷിച്ചുകിടന്നു.

മനുഷ്യന്റെ അത്യഗാധവും അതിസുന്ദരവുമായ അന്തരംഗങ്ങളെ ഭാവാത്മകമായി ചിത്രീകരിക്കുന്ന ഉത്തമഗീതമാണ് അവരുടെ ഈ ഭാവനകൾക്ക് സ്രോതസ്സായിത്തീർന്നത്. എന്നാൽ, ഇത്തരം ആധ്യാത്മികസായൂജ്യമല്ല ഗീതഗോവിന്ദത്തിലെ രാധയുടെ ഭജനലക്ഷ്യം. യഥാർത്ഥ കാമുകിയാണവൾ. അതിനുചേരുന്ന തികച്ചും വാസ്തവികമായ സ്ഥൂലസങ്കല്പങ്ങളാണ് അവളുടേത്. പൂർണ്ണമായി തന്റെയിംഗിതത്തിനു വിധേയനാകുന്ന കൃഷ്ണനെയാണവൾ തേടുന്നത്. അതിൽ വിട്ടുവീഴ്ചയില്ല. സ്നേഹത്തിന്റെ സ്നിഗ്ദ്ധവികാരങ്ങൾക്ക് സ്ത്രീ ഒരു കൂസലുമില്ലാതെ വിധേയയാകുന്നതിന്റെ ഏറ്റവും മനോഹരമായ ദർപ്പണമായി രാധയെ കണക്കാക്കാം. ഒരു രാധയെ കണ്ടെത്തിയിട്ടില്ലാത്ത പുരുഷജീവിതവും, ഒരു കൃഷ്ണനെയറിഞ്ഞിട്ടില്ലാത്ത സ്ത്രീജീവിതവും ഒരിക്കലും പൂർണ്ണമല്ല.

ബ്രഹ്മചാരിയും സന്ന്യാസിയുമായിരുന്നെങ്കിലും നിത്യചൈതന്യയതി മനുഷ്യചേതനയുടെ വ്യത്യസ്തഭാവങ്ങളെപ്പറ്റി ആഴമുള്ള അറിവും അംഗീകാരവുമുള്ള ജ്ഞാനിയായിരുന്നു. അദ്ദേഹം ഗീതഗോവിന്ദത്തിനൊരു സുന്ദര വ്യാഖ്യാനം (പ്രേമവും ഭക്തിയും) എഴുതിയിട്ടുണ്ട്. കാമികൾ വിരഹാവസ്ഥയിലായിരിക്കുമ്പോഴും ശൃംഗാരത്തെയുപേക്ഷിക്കാതെ, അതിനെ വിപ്രലംഭമായി അനുഭവിക്കുന്നു. അതും പ്രേമാസ്വാദനത്തിന്റെ വകഭേദമാണ്. ഭരതനാട്യത്തിൽ വിപ്രലംഭശൃംഗാരമെന്നൊരു വിഭാഗംതന്നെയുണ്ട്. മേൽപ്പറഞ്ഞതിന് ഗീതഗോവിന്ദത്തിൽനിന്നൊരുദ്ധാരണവും യതിയുടെ വ്യാഖ്യാനവും ഇതാ:

"പണ്ട് രാധയുമായി ക്രീഡിച്ചിരുന്നത് കൃഷ്ണനോർക്കുന്നു. അവളുടെ അംഗസ്പർശത്തിലൂടെയനുഭവിച്ചിട്ടുള്ള ശൃംഗാരരസം തുടരുന്നതായി അയാൾ സങ്കൽപ്പിക്കുന്നു. അവളുടെ മുഖസരോജത്തിന്റെ സൗരഭ്യം ഉള്ളിലനുഭവിക്കുന്നു. അടുത്തെന്നപോലെ അവളെ മനസ്സിൽ കാണുകയും ശൃംഗാരോദ്ദീപകമായ വാക്കുകൾ കേൾക്കുകയും കൂടി ചെയ്യുന്നു."

ബോധവുമബോധവും പിണഞ്ഞു നിൽക്കുന്നിടത്ത് ബുദ്ധിയുടെ പ്രതിരോധശക്തി കരുത്തുള്ള ന്യായങ്ങൾ മെനഞ്ഞുകൊണ്ടിരിക്കും. എന്നാൽ പൂർവസ്മരണ തന്നെ രസിപ്പിക്കുന്നുണ്ടെന്ന് കൃഷ്ണൻ നുണപറഞ്ഞിട്ടും അയാളുടെ വിരഹവ്യഥ വർദ്ധിച്ചുകൊണ്ടിരിക്കുക

യാണ്. കവിയും കാമുകനും ഭ്രാന്തനും തമ്മിൽ വ്യത്യാസമില്ലെന്ന് വിജ്ഞന്മാർ.

യേശുവിനോടുള്ള സ്നേഹത്താൽ കിറുക്കുപിടിച്ച പൗലോസ് പറഞ്ഞു:

*ഞാൻ വിചാരിച്ചു, ഞാനാണ് ആദ്യം നിന്നെ സ്നേഹിച്ചതെന്ന്!. പിന്നീടാണെനിക്ക് മനസ്സിലായത്, അതിലുമെത്രയോ മുമ്പുതന്നെ നീയെന്നെ സ്നേഹിക്കയാലാണ് നിന്നിലേക്ക് ഞാനിത്രയേറെ ആകൃഷ്ടനായിപ്പോയതെന്ന്.*

ഇതേ വാത്സല്യം രാധയും പ്രകടിപ്പിക്കുന്നു.

പതതി പതത്രേ വിചലതി പതേ<br>
ശങ്കിത ഭവതു പയാനം<br>
രചയതി ശയനം സചകിത നയനം<br>
പശ്യതി നവ പന്ഥാനം.

വിവ: പക്ഷികളുടെ ചിറകുകളിളകുമ്പോഴും മരങ്ങളുടെയിലകൾ ചലിക്കുമ്പോഴും നിന്റെ വരവാണെന്ന് വിചാരിച്ച് ഞാൻ ശയ്യ തയ്യാറാക്കുകയും വഴിയിലേക്ക് ചഞ്ചലനയനങ്ങളോടെ നോക്കിയിരിക്കയും ചെയ്യുന്നു. (ഗീതഗോ. അഞ്ചാം സർഗം)

ഈ രണ്ട് ഗീതങ്ങളിലും ശൃംഗാരരസമാണ് മുന്തിനിൽക്കുന്നത്. മറ്റെല്ലാ രസങ്ങളും അതിന്റെ രൂപാന്തരങ്ങളാണ്. രസനിരൂപണം (ലാവണ്യശാസ്ത്രം) അടിസ്ഥാനമാക്കി ഇതത്രയും വ്യാഖ്യാനിച്ച യതി സ്നേഹകാമാദികൾക്കു ജീവിതത്തിലുള്ള അതിപ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറയാൻ മടിക്കുന്നില്ല. ഇത് ഹിന്ദുസംസ്കാരത്തിന്റെ മാത്രം വിചാരധാരയല്ല. ആത്മീയതയുടെ തുംഗഗോപുരങ്ങൾ കയറിയിറങ്ങിയ ക്രിസ്തീയ വിശുദ്ധരിൽ പലരും ഗീതഗോവിന്ദശൈലിയിൽ ദൈവവുമായുള്ള ബന്ധത്തെപ്പറ്റി എഴുതിയിട്ടുണ്ട്. ദൈവാനുരാഗത്തിലോ മനുഷ്യാനുരാഗത്തിലോ സ്വാനുഭവമില്ലാത്തവർക്ക് ഈ ഭാവങ്ങൾ മനസിലാവില്ല. ദൈവത്തിന്റെ ചെറുപുഷ്പം എന്നറിയപ്പെടാനാഗ്രഹിച്ച ലിസ്സ്യൂവിലെ തെരേസയും കുരിശിന്റെ യോഹന്നാനും മറ്റും കുറിച്ചിട്ടിട്ടുള്ള വിരഹരോദനങ്ങളും ഈശ്വരനിലെ മാതൃത്വത്തോട് രാമകൃഷ്ണ പരമഹംസർ നടത്തുന്ന തേങ്ങലുകളും രാധയുടെ വിഭ്രാന്തികളുമെല്ലാം നിഷ്ക്കളങ്കസ്നേഹത്തിന്റെയും വിരഹവേദനയുടെയും മനുഷ്യഭാവങ്ങൾതന്നെ.

ആത്മക്ഷതമറിഞ്ഞിട്ടില്ലാത്തവരോട്, ഹൃദയത്തിന്റെ നൊമ്പരം മനസ്സിലാകാത്തവരോട്, സഹാനുഭൂതിയുടെയുറവിടം തുറന്നിട്ടില്ലാത്ത

വരോട്, ഞാനെങ്ങനെ പറയും, എന്റെ ഹൃദയത്തിലൊരു തീമലയു ണ്ടെന്ന്? (ജലാലുദ്ദീൻ റൂമി).

സ്നേഹിക്കുന്നതുമായി ഒന്നാകുക, അതുതന്നെയാണ് ഏറ്റം പരി ശുദ്ധമായ അവബോധം.

ത്വമസി മമ ഭൂഷണം
ത്വമസി മമ ജീവനം
ത്വമസി മമ ഭാവജലധി രത്നം. (ഗീതഗോ.)

ചുറ്റും പൂങ്കാവുകൾ തളിർക്കുന്നതും, കളകണ്ഠഗീതം പുളകോത്മ കാരിയാവുന്നതും, ആകാശനീലിമ കമനീയമായ മേല്ക്കട്ടിയായി സു വർണ്ണതാരങ്ങളെക്കൊണ്ടു തിളങ്ങുന്നതും ഉള്ളിന്റെയുള്ളിൽ എല്ലാറ്റി നെയും പ്രകാശിപ്പിക്കുന്ന പ്രേമഹർഷമുണ്ടായിരിക്കുമ്പോൾ മാത്രമാണ്. മറ്റെന്തെല്ലാമുണ്ടായിരുന്നാലും സ്നേഹരഹിതമായിരിക്കുന്നിടം ശൂന്യ മത്രേ.

ദൈവത്തോടുള്ളതോ സഹജീവിയോടുള്ളതോ ആകട്ടെ, എല്ലാ സ്നേഹഗീതങ്ങളുടെയും പൊരുളൊന്നുതന്നെ: എനിക്ക് മറ്റൊന്നും വേണ്ടാ, നിന്നെമാത്രം സമൃദ്ധമായി സമ്മാനിക്കുക.

❑

# 23

# വിടന്മാരുടെ പ്രണയഗാനങ്ങൾ

ഇത്രമാത്രം പ്രണയ/ഭക്തിഗാനങ്ങൾ ആലപിക്കുന്ന, ശ്രവിക്കുന്ന, ഒരു ജനം കേരളത്തിലെപ്പോലെ മറ്റൊരിടത്തും കാണില്ല. കഥാവിഷയ മാവശ്യപ്പെടുന്നില്ലെങ്കിലും ആയിരങ്ങൾ കേൾക്കാനും പാടിക്കൊണ്ടു നടക്കാനുമിഷ്ടപ്പെടുന്ന ഗാനങ്ങൾ തിരുകിക്കയറ്റിയാലേ ഒരു സിനിമ പോലും ഇവിടെ വിജയിക്കുകയുള്ളു. നമുക്കറിയാം, ഇവയെല്ലാം അപ വാദമില്ലാതെ, പുരുഷന്മാരെഴുതി, പുരുഷഗായകർ ഈണവും സ്വരവും നൽകി, മിനുക്കിയെടുത്തവയാണെന്ന്. ഇടക്കൊരു സ്ത്രീശബ്ദം വേണ മെങ്കിൽ അതും ആണുങ്ങൾ തീരുമാനിക്കുമ്പോലെയാകണം. ചുരുക്ക ത്തിൽ, മലയാളസിനിമകളിലെ പാട്ടുകളെല്ലാംതന്നെ ഒരു പുരുഷവിനോ ദമാണ്.

എന്നാൽ സമ്മതിക്കണം, ഈ പാട്ടുകളിലെ പാദങ്ങളോരോന്നും സ്ത്രീമഹത്വത്തെക്കുറിച്ചും സ്ത്രീസൗന്ദര്യത്തെക്കുറിച്ചും പറയുന്ന തിനപ്പുറം പറയാൻ ഒരു നാട്ടിലെയും ഒരു സാഹിത്യകൃതിയിലും ഒന്നുംതന്നെ ബാക്കി കാണില്ല. പക്ഷേ, ഒരു നിമിഷം ഇങ്ങനെയൊന്നാ ലോചിക്കൂ. മലയാളി ആസ്വദിക്കുന്ന ഗാനങ്ങളിലെ വർണ്ണനകൾ, ഈണ ങ്ങൾ, ഭാവങ്ങൾ ഒക്കെ മനസിലാക്കി ശ്രദ്ധിക്കാൻ കഴിയുന്ന ഒരു വിദേശി ചിന്തിക്കാനിടയുള്ളതെന്തായിരിക്കാം? സ്ത്രീകളെ ഇത്രയധികം ആരാ ധിക്കുന്ന, ബഹുമാനിക്കുന്ന, ലാളിക്കുന്ന, അഗാധമായി പ്രേമിക്കുന്ന ഒരു പുരുഷസമൂഹം ലോകത്ത് വേറൊരിടത്തും കാണില്ലെന്ന്. ശരിയല്ലേ? അത്ര കാവ്യസുന്ദരസങ്കല്പങ്ങളാണ് ഈ നാട്ടിലെവിടെയും ആവർത്തി ച്ചുകേൾക്കുന്ന പാട്ടുകൾ നിറയെ.

പക്ഷേ, അവരുണ്ടോ അറിയുന്നു, പച്ചയായ ജീവിതത്തോടടുക്കുമ്പോൾ, സ്ത്രീകളോട് ഇത്ര അപമര്യാദയായി, ചാപല്യത്തോടെയും ക്രൂരതയോടെയും ഹുങ്കോടെയും പൈശാചികശക്തിയോടെയും പെരുമാറാൻ കഴിയുന്ന പുരുഷവർഗം ലോകത്ത് മറ്റൊരിടത്തും കാണില്ലെന്ന്! പ്രേമം ഗാനങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോകുന്നിവിടെ. പ്രവൃത്തിയിൽ അങ്ങനെയൊന്നുണ്ടെന്നും അതെന്തെന്നും അറിയുന്ന മലയാളിപുംഗവന്മാർ എത്രയുണ്ട്? അത്ര നിസ്സാര വിലയേ സ്വന്തം ഭാര്യക്കുപോലും സാധാരണ മലയാളി കൊടുത്തുശീലിച്ചിട്ടുള്ളൂ എന്നതല്ലേ പച്ചസത്യം?

ശ്രീബുദ്ധൻ ബോധവാനായ ശേഷം, താനുപേക്ഷിച്ചുപോന്ന ഭാര്യയോട് ക്ഷമപറയാൻ ചെന്നുവെന്ന് കേട്ടിട്ടുണ്ട്. വിവാഹം മഹത്വമുള്ളതാണെന്ന ചിന്തയല്ല അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചത്. മറിച്ച്, വിരക്തിയും പ്രണയവുമെന്തെന്നു മനസ്സിലായപ്പോൾ അതിന്റെ അർത്ഥം പറഞ്ഞുകൊടുക്കാൻ ആദ്യം തിരഞ്ഞെടുത്തത് നിഷ്ക്കരുണം അദ്ദേഹം ഉപേക്ഷിച്ചുപോന്ന ഭാര്യയെയാണെന്നു മാത്രം. ഇതു പറഞ്ഞ് ശ്രീബുദ്ധനെ പ്രശംസിക്കുന്നവരുണ്ട്. ശ്രീനാരായണഗുരുവാകട്ടെ അതുപോലും ചെയ്തില്ല. ശ്രീരാമനോ? ഭീമമായ ദുരഭിമാനത്താൽ പിടഞ്ഞ്, പൊതുജനത്തെ പ്രീതിപ്പെടുത്താൻ വേണ്ടി പാവം സീതയോട് അദ്ദേഹം ചെയ്തത് പൊറുക്കാനാവാത്ത അനീതിയും സമാനതയില്ലാത്ത ക്രൂരതയുമല്ലെങ്കിൽ പിന്നെന്താണ്? ബലഹീനയായ സ്ത്രീയോട് ഈ വിധത്തിലും പെരുമാറാമെന്ന അബദ്ധധാരണ സൃഷ്ടിച്ച കഥാനായകനെ തങ്ങളുടെ ഇഷ്ടദേവനായി ഒരു ജനം കൊണ്ടാടുന്നുവെങ്കിൽ അവരുടെ ജീവിതവീക്ഷണവും മന:സാക്ഷിയും അതിലൂടെ കളങ്കിതമായിത്തീരുന്നില്ലേ എന്നു ചോദിക്കേണ്ടിവരുന്നു. അതിന്റെ പ്രകടനവും അംഗീകാരവുമായിട്ടല്ലേ, രാമായണകഥ സീതയിലൂടെ സ്ത്രീത്വത്തിന്റെ നിസ്സർഗസുന്ദരമായ ഭാവത്തെ പ്രത്യക്ഷപ്പെടുത്തുന്നു എന്നൊരു ഗുണപാഠം കൂടി ഭക്തിപാരവശ്യമുള്ളവർ പറഞ്ഞുപരത്തിപ്പോരുന്നത്? ഭാരതീയരുടെ ചിന്താകാപട്യത്തിന്റെ ഏറ്റവും നല്ലയുദാഹരണമാണിത്. നമ്മുടെ വീരപുരുഷന്മാരും അവതാരങ്ങളും ഇങ്ങനെയെങ്കിൽ, പിന്നെയെന്തുതരം ധാർമ്മികത, ഏതു വിധത്തിലുള്ള പെരുമാറ്റം, സ്ത്രീക്കുനേരേ പുരുഷൻ പ്രാവർത്തികമാക്കണമെന്നാണ് പ്രതീക്ഷിക്കുക? വെറുതേയല്ല പ്രണയഗാനങ്ങളിലെ ഭക്തിയും പ്രേമവുമൊന്നും ഇന്ത്യാക്കാർ അനുദിന ജീവിതത്തിൽ സ്ത്രീയോടു കാണിക്കാത്തത്. വിദ്യാസമ്പന്നരും ചിന്തകരുമായ, പരസ്നേഹികളും സാമൂഹികപ്രവർത്തകരുമായ എത്രയെത്ര മാന്യന്മാരെ നാം ചുറ്റും കാണുന്നു. ഇവരിലെത്രപേർക്ക് മറ്റു സ്ത്രീകളെ പോയിട്ട്, സ്വന്തം ഭാര്യയെയെങ്കിലും സമനിലയിൽ കാണാൻ കഴിയുന്നുണ്ട്? ഇവരെ സംബന്ധിച്ചിടത്തോളം കുടുംബത്തിനകത്തും

പുറത്തുമുള്ള സകലതും എപ്പോഴും പുരുഷൻെറ ഏകപക്ഷീയ നിയന്ത്രണത്തിനുള്ളിലായിരിക്കണം. ഭാര്യയെന്നാൽ, തനിക്ക് താഴെ, തന്നെയനുസരിച്ച്, തന്നെ തുണച്ച്, തൻെറ ഇഷ്ടഭക്ഷണമുണ്ടാക്കിയും തുണികഴുകിയും, തൻെറ മറ്റു ശാരീരികാവശ്യങ്ങൾ സാധിച്ചുകൊടുത്തും കൊണ്ട് ഒതുങ്ങിക്കഴിയേണ്ട ജന്മമാണ്. ഭാര്യയെ മഹത്ജീവിയെന്ന് സാഹിത്യത്തിൽ മാത്രമേ മലയാളി വിളിക്കാറുള്ളൂ എന്നതാണ് നഗ്നസത്യം. നാടനായാലും പ്രവാസിയായാലും, ഭാര്യയുടെ വ്യക്തിത്വത്തെ പരിപോഷിപ്പിക്കുന്ന മലയാളികൾ വളരെ വിരളമായതിനാൽ സാധാരണ മലയാളിപുരുഷൻ വിടനാണെന്നു പറയാം. ഭാരതത്തിലെയും കേരളത്തിലെയും സ്ത്രീകളുടെ മഹത്തായ ത്യാഗങ്ങളെല്ലാം, രാമൻെറ കാലത്തെന്നപോലെതന്നെ ഇന്നും, പുരുഷന്റെ വൃത്തികെട്ട മുഖം സംരക്ഷിക്കാൻവേണ്ടി മാത്രമുള്ളതാണ്.

ഇതൊക്കെത്തന്നെ ഒരു മാറ്റവുമില്ലാതെ മലയാളികളുടെ ഭക്തിഗാനങ്ങളെപ്പറ്റിയും പറയാം. ഇത്രയും പൊള്ളത്തരം നിറഞ്ഞ ഒരേർപ്പാട് വേറെയില്ല. നിരർത്ഥകമായ കാൽപനികപദങ്ങൾ കുത്തിനിറച്ച പാട്ടുകളുടെ കാസെറ്റുകൾ മലയാളികളുള്ളിടത്തെല്ലാം ഉണ്ടാക്കി വിൽക്കപ്പെടുന്നത് ലോറിക്കണക്കിനാണ്. മൂഢവിശ്വാസങ്ങളുടെ അന്ധമായ പ്രകടനങ്ങളല്ലാതെ, ദയാവായ്പ്പിനായുള്ള താണുകേഴലല്ലാതെ മറ്റൊന്നുമവയിലില്ല. 'പാലാഴി'പോലെ വീട്ടിലും വണ്ടിയിലും പ്രാർത്ഥനക്കൂട്ടായ്മകളിലും മുഴങ്ങുന്ന ഇത്തരം ബാലിശഗാനങ്ങളിൽ തിരുകിവച്ചിരിക്കുന്ന ദൈവദാസ്യത്വവും ദൈവസ്നേഹവികാരങ്ങളും അർപ്പണബോധവുമൊന്നും, പക്ഷേ, ഇതൊക്കെ എഴുതിക്കൂട്ടുന്നവർക്കു പോലും ജീവിച്ചു കാണിക്കാനാവുന്നതല്ല. പൊതുവേ പറഞ്ഞാൽ, നമ്മുടെ മിക്കവാറും സിനിമകളുടെ നിലവാരം അമ്പേയിടിച്ചുകളയുന്ന വില കുറഞ്ഞ ഹാസ്യനടന്മാരുടെ ഗോഷ്ടികളും മിമിക്രികളും പോലെ ദൈവാരാധനയുടെ അർത്ഥംതന്നെ നശിപ്പിക്കുന്നു ഒട്ടു മിക്ക ഭക്തിഗാനങ്ങളും എന്നു പറയാതെ തരമില്ല. വളിപ്പുനിറഞ്ഞ നേരമ്പോക്ക് ഒരു ജനതയുടെ ഇഷ്ടവിനോദമായിത്തീർന്നിരിക്കുന്നതുതന്നെ അശുഭമാണ്. മിമിക്രി മാത്രം കണ്ടുരസിച്ചു വളരുന്ന ജനം മഹത്വവും മേന്മയുമുള്ളതൊന്നും ജീവിതത്തിൽ തിരയുന്നില്ലെങ്കിൽ അതിലെന്തദ്ഭുതം?

❑

# 24

# കാഴ്ചയുള്ള അന്ധൻ

കൃഷ്ണൻകുട്ടി ഇന്നെവിടെയാണോ! 2007 ഏപ്രിലിൽ ആത്മാവി ലലിവുനിറഞ്ഞ ഈ അന്ധനെ പരിചയപ്പെടുമ്പോൾ അദ്ദേഹം ഉപജീവനത്തിനായി റെയിൽവേ ബോഗികളിൽ പാട്ടു പാടി നടക്കുകയായിരുന്നു. (മാതൃഭൂമി ആഴ്ചപ്പതിപ്പിൽ താഹ മാടായി).

കൃഷ്ണൻകുട്ടി അമ്മയെ കണ്ടിട്ടില്ല, കേട്ടിട്ടേയുള്ളൂ. അമ്മയെനിക്കു ശബ്ദമാണ് എന്നദ്ദേഹം. അമ്മ പാടിക്കൊടുത്ത പാട്ടുകളാണ് അയാൾക്ക് കാഴ്ചയായത്, ജീവന്റെ അപ്പമായത്. ആത്മാവിന്റെ ഭാവനയാണെനിക്ക് കാഴ്ച എന്ന പറയുന്ന അദ്ദേഹം ഭാവനക്കുള്ള അസംസ്കൃതവസ്തുക്കൾ കണ്ണുള്ളവരുടെ ഭാഷയിൽ നിന്നെടുക്കുന്നതാവാം. വെളുപ്പെന്തെന്ന് അറിയാതെതന്നെ അതിനെ പരിശുദ്ധിയുമായി കൃഷ്ണൻകുട്ടി ബന്ധപ്പെടുത്തുന്നു. പരിശുദ്ധിയും അതിന്റെ തീവ്രതയും ഒരന്ധനെങ്ങനെയാണ് വേർതിരിച്ചറിയുക, സ്പർശനത്തിലൂടെയല്ലാതെ?

പകലും രാത്രിയുമോ? പകലാകുമ്പോൾ ഹൃദയത്തിലൊരു പ്രകാശം അനുഭവപ്പെടും എന്നദ്ദേഹം പറയുന്നു. പ്രകാശത്തിനായുള്ള തേങ്ങൽ ഏതൊരു ജീവിക്കുമുണ്ട്. കണ്ണിന്റെയുത്ഭവംതന്നെ പരിണാമശ്രേണിയിൽ ഒരു വലിയ വിസ്ഫോടനമായിരുന്നിരിക്കാം. വെളിയിൽ പ്രകാശമുണ്ടായിരുന്നതുകൊണ്ടാണ് കാഴ്ചക്കുള്ള ഇന്ദ്രിയമായി കണ്ണ് വികസിച്ചുവന്നത്. കാഴ്ചയില്ലാത്തയൊരു ജന്തുലോകത്തെ സങ്കൽപ്പിച്ചു നോക്കൂ. പ്രകാശത്തെ എങ്ങനെയെങ്കിലും ആഗിരണം ചെയ്യാൻ കഴിയാതെവന്നിരുന്നെങ്കിൽ ജീവപരിണാമം വഴിമുട്ടിപ്പോയേനെ. സസ്യങ്ങൾക്ക് photosynthesis എന്നപോലെതന്നെ ജീവദായകമാണ്, പൊതുവേ പറഞ്ഞാൽ, ജീവികൾക്കെല്ലാം കാഴ്ചക്കുള്ള കഴിവ്.

അന്ധന്റെ മാനസികാവസ്ഥയിലെ പ്രധാനഭാവം ശോകമാണ്, ശബ്ദമെനിക്ക് രൂപമാണെങ്കിൽ, സ്പർശമാണെനിക്ക് വികാരം. ആത്മാവിന്റെ നന്മകളും തിന്മകളും ഇവ രണ്ടിലൂടെയും തിരിച്ചറിയാൻ എനിക്കാകും എന്നൊക്കെ കൃഷ്ണൻകുട്ടി പറയുമ്പോൾ കണ്ണുള്ള നാം എളിമയോടെ ശ്രദ്ധിച്ചുപോകും. ഇതിലൊക്കെ അഗാധമാണ് ഇനി പറയുന്നത്. ആത്മാവിൽ ദുഃഖമനുഭവപ്പെടാൻ കഴിയുന്നവർക്ക് കാഴ്ചയുമൊരു ദുഃഖമാണ്. അനുതാപമുള്ളവർ നിത്യേനയെന്തെല്ലാം കണ്ട് കരയേണ്ടിവരുന്നുവെന്നത് ഈ അന്ധനെങ്ങനെയറിഞ്ഞു! ഇദ്ദേഹത്തേക്കാൾ എത്രയോ സമൂലമായ കുരുടത്തം ബാധിച്ചവരാണ് അദ്ദേഹത്തിനുചുറ്റും തുറന്ന കണ്ണുകളുമായി വട്ടംകറങ്ങുന്നത്! എത്ര കണിശമാണ് ആത്മാവിൽ പ്രകാശമുള്ള ഈയന്ധന്റെ കണ്ടെത്തലുകൾ!

അന്ധന്റെ ലോകത്തെപ്പറ്റി ഞാൻ പലപ്പോഴും ആലോചിച്ചിരുന്നിട്ടുണ്ട്. അതെന്ത് കഴിവാണെന്ന് ധരിച്ചാണ്, ജന്മനാ അന്ധരായവർ കാഴ്ച്ച ആഗ്രഹിക്കുന്നത്? മറ്റുള്ളവർക്ക് കാണാമെന്നും, അതെങ്ങനെയുള്ള അനുഭവമാണെന്നും അവർ എങ്ങനെ മനസിലാക്കും? ഒരു വിചാരം ഇങ്ങനെ. മനുഷ്യൻ പഞ്ചഭൂതനിർമ്മിതിയാണ്. ഇവയിലോരോന്നിനെയും തൊട്ടറിയാനുള്ള *വിരലുകളായി* ഇന്ദ്രിയങ്ങളെ കരുതാം. ഇന്ദ്രിയത്തിന്റെ നിർവചനം തന്നെ ആത്മാവിന്റെയടയാളം എന്നാണ്. ഇന്ദ്രിയമിന്ദ്രലിംഗം എന്നുണ്ട് ഭാരതീയ മന:ശാസ്ത്രത്തിൽ. (ഇന്ദ്രൻ = ജീവാത്മാവ്, ലിംഗം = അടയാളം). ജീവാത്മാവ് എന്നത് ശരീരത്തിൽനിന്നകന്ന എന്തോ ആണെന്ന് കരുതേണ്ടതില്ല. ആ തരംതിരിവ് ക്രിസ്തുമതപാരമ്പര്യവും പാശ്ചാത്യസംസ്കാരവുംകൂടി ഉണ്ടാക്കിയതാണ്. ദേഹത്തിലിരിക്കുന്നതും ദേഹസൃഷ്ടിയിൽ ഘടകങ്ങളായതുമെല്ലാം ജീവാത്മാവുതന്നെ എന്നാണ് നമ്മുടെ ചിന്താപാരമ്പര്യം പഠിപ്പിക്കുന്നത്. ഇവയിലോരോ ഘടകത്തെയും വേർതിരിച്ചറിയാൻ ഇന്ദ്രിയങ്ങൾ ഉപകരണങ്ങളായി ത്തീരുന്നു. അതുകൊണ്ടവ തനതായും പൊതുവായും വർത്തിക്കുന്നു. ഓരോ ഇന്ദ്രിയവും ഓരോ വിഷയത്തെ തേടുന്നു. ചെവി സ്വരത്തെ, മൂക്ക് ഗന്ധത്തെ, നാവ് സ്വരത്തെ, സ്പർശം സുഖത്തെ എന്നപോലെ കണ്ണ് രൂപത്തെ എന്നാണ് ഭാരതീയപഠനത്തിൽ. ഇവിടെയല്പം വിയോജിക്കേണ്ടി വരുന്നു. രൂപം സ്പർശത്തിലൂടെയുമാകാം. കണ്ണ് തേടുന്നത്, വ്യക്തമായും വെളിച്ചത്തെയാണ്-തേജസിനെ, ആകാശത്തെ, ദ്യോവിനെ, ദിവ്യതയെ, ദൈവത്തെ. കാരണം, വെളിച്ചമെന്നാൽ ഇതെല്ലാമാണ്. ഈശ്വരൻ തന്നെയാണ് പ്രകാശം. മാംസളമായ കണ്ണില്ലാതെയും ഈ തേടൽ ഫലപ്രദമാകാമെന്ന് മനുഷ്യചരിത്രം സാക്ഷ്യം നൽകുന്നുണ്ട്. ഏറ്റവും പ്രശസ്തിനേടിയ ഉദാഹരണം ഹെലൻ കെല്ലറാണ്. കൃഷ്ണൻകുട്ടിയെന്ന റെയിൽവെ ഗായകനും അതുതന്നെ സാക്ഷ്യപ്പെടുത്തുന്നു, അതായത്, ആത്മാവിലാണ് തേജസ്സിന്റെ ഉറവിടമെന്ന്. കാഴ്ച വെറും

ഭൗതികമായവയിൽ തളയ്ക്കപ്പെടുമ്പോൾ, അത് അന്ധതയ്ക്കു തുല്യ മാണ്. വിദൂരങ്ങളെ കീഴടക്കുന്ന കാഴ്ചയാണ് ജ്ഞാനം.

ആകാശത്തിനെന്നപോലെ, കാഴ്ചയുടെ വിഷയത്തിന് അതിരുക ളില്ല. ആത്മാവിന്റെ ഭാവനയാണ് എനിക്ക് കാഴ്ച എന്ന് ജ്ഞാനിയായ ഈ അസാധാരണ സഹോദരൻ പറയുന്നതിൽ ഈയർത്ഥം ഒളിഞ്ഞിരിപ്പുണ്ട്. അതുകേട്ട്, കണ്ണുള്ള നമ്മൾ അന്ധാളിച്ചുപോകുന്നു (അന്ധാളിക്കുക = അന്ധതയിൽ എരിഞ്ഞടിയുക).

പഞ്ചഭൂതങ്ങളിലൊന്നായി ആകാശത്തെയുൾപ്പെടുത്തിയ നമ്മുടെ പൂർവികരുടെ ഉൾക്കണ്ണിന്റെ ശോഭയെത്ര പ്രശംസനീയം! ആകാശം സൂക്ഷ്മമാണ്, മറ്റേതൊക്കെ സ്ഥൂലവും. വ്യക്തിയിലെ ലാളിത്യം, നൈർ മ്മല്യം, കരുണ എന്നിവയൊക്കെ ആകാശത്തിന്റെ അർത്ഥവിതാനത്തിൽ പെടുന്നു.

ഞങ്ങൾക്ക് അറിവ് പകർന്നുതരൂ എന്നപേക്ഷിച്ചു ചെന്ന നാട്ടു കാരോട് മണ്ണൂരിലെ കടച്ചികൊല്ലൻ പറഞ്ഞു: നിങ്ങളുടെ കണ്ണുകൾ കളഞ്ഞിട്ടു വരൂ എന്ന്! കാരണം, ആത്മപ്രകാശത്തിന്റെ ഒരു തരിയെ ങ്കിലും ഉള്ളിൽവന്നു തട്ടിയിട്ടുള്ളവർ പിന്നെയൊരിക്കലും സ്വന്തം കണ്ണുകളെ വിശ്വസിക്കുകയില്ല. എല്ലാ വിജ്ഞാനശാഖകളിലെയും ഗുരു ക്കന്മാർ പ്രഘോഷിക്കുന്ന സത്യമാണിത്. അറിവാരാഞ്ഞവന്റെ വ്യർ ത്ഥത, അതാണ് ജീവിതം.

അന്ധനായ് പിറന്നതിൽ ഖേദിച്ചിരുന്നു ഞാ-
നിന്ന് നീയെന്റെയും സ്വന്തമാകും വരെ.
നിൻചാരേ തങ്ങവേ മാറുന്നെന്നിന്ദ്രിയ-
മോരോന്നുമേകാഗ്ര നേത്രങ്ങളായ്.

നിന്റെയിന്ദ്രിയങ്ങളെന്റേതാകുമ്പോ-
ളായിരം കണ്ണുള്ള വിഷ്ണുവാകുന്ന ഞാൻ.

(*അന്ധന്റെയാവൃതികൾ*, സ.നെടുങ്കനാൽ, മൾബറി 2000)

❑

# 25

# സ്മൃതിയും വിസ്മൃതിയും

ജീവിതാനുഷ്ഠാനമായി കവി ബാലചന്ദ്രൻ ചുള്ളിക്കാടിന് ഒരു ബുദ്ധഗുരു നിർദേശിച്ചത്, നിനക്ക് മുമ്പും പിമ്പുമുള്ള പതിനായിരം വർഷത്തിന്റെ കാഴ്ചവട്ടത്തിനപ്പുറത്തുള്ള പ്രപഞ്ചത്തെ നിത്യവും സങ്കൽപ്പിക്കുക എന്നാണ്. അങ്ങനെ ചെയ്യാൻ ശ്രമിച്ചുകൊണ്ട് സമ്പൂർണ വിസ്മൃതിയിൽ അലിയുകയാണ് തന്റെ ലക്ഷ്യമെന്ന് അല്പം വേദാന്തി ഭാവത്തിൽ ചുള്ളിക്കാട് കുറിച്ചിരുന്നത് വായിച്ചു.

ഈ മാനസികവ്യായാമം സാധ്യമാണോ, ആവോ? അത്രയും മുമ്പോട്ടോ പിമ്പോട്ടോ കല്പനാശക്തിയെ ധനാത്മകമായി ചലിപ്പിക്കാൻ ഒരാൾക്ക് കഴിയുമോ? തന്നെയല്ല, അതിന്റെ ആവശ്യമെന്താണ്? വെറും അമ്പതു വർഷത്തെ കാഴ്ചവട്ടം മതി, മനുഷ്യർ വിസ്മൃതിയിലേക്ക് തള്ളപ്പെടുന്നതു കാണാൻ. ജീവിച്ചിരിക്കുമ്പോളെന്നപോലെ മരണശേഷവും സ്വന്തം പേരും നേട്ടങ്ങളും ഓർമ്മിക്കപ്പെടാനായി, ഏറ്റവും ജാഗ്രതയോടെ, അറിയാവുന്ന മാർഗങ്ങളൊക്കെ താണ്ടുന്നവർപോലും ഏതാനും കൊല്ലങ്ങൾക്കപ്പുറം ഓർമ്മിക്കപ്പെടുന്നില്ലായെന്നതാണ് അനുദിനസത്യം. അതിനപ്പുറത്തേക്ക് ഉണ്ടെങ്കിൽത്തന്നെ, അത് ഏറ്റവുമടുത്ത കുറേപ്പേരാൽ മാത്രം. തന്നെയല്ല, അന്യമനസ്സുകളിൽ തന്നെപ്പറ്റിയുള്ള ഓർമ്മ കുറേനാളേക്ക് തുടരുന്നതുകൊണ്ട് മരിച്ചയാൾക്കെന്തുണ്ട് നേട്ടം? ഓർക്കുന്നവർക്ക് അതു വൈകാരികമായ ഒരു തുടർച്ചയാകാം എന്നത് ശരിതന്നെ. അതിന്റെ ഗുണവും അവർക്കുതന്നെ, ഓർക്കപ്പെടുന്നവർക്കല്ല. മരണം ഏവർക്കും നിത്യവിസ്മൃതിയിലേക്കുള്ള യാത്ര തന്നെയാണ്, ആരൊക്കെ എന്തെല്ലാം ചെയ്താലും. അനുഭവവും യുക്തിയും അതാണ് സ്ഥിരീകരിക്കുന്നത്.

ഇഹലോകജീവന്റെ പുസ്തകത്തിൽ സുഖദു:ഖങ്ങളുടെ താളുകളാണ് ഓർമ്മകൾ. ആസ്വാദ്യകരമായ ഓർമ്മകളുള്ളവർ ഭാഗ്യവാന്മാർ/ഭാഗ്യവതികൾ. അഫ്ഗാനിസ്ഥാനിലെ ബാമിയാൻ ഗുഹകളിൽ, പ്രകാശവുമാകാരവും സംയോജിപ്പിച്ച്, പഴമക്കാർ കോറിയിട്ട ചുവർചിത്രങ്ങൾ പോലെ ഹൃദ്യമായ അനുഭൂതികളെ ഹൃദയഭിത്തികളിൽ ചാലിച്ച് ചേർക്കാനാകുന്നവർ ഭാഗ്യവാന്മാർ/ഭാഗ്യവതികൾ.

ഉദാഹരണത്തിന്:

നിഷ്ക്കളങ്ക ശിശുത്വങ്ങൾ കതിരിടാനും വളർന്നു വലുതാകാനുമുള്ള വിസ്താരമില്ലെങ്കിൽ ഈ പ്രപഞ്ചം ശൂന്യവും നിർജീവവുമായിരുന്നേനെ. എന്നാൽ, ഭാഗ്യത്തിന് അത് സജീവവും സമ്പന്നവുമാണ്. സ്നേഹം കണ്ടെത്തിയ ആത്മപ്പിറാവുകളായി എണ്ണമറ്റ അരിയബാല്യങ്ങൾ അതിന്റെ പ്രാന്തങ്ങളിലെവിടെയൊക്കെയോ പറന്നുനടക്കുകയും കുസൃതിക്കൗമാരങ്ങൾ പിന്നിട്ട്, യുവമിഥുനങ്ങളായി കൈ കോർത്തു പിടിച്ച അവരുടെയുള്ളിൽ രാഗലയമുയരുകയും, അത് ചുറ്റുവട്ടത്തെ പ്രകമ്പിതമാക്കുകയും ചെയ്യുന്നു.

സ്നേഹസമ്പന്നതയുടെ രക്ഷാവലയത്തിലമർന്ന് അവർ എണ്ണമില്ലാത്ത പുനർജന്മങ്ങളെ കൊതിക്കുന്നു.

അവയിലൊന്ന്, എനിക്ക് പ്രവേശനമരുളിയ ഒരു ഹൃദയകവാടം, അകലത്തായിരിക്കുമ്പോഴും, വാതിലില്ലാത്ത സക്രാരിയായി, എനിക്കായി തുറന്നിരിക്കുന്നു, അതിന്റെയകത്തും പുറത്തും അഷ്ടബന്ധമിട്ട്, എന്റെ നാമം മുദ്രിതമായിരിക്കുന്നു എന്ന വിശ്വാസം അനശ്വരതയുടെ ഒരു നുറുങ്ങാണ്.

ഇങ്ങനെയൊക്കെ ഉള്ളിലറിഞ്ഞും അനുഭവിച്ചും ജീവിക്കുക. ബാക്കിയൊക്കെയും വിസ്മരിക്കപ്പെടും.

❑

# 26

# അന്യോന്യം ചിറകുകൾ സമ്മാനിച്ചവർ

സിമോൺ പരീക്ഷയിൽ മിടുക്കിയായി ജയിച്ചതിൽ അഭിനന്ദിച്ചു കൊണ്ട്, പോൾ പറഞ്ഞു: *ഇനിമുതൽ നിന്നെ ഞാൻ എന്റെ ചിറകി നടിയിൽ സൂക്ഷിക്കും.* അവളോടൊത്ത് വായിക്കാനും പഠിക്കാനും പോൾ ഇഷ്ടപ്പെട്ടിരുന്നു. ഓരോരോ വിഷയങ്ങൾ ചർച്ചചെയ്തുകൊണ്ട് സൈൻ നദീതീരത്ത് നടക്കുക അവർക്കിഷ്ടമായിരുന്നു. ഇടക്ക് പുസ്തകക്കടയിൽ കയറും. നല്ല പുസ്തകങ്ങളെ അവർ ഒരുമിച്ചു തിരിച്ചറിഞ്ഞു.

അവൻ നാണംകുണുങ്ങിയായിരുന്നു, എന്നിട്ടും എന്റെയടുത്ത് വാചാലനായി. അവൻ പറയുന്നത് ശ്രദ്ധിച്ചുകേൾക്കാൻ ഞാനിഷ്ടപ്പെട്ടു. വെറുംവാക്കിനും പരദൂഷണത്തിനുമായി ഞങ്ങൾ സമയം കളഞ്ഞില്ല. എന്നാലുമെന്റെ നിരീക്ഷണപടുത്വത്തെ അവൻ പുകഴ്ത്തിയിരുന്നു.

അസ്വസ്ഥതകളിൽ അവൻ ധൈര്യം കാണിച്ചു. നിസ്സാരമെന്നു മറ്റു ള്ളവർക്ക് തോന്നിയിരുന്നതിനെ പോൾ തള്ളിക്കളഞ്ഞില്ല. എല്ലാറ്റിന്റെയും തനിമയാർന്ന സൗന്ദര്യത്തെ ദർശിക്കാനാണവൻ ശ്രമിച്ചതെന്ന് എനിക്ക് തോന്നി.

ചിലപ്പോൾ നിസ്സാരകാര്യത്തിന് എന്നോടു തർക്കിച്ച് മൂകനായി അവൻ സ്ഥലംവിട്ടിരുന്നു. എന്നാൽ, വീണ്ടും ഒരു കുട്ടിയെപ്പോലെ അനു തപിച്ചു വരും. ഇതെന്റെയടുത്ത് മാത്രമേ സാധിച്ചിരുന്നുള്ളൂ എന്നവൻ പറയുമായിരുന്നു. അപ്പോഴെന്റെ സന്തോഷം നിസ്സീമമായിരുന്നു.

ഴ്ഷാന്ഗ് പോൾ എന്നെ അതിയായി സ്നേഹിച്ചു. എപ്പോഴും എന്നെ അദ്ദേഹത്തിന്റെ ഭാഗമായി ചേർത്താണ് എന്തും ചെയ്തിരുന്നത്. എന്റെ

മൂല്യങ്ങളുടെ കോണിൽ നിന്നുകൊണ്ടാണദ്ദേഹം പെരുമാറിയിരുന്നത്. ഈ അനന്യത്വം ഞാൻ വളരെ വിലമതിച്ചിരുന്നു. തന്റെയൊപ്പമോ, അതിലധികമോ ശ്രേഷ്ഠത അദ്ദേഹമെനിക്ക് കല്പിച്ചുതന്നിരുന്നു. പകരം, അങ്ങനെയൊന്നും ആർക്കും കീഴടങ്ങുകയില്ലാത്ത ഞാൻ, അദ്ദേഹത്തിന് കീഴടങ്ങുന്നതിൽ ആനന്ദിച്ചു. ഒരു കാര്യമെനിക്കു മനസ്സിലായി. ഞാൻ കുട്ടിയായിരിക്കുമ്പോഴേ സ്വപ്നംകണ്ടിരുന്ന എന്റെയാത്മാവിന്റെ ആ കൂട്ടുകാരനെയാണെനിക്ക് കിട്ടിയത്. പതിനഞ്ചാമത്തെ വയസ്സ് മുതൽ ഞാനിവനെ കാത്തിരിക്കുകയായിരുന്നു. എന്റെതന്നെ മറ്റൊരു ജന്മമാണ് ഈ മനുഷ്യൻ!.

എന്റെ എല്ലാ ഭാവനകളും സ്വപ്നങ്ങളും ഈ മനുഷ്യനിൽ ഉജ്ജ്വലിച്ചു നിൽക്കുന്നു. എന്തുമെനിക്ക് ഇയാളുമായി പങ്കുവയ്ക്കാം. യഥാർത്ഥ സ്നേഹത്തിൽ ലൈംഗികതക്ക് കാര്യമായ പ്രസക്തിയില്ലെന്നാണ് ഞാൻ ധരിച്ചിരുന്നത്. എന്റെ ചുണ്ടുകളെ മറ്റൊരാൾ സ്പർശിക്കുന്നതുപോലും അന്യായമായി ഞാൻ കരുതി. ചവിട്ടിതേയ്ക്കപ്പെട്ട ലില്ലിപ്പൂക്കളുടെ ഓർമ്മയായിരിക്കാം സ്നേഹമുക്തമായ ശാരീരികാനുഭവങ്ങളെപ്പോലും മലിനമായി കാണാൻ എന്നെ പ്രേരിപ്പിച്ചത്.

എന്നാൽ, സ്നേഹത്തിന്റെ പാഠങ്ങളിൽ അദ്ദേഹമെനിക്ക് ഗുരുവായി. സ്നേഹത്തിന്റെ കാര്യത്തിലെന്നും ഞാനൊരു തീവ്രവാദിയായിരുന്നു. സ്നേഹിക്കുന്നെങ്കിൽ, തീവ്രമായി സ്നേഹിക്കണമെന്നായിരുന്നു എന്റെ നിലപാട്. എന്നെ മുഴുവനായി സ്നേഹിക്കുന്നവന് എന്നെ മുഴുവനായി ത്തന്നെ കൊടുക്കാതിരിക്കാൻ എനിക്കാവില്ല. ഞങ്ങളിൽ ആര് ആരെയിത് പഠിപ്പിച്ചുവെന്നു മാത്രം ചോദിക്കരുത്.

❑

# 27

# വെളിച്ചം ദു:ഖമാണുണ്ണീ!

നിരത്തിൽ കാക്ക കൊത്തുന്നു ചത്ത പെണ്ണിന്റെ കണ്ണുകൾ;
മുല ചപ്പി വലിക്കുന്നു നരവർഗ നവാതിഥി.
..... (കണ്ടിടും) കവി ചൊല്ലുന്നു ഭാവിപൗരനോടിങ്ങനെ:
*'വെളിച്ചം ദു:ഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം!'*

എന്തുകൊണ്ടാണ് ഒരു കവി ഇങ്ങനെ പാടിയതെന്നു മനസ്സിലാക്കാൻ വളരെനാൾ ശ്രമിച്ചു. അതിനിടയിലാണ്, *ആത്മാവിൽ ദുഃഖമനുഭവപ്പെടാൻ കഴിയുന്നവർക്ക് കാഴ്ചയുമൊരു ദുഃഖമാണ്. അനുതാപമുള്ളവർ നിത്യേന എന്തെല്ലാം കണ്ട് കരയേണ്ടിവരുന്നു* എന്ന് പറഞ്ഞുതരുന്ന, ജന്മനാ അന്ധനായ കൃഷ്ണൻകുട്ടിയെപ്പറ്റി വായിച്ചത്. തുടർന്നുള്ള കണ്ടെത്തലുകൾ തൃപ്തികരമാണോ എന്ന് വായനക്കാർ തീരുമാനിക്കുക.

സ്നേഹിക്കുന്നവരെ എന്നും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു ചോദ്യമുണ്ട്: എന്തുകൊണ്ട് ആർക്കുംതന്നെ ദു:ഖത്തെ സ്നേഹത്തിൽ നിന്നു മാറ്റിനിർത്താനാവില്ല? അനുഭവത്തിൽനിന്നു നമുക്കറിയാം, സ്നേഹം എപ്പോഴുംതന്നെ ദു:ഖവുമായി ബന്ധപ്പെട്ടിരിക്കും. ദു:ഖമയമല്ലാത്ത സ്നേഹം വിരളമെന്നല്ല, അസ്സാധ്യം തന്നെയാണ്. പ്രതിസ്നേഹം കിട്ടാത്തതിന്റെ, തെറ്റുധാരണയുടെ, വേർപാടിന്റെ, ചതിയുടെ ഒക്കെ വേദന സ്നേഹത്തിന്റെ ആനന്ദത്തെ കുറയ്ക്കുകയോ തീർത്തും ഇല്ലാതാക്കുകയോ ചെയ്തേക്കാം. സ്നേഹിക്കുന്നവർക്ക് ഇതെന്നുമൊരു സമസ്യയാണ്. ഏവരും ഈ കടങ്കഥക്ക് ഉത്തരം തേടുന്നു. എന്നാൽ ആർക്കുംതന്നെ തൃപ്തികരമായ ഒരു വിശദീകരണം ഒട്ടു ലഭിക്കാറുമില്ല.

എന്നാൽ, താത്ത്വികമായിട്ടെങ്കിലും അംഗീകരിക്കാവുന്ന ഒരുത്തരം ഒരു സെൻഗുരു തരുന്നുണ്ട്. അതിങ്ങനെയാണ്. സ്നേഹിക്കുക എന്നത് ഒരു പ്രത്യാശയുടെ തുടക്കമാണ്. മറ്റൊരു വ്യക്തിയുമായി താദാത്മ്യപ്പെടാമെന്ന പ്രത്യാശ. ഇത് ആനന്ദദായകമാണ്. സ്നേഹിച്ചുതുടങ്ങുന്നവരെ അതു ത്രസ്സിപ്പിക്കും. അതൊരു പ്രകാശമാണ്, ഒരു പുതിയ കാഴ്ചപ്പാടിനുള്ള വെളിച്ചമാണ്. ഈ വെളിച്ചത്തിനു മങ്ങലേൽക്കുകയെന്നാൽ, വേദനയുടെ തുടക്കമായി. ഈ പ്രക്രിയ ഒരുപമയിലൂടെ വിശദീകരിക്കാം. നാം ഇരുട്ടത്ത് നിൽക്കുകയാണെന്നു വിചാരിക്കൂ. ഹെഡ് ലൈറ്റിട്ട് ഒരു വണ്ടി കടന്നുപോകുന്നു. അതോടെ അൽപനേരത്തേക്ക് നാം ഇരുട്ടിലായതുപോലെയാണ്. മുമ്പത്തേതിലും കൂടുതൽ ഇരുട്ട് നമുക്കനുഭവപ്പെടും. സ്നേഹാനുഭൂതി എന്ന വിശേഷവെളിച്ചം കൊണ്ടു നിറഞ്ഞയാൾ അതിന്റെ നഷ്ടത്തിലനുഭവിക്കുന്ന വേദനയും ഇതുപോലാണ്. അയാളുടെ മാനസികാവസ്ഥ പണ്ടത്തേതിലും കഷ്ടമായിത്തീരുന്നു.

എന്തുകൊണ്ടാണ് ശാശ്വതവും അഗാധവുമായ സ്നേഹം മിക്കവർക്കും അപ്രാപ്യമായിരിക്കുന്നത്? അതിനുള്ളയുത്തരം ഏവർക്കുമറിയാം, അവനവന്റെ ഭാഗത്ത് അതംഗീകരിക്കാൻ ആർക്കുമാവുന്നില്ലെന്നു മാത്രം. അതായത്, അഹന്തയുടെ ഇടപെടലാണ് എപ്പോഴും സ്നേഹത്തെ നശിപ്പിക്കുന്നത്. അഹം ശക്തിയുള്ളതായിരിക്കുന്നിടത്ത് സ്നേഹം അസാധ്യമാണ്. സ്വയമില്ലാതാകാൻ പഠിക്കാതെ സ്നേഹിക്കാനാവില്ലതന്നെ. അവനവനെ നഷ്ടപ്പെടുത്താൻ ധൈര്യമുള്ളവർ ചുരുക്കമായതിനാൽ, ശരിക്കു സ്നേഹിക്കാൻ കഴിയുന്നവരും ചുരുക്കമാണ്.

രതിയുടെ കാര്യത്തിലെന്നപോലെതന്നെ, സ്നേഹത്തിലും, ഒന്നായിത്തീരുക എന്നയനുഭവം ചഞ്ചലിതമാണ്. സ്നേഹം ഉത്പാദിപ്പിക്കുന്ന ആനന്ദത്തിന്റെ ആ ഹ്രസ്വാനുഭവം തുടരാനാകണമെങ്കിൽ അവനവനിലേക്ക്, അഹത്തിലേക്ക്, തിരിച്ചുവരാതിരിക്കാൻ കഴിയണം. മറ്റു തരത്തിൽ പറഞ്ഞാൽ, തന്നിഷ്ടം മറക്കാൻ കഴിയണം. മാനുഷികമായി ഇതേതാണ്ട് അപ്രാപ്യമായ കാര്യംതന്നെയാണ്. അങ്ങനെ സ്നേഹത്തിന് എപ്പോഴും മുറിവേൽക്കപ്പെടുന്നു. വീണ്ടും, സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ദാഹംമാത്രം ബാക്കിയാവുന്നു. അതുതന്നെ ദു:ഖകാരണം. അൽപനേരത്തെ ഒന്നാകൽ മറ്റൊന്നിൽ അലിഞ്ഞുചേരുന്നതിന്റെ ഒരു പ്രതീകമായി മാത്രം അവശേഷിക്കുമ്പോൾ, ഉള്ളിൽ അതൃപ്തിയുടലെടുക്കുന്നു. പൂർണമായി മറ്റെയാളുമായി അലിഞ്ഞുചേരുകയെന്നാൽ, അഹത്തെ പൂർണമായും അവഗണിക്കുക എന്നുതന്നെയാണ്. അതിന് കഴിവുള്ളവർ എത്ര വിരളമെന്ന് സ്വാനുഭവത്തിൽ നിന്ന് നമുക്കേവർക്കുമറിയാം. അതുകൊണ്ടാണ്, സ്നേഹം മിക്കവർക്കും ദു:ഖപര്യവസായിയായി പരിണമിക്കുന്നത്.

അതു കഴിഞ്ഞോ? ഒരിക്കൽ സ്നേഹിതരും കമിതാക്കളുമായിരുന്നവർ പരസ്പരം പഴിചാരുന്നു. ദു:ഖകാരണം തിരയുന്നത് എപ്പോഴും മറുവശത്താണ്. അവിടെ നന്ദികേടും ചതിയും ആരോപിക്കപ്പെടുന്നു. സ്വന്തമഹം നീതിമത്ക്കരിക്കപ്പെടുകയാണ് എപ്പോഴും സംഭവിക്കുക. സ്നേഹത്തിൽ അനിവാര്യമായി വന്നുഭവിക്കുന്ന നിതാന്ത ദു:ഖത്തിൽ നിന്ന് പഠിക്കാനാവുന്നയൊന്നുണ്ട്. സ്വന്തം ഏകാകിതയെക്കുറിച്ചുള്ള അവബോധം. സ്വന്തം ഏകാകിതയെക്കുറിച്ച് മറ്റൊരാളെ അറിയിക്കുക എന്നതുതന്നെയാണ് സ്നേഹത്തിനുവേണ്ടിയുള്ള യാചനയായിത്തീരുന്നത്. ഈ തിരിച്ചറിവ് ജീവിതത്തിൽ അതിപ്രധാനമാണ്. കാരണം, മറ്റൊരാൾക്ക് എന്നതുപോലെതന്നെ, ദൈവത്തിനും (ഈശ്വരചൈതന്യത്തിന്) നമുക്കുള്ളിലേക്ക് കടന്നുവരാനുള്ള ഒരേയൊരു വാതിൽ അതുതന്നെയാണ്. അതുകൊണ്ടാണ്, എല്ലാ യഥാർത്ഥ സ്നേഹാനുഭവവും ധ്യാനാത്മകതയിലേക്ക് നയിക്കുന്നത്. സ്നേഹിക്കുന്നവർ സ്വാഭാവികമായിത്തന്നെ ധ്യാനത്തെ വിലമതിക്കാൻ പഠിക്കും. സ്നേഹിക്കുന്നവർക്ക് മാത്രമേ അതിന് കഴിയൂതാനും. പുറത്തു നിന്നുള്ള ഒരു പ്രിയതമനും ഒരു പ്രിയതമയും തന്നെ തൃപ്തിപ്പെടുത്തുകയില്ല എന്ന തിരിച്ചറിവാണ് ധ്യാനം അല്ലെങ്കിൽ പ്രാർത്ഥന. അവിടെവരെയെത്താത്തവർ എന്നും ദു:ഖിതരായിരിക്കും.

ഉൾക്കൊള്ളാൻ അത്രയൊന്നും എളുപ്പമല്ലെങ്കിലും, സ്നേഹത്തെപ്പറ്റി ബുദ്ധൻ പറഞ്ഞിട്ടുള്ളത് വളരെ ശ്രദ്ധേയമാണ്. സ്നേഹമാണ് പരമസത്യമെന്ന് തിരിച്ചറിഞ്ഞ ബുദ്ധന്റെ വാക്കുകൾ "ധർമപദ"ത്തിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു. *സ്നേഹത്തിൽ' നിന്നു വെറുപ്പും അസൂയയും ഉയരുന്നതിനാൽ ഒന്നിനെയും സ്നേഹിക്കരുത്.* എന്തായിരിക്കാം ഈ വാക്കുകളുടെ പൊരുൾ? സ്നേഹിക്കുകയേ അരുത് എന്നാകില്ലല്ലോ അത്. ചിലതിനെ മാത്രം, ചിലരെ മാത്രം സ്നേഹിക്കുന്നതാണ് ദു:ഖത്തിനും സംഘർഷത്തിനും, വെറുപ്പിനും അസൂയക്കും കാരണമായിത്തീരുന്നത് എന്നായിരിക്കാം അദ്ദേഹമുദ്ദേശിച്ചത്. ആത്യന്തികമായി, അതിനർത്ഥം മറ്റൊന്നുമല്ല - എല്ലാറ്റിനെയും സ്നേഹിക്കുന്നവനു മാത്രമേ ഒന്നിനെയും വെറുക്കാതിരിക്കാനാവൂ. തിരിച്ചും പറയാം: ഒന്നിനെയും വെറുക്കാത്ത ഒരുവന്/ഒരുവൾക്ക് മാത്രമേ ആരെയെങ്കിലും, എന്തിനെയെങ്കിലും, സ്നേഹിക്കാനാവൂ.

ഒരു പക്ഷേ, ഒരു ബുദ്ധന് മാത്രമേ ഇതുൾക്കൊള്ളാനാവൂ. പരമസത്യം പാതി വഴി നടക്കുന്നവർക്കുള്ളതല്ലല്ലോ. ബുദ്ധന്മാർ മാത്രമേ ബുദ്ധനിൽ നിന്നു പഠിക്കുകയുണ്ടായിട്ടുള്ളൂ എന്ന് *ബോധിവൃക്ഷത്തിന്റെ ഇലകൾ* എന്ന കൃതിയിൽ ശ്രീ പി.എൻ. ദാസ് എഴുതിയിട്ടുണ്ട്. ഇതുകൂടി അദ്ദേഹം കുറിച്ചിരിക്കുന്നു: *അധീശത്വം, ആശ്രിതത്വം,*

*ഉടമസ്ഥത, ഉത്തരവാദിത്വം, ആത്മാനുകമ്പ എന്നിവയൊന്നും സ്നേഹമല്ല. സ്നേഹിക്കപ്പെടുന്നില്ല എന്ന വിഷാദവും സ്നേഹമല്ല. പിന്നെയെന്താണ് സ്നേഹം? ഇവയെയെല്ലാം ഇല്ലാതാക്കുന്നതാണത്. എങ്ങനെ സ്നേഹിക്കണമെന്നു നിങ്ങൾ അറിയുമ്പോൾ, നിങ്ങൾ ഇഷ്ടപ്പെടുന്ന പ്രകാരമെല്ലാം ചെയ്യാൻ നിങ്ങൾക്കു കഴിയുന്നു.* സ്നേഹത്തെ പുറത്തുനിന്നു കിട്ടുന്ന സുഖമായി കണ്ടാൽ അതിൽനിന്ന് ദു:ഖം ജനിക്കുക അനിവാര്യമാണ്. എന്നാൽ സ്നേഹത്തെ ഉള്ളിൽനിന്നു വരുന്ന സന്തുഷ്ടിയായി അനുഭവിക്കാമെങ്കിൽ, അതു ശാശ്വതമായിരിക്കുമെന്ന് നമുക്ക് ഉപസംഹരിച്ചു പറയാം. സ്വന്തം മനസ്സിൽ ഒരാൾ ഖനനം ചെയ്തെടുക്കുന്ന വെളിച്ചമാണ് സുഖത്തെ തരുന്നത്. അല്ലാത്തവ, വെളിച്ചമെന്ന് തോന്നിയാലും, ദു:ഖമേ തരൂ.

ഇത്രയുമായിട്ടും, *വെളിച്ചം ദു:ഖമാണുണ്ണീ* എന്ന് മഹാകവി അക്കിത്തം കാവ്യഭാവന നെയ്തത് ഏതർത്ഥത്തിലാണെന്ന് ഒട്ടുംതന്നെ വ്യക്തമല്ലായെന്ന് വായനക്കാർ പറഞ്ഞാൽ അതിൽ വാസ്തവമുണ്ട്. വെളിച്ചം സ്നേഹത്തിനു പര്യായമെന്നോണം എടുത്താണ് മുകളിലത്രയും കുറിച്ചത്. അല്പംകൂടി ആന്തരികവും ക്ലിപ്തവുമായ വിശകലനം തേടി ഞാനെത്തിയത്, ഓഷോയിലാണ്. ജീവിതം ലൈംഗികോർജ്ജമാണ് എന്ന കൃതിയിൽ അദ്ദേഹം പങ്കുവയ്ക്കുന്ന ചില ഉൾക്കാഴ്ചകൾ ഇവിടെ നമുക്ക് ഉപകരിക്കുന്നവയാണ്. വോൾട്ടയർ പറയാറുണ്ടായിരുന്നത്രേ, നിങ്ങൾ നിങ്ങളുടെ വാക്കുകളെ ആദ്യമേ തന്നെ നിർവചിക്കാതെ നിങ്ങൾക്ക് ആശയവിനിമയം സാദ്ധ്യമല്ല. എന്നാൽ അതസ്സാദ്ധ്യമാണ്. ഉദാഹരണത്തിന്, നിങ്ങൾക്ക് വെളിച്ചത്തെ നിർവചിക്കേണ്ടതുണ്ട്. അപ്പോൾ നിങ്ങൾക്ക് ഇരുട്ടിനെ അവിടേയ്ക്ക് കൊണ്ടുവരേണ്ടിവരും. എന്നാൽ എന്താണ് ഇരുട്ട് എന്ന് ചോദിച്ചാൽ, നിങ്ങൾക്ക് വീണ്ടും വെളിച്ചത്തെ ആശ്രയിക്കേണ്ടിവരും. ചുരുക്കത്തിൽ, എല്ലാ നിർവചനങ്ങളും ചാക്രികമാണ്. അതിന്റെ വിപരീതമില്ലാതെ, ഒരു പദത്തെയും നിർവചിക്കാനാവില്ലാത്തതിനാൽ, ഒന്നിനെ നമ്മൾ മറ്റൊന്നുകൊണ്ട് വിശദീകരിക്കുന്നു. ഇതൊരു കൗശലമാണ്; അത്ര ഫലപ്രദമല്ലതാനും.

ഓരോന്നും അതിന്റെ വിപരീതത്തോടൊത്തു സ്ഥിതിചെയ്യുന്നു. അത്യാനന്ദത്തെ അനുഭവിക്കുന്നവന് തീവ്രദു:ഖവുമുണ്ടായിരിക്കും എന്നാണ് ഓഷോയുടെ കണ്ടെത്തൽ. ഇരുട്ടില്ലാതെ വെളിച്ചവും ദു:ഖമില്ലാതെ ആനന്ദവും നേടുകയെന്നത് മനുഷ്യന്റെ പരിമിതികൾക്കപ്പുറത്താണ്. ഞാൻ പ്രബുദ്ധനാണ് എന്നൊരാൾ പറഞ്ഞാൽ, അയാൾ ഒട്ടും പ്രബുദ്ധനല്ലായെന്ന് ധരിച്ചുകൊള്ളുക എന്ന് ഉപനിഷത്തുകൾ താക്കീതു ചെയ്യുന്നുണ്ട്. പ്രബുദ്ധനാകുക അസ്സാദ്ധ്യമാണെന്നല്ല, പക്ഷേ, അതിന് ചില നിബന്ധനകളുണ്ട്. മനുഷ്യൻ അവനവനിൽ ത്തന്നെ പരിമിതി

കളുടെ കൂമ്പാരമാണ്. അവനെ ബാധിക്കുന്നതിനെല്ലാം അവയുടെ എതിരുകളുമുണ്ട്. ഈ വിപരീതങ്ങളെ സമന്വയിപ്പിക്കുക, പരിമിതികളെ കവച്ചുവയ്ക്കുക എന്നതാണ് ധ്യാനത്തിന്റെ വഴി. അതെ ങ്ങനെയെന്നു മനസ്സിലാക്കാമോ എന്നു നോക്കാം.

സാധിക്കുമ്പോളൊക്കെ വിശാലമായ ഒരു ഭൂതലത്തിലേയ്ക്കോ, മല നിരകളിലേക്കോ, സമുദ്രത്തിന്റെ നോക്കെത്താത്ത വിസ്ത്രുതിയി ലേക്കോ കുറേനേരം കണ്ണുനട്ടിരിക്കുക ഒരു *സെൻ*വ്യായാമമാണ്. കാരണം, അതു മനസ്സിനെ വികസിപ്പിക്കും. മനസ്സെന്നത് ഏറ്റവും ഇടു ങ്ങിയ ഒരു സംവിധാനമാണ്. പരിധികളെ സൃഷ്ടിക്കുക, സ്വന്തമായ ഇടു ങ്ങിയ കാഴ്ചപ്പാടിലൂടെ നിരന്തരം കാര്യകാരണങ്ങളെ വിശകലനം ചെയ്തുകൊണ്ടിരിക്കുക എന്നതൊക്കെയാണ് അതിന്റെ ജോലി. അതിൽ പ്പെടുന്നു വേലികളെയും വ്യത്യാസങ്ങളെയും തിരഞ്ഞുപിടിച്ച്, എല്ലാം അതിനുള്ളിലൊതുക്കുകയെന്നത്. എല്ലാ വ്യത്യാസങ്ങളും ആപേക്ഷിക ങ്ങളാണ്. *ഞാൻ വേറെയാണ്* എന്ന അസ്തിത്വബോധമാണ് പരിധിക ളെയുണ്ടാക്കുന്നത്. അതിൽനിന്നൊരു വിടുതൽ കിട്ടുന്നതിന് ദൂരേയ്ക്കു ള്ള ദൃഷ്ടി സഹായിക്കും. ദൂരേയ്ക്ക് നോക്കുമ്പോൾ, ഒരാൾ അയാളിൽ നിന്നു തന്നെ അകലുകയും പ്രപഞ്ചവിസ്തൃതിയോട് അടുക്കുകയുമാണ് ചെയ്യുക.

ഭൂമിയിൽ ഒറ്റക്കായിപ്പോയ ഒരാളെ സങ്കൽപ്പിക്കുക. വിപരീതങ്ങൾ എന്തെന്നറിയാൻ അയാൾക്ക് ബുദ്ധിമുട്ടുണ്ടാവും. നന്മയും തിന്മയും, ആൺപെൺ വ്യത്യാസങ്ങൾ, രൂപസൗന്ദര്യവും അതിന്റെ ഏറ്റക്കുറ ച്ചിലും, സമ്പത്തും ദാരിദ്ര്യവുമൊന്നും അയാൾക്ക് ബാധകമാവില്ല. കാരണം, താരതമ്യത്തിന് അയാളുടെ ലോകത്ത് വകയില്ലതന്നെ. ഇനി നമുക്ക് വെളിച്ചത്തിലേയ്ക്ക് വരാം. വെളിച്ചം കണ്ണിന്റെ ഒരു പ്രതിഭാസ മാണ്. കണ്ണില്ലാത്ത പ്രപഞ്ചത്തിൽ, എത്ര സൂര്യന്മാർ കത്തി നിന്നാലും, വെളിച്ചമില്ല. വളരെ ചെറിയ ഒരു തരംഗവ്യാപ്തിക്കുള്ളിൽ പെടുന്ന സൗ രോർജ്ജം കണ്ണുകളാൽ വ്യാഖ്യാനിക്കപ്പെടുന്നതാണ് വെളിച്ചം. ആ വ്യാഖ്യാനമില്ലാത്തിടത്ത് ഇരുട്ടാണ്. ഇങ്ങനെ നാം *ഉണ്ടാക്കുന്ന* വെളിച്ചമാണു നമ്മെ എല്ലാവിധ സങ്കുചിതത്വത്തിലേക്കും വലിച്ചിഴ ക്കുന്നത്. നാം കാണുന്നതാണ് വാസ്തവം, സത്യം, എന്നു നാം ധരിച്ചു പോകുന്നു. ഈയർത്ഥത്തിൽ, ഓരോ ഇന്ദ്രിയവും നമ്മെ നമ്മിലേക്ക് ഒറ്റപ്പെടുത്തി കബളിപ്പിക്കുകയാണ്. അവ കാണിക്കുന്നതിലേക്ക് നാം അറിയാതെതന്നെ ചുരുങ്ങിപ്പോകുന്നു. അതെല്ലാം ഏതോ പ്രതിഭാസ ത്തിന്റെ ഒരു ചെറിയതരി മാത്രമാണെന്നും, അതിനൊക്കെയപ്പുറത്ത് പരമാർത്ഥത്തിന്റെ വിശാലത ഒളിഞ്ഞിരിപ്പുണ്ടെന്നുമാണ് ദൂരേയ്ക്ക് കണ്ണോടിക്കുമ്പോൾ, നാം തിരിച്ചറിയുന്നത്. പലപ്പോഴും ഇത്തരമ നുഭവങ്ങൾ ധ്യാനത്തിന്റെ ഒരു നിമിഷം നമുക്ക് ദാനം ചെയ്തെന്നു വരാം.

അനന്തമായതിനെ കാണാൻ പഠിക്കുക എന്നതാണ് ധ്യാനം. എല്ലാവിധ വിഭജനത്തിൽ നിന്നും മുക്തിനേടുന്നവൻ ബുദ്ധനായിക്കഴിഞ്ഞു. അതോടേ മുക്തി നേടുന്നവൻതന്നെ അപ്രത്യക്ഷനാവുകയാണ്. അല്ലെങ്കിൽ അവിടെ വീണ്ടും വിഭജനം നിലനിൽക്കും. 'ഞാൻ' മുക്തി നേടുക എന്നത് മുക്തിയല്ല. അതുകൊണ്ടാണ് ബുദ്ധൻ പറയുന്നത്, ധ്യാനിക്കരുത്, ധ്യാനത്തിലാവുകയാണ് വേണ്ടത് എന്ന്. ധ്യാനിക്കുമ്പോൾ, 'ഞാൻ' ആണത് ചെയ്യുന്നത്. ധ്യാനമാകട്ടെ, അങ്ങേയറ്റത്തെ ശൂന്യതയിലേക്കുള്ള പ്രവേശനമാണ്. ഏതു പ്രവൃത്തിയും പ്രവർത്തിക്കുന്നവൻ മറഞ്ഞുപോകുന്നതിന്റെ അനുപാതത്തിലാണ് ആനന്ദമായി പരിണമിക്കുന്നത്. അങ്ങനെ വരുമ്പോൾ, ആരെന്നും എന്തിനെന്നുമുള്ളത് അപ്രസക്തമാകുന്നു. കാരണം, എല്ലാ ലക്ഷ്യവും പരിമിതിയാണ്. ജീവിതത്തെ മുഴുവൻ അർത്ഥം, ഉപയോഗം, ലക്ഷ്യം എന്നിവയുരുവിട്ടുകൊണ്ട് തള്ളിനീക്കുന്നത് മതവിരുദ്ധവും അശ്ലീലവുമാണെന്ന് ലാവോത്സു എന്നേ പഠിപ്പിച്ചിട്ടുണ്ട്. ലക്ഷ്യമില്ലാതെ വരുമ്പോൾ, പ്രവൃത്തി ഒരു കളിയായിത്തീരുന്നു. പ്രപഞ്ചം ദൈവത്തിന്റെ ലീലാവിനോദമാണെന്നും നമുക്കതിൽ പങ്കാളികളാകാമെന്നും പറയുന്നത് ഈയർത്ഥത്തിലാണ്. ഫലത്തെക്കുറിച്ച് ആകുലതയില്ലാതെ കർത്തവ്യനിരതനാകുക എന്ന് ശ്രീകൃഷ്ണൻ അർജുനനെ പ്രോത്സാഹിപ്പിക്കുന്നത് അതുകൊണ്ടാണ്. അതു ചെയ്യാനാകണമെങ്കിൽ, കാണപ്പെടുന്ന ഈ പ്രപഞ്ചം പൊള്ളയായ ഒരു പുറന്തോട് മാത്രമാണെന്ന സത്യം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ മനസ്സിനറിയാവുന്നത് ഈ പുറംതോട് മാത്രമാണ്, അതിൽ കുടുങ്ങിപ്പോകരുത് എന്ന് സ്വയം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കണം.

വെളിച്ചം ദു:ഖമാകുന്നത്, അതു (വെളിച്ചം) ചിലതെല്ലാം നമുക്ക് വെളിപ്പെടുത്തിത്തരുന്നു എന്ന മിഥ്യാധാരണ മൂലമാണ്. അപ്പോൾ നാം ചിലതൊക്കെ കാണുന്ന, ചിലതൊക്കെ അറിയുന്ന ആരോ ആയിത്തീരുന്നു. എന്നാൽ, ഈ 'ആരോ' നമ്മുടെ ശരിയായ സത്തയുടെ മുമ്പിൽ ഒന്നുമല്ല. അതിന്റെ ഒരു തരിപോലുമല്ല. അതാണ് വെളിച്ചംകൊണ്ടുണ്ടാകുന്ന വലിയ അപകടം. സത്യത്തിൽ, നമുക്ക് കിട്ടുന്ന നേരിയ വെളിച്ചം നാം കാണാത്തതിനെയെല്ലാം മറച്ചുകളയുകയാണ് ചെയ്യുന്നത്. ഇതേപ്പറ്റി അജ്ഞതയിൽ കഴിയുന്നവർക്ക് കുഴപ്പമൊന്നും തോന്നണമെന്നില്ല. എന്നാൽ, അവബോധത്തിലേക്കുള്ള അഭിരുചിയുള്ളവർ 'വെളിച്ചത്തെ' ദു:ഖകാരണമായി തിരിച്ചറിയുന്നു. എല്ലാ യഥാർത്ഥ കവിയിലും ബുദ്ധത്വത്തിന്റെ ഒരംശമുണ്ടായിരിക്കും. അതുകൊണ്ട്, *വെളിച്ചം ദു:ഖമാണുണ്ണീ* എന്നയാൾക്ക് പാടേണ്ടിവരുന്നു.

❑

# 28

# തിമിരം ബാധിച്ചവർ

വിശന്നുമരിക്കുന്ന ഒരു കുഞ്ഞിനു മുന്നിൽ പുസ്തകത്തിനൊരു വില യുമില്ല. (സാർത്ര്)

ദാഹിച്ചുമരിക്കുന്ന ഒരു മരത്തിനു മുന്നിൽ ഒരു സംസ്കാരത്തിനും ഒരു മതത്തിനും വിലയില്ല. (പി.എൻ.ദാസ്)

മനുഷ്യരുടെ ഭക്തിബഹളികൾക്കും ആഘോഷങ്ങൾക്കുമിടയിൽ കുഴഞ്ഞുവീണു മരിക്കുന്ന ഒരാനയുടെ മുന്നിൽ അഹിംസാപാരമ്പര്യത്തിന്റെ സർവ്വപുണ്യവും സംസ്കൃതിയും കപടമായിത്തീരുന്നു.

ചൂഷണം പതുക്കെപ്പതുക്കെയുള്ള കൊലയാണെന്ന് *പൂജ്യം* എന്ന നോവലിൽ സി. രാധാകൃഷ്ണന്റെ തുളച്ചുകയറുന്ന ഒരു നിരീക്ഷണമുണ്ട്. അന്ധവിശ്വാസങ്ങളിലൂടെയുള്ള അടിമത്തം, കോഴ, അയിത്തം, അഴിമതി എന്നതെല്ലാം മതത്തിന്റെ മറവിലും ഇന്ന് ധാരാളമായി നടത്തപ്പെടുന്ന കൊലകളാണ്. കൊല്ലുകയാണെന്ന് അറിയാതിരിക്കാൻ, കൊലയാളികൾ രാമനാമവും യേശുനാമവും ജപിക്കുന്നു. വെട്ടിയോ കുത്തിയോ കൊല്ലുന്നവന് മരണശിക്ഷ കൊടുക്കാറുണ്ട്. പതുക്കെ കൊല്ലുന്നവർ രക്ഷപ്പെടുന്നു. അടിമത്തത്തിന്റെ സുഖവും മതാന്ധതയും മൂലം, കൊലചെയ്യപ്പെടുന്നവർ പോലും അതറിയുന്നില്ല.

തെറ്റുകാരനാണെങ്കിൽ പോലും, നീതിപീഠത്തെ സമീപിക്കാൻ ഏത് പൗരനും അവകാശമുണ്ട്. അതിനനുവദിക്കാതെ, എല്ലാ മനുഷ്യത്വവും നഷ്ടപ്പെട്ട, കിരാതരായ പോലീസ് സാഡിസ്റ്റുകൾക്ക് ഒരു സഹജീവിയെ കൊല്ലാൻ കഴിയുന്ന ഈ നാട്ടിൽ ഒരു മാനുഷികമൂല്യവും ബാക്കിയിരിപ്പില്ല എന്നാണർത്ഥം. സ്വന്തം കുഞ്ഞുങ്ങളേയും ഭാര്യയേയുമെങ്കിലും

ഇത്തരം നികൃഷ്ടർക്ക് സ്നേഹിക്കാനാവുമോ? ഒരിക്കലുമില്ല! ചുറ്റും വിന്യസിക്കപ്പെടുന്ന ജീവിതഭാവങ്ങളിൽനിന്ന് മനുഷ്യർ എന്തുകൊണ്ടാണ് തീർത്തും ലളിതമായ പാഠങ്ങൾപോലും കാണാതെ പോകുന്നത്?

ഇതിന്റെയൊക്കെ തുടർക്കഥയാണ് കാശ്മീരിലും ഛത്തീസ്ഘട്ടിലും ഝാർഖണ്ടിലും മറ്റും കേന്ദ്രഗവണ്മെന്റിന്റെ പട്ടാളം നടത്തുന്ന കൊലകൾ. അങ്ങേയറ്റം സ്വാർത്ഥ, സങ്കുചിത മനസ്കരമാണ് നമ്മുടെ നാട്ടിൽ ഭരണമെന്ന നാടകം കളിക്കുന്നത്. രക്ഷകരായികണ്ട് ജനം അധികാരത്തിലേറ്റിയവർതന്നെ അവരെ ചൂഷണം ചെയ്യുകയും അവരുടെ നാടിന്റെ സമ്പത്തെല്ലാം വിദേശ കുത്തകകൾക്ക് വിറ്റഴിക്കുകയും ചെയ്യുന്നു. അവരാണ് മരണശിക്ഷയർഹിക്കുന്ന രാജ്യദ്രോഹം ചെയ്യുന്നത്, അല്ലാതെ, കാഷ്മീർ ഒരിക്കലും ഇന്ത്യയുടെ ഭാഗമായിരുന്നിട്ടില്ലെന്നു തെളിവ് സഹിതം പറയുന്നവർ അല്ല. അരുന്ധതി റോയിയെപ്പോലുള്ളവർ അങ്ങനെ ചെയ്യേണ്ടിവരുന്നത്, അവിടെ നടമാടുന്ന മനുഷ്യക്കുരുതികൾക്ക് അറുതിവരുത്താൻ ആരും അകമറിഞ്ഞ് ശ്രമിക്കുന്നില്ല എന്നതുകൊണ്ടാണ്. രാജ്യത്തിന്റെ ഇന്നുള്ള മഹാവിസ്തീർണ്ണം തന്നെ കൈകാര്യം ചെയ്യാനോ അവിടുത്തെ ജനത്തിനു നീതിനൽകാനോ കഴിയാത്ത അധികാരികളാണോ, കാശ്മീരും കൂടി കൂട്ടിവച്ചുള്ള ഇന്ത്യയെ തിളക്കമുള്ളതാക്കാൻ എന്തെങ്കിലും ചെയ്യാൻ പോകുന്നത്? അവനവന്റെ ശുഷ്ക്കാഭിമാനത്തിനായി അന്യന്റെ ജീവനിട്ടുകളിക്കുന്നവർ എന്നും എല്ലായിടത്തുമുണ്ട്. അവരൊക്കെ ജനദ്രോഹികളും രാജ്യദ്രോഹികളുമാണ്. അവരെ കഴുവിലേറ്റാൻ ആരുമില്ലെന്നതാണ് മനുഷ്യകുലത്തിന്റെ എന്നും തുടരുന്ന ശാപം.

കോമൺവെൽത്ത് ഗെയിംസ് നടത്തി ഞെളിയുന്നതിനേക്കാൾ അത്യാവശ്യമായ ഏതെല്ലാം അടിയന്തിരാവശ്യങ്ങൾ ഈ നാട്ടിലുണ്ടെന്ന് പറഞ്ഞുകൊടുത്താലേ ബൗദ്ധികതലത്തിൽ പടുവൃദ്ധരായ നമ്മുടെ 'നേതാക്കൾക്ക്' തിരിയുകയുള്ളോ? എന്താണിവരുടെ വളർച്ചാനിരക്കിന്റെ മാനദണ്ഡം? ഉള്ളവൻ വീണ്ടും ഉണ്ടാക്കുന്നതും, ഇല്ലാത്തവർ വഴിയിൽ തളർന്നുവീണു മരിക്കുന്നതുമാണോ? വിശപ്പ് ഇവിടെ ചർച്ചാവിഷയമാകുന്നില്ല; കാരണം, വിശപ്പില്ലാത്തവരാണിവിടെ അധികാരത്തിന്റെ കസേരകളി നടത്തുന്നത്.

അരുന്ധതി റോയിയും രാജ്യദ്രോഹവും എന്നൊരു എഡിറ്റോറിയൽ എസ്. ജയചന്ദ്രൻ നായർ എഴുതിയിരിക്കുന്നത് ഇന്ത്യയെ സ്നേഹിക്കുന്നവരെല്ലാം ഒന്നു വായിക്കണം. (മലയാളം വാരിക, നവ. 12, 2010 www.malayalamvarikha.com). *ജനങ്ങൾ കൊല്ലപ്പെടാതിരിക്കാനും മാനഭംഗം ചെയ്യപ്പെടാതിരിക്കാനും തടവിലാക്കപ്പെടുകയോ കൈനഖങ്ങൾ പിച്ചിച്ചീന്തപ്പെടുകയോ ചെയ്യാതിരിക്കാനും വേണ്ടിയാണ് താൻ*

*സംസാരിക്കുന്നതെന്നും സ്വന്തം മനസ്സാക്ഷിക്കനുസരിച്ചു സംസാരിക്കുന്ന എഴുത്തുകാരെ നിശ്ശബ്ദരാക്കുന്ന രാജ്യം കരുണയർഹിക്കുന്നുവെന്നും* അവർ പറയുന്നു. മലയാളം വാരികയുടെ അതേ ലക്കത്തിൽ എസ്. ഗോപാലകൃഷ്ണന്റെ *ആഴ്ച്ചപ്പാടുകൾ* എന്ന കോളത്തിലും വിഷയം ഇതുതന്നെ. അരുന്ധതി പറഞ്ഞതിൽ ഹൃദയം മുറിഞ്ഞ 'രാജ്യസ്നേഹികളോട്' കൊളമ്നിസ്റ്റ് ചോദിക്കുന്നു, *അരുന്ധതി റോയിയുടെ 'ദേശവിരുദ്ധ' പ്രസ്താവനയെയാണോ നിങ്ങൾ എതിർക്കുന്നത്, അതോ, അരുന്ധതിയെ ക്രൂശിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നവരുടെ കീശകളിൽ ഒളിച്ചിരിക്കുന്ന ആകാശചുംബികളായ രാജ്യദ്രോഹങ്ങളെയാണോ?*

കേൾക്കുന്നതും വായിക്കുന്നതുമെല്ലാം പണ്ടത്തേതിലും വ്യഥയുള്ള വാർത്തകളാണ്. ഭയാനകമായ അന്തരീക്ഷത്തിലാണ് മിക്ക രാജ്യങ്ങളിലും ജനം ജീവിക്കുന്നത്. ചെറുത്തുനില്പിന് ശേഷിയുള്ള ഇന്ത്യപോലും ഹൃസ്വദൃഷ്ടികളും അത്യാഗ്രഹികളും മന്ദബുദ്ധികളുമായ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും നിരുത്തരവാദിത്തംമൂലം രാജ്യത്തെ ഉപഭോഗകമ്പോളത്തിനും സാമ്രാജ്യത്വത്തിനും അടിമവയ്ക്കുന്നു. പ്രകൃതിയിൽനിന്നു ദാനമായി, ഏവർക്കുമായി, ലഭ്യമാകുന്നവയെങ്കിലും സ്വാർത്ഥതയില്ലാതെ പങ്കുവയ്ക്കപ്പെടേണ്ടതാണെന്ന സത്യം ഇന്നൊരിടത്തും അംഗീകരിക്കപ്പെടുന്നില്ല. ഖനന ക്കമ്പനികളുടെ ലാഭക്കൊയ്ത്തിനായി ആട്ടിയോടിക്കപ്പെടുന്ന പാവങ്ങൾക്കും അത്മാഭിമാനമുണ്ടെന്ന് മന്മോഹനും ചിതംബരത്തിനുമെന്തേ തിരിയാത്തത്? കോവിലനെപ്പോലെ, ആദിവാസിസ്ത്രീകളുടെ നഗ്നവയറുകൾ കാണുമ്പോൾ, അവരുടെ വിശപ്പിനെക്കുറിച്ചോർക്കാൻ നമ്മുടെ മന്ത്രിമാർക്കെന്തുകൊണ്ടാകുന്നില്ല? സ്വന്തം ജനതക്കെതിരെ, എന്തു കാരണം പറഞ്ഞാണെങ്കിലും, ആരെ വിരട്ടാനാണെങ്കിലും, പട്ടാളത്തെ ഉപയോഗിക്കുന്ന അധികാരികൾ രാജ്യസേവകരോ ജനദ്രോഹികളോ? അതിനുത്തരം അതറിയേണ്ടവരൊഴിച്ചുള്ള ഏത് സാധാരണ പൗരനുമറിയാം. തിമിരം ബാധിച്ചവരാണ് ഇന്ന് കേന്ദ്രത്തിലും കേരളമുൾപ്പെടെ മിക്ക സംസ്ഥാനങ്ങളിലും അധികാരക്കസേരകളിൽ ബലം പിടിച്ചിരിക്കുന്നത്. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ അവർക്കുള്ളതാണെന്ന മട്ടിലാണ് അവരുടെ പെരുമാറ്റം. അത് കൊള്ളയടിക്കാൻ വേണ്ടി മണ്ണിന്റെ മക്കളെ മരണത്തിന്റെ താഴ്വരകളിലേക്ക് തുരത്തുന്ന നേതാക്കൾ ആരുടെ നേതാക്കളാണ്?

ഇരുട്ടിനേക്കാൾ ഭയാനകം കുരുടതയാണ്.

❑

# 29

# മലയാളിയും പ്രാർത്ഥനയും

ഒരു സാധാരണ മലയാളി വായ് തുറന്നാൽ പുറത്തുവരുന്നത് ഒന്നുകിൽ അഹന്തയുടെ ഒരു ഗർജ്ജനം, അല്ലെങ്കിൽ ഒരു പ്രാർത്ഥന. ഒരേ പുണ്യവാളനോടുള്ള ഒരേ പ്രാർത്ഥനതന്നെ ഒരേ താളിൽ ഇരുപതു തവണ നാട്ടിലെ ചില പത്രങ്ങളിൽ കാണാം. ദിവസം മുഴുവൻ പ്രാർത്ഥന ക്കായി മാത്രമുള്ള ചാനലുകളും കേരളത്തിലുണ്ട്. മലയാളികളുടെ പ്രയത്നങ്ങളിലൂടെ, പ്രാർത്ഥനയെ പ്രോത്സാഹിപ്പിക്കാൻ കൂട്ടായ്മകളും ആസ്ഥാനങ്ങളും യുറോപ്പിലും അമേരിക്കയിലും അരിക്കൂണുപോലെ മുളച്ചുകൊണ്ടിരിക്കുന്നു.

ഈ പറഞ്ഞിടത്തെല്ലാം പ്രാർത്ഥനയെന്ന പ്രവൃത്തി, ഒരു വിശ്വാസി, അവൻ ആരാധിക്കുന്ന ദൈവവുമായി, അല്ലെങ്കിൽ, ഒരു മദ്ധ്യസ്ഥനോടോ മദ്ധ്യസ്ഥയോടോ പുലർത്തുന്ന ഒരനുഗ്രഹംതേടലാണ്. സമ്മതിച്ചു, ഇത്തരം പ്രാർത്ഥന പലരുടെ ജീവിതത്തിലും ഒരു മാനസ്സിക ഔഷധ മായി പ്രവർത്തിക്കാം. അത് യഹൂദ ഇസ്ലാമികമതങ്ങളുടെ കണ്ടുപിടുത്ത മാണ്. ക്രിസ്തുമതവും ഈ രീതി പ്രോത്സാഹിപ്പിക്കുന്നുവെന്നേയുള്ളൂ. അവർക്കത് കാശുവച്ചുള്ള കളിയുമാണ്. പക്ഷേ, തത്ത്വത്തിൽ മറ്റൊരർ ത്ഥവുമില്ലാത്ത വ്യായാമമാണിത്. കാരണം, ദൈവവും തന്റെ സൃഷ്ടികളു മായി വ്യക്തിപരമായ ബന്ധം ഉണ്ടായിരിക്കുക എന്നത് ഒരു മനുഷ്യ ഭാവന മാത്രമാണ്. എന്തുകൊണ്ടാണ് ദൈവവും തന്റെ സൃഷ്ടികളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുക അസാധ്യമാകുന്നത്?

ദൈവമൊരു വ്യക്തിയല്ലായെന്നതാണ് അതിന്റെ ലളിതമായ കാരണം. എല്ലാ അസ്തിത്വത്തിന്റെയും ജീവന്റെയും അടിസ്ഥാനമായ ശക്തിയെന്നാണ് ദൈവശബ്ദംകൊണ്ട് മനസ്സിലാക്കേണ്ടത്. പ്രപഞ്ച

ത്തിൽ വ്യക്തിത്വത്തിലേക്ക് വികസിച്ചത് നാമറിയുവോളം മനുഷ്യൻ മാത്രമാണ്. അതുതന്നെയാണ് അവനു വിനയായി ഭവിച്ചതും. കാരണം, എല്ലാ സ്വാർത്ഥതയുടെയും പിന്നിൽ ഈ വ്യക്തിത്വബോധമാണുള്ളത്. ദൈവതത്തിൽ വ്യക്തിത്വം ആരോപിക്കുക ബാലിശമാണ്. അതിൽനിന്നു തന്നെയാണ് പ്രാർത്ഥനയുടെ കാര്യത്തിലുണ്ടാകുന്ന തെറ്റായ ധാരണയും വന്നുചേരുന്നത്. ദൈവം മനുഷ്യരെ വ്യക്തികളായി കരുതുന്നുണ്ടെന്നുള്ളതിനുതകുന്ന എന്തെങ്കിലും തെളിവുകൾ അനുദിനജീവിതത്തിൽ ഒരിടത്തും കാണാനാവില്ല. സംഭവിക്കുന്നവയെല്ലാം പ്രകൃതിയുടെ നിയമങ്ങളനുസ്സരിച്ച് ഉണ്ടാകുന്നവയാണ്. അവയിൽ നന്മതിന്മകളെ വേർതിരിച്ചു കാണുന്നതും അവയെ അനുഗ്രഹങ്ങളും ശിക്ഷകളുമായി തരംതിരിക്കുന്നതും മനുഷ്യൻ മാത്രമാണ്. അവനു ചേരാത്തത് അവൻ തിന്മയായി കരുതുന്നു, അത്രതന്നെ. തന്നിൽത്തന്നെ സർവ്വോന്നത നന്മയായതിനാൽ ദൈവത്തിനും, നന്മതിന്മയുടെ വേർതിരിവ് അറിയില്ലാത്തതിനാൽ പ്രകൃതിയിലുള്ള ഒന്നിലും തിന്മയെന്നൊന്നില്ല, ഉണ്ടായിരിക്കാനാവില്ല.

വ്യക്തിയാണ് തിന്മയുടെ സ്രഷ്ടാവെന്ന് അല്പമാലോചിച്ചാൽ വ്യക്തമായി മനസ്സിലാകും. എന്തുകൊണ്ടാണ് ചില ചെടികളെ നാം കളകളെന്നു കരുതി നശിപ്പിക്കുന്നത്? നമുക്കുപകാരമുള്ള സസ്യങ്ങളെ പ്രത്യേക ശ്രദ്ധകൊടുത്തു പരിരക്ഷിക്കാൻ വേണ്ടി. ഇതേ കാഴ്ച്ചപ്പാടു തന്നെയാണ് മറ്റു നന്മതിന്മകളുടെയും പ്രഭവസ്ഥാനം. ബോധോദയം സംഭവിക്കുക എന്നാൽ വ്യക്തിപരമായ തലത്തിൽനിന്നുയർന്ന്, ചിന്തയിലും പ്രവൃത്തിയിലും അസ്തിത്വത്തിന്റെ ഭാഗമാകുക എന്നു മാത്രമാണ്. അതുതന്നെയാണ് ദൈവവുമായുള്ള ഐക്യവും. അതുതന്നെയാണ് ശുദ്ധമായ പ്രാർത്ഥന. അല്ലാതെ, ഓരോ നിമിഷവും ഏതെങ്കിലും തരത്തിലുള്ള അപ്പത്തിനായി യാചിച്ചുകൊണ്ടിരിക്കുകയല്ല.

യുക്തിഭദ്രമായ ജീവിതമെപ്പോഴും സാധ്യമല്ല. മിക്കപ്പോഴും മനസ്സിന്റെ നിയന്ത്രണപരിധിയിലല്ല സുന്ദരമായ പലതും - സൗന്ദര്യാവബോധം, ധ്യാനചൈതന്യം, അകൈതവപ്രേമം തുടങ്ങിയവ. എന്നാൽ ഇവയൊക്കെയില്ലാതെ എന്ത് ജീവിതസാഫല്യം? പ്രാർത്ഥനയുടെ നിരന്തരഭാവമുള്ളവർക്ക് പള്ളികളും അമ്പലങ്ങളും അധികപ്പറ്റായി തോന്നും; അതില്ലാത്തവർക്കോ, ഉപയോഗശൂന്യവും. നമുക്കുചുറ്റുമുള്ള അനന്തമായ പ്രപഞ്ചവിസ്മയങ്ങൾ നമ്മെ നിരന്തരം ദൈവസാന്നിധ്യം പഠിപ്പിക്കുന്നില്ലെങ്കിൽ ദൈവത്തെ പിന്നെ എവിടെ തേടാനാണ്? ദൈവത്തോടുള്ള അടുപ്പമെന്നതുകൊണ്ട് പിന്നെയെന്താണ് ഒരാൾ ഉദ്ദേശിക്കുന്നത്? ഈ ചോദ്യം വേണ്ടിവരുന്നതുതന്നെ വ്യാജമായ വ്യക്തിപൂജയെ പ്രോത്സാഹിപ്പിക്കുന്ന മതപ്രവണതകളുടെ അതിപ്രസരം കൊണ്ടാണ്. പുണ്യവാളന്മാർ, പൂജാരിപുരോഹിതർ തുടങ്ങിയവർക്ക് ജനത്തിന്റെമേൽ

ഇന്നുള്ള വെറുപ്പിക്കുന്ന സ്വാധീനവും അന്ധമായ വ്യക്തിസ്വാധീനത്തിന്റെ പാർശ്വഫലം മാത്രമാണ്. പ്രാർത്ഥനയെന്നാൽ ഇതൊക്കെയാണെന്നുള്ള അന്ധവിശ്വാസം സാധാരണക്കാരിൽ ഇന്ന് കൂടുതലായി അടിച്ചേൽപ്പിക്കപ്പെടുകയാണ്.

*തത് സത്യം, സ ആത്മാ, തത്ത്വമസി, ശ്വേതകേതോ* (അതാണ് സത്യം, അത് ആത്മാവാണ്, നീ അതാണ്, ശ്വേതകേതൂ! (സ്വന്തം പേരിവിടെ ചേർക്കുക). ഛാന്ദോക്യോപനിഷത് VI, 1, 26. ഇത്ര സുന്ദരവും, എത്ര മനനം ചെയ്താലും മതിയാവാത്തതുമായ മറ്റൊരു സ്നേഹവാക്യം ഈ ഭൂവിലൊരിക്കലും വേറൊരിടത്തും ഉരിയാടപ്പെട്ടിട്ടില്ല. പ്രാർത്ഥനയുടെ സർവാർത്ഥങ്ങളും ഈ വാക്യത്തിലുൾക്കൊണ്ടിരിക്കുന്നു.

പ്രാ-അർത്ഥന എന്നാൽ അർത്ഥനക്ക് മുമ്പുള്ളത് എന്നാണ്. അതു കഴിഞ്ഞുള്ളതുമാണ്. യാചനയാകുന്ന പ്രാർത്ഥന വെറും അർത്ഥനയാണ്. അത് ജീവനില്ലായ്മയുടെയും ശുഷ്കതയുടെയും ലക്ഷണമാണ്. ആത്മജീവനുള്ളിടത്ത്, അർത്ഥനയല്ല, ആഘോഷമാണുണ്ടാവുക. മതിയാകാത്തിടത്താണ് യാചന വേണ്ടിവരുന്നത്. നേർച്ചകാഴ്ച്ചകളുടെയും അർച്ചനകളുടെയും ആവർത്തനപ്പാട്ടുകളുടെയുമൊക്കെ ബഹളങ്ങൾ അതൃപ്തിയുടെ സൂചനകളാണ്. എന്നാൽ സംതൃപ്തൻ (വേണ്ടതെല്ലാം തനിക്കുണ്ടെന്നുള്ള ബോദ്ധ്യത്തിൽ കഴിയുന്നവൻ) ഉള്ളതുകൊണ്ടാഘോഷിക്കും. ആൾക്കൂട്ടവും കൂട്ടപ്രാർത്ഥനയും അവനു വിരസതയേകുകയേയുള്ളൂ.

ഇരന്നുവാങ്ങാനും വാരിക്കൂട്ടാനുമുള്ള ത്വര - അത് രോഗശാന്തിയോ മറ്റനുഗ്രഹങ്ങളോ ആകട്ടെ - ആത്മീയതയല്ല; അതിന്റെ അഭാവമാണ്. എല്ലാം കിട്ടിയിട്ടുണ്ടെന്ന സംതൃപ്തിയിൽ മാത്രമേ ആത്മീയത പുഷ്ടി പ്രാപിക്കൂ.

❑

# 30

# പീഡാനുഭവത്തിന്റെ മനഃശാസ്ത്രം

പുതുവർഷം പിറന്നുകഴിഞ്ഞാൽ അധികം താമസിയാതെ തുടങ്ങും, (യൂറോപ്പിലെ വെബ്സൈറ്റുകളിലെ പരസ്യങ്ങളാണ് ഇതെഴുതുമ്പോൾ മനസ്സിൽ) ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് കത്തോലിക്കർ, പീഡാനുഭ വധ്യാനങ്ങളും നോയമ്പും മറ്റു സ്വകീയപീഡനങ്ങളും. ക്രിസ്ത്യാനി കളുടെ മതചിഹ്നങ്ങളിൽ ഒന്നാമത്തേത് കുരിശാണ്. അതൊരു പീഡ നോപകരണമാണെന്നും യേശുവിനെ കൊന്നത് കുരിശിൽ തറച്ചാ ണെന്നും എല്ലാവർക്കുമറിയാം. പക്ഷേ, വിഗ്രഹാരാധനക്കുള്ള വസ്തു വായി കണക്കാക്കപ്പെടാൻതക്ക കാരണമാകുമോ അത്? സ്വന്ത ത്തിൽ പെട്ട ഒരാൾ കത്തിക്കുത്തേറ്റു മരിച്ചാൽ ഒരു കത്തി ചില്ലു കൂട്ടിലിട്ടുവച്ചും ആരതി നടത്തിയും പൂജിക്കുന്നതുപോലൊരു ബാലിശവൃത്തിയാണ് കുരിശിനോടുള്ള ആരാധന. കോട്ടയം ജില്ലയിലുള്ള കപ്പാട് എന്ന സ്ഥലത്ത് പുതുക്കിപ്പണുത ബ്രഹ്മാണ്ഡൻ പള്ളി വിശുദ്ധ കുരിശിന്റെ നാമത്തിലുള്ള അന്താരാഷ്ട്ര തീർഥാടനകേന്ദ്രമാക്കിയുയർത്തി, രണ്ടാന മുഴുപ്പിൽ കുരിശു ചുമക്കുന്ന ക്രിസ്തുപ്രതിമയും, ഒരാനമുഴുപ്പിൽ നേർച്ച പ്പെട്ടിയും പണിത് കൊണ്ടാടുകയാണ്, പള്ളിക്കാർ. എന്താണെന്നോ? പീഡാനുഭവം! യേശുവിനെ കൊന്ന കുരിശിന്റെ ഒരു കഷണം തിരുശേഷി പ്പായി കിട്ടിയത് പള്ളിയിൽ സൂക്ഷിച്ചിട്ടുമുണ്ടുപോലും!

യേശു ഒരു രാത്രിയും ഒരു പകലും ശാരീരികമായി ഉപദ്രവിക്ക പ്പെടുകയും അതിനുശേഷം ക്രൂശിക്കപ്പെടുകയും ചെയ്തുവെന്നുള്ളത് ചരിത്രസത്യമാണെങ്കിൽ, അതിലും സത്യമാണ് അദ്ദേഹം പത്തുമുപ്പതു കൊല്ലം തന്റെ സ്ത്രീപുരുഷ സുഹൃത്തുക്കളോടൊത്തു സുഖദുഃഖങ്ങൾ

പങ്കുവച്ചും പരസ്പരം സ്നേഹിക്കാൻ പഠിപ്പിച്ചും ജീവിച്ചുവെന്നത്. അദ്ദേഹത്തിന്റെ ആ ജീവിതശൈലി അപ്പാടെ മറന്നിട്ട്, തൻെറ അവസാന നിമിഷങ്ങളിലെ വേദനയ്ക്കും മരണത്തിനും മാത്രം ഇത്ര വലിയ കൈയടി നൽകുന്നതിൽ എന്തോ വിലിയ പിശകില്ലേ? അതിലും കൊടും ക്രൂരത ജീവിതകാലംമുഴുവൻ അനുഭവിക്കുന്നവർ മനുഷ്യരുടെയിടയിൽ എന്നുമുണ്ട്, യേശുവിനെപ്പോലെതന്നെ ഒരു തെറ്റും ചെയ്യാത്തവർ. അവരുടെ പീഡാനുഭവങ്ങളുടെ അർത്ഥമെന്ത്? അപ്പോൾ, മന:ശാസ്ത്ര പരമായ ഒരു വക്രത ഇതിനുപിന്നിലുണ്ട് എന്നത് വ്യക്തം. ഇതൊന്നു പരിശോധിക്കുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം.

എന്താണ് യേശു പഠിപ്പിച്ചത്? സ്വയം സ്നേഹിക്കുന്നതുപോലെ അന്യരെയും സ്നേഹിക്കണം എന്നാണത്. പക്ഷേ, സ്വയം സ്നേഹി ക്കാത്തയൊരാൾക്ക് മറ്റൊരാളെ സ്നേഹിക്കാൻ കഴിയില്ല. സ്വയം ആനന്ദംകൊണ്ടു കവിഞ്ഞൊഴുകാതെ മറ്റൊരാൾക്ക് ആനന്ദം പകരാ നാവില്ല. ഈ ബോദ്ധ്യത്തിന്റെ പാരമ്യമായിട്ടാണ് അവിടുന്നു പറഞ്ഞത്, സ്നേഹംമൂലം മറ്റുള്ളവർക്കായി മരിക്കാൻപോലും തോന്നിയേക്കാമെന്ന്. എന്നാൽ ഈ ചൊല്ലും യേശുവിന്റെ തുലോം യാദൃശ്ചികമായ ക്രൂശിക്ക പ്പെടലും തമ്മിൽ ബന്ധിപ്പിച്ചതും അതിനെ പിതാവാവശ്യപ്പെട്ട ത്യാഗ മായും ബലിയായും വ്യാഖ്യാനിച്ചതും പൗലോസിനെപ്പോലുള്ളവരുടെ പിൽക്കാലചിന്തകളായിരുന്നു. ഈ തിയോളജിക്കു യേശുവിന്റെ മനു ഷ്യോളജിയുമായി യാതൊരു ബന്ധവുമില്ല. എന്നുതന്നെയല്ല, അത് തീർത്തും വികലവുമാണ്. കാരണം, അതു മുളപൊട്ടി വികസിച്ചത് മനുഷ്യകേന്ദ്രീകൃതമായ ചിന്തയുടെ ചട്ടക്കൂട്ടിലാണ്. ഇന്ന്, നമ്മുടെ വാസസ്ഥലമായ ആകാശഗംഗയെ മൊത്തത്തിലെടുത്താൽപോലും, പ്രപഞ്ചവിസ്തൃതിയിൽ അതൊരു കരടു മാത്രമാണെന്നും മനുഷ്യനെന്ന പ്രതിഭാസം അതിലൊരു യാദൃശ്ചികത മാത്രമാണെന്നും, ചിന്തിക്കാൻ കഴിവുള്ളവർ അറിഞ്ഞിരിക്കേണ്ടതാണ്. മനുഷ്യനെപ്പോലെയോ അതിലും ഉദാത്തമായതോ ആയ ജൈവപരിണാമം പ്രപഞ്ചത്തിൽ മറ്റു പലയിടത്തും വികസിച്ചിട്ടുണ്ടായിരിക്കുക ഒരു സാദ്ധ്യത തന്നെയാണ്. അപ്പോൾ, ദൈവത്തിൽ വ്യക്തിത്വം ആരോപിക്കുകയും, ഈ ഭൂമിയിലെ മനുഷ്യനോട് അത്രക്ക് കടപ്പാട് തോന്നിയ പിതാവായ ദൈവം സ്വന്തം പുത്രനെക്കൊണ്ട് മനുഷ്യരൂപമെടുപ്പിച്ച്, അവൻെറ ത്യാഗവും ബലിയും വഴി മനുഷ്യൻെറ തോന്ന്യാസത്തിനു പരിഹാരം ചെയ്യിച്ചു എന്നൊക്കെ ചിന്തിച്ചു സായൂജ്യമടയുകയും മറ്റും തീർത്തും അല്പബുദ്ധികൾക്കേ സാധിക്കൂ. ഇത്തരക്കാരുടെ മന:ശാസ്ത്രം സൂക്ഷ്മമായി പഠിക്കേണ്ട തുണ്ട്. യേശുവിൻെറ സഹനത്തിൽ പങ്കുചേരുന്നതാണ് അവർക്ക് പരമ മായ പുണ്യം; ജീവിതത്തിൽ ക്ലേശങ്ങൾ വന്നുചേരുന്നത് ഈ പുണ്യം പരിശീലിക്കാനായി ദൈവം കനിഞ്ഞുനൽകുന്ന അവസരങ്ങളാണ്;

നിർഭാഗ്യവശാൽ അതിനു ഭാഗ്യം കിട്ടാത്തവർ സ്വയം പീഡിപ്പിച്ചെങ്കിലും യേശുവുമായി താദാത്മ്യം പ്രാപിക്കണം എന്നൊക്കെയാണ് പള്ളിയിൽ നിന്നു കിട്ടുന്ന പാഠം!

ഉൾക്കാഴ്ചയുള്ള ഒരു വിശകലനം ഈ വിഷയത്തിൽ ഡോ. റോസി തമ്പി നൽകിയിട്ടുണ്ട്. *"സ്വയം പീഡിപ്പിക്കുന്നയാൾക്ക് എപ്പോഴും അയാളറിയാതെതന്നെ പരപീഡനാസക്തിയുണ്ടായിരിക്കും. സ്വയത്യാഗം മറ്റുള്ളവരെ പീഡിപ്പിക്കാനുള്ള ഒരു കൗശലവിദ്യയാണ്. ഒരാൾ മറ്റൊരാൾക്കുവേണ്ടി ത്യാഗം സഹിക്കുമ്പോൾ, അതിന്റെ ഫലമനുഭവിക്കുന്നയാൾക്ക്, തനിക്കുവേണ്ടി സഹിച്ച വ്യക്തിയോട് എന്നും കടപ്പാടുണ്ടാകുന്നു. ഈ കടപ്പാട് ഒരുതരം കുറ്റബോധം കൂടിയാണ്. എന്നാൽ, സ്നേഹം ഇത്തരമൊരു കടപ്പാടോ കുറ്റബോധമോ വ്യക്തിയിൽ സൃഷ്ടിക്കുന്നില്ല. ആനന്ദത്തിൽ ജീവിക്കുക എന്നതു മാത്രമാണ് സ്നേഹത്തിന്റെ ഉത്തരവാദിത്വം. ആനന്ദത്തിൽ ജീവിക്കുന്നവർ അവരിൽനിന്നു കവിഞ്ഞൊഴുകുന്ന ആനന്ദം മറ്റുള്ളവരിൽക്കൂടി നിറയ്ക്കും. അതിനു ത്യാഗത്തിന്റെ യാതൊരു നിറവുമില്ല."* (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ 30, 2007)

പീഡാനുഭവധ്യാനങ്ങൾ നടത്തുന്നവർക്ക് കരുതിക്കൂട്ടിയ ഒരു ലക്ഷ്യമുണ്ട്. പാപബോധം നിറഞ്ഞ മനസ്സിനേ രക്ഷകന്റെ ആവശ്യവും അദ്ദേഹത്തോടു കടപ്പാടും തോന്നൂ. തൻെറ രക്ഷ ക്രിസ്തുവിൻെറ സഹനത്തിലുടെയാണെന്ന വിശ്വാസം ഉറപ്പിച്ചുവച്ചാൽ ക്രിസ്തുവിൻെറ മരണത്തിനു താൻകൂടി ഉത്തരവാദിയാണെന്ന കുറ്റബോധം അയാളെ വല്ലാതെ അപകർഷപ്പെടുത്തിക്കൊണ്ടിരിക്കും. പിന്നെ കുമ്പസാരവും മറ്റു കൂദാശകളും അനിവാര്യമാകും. അത് വിശ്വാസികളെ പള്ളിയും പാതിരിമാരുമായും എന്നും ബന്ധിച്ചിടും. പട്ടക്കാർക്ക് തൊഴിൽരാഹിത്യം വരില്ല.

മറിച്ച്, മനുഷ്യർ പഠിക്കേണ്ടത് ക്രിസ്തുവിൻെറ ജീവിതാഘോഷത്തിലും ആനന്ദത്തിലും പങ്കുപറ്റി ജീവിക്കാനാണ്. ദൈവം സ്നേഹമാണ് (God is love.) എന്നതിനു പകരം സ്നേഹിക്കുക എന്നതാണ് ദൈവതം (To love is to be God.) എന്നു മനസ്സിലാക്കുകയാണ് പരമപ്രധാനം. അതാണ് യേശു ജീവിച്ചു കാണിച്ചത്. അതായിരിക്കണം ക്രിസ്തീയത. അതിനു പകരം മനസ്സുകൊണ്ടെങ്കിലും നിത്യേന യേശുവിനോടുകൂടി മരിക്കുന്നതെങ്ങനെയെന്നു പഠിപ്പിക്കുന്നത് ശുദ്ധ വിഡ്ഢിത്തമല്ലാതെയെന്താണ്? സ്വന്തം മകനെ തനിക്കു ബലിയായി കൊന്നു കിട്ടാൻ തക്ക സ്നേഹം ദൈവത്തിനു മനുഷ്യരോടു തോന്നി എന്നൊക്കെ വീമ്പിളക്കുന്നത് ദൈവാരാധനയോ ദൈവദൂഷണമോ? ഈ വക മാനസിക വിഭ്രാന്തികൾ രൂപംകൊള്ളുന്നത് സർവസൃഷ്ടിയുടെയും മകുടവും മഹത്ത്വവുമായി മനുഷ്യൻ സ്വയം പ്രപഞ്ചമദ്ധ്യത്തിൽ അവരോധിച്ചു ശീലിച്ചതുകൊ

ണ്ടാണ്. ഇത് സത്യമല്ലെന്നും ഇന്ന് നമുക്ക് തരപ്പെട്ടിട്ടുള്ള പ്രപഞ്ച വീക്ഷണവുമായി ഇതൊരിക്കലും ഒത്തുപോകില്ലെന്നും ആർക്കാണറിയാത്തത്?

ഷാലോം റ്റി.വി.യിൽ ഇടയ്ക്കിടയ്ക്ക് ദാരുണമായ ഒരു ദൃശ്യമുണ്ട്. അഞ്ചും ആറും മാത്രം വയസുള്ള കുഞ്ഞുങ്ങളെ മുട്ടിന്മേൽ നിറുത്തി പ്രാർത്ഥിപ്പിക്കയാണ്: *ഈശോയുടെ അതിദാരുണമായ പീഡാനുഭവത്തെയും മരണത്തെയും പ്രതി, ഞങ്ങളുടെയും ലോകത്തിന്റെയും മേൽ കരുണ കാണിക്കണമേ* എന്ന്. അമ്പത് തവണയിലധികം ഇതുതന്നെ അവർ ഉരുവിടുന്നു. ചിലർ വിയർത്തൊഴുകുന്നു. ഈ കുരുന്നു ഹൃദയങ്ങളിലേയ്ക്ക് പീഡാനുഭവത്തിന്റെ ദൈവശാസ്ത്രമാണോ ഈ പ്രോഗ്രാമുണ്ടാക്കുന്ന പാവം ഭക്തന്മാർ അടിച്ചുകയറ്റുന്നത്? ഇതൊക്കെ അതിരുകടന്ന മതഭ്രാന്തിന്റെ പ്രകടനങ്ങളല്ലാതെയെന്താണ്?

എന്നാൽ, സ്വപീഡനത്തിനും അന്യപീഡാഘോഷത്തിനും പോകാതെ, ജീവിതത്തിൽ അനിവാര്യമാകുന്ന വേദനകളെ എങ്ങനെ ഫലപ്രദമാക്കാം എന്ന് ചിന്തിക്കുന്നത് വൃഥാവിലാവില്ല. വേദനകൾ അർഹതപ്പെട്ടതെന്നോ അല്ലെന്നോ ഉള്ള വ്യാഖ്യാനങ്ങളില്ലാതെ സ്വീകരിക്കാനായാൽ, അത് അഹന്തയെ ക്ഷയിപ്പിക്കാനുള്ള ഉപാധിയായിത്തീരാം. വേദനയെ ചെറുക്കുന്നത് അഹന്തയെ ശക്തിപ്പെടുത്തുകയാണു ചെയ്യുക. അസുഖങ്ങൾ വരുമ്പോൾ മനസ്സിൽ എതിർപ്പുളവാകാതെ സൂക്ഷിക്കാമെങ്കിൽ സുഖംപ്രാപിക്കൽ എളുപ്പമാകുമെന്ന് അനുഭവസ്ഥരും മന:ശാസ്ത്രജ്ഞരും പറയുന്നു. മറിച്ചായാൽ രോഗം *ക്രോണിക്ക്* ആകാനാണിടയുള്ളത്.

❑

# 31

# സ്വാതന്ത്ര്യത്തിലേയ്ക്കുള്ള തുറവ്

അല്പം ആത്മകഥാംശം ക്ഷമിക്കുക. 1970 ൽ ആണ്, ഇംഗ്ലണ്ടിൽ നിന്ന് ബോംബെക്ക് പറക്കവേ, ഒരു സെക്കന്റ്ഹാൻഡ് ക്യാമറയുപയോഗിച്ച് മുകളിൽനിന്ന് വെള്ളിമേഘക്കൂട്ടങ്ങളുടെ കുറേ പടങ്ങളെടുത്തു. വീട്ടിലു ള്ളവരെ കാണിച്ച് അദ്ഭുതപ്പെടുത്തണം. പ്രിന്റെടുക്കാൻ ഫിലിം സ്റ്റുഡി യോവിൽ കൊണ്ടുപോയി കൊടുത്തിട്ട്, വലിയ പ്രതീക്ഷയോടെ പടങ്ങൾ വാങ്ങാൻ ചെന്നപ്പോൾ ഉണ്ടായത് ഒരു ഞെട്ടലാണ്; ഫിലിമിൽ ഒന്നും പതിഞ്ഞിരുന്നില്ലത്രെ. ക്യാമറയ്ക്കുള്ളിൽ അത് കറങ്ങിയതേയില്ല! അന്നു തുടങ്ങിയതാണ് ഫോട്ടോഗ്രഫിയിലുള്ള വാശിയേറിയ താല്പര്യം. നന്നായി പടമെടുക്കാൻ മാത്രമല്ല, ഡാർക്ക്റൂമിലെ പണികളെല്ലാം പഠിച്ചെടുത്തു. സൗകര്യമൊത്തുവന്നപ്പോൾ ഒന്നാന്തരം ക്യാമറകൾ വാങ്ങി. ഒത്തിരി പണം ഈ ഹോബിക്കായി ചെലവാക്കി. എന്നാൽ, ഏതാണ്ട് പതിനഞ്ചുകൊല്ലം മുമ്പ്, ഈ ഹരത്തിൽനിന്ന് ഞാൻ സ്വയം മോചിതനായി. ഫോട്ടോകൾ മാത്രമല്ല, കൈവശമുണ്ടായിരുന്ന കലാമൂല്യമുള്ള പടങ്ങളുടെ ഒരു വലിയ ശേഖരവും ഞാനുപേക്ഷിച്ചു. ഒക്കെ ചവറ്റുകുട്ടയിൽ. എന്തിനായി ഇവയെല്ലാം ഞാൻ സൂക്ഷിക്കണമെന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരമെനിക്കില്ലായിരുന്നു. എന്തുകൊണ്ട് ഞാൻ തന്നെ, അല്ലെങ്കിൽ മറ്റാരെങ്കിലും, ഇങ്ങനെ നേരത്തേയൊന്നു ചോദിച്ചില്ല എന്നത് മാത്രമായിരുന്നു ബാക്കിയായ എന്റെ സങ്കടം.

ഞാനുപയോഗിക്കുന്ന, അല്ലെങ്കിൽ ഉപയോഗിക്കാനാഗ്രഹിക്കുന്ന എന്തിന്റെയും നേരേ ഈ ചോദ്യമെറിയുക അതോടെ ഞാനൊരു തഴക്കമാക്കി. ഉത്തരം തൃപ്തികരമല്ലെങ്കിൽ, ആ വസ്തു എനിക്കുതകുന്നതല്ല, എന്റെ മനസ്സിലെയും വീട്ടിലെയും ഇടത്തെ ദുഷിപ്പിക്കാനേ

അതിടയാക്കൂ എന്നു ഞാൻ വിശ്വസിച്ചു. ഒരു വലിയ സ്വാതന്ത്ര്യത്തി ലേയ്ക്കുള്ള തുറവ് ഞാൻ കണ്ടെത്തുകയായിരുന്നു!.

കാണാൻ യോഗ്യതയുള്ളതെന്നു കരുതാവുന്ന എന്തെങ്കിലുമായി നേർക്കുനേർ വരുമ്പോൾ കൈയിൽ ഒരു ക്യാമറയില്ലാതിരിക്കുന്നത് സത്യമായും ഒരു വലിയ നേട്ടമാണ്. അപ്പോൾ നമ്മുടെ ശ്രദ്ധ കാഴ്ചയി ലാണ്; അതിന്റെ പടമെടുത്തു സൂക്ഷിക്കുന്നതിലല്ല. ക്യാമറ കൈയി ലുള്ളപ്പോൾ, കാഴ്ച നാം ആ ഉപകരണത്തിനു വിടുന്നു. പടമെടുത്താൽ, അത് സ്ഥിരമായി കൈവശമുണ്ടാകുമല്ലോ, എപ്പോൾ വേണമെങ്കിലും കാണാമല്ലോ എന്ന വിചാരം വാസ്തവത്തിൽ വ്യർഥയുക്തിയാണ്. നമുക്കഭിമുഖമായി നിന്നിരുന്നതെന്തോ, അതിന്റെ വിലയും പ്രാധാന്യവും ആ നിമിഷത്തിലെപ്പോലെ പിന്നീടുണ്ടാവില്ല. അതു കാണാനുള്ള അവസരം പണ്ടേ പൊയ്പ്പോയി; ഒരു പക്ഷേ, അതു നമുക്ക് നിത്യമായി നഷ്ടപ്പെട്ടുകഴിഞ്ഞു. ഒരു വസ്തുവിനോടുണ്ടാകേണ്ട പാരസ്പര്യം അതിന്റെ പടത്തിന്റെ, വെറുമൊരു സാദൃശ്യത്തിന്റെ, സാന്നിദ്ധ്യത്തിൽ ഒരിക്കലും സംഭവിക്കുകയില്ല. ഇതാർക്കും പരീക്ഷിച്ചുനോക്കാം. സുന്ദരമായ ഒരു പൂവിനുമുമ്പിൽ വെറുംകൈയോടെയും, അതിനു ശേഷം അതിന്റെ പടമെടുക്കാനായി ഒരു ക്യാമറയുമായും ചെന്ന് നിൽക്കുക. എന്തു സംഭവിക്കുന്നുവെന്ന് സ്വയം നിരീക്ഷിക്കുക.

ഉപഭോഗത്തിന്റെ കയറിപ്പിടുത്തമാണ് ഇന്നെവിടെയും. വീടിന കത്തും പുറത്തും പാഴ്വസ്തുക്കൾ കുന്നുകൂടുന്നു. വെറും ഇടം കൊല്ലികളല്ലവ. മനസ്സിനുള്ളിലെ ഇടവും അവ നശിപ്പിക്കുന്നു എന്നതാണ് ഏറ്റവും പരിതാപകരം. വേണ്ടാത്തതു വേണ്ടെന്നുവയ്ക്കാനുള്ള കഴിവാണ് പക്വതയുടെ പ്രഥമ ലക്ഷണങ്ങളിലൊന്ന്.

❑

# 32

# എഴുത്ത്

എഴുത്ത് എന്ന ശീലം ആത്മശോധനയാണ്. ഓരോ തവണയും അതൊരു സ്വയം ശുദ്ധീകരിക്കലാണ്. ഡയറിയെഴുതുക വിദ്യാബോധനത്തിന്റെ തന്നെ ഭാഗമായിത്തീരേണ്ട ഒരു കലാഭ്യാസമാണ്. ചിന്താശക്തിയെ ഉത്തേജിപ്പിക്കുന്നതോടൊപ്പം അത് ആത്മാവിന് ചിറകുകളും പ്രദാനംചെയ്യുന്നു. സ്വയമറിയാതെ പോലും ഭാഷയെ സമൃദ്ധമാക്കാനുള്ള എളുപ്പവഴിയുമായിത്തീരുന്നു, ഈ തഴക്കം. Anthony of the Desert എന്നറിയപ്പെടുന്ന ഒരു വിശുദ്ധന്റെ ജീവചരിത്രമെഴുതിയ അത്തനാസിയൂസ് അതിൽ ഇങ്ങനെ കുറിച്ചിട്ടുണ്ട്. *ഓരോരുത്തരും സ്വന്തമാത്മാവിന്റെ തോന്നിപ്പുകളും നടപടികളും മറ്റൊരാളോട് വിവരിക്കുന്നതുപോലെ എഴുതട്ടെ.* (ആധാരം: വേദശബ്ദം, പോൾ തേലക്കാട്ട്). ഈ മറ്റൊരാൾ അവനവന്റെ മന:സാന്നിധ്യം തന്നെയായിരിക്കുമെന്നതിനാൽ, ശരിയായ ആത്മസ്ഥിതി സംരക്ഷിക്കാനും സത്യസന്ധമായി അത് കുറിച്ചിടാനും ഒരുത്സാഹം വളർന്നുവരും. നമ്മുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ഒരു വ്യക്തിയുമാകാം ഈ മറ്റൊരാൾ. അപ്പോൾ, പ്രത്യേകിച്ച്, ഡയറിക്കുറിപ്പുകൾ സ്നേഹത്തിനുള്ള ഒരു നൈവേദ്യമെന്നോണമായിരിക്കും രൂപമെടുക്കുക; സ്വന്തം 'ഇമെജ്' പ്രകാശിപ്പിക്കാനുള്ള ത്വരയായി മാറുകില്ലത്. അങ്ങനെ സ്വയം വായിച്ചെടുക്കുന്നതിൽ കവിഞ്ഞ ഒരു സുകൃതം വേറെയില്ല. കാരണം, സ്വയമറിയുക എന്നതാണല്ലോ മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത്.

എഴുത്ത് എന്ന പ്രക്രിയയെ വ്യക്തിരൂപീകരണത്തിന്റെ അനിവാര്യാചാരമാക്കിയത് ഗ്രീസുകാരായിരുന്നു. *ചിന്തകൾ രാവും പകലും നിങ്ങളുടെ നിയന്ത്രണത്തിലായിരിക്കട്ടെ, അവയെ കുറിച്ചിടുക. വീണ്ടും*

*വായിക്കുക, തിരുത്തുക. വിചാരവികാരമല്പ്പിടുത്തങ്ങളെ സത്യസന്ധമായി കടലാസിൽ പകർത്തുകയെന്നാൽ, അവയെ അക്ഷരങ്ങളിലേയ്ക്ക് തർജ്ജമ ചെയ്യുകയാണ്. തന്നിലേയ്ക്കു തന്നെ മടങ്ങാതെ, സ്വയം മുഖാമുഖമായി കാണാതെ, അത് സാധ്യമല്ല.* (സെനെക്ക). *ലോകത്തിന്റെ കലപില സംസാരത്തിൽ മുഴുകി കഴിയുന്നവർ ഒരിക്കലും തന്നെത്തന്നെ കാണുന്നില്ല, കേൾക്കുന്നില്ല, അറിയുന്നില്ല. എന്തെന്നാൽ, നിശ്ശബ്ദതയും ഏകാന്തതയുമില്ലാതെ ഇതൊന്നും സാദ്ധ്യമല്ല. അതിനുവേണ്ടിയാണ് താപസർ എപ്പോഴുംതന്നെ വിജനമായ ഇടങ്ങളെ തേടുന്നത്* എന്ന് ഓഷോയും നിരീക്ഷിക്കുന്നു. ഘോരവനങ്ങളിലും മരുഭൂമിയിലും പോകാതെയും നമുക്ക്, മനസ്സുവച്ചാൽ, ഇടയ്ക്കിടയ്ക്ക് തനിയെയാകാം. മനസ്സ് ഒരു സ്ക്രീൻ പോലെയാണ്. റ്റി.വി.യിൽ പടങ്ങൾ വന്നും പോയുമിരിക്കുന്നതുപോലെ, ഈ സ്ക്രീനിലും ഉണർന്നിരിക്കുമ്പോഴെല്ലാം പരസ്പരബന്ധമില്ലാത്തവ വന്നുനിറഞ്ഞുകൊണ്ടിരിക്കും. ഒരു പുസ്തകം വെറുതേ മറിച്ചുകൊണ്ടിരിക്കുന്നയാൾ അതിൽനിന്ന് ഒന്നും ഗ്രഹിക്കാത്തതുപോലെ, മനസ്സിൽ വന്നുവീഴുന്നവ നമ്മെ ഒന്നും പഠിപ്പിക്കുന്നില്ല. ശ്രദ്ധയിലൂടെ മാത്രമാണ് നാം അർത്ഥത്തെ കണ്ടെത്തുന്നത്. *വാക്കുകൾക്കപ്പുറത്തുള്ള നിശ്ശബ്ദതയിൽ വാക്കുകൾ കൊണ്ട് എത്തിച്ചേരാനുള്ള ശ്രമമാണ് എഴുത്ത്* എന്ന് *വാക്കുകളുടെ വിസ്മയം* എന്ന കൃതിയിൽ എം.റ്റി. വാസുദേവൻ നായർ മനോഹരമായി പറഞ്ഞിരിക്കുന്നു.

വാക്കുകളെ സമ്പുഷ്ടമാക്കുന്ന നിശബ്ദതയെപ്പറ്റിയാണ് പറഞ്ഞുവന്നത്. എന്നാൽ, വാക്കുകൾ എന്താണെന്നറിയാത്തവരുടെ നിശ്ശബ്ദതയുമുണ്ട്. അത് എത്ര ക്രൂരമാണെന്ന് ഒരൂഹം കിട്ടണമെങ്കിൽ ഹെലൻ കെല്ലറിന്റെ ജീവചരിത്രം വായിച്ചാൽ മതി. നമ്മുടെ അനുഗ്രഹങ്ങളെ നാമറിയുന്നില്ലല്ലോ എന്ന വേദനയിൽ പാതാളംവരെ നാം താണുപോകും. സൗജന്യ e-book ആയി അത് ഈ ലിങ്കിൽ ലഭ്യമാണ്:

http://books.google.com/books?id=EY4cR7Tpel QC&source=gbs_similarbooks

കൗമാരപ്രായക്കാർ നിശ്ചയമായും വായിച്ചിരിക്കേണ്ട ഒരുത്തമ കൃതിയാണിത്. ഏത് പ്രതിസന്ധിയേയും തരണം ചെയ്യാനുള്ള ആത്മധൈര്യം അവർക്ക് പകർന്നുകൊടുക്കാൻ ഈ പുസ്തകത്തിനാകുമെന്നത് അങ്ങേയറ്റം സംശയമറ്റ കാര്യമാണ്.

ചിന്തയും വാക്കും എന്താണെന്നറിയുന്നതിനു മുമ്പ് ഹെലൻ കെല്ലർ ബധിരയും അന്ധയും, അതുകാരണം, മൂകയുമായിരുന്നു. എന്തെങ്കിലും അവൾക്കു മനസ്സിലാക്കിക്കൊടുക്കാൻ നിയുക്തയായ ആൻ സള്ളിവൻ എന്ന ചെറുപ്പക്കാരി സ്പർശം വഴി, വളരെ നാളത്തെ ശ്രമഫലമായി, ഹെലനെ ഒരക്ഷരമാല പഠിപ്പിച്ചെടുത്തു. ഒരിക്കൽ, കുട്ടിയുടെ കൈയിലിരുന്ന പളുങ്കുപാവയും doll എന്ന വാക്കും തമ്മിലുള്ള ബന്ധം

മനസ്സിലാക്കി കൊടുക്കാൻ പാടുപെടുകയായിരുന്നു ആൻ. സഹികെട്ട്, ഹെലൻ പാവയെറിഞ്ഞു പൊട്ടിക്കുന്നു. പിണങ്ങിയിരുന്ന അവളെ ഒന്നു നടക്കാൻ കൊണ്ടുപോകാൻ വേണ്ടി വീടിനു പുറത്തിറക്കിയപ്പോൾ കുട്ടിക്ക് വീണ്ടും സന്തോഷമായി. അവർ ഒരു കിണറിനടുത്തെത്തുന്നു. ഇളം വെയിലാണ്. പൂക്കളുടെ വാസനയിൽ പ്രസരിച്ച അന്തരീക്ഷത്തിൽ, ഹെലന്റെ കൈയിലൂടെ ആൻ വെള്ളം ധാരയായി ഒഴുകാനനുവദിക്കുന്നു. ഹെലൻ അതാസ്വദിച്ചുതുടങ്ങുമ്പോൾ, മറ്റേ കൈത്തലത്തിൽ ആൻ സാവധാനം w a t e r എന്നെഴുതിക്കൊണ്ടിരുന്നു. അപ്പോൾ, പെട്ടെന്ന് ആ അദ്ഭുതം സംഭവിച്ചു: തന്റെ കൈത്തണ്ടയെ മൃദുലമായി സ്പർശിച്ചു കൊണ്ടിരിക്കുന്ന ആ വസ്തുവിനെയാണ് ആൻ മറ്റേ കൈയിൽ എഴു തുന്ന water എന്ന വാക്ക് ദ്യോതിപ്പിക്കുന്നത് എന്ന ഉൾക്കാഴ്ച ഹെലന് കിട്ടുന്നു. ഭാഷയെന്താണെന്നതിലേക്കുള്ള അവളുടെ ആദ്യത്തെ കാൽ വയ്പ്പായിരുന്നു അത്. വിവരണാതീതമായ പരിശ്രമത്തിന്റെയും ആൻ സള്ളിവന്റെ അതിരറ്റ ക്ഷമയുടെയും ഫലമായി, രണ്ട് ഇന്ദ്രിയ ശക്തികളും സംസാരശേഷിയും ഇല്ലാതിരുന്ന ആ കുഞ്ഞ് ആദ്യം ഇംഗ്ലീഷും പിന്നീട് ഫ്രെഞ്ച്, ലത്തീൻ, ഗ്രീക്ക്, ജർമൻ എന്നീ ഭാഷകളും പഠിച്ചെടുക്കുക മാത്രമല്ല, അവയിലെ ആഴമുള്ള സാഹിത്യകൃതികൾ പോലും ബ്രെയ്ൽ സിസ്റ്റം ഉപയോഗിച്ച് വായിക്കുകയും അങ്ങനെ പല സംസ്കാരങ്ങളെ മനസിലാക്കുകയും ചെയ്തു എന്നറിയുമ്പോൾ ആരാണ് വിസ്മയി ക്കാത്തത്! എന്തു വലിയ വരദാനമാണ് എഴുത്ത് എന്നത് എത്ര പെട്ടെ ന്നാണ് നാം മറക്കുക. എത്ര വലിയ അലസതയാൽ മൂടപ്പെട്ടിരിക്കുന്നു നമ്മുടെയൊക്കെ ജീവിതങ്ങൾ എന്ന് നാം തിരിച്ചറിയേണ്ടതുമുണ്ട്.

കമ്പ്യൂട്ടറിന്റെ വരവോടെ ഭാഷയും എഴുത്തും സാവധാനം മനുഷ്യ കുലത്തിന് നഷ്ടീഭവിച്ചുകൊണ്ടിരിക്കുകയാണോ എന്ന് ഭയപ്പെടുന്നവർ കുറെയെങ്കിലുമുണ്ട്. എല്ലാം ഡിജിറ്റൽ ആകുകയാണ്. കൈകൊണ്ടു കടലാസിൽ എഴുതുന്ന രീതിതന്നെ ഭാവിയിൽ അനാവശ്യമായിത്തീരാം. കത്തെഴുത്ത് എന്ന കല പണ്ടേ നാമാവശേഷമായി എന്നു പറയാം. കൈ കൊണ്ടെഴുതാൻ ഒന്നുമില്ലാത്തപ്പോൾ കൈയക്ഷരം പാഴ്വസ്തുവായി മാറുന്നു. എന്റെ പ്രാഥമിക വിദ്യാഭ്യാസകാലത്ത് നല്ല കൈയക്ഷരം വളരെ പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. എന്നും ക്ലാസ്സിൽ കൊണ്ടുവരേണ്ട കോപ്പിയെഴുത്തിന് പത്തിൽ പത്തു മാർക്ക് ഞാൻ വാങ്ങിച്ചിരുന്ന കാര്യം ഇരുപതും മുപ്പതും വർഷങ്ങൾക്കു ശേഷം എന്നെ കാണുമ്പോൾ അന്നത്തെ ടീച്ചർമാർ വാത്സല്യപൂർവ്വം ഓർത്തിരുന്നു. കീബോർഡിൽ എഴുതുന്നതിലും എനിക്കിഷ്ടം ഇന്നും പെൻ ഉപയോഗിച്ച് വ്യത്യസ്തമായ രീതികളിൽ കടലാസിൽ എഴുതുകയാണ്. അങ്ങനെ മഷികൊണ്ട് മനോ ഹരരൂപങ്ങൾ സൃഷ്ടിക്കുന്നതിന്റെ ആനന്ദത്തിനായി മാത്രം ദിവസവും എന്തെങ്കിലും കുത്തിക്കുറിക്കുക എന്റെയൊരു ശീലമാണ്. ഇതും, എന്റെ

പിതാവിനെ അനുകരിച്ച്, ഡയറി എഴുതുന്ന തഴക്കവും സ്വാഭാവികമെന്നോണം അടുത്ത തലമുറയിലേക്കും കടന്നുചെന്നിട്ടുള്ളത് അനന്യമായ ഒരനുഗ്രഹമായി ഞാൻ കാണുന്നു. ഇന്നത്തെ ഡിജിറ്റൽ യുഗത്തിലും നല്ല അധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികളിൽ ഇത്തരം ശീലങ്ങളുടെ വിത്തുകൾ പാകിയിരുന്നെങ്കിൽ!

നാലപ്പാട്ട് ബാലാമണിയമ്മയുടെ രസകരമായ ചില നിരീക്ഷണങ്ങൾ ഇങ്ങനെ. ഗ്രാഫോളജിയിൽ താല്പര്യമുണ്ടായിരുന്ന അവർ ഈ സൂചനകൾ തരുന്നു: വടിവുറ്റ ലിപികൾ = ക്രമീകൃതമായ ജീവിതചര്യ. ഉരുണ്ട കൈയക്ഷരം = സന്മനസ്സ്, ഋജുത്വം, പൊരുത്തപ്പെടൽ. വേർപെടുത്തി നിരത്തിയ ലിപികൾ = നീതിനിഷ്ഠ. ചേർത്ത് പിണച്ചുള്ള എഴുത്ത് = ആർജ്ജവമില്ലായ്മ. നേരെയുള്ള എഴുത്ത് = സംതൃപ്ത മനസ്സ്, വിശ്വാസയോഗ്യത. വരികൾക്ക് താഴോട്ടു ചരിവ് = അസന്തുഷ്ടി. മേലേയ്ക്കു ചായ്‌വ് = അമിതാഗ്രഹങ്ങൾ. ചെറിയ ലിപികൾ = ലജ്ജാശീലം, ചിന്താശീലം. വലിയ ലിപികൾ = അസ്വസ്ഥത, കഴിവുകൾ പ്രദർശിപ്പിക്കാനുള്ള താല്പര്യം. (*അമ്മയുടെ ലോകം*, മാതൃഭൂമി ബുക്സ്). ഇവയിൽ ചിലതെങ്കിലും വായനക്കാർക്ക് സ്വന്തം കൈപ്പടയുമായി തട്ടിച്ചുനോക്കി വിലയിരുത്താം. അസാമാന്യ വ്യക്തിത്വങ്ങളും ആകർഷണീയമായ കൈയെഴുത്തും തമ്മിൽ ബന്ധമില്ല എന്നവർ പറയുന്നു. അത് ശരിയായിരിക്കാം. പക്ഷേ, വായിച്ചെടുക്കാനാവാത്ത എഴുത്ത് പൊതുവായ അശ്രദ്ധയുടെയും ഒരു പക്ഷേ, അവഹേളനയുടെയും നിസ്സീമമായ സ്വാർത്ഥതയുടെയും ലക്ഷണമായി കരുതാം. അതുപോലെ, താളിൽ മാർജിനില്ലാതെയും വാക്കുകൾ തമ്മിൽ ഒട്ടും അകലമില്ലാതെയും എഴുതുന്നവർ ജീവിതത്തിൽ ചിട്ടയില്ലാത്തവരും പിശുക്കരും ആയിരിക്കാൻ സാദ്ധ്യതയുണ്ട്.

മാനസികാവസ്ഥ കൈയക്ഷരത്തെ താൽക്കാലികമായി ബാധിക്കുമെന്നത് സ്വാനുഭവത്തിൽനിന്ന് എനിക്കറിയാം. അതുപോലെതന്നെ, ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ഡെസ്കിന്റെ അല്ലെങ്കിൽ എഴുത്തുമേശയുടെ ഉയരം, ഇരിക്കുന്ന രീതി എന്നിവയും ബാധകമാകാം.

ബാലാമണിയമ്മ സ്വന്തമനുഭവത്തിൽ നിന്നെഴുതിയതാവണം, "തുടർച്ചയായി എഴുതി ലിപികളെ വടിവുറ്റവയാക്കുന്നയാൾ സ്വന്തം ജീവിതത്തെയും അത്രതന്നെ ക്രമീകൃതമാക്കാനാണ് സാദ്ധ്യത." അവരുടെ കൈയെഴുത്തു കടലാസിൽ ചിലതൊന്നു കാണാൻ കിട്ടിയിരുന്നെങ്കിൽ!

❑

# 33

# ആൾക്കൂട്ടത്തിൽ തനിയെ

ഒരു പുസ്തകം നല്ലതാണെങ്കിൽ അത് ഒന്നിൽക്കൂടുതൽ തവണ വായിക്കാൻ യോഗ്യതയുള്ളതാണെന്നർത്ഥം. എം. റ്റി. വാസുദേവൻ നായരുടെ *ആൾക്കൂട്ടത്തിൽ തനിയെ* രണ്ടാംതവണ വായിച്ചപ്പോൾ കുറിക്കണമെന്ന് തോന്നിയതാണ് ചുവടേ.

2003ൽ അച്ചടിച്ചതാണ്. ഇതിനോടകം ഏറ്റം ശക്തിയുള്ള ആഗോള ഗുണ്ടയായിത്തീർന്നിരിക്കുന്ന അമേരിക്കയെപ്പറ്റി അന്ന് എം.റ്റി. ഒരമേരിക്കായാത്രക്കിടയിൽ നടത്തിയ വിലയിരുത്തലുകൾ ഇന്ന് കുറേക്കൂടി സ്ഥിരീകരിക്കപ്പെട്ടിട്ടേയുള്ളൂ.

*"ഞങ്ങൾക്ക് അമേരിക്കക്കാരുടെ ജീവൻ വലുതാണ്. മറ്റു മനുഷ്യരെ കൊന്നാൽ, കാൽക്കീഴിൽ ഉറുമ്പുകൾ അരഞ്ഞുപോയ വികാരമേ ഞങ്ങൾക്കുള്ളൂ."* ഒരമേരിക്കക്കാരി സത്യസന്ധമായി പറഞ്ഞതാണിത്. എങ്കിൽ, അവിടുത്തെ പുരുഷന്മാർ, പട്ടാളക്കാർ, രാഷ്ട്രീയക്കാർ തുടങ്ങിയവർ എങ്ങനെ ചിന്തിക്കുന്നു എന്നത് ഏറെക്കുറെ ഊഹിക്കാവുന്നതേയുള്ളൂ. എന്തിന്, അമേരിക്കൻ ധാർമ്മികതയിൽ ഒരു പുനരുത്ഥാനത്തിനു തുടക്കം കുറിക്കുവാൻ ലോകജനത ഉറ്റുനോക്കിയ ഒബാമയുടെ വരവുകൊണ്ട് യാതൊരു മാറ്റവും ആ നാടിന്റെ പെരുമാറ്റത്തിൽ വന്നിട്ടില്ല. അയാളുടെ പിൻഗാമികൾ കുഴച്ചുമറിച്ച ലോകഗതിയിൽ ഒരു മാറ്റവും ഉണ്ടായില്ല, അയാളുടെ പേരിൽ, നൊബേൽസമ്മാനത്തിന്റെ വിലയും നിലയും ഒരാവശ്യവുമില്ലാതെ കുത്തനെ ഇടിഞ്ഞതല്ലാതെ.

വിയെറ്റ്നാം യുദ്ധത്തിനെതിരെ അക്കാലത്ത് അമേരിക്കൻ യുവത്വം ശക്തിയായി പ്രതികരിച്ചു, ആ പ്രതിരോധത്തിന് അമേരിക്കൻ നേതൃത്വം

വഴങ്ങേണ്ടിവന്നു എന്നൊക്കെ ചരിത്രപ്പുസ്തകങ്ങളിലുണ്ട്. പക്ഷേ, അമേരിക്കരുടെ അക്കാലത്തെ പ്രതികരണത്തിന്റെ പിന്നിൽ ധാർമിക ചിന്തകളായിരുന്നോ ഉണ്ടായിരുന്നത്? നിരപരാധികൾ കൂട്ടത്തോടെ കൊല്ലപ്പെടുന്നതോ, ആ യുദ്ധത്തിന്റെ നീതിയുക്തമല്ലാത്ത കാരണങ്ങളോ ആയിരുന്നോ അവ? തീർച്ചയായും അല്ലായിരുന്നു. യഥാർത്ഥ കാരണങ്ങൾ ഇവ രണ്ടുമായിരുന്നു:

1. നികുതിപ്പണത്തിൽ നിന്ന് യുദ്ധകാരണം പറഞ്ഞ് അധികവ്യയം നടക്കുന്നു. 2. അമേരിക്കൻ യുവാക്കൾ അധികമായി കൊല്ലപ്പെടുന്നു.

ഇന്നും അമേരിക്ക ഏർപ്പെട്ട് നടത്തുന്ന മനുഷ്യക്കുരുതികളെപ്പറ്റി സംശയമുള്ള അമേരിക്കരുടെ തലയിൽ ഇതിൽക്കവിഞ്ഞ കാരണങ്ങൾ കാണാനിടയില്ല. മനുഷ്യന്റെ നികൃഷ്ടവികാരങ്ങൾക്കെല്ലാം പിന്നിൽ സ്വാർത്ഥതയാണ്. എന്നാൽ അതിനിത്ര മന്ദയുക്തിപരമായ പിന്തുണ നൽകാനും ന്യായവത്ക്കരണം നടത്താനും ഇവരെപ്പോലെ മറ്റാർക്കും ഇന്നുവരെ കഴിഞ്ഞിട്ടില്ല! ലോകം കണ്ടുമടുത്ത യാഥാർത്ഥ്യമാണിത്. അന്യരാജ്യങ്ങളുടെ സമ്പത്ത് കൊള്ളയടിക്കാനും അന്യജനതയെ അവരറിയാതെ അമേരിക്കൻ കമ്പോളത്തിന് അടിമകളാക്കാനും, അതൊക്കെ എതിർക്കുന്നവരെ കൂട്ടത്തോടെ കൊലചെയ്യാൻ വേണ്ടിവരുന്ന കൂടുതൽ മാരകമായ കണ്ടുപിടുത്തങ്ങൾക്കും അന്യരാജ്യങ്ങളെ കുടുക്കാനുള്ള നയതന്ത്രങ്ങൾ മെനയാനുമാണ്, മിക്കപ്പോഴും അമേരിക്കയുടെ ബുദ്ധി ദുരുപയോഗിക്കപ്പെടുന്നത്. ഇന്ത്യൻ ജനതയുടെ പൊതുപിന്തുണയില്ലാതെ മൻമോഹൻസിംഗും കൂട്ടരും പോയി ഒപ്പിട്ടുകൊടുത്ത ആണവക്കരാർ അവസാനം സൂചിപ്പിച്ചതിലൊന്നാണ്. ജനാധിപത്യത്തിന്റെ സൂക്ഷിപ്പുകാരായിരിക്കേണ്ട നമ്മുടെ രാഷ്ട്രീയക്കാർ പമ്പരവിഡ്ഢികളാക്കിയത് നമ്മൾ ഇന്ത്യാക്കാരെയാണ്.

സമൃദ്ധിയുടെ ആ നാട്ടിൽ, ഒന്നിനും കുറവ് വരരുത്. അവരുടെ ബിസിനസിനായി കൃത്രിമദൗർലഭ്യം സൃഷ്ടിക്കാനും ഉണ്ടാക്കിയവതന്നെ നശിപ്പിച്ചാണെങ്കിലും ഡിമാന്റുണ്ടാക്കാനും അമേരിക്കർ മടിക്കുന്നില്ല. തന്റെ ഭക്ഷണത്തിന്റെ പങ്കു കുറയാതിരിക്കാൻ കൂട്ടുകാരനെ കൊന്നിട്ടിട്ട് ഉണ്ണാനിരിക്കുമ്പോൾ, തനിക്കു തിന്നുതീർക്കാവുന്നതിലുമെത്രയോ അധികമാണ് ബാക്കിയിരിക്കുന്നതെന്ന് തിരിച്ചറിയുന്ന നികൃഷ്ട ജീവിയെപ്പോലെയാണ് പതിറ്റാണ്ടുകളായി അമേരിക്ക പെരുമാറുന്നത്!

ഇതൊക്കെ കണ്ടുംകേട്ടുമറിഞ്ഞിട്ടും അനുഭവിച്ചിട്ടും, മക്കളോ സ്വകുടുംബത്തിൽ നിന്നൊരാളോ അമേരിക്കയിലാണെന്ന് പറയുമ്പോൾത്തന്നെ ഒരു ശരാശരി ഇന്ത്യാക്കാരന്റെ അഭിമാനം കുറച്ചൊന്നുമല്ല ചീർക്കുന്നത്! സ്വന്തം തനിമയിൽ വിശ്വസിച്ചു തുടങ്ങാതെ ഒരു ജനതയും പ്രബുദ്ധമാവുകയില്ല.

❑

# 34

# ചവറ്റുകുട്ട ചുമക്കുന്നവർ

കേരളനാട്ടിലെ രാഷ്ട്രീയക്കളിക്കാരും മാദ്ധ്യമങ്ങളും മതത്തിന്റെ പിണിയാളുകളും വിളിച്ചുകൂവുന്നതൊക്കെ ദിവസം മുഴുവൻ 'വാർത്ത യായും 'പരസ്യമായും ഒന്നും വിടാതെ അകത്താക്കുന്നവർ വിഴുപ്പല്ലാതെ മറ്റെന്താണ് അവരുടെ തലക്കുള്ളിൽ ചുമക്കുന്നത്? നിത്യവും, വളിച്ചു നാറുന്ന, ഒരു കഴമ്പുമില്ലാത്ത വാചാടോപങ്ങൾ മൊത്തമായും ചില്ലറ യായും ഏറ്റുവാങ്ങുക എന്തോ വലിയ വിജ്ഞാനപ്പണിയായി കരുതുന്ന വരെയാണ് നാട്ടിലെവിടെയും കാണുക. ഇവിടുത്തെ ജനത്തിന്റെ *ജനറൽ നോളജ്* ഭയങ്കരംതന്നെ!

കാണാനോ കേൾക്കാനോ കൊള്ളാവുന്നതെന്തെങ്കിലും ഇവിടുത്തെ റ്റി.വി.യിൽ ഉണ്ടെങ്കിൽത്തന്നെ, അതിനിടയിലെ ആവർത്തിതവും ഓക്കാനിപ്പിക്കുന്നതുമായ പരസ്യങ്ങൾ വരുമ്പോൾ, ആരെങ്കിലും റ്റി.വി. യുടെ സ്വരമെങ്കിലുമൊന്ന് നിറുത്തുന്നത് ഒരിക്കലും ഞാൻ കണ്ടിട്ടില്ല. റിമോട്ടിന്റെ ബട്ടനിൽ ഒന്നമർത്തുന്ന മുടക്കേയുള്ളൂ. എന്നാലും, ഒരു മണിക്കൂറിനുള്ളിൽ ഇരുപതു തവണയെങ്കിൽ ഇരുപതു തവണയും ഒരേ വളിപ്പുതന്നെ കാണാനും കേൾക്കാനും ഒരു മടുപ്പും ആർക്കുമില്ല. അവരുടെയും മക്കളുടെയും തലമണ്ടയിൽ വെറും ചവറ് കുമിഞ്ഞു കൂടുന്നത് അവരെ ശല്യപ്പെടുത്തുന്നേയില്ല! ധിഷണയും ഓക്കത്തരവും തമ്മിൽ തിരിച്ചറിയാൻ കഴിവില്ലാത്തവരായി മാറിയിരിക്കുന്നു, മലയാ ളികൾ.

വയറ്റിലേയ്ക്ക് ഭക്ഷണം ചെല്ലുമ്പോലെയാണ് തലയിലേയ്ക്ക് പുറം ലോകവ്യാപാരങ്ങളെത്തുമ്പോൾ സംഭവിക്കുന്നതും. ആരോഗ്യം നിലനിൽക്കണമെങ്കിൽ, അകത്തുചെല്ലുന്നത് ദഹിപ്പിക്കാൻ കഴിവു

വേണം. പരിധിവിട്ടും സമയംതെറ്റിയുമുള്ള തീറ്റ ജീവഹാനിവരെ വരുത്തിവയ്ക്കും. ബോധവും ദഹനേന്ദ്രിയംപോലെയാണ്. ഇന്ദ്രിയങ്ങൾ പിടിച്ചെടുക്കുന്നതെല്ലാം സംഗ്രഹിച്ചും ജാരണം ചെയ്തുമല്ലാതെ ബോധവർദ്ധനം സാധ്യമല്ല. അപ്പോൾ, അകത്തേയ്ക്ക് ചെന്നെത്തുന്നതുതന്നെ ചീഞ്ഞതാണെങ്കിലോ? ഈ നാട്ടിൽ ശരീരത്തിൽ മാത്രമല്ല, മനസ്സിലും രോഗഗ്രസ്തരായവർ ഏറിവരുന്നുവെന്നത് എടുത്തുപറയേണ്ടതില്ല. കാരണവും വ്യക്തമാണ്. രണ്ടിടത്തും അടിഞ്ഞുകൂടുന്നത് വിഷലിപ്തമായ വിഭവങ്ങളാണ്. തൽഫലമായി, എല്ലാം കൂടുതൽ ചീഞ്ഞുനാറിക്കൊണ്ടിരിക്കുന്നുവെന്നത് സ്വാഭാവികം.

എന്തുകൊണ്ട് കേരളമിങ്ങനെ എന്ന് ദയനീയ നിസഹായതയോടെ ചിലരെങ്കിലും ചോദിച്ചുതുടങ്ങിയിരിക്കുന്നു.

വഴിവക്കിൽ നിന്ന് കിട്ടുന്നതൊക്കെ കൈകഴുകാതെ കഴിച്ചിരുന്ന ശിഷ്യന്മാരെപ്പറ്റി യേശുവിനോട് സന്ദേഹം പ്രകടിപ്പിച്ച പാരമ്പര്യവാദികൾക്ക് അദ്ദേഹം കൊടുത്ത മറുപടി അത്രയൊന്നും വ്യക്തമല്ല. എഴുതിപ്പിടിപ്പിച്ചതിലെ പിശകായിരിക്കണം. എന്നാലതൊന്നു ശരിയായി തിരുത്തിക്കുറിക്കാനോ, സാധുതയുള്ളയർത്ഥം വ്യാഖ്യാനത്തിൽ ചൂണ്ടിക്കാണിക്കാനോ ഒരു സുവിശേഷപ്രഭാഷകനും ശ്രമിച്ചതായി ഞാൻ കേട്ടിട്ടില്ല. *ഉള്ളിലേയ്ക്ക് പോകുന്നതല്ലാ, ഉള്ളിൽനിന്ന് പുറത്തേയ്ക്ക് വരുന്നതാണ് മനുഷ്യനെ ദുഷിപ്പിക്കുന്നത്* എന്നാണു യേശുവിന്റെ ചൊല്ലായി എഴുതിക്കാണുന്നത്. ജീവിതാനുഭവങ്ങൾ ഒരുതരത്തിലും സ്ഥിരീകരിക്കില്ലാത്ത ഒരു പ്രസ്താവനയാണിത്. മനസ്സ് (അകം) വിഷലിപ്തമായാൽ ഒരാളുടെ സംസാരവും പ്രവൃത്തിയും (പുറത്തേയ്ക്ക് വരുന്നത്) സ്വാഭാവികമായും വിഷമയവും അസഹ്യവുമായിരിക്കുമെന്നുതന്നെയാകണം യേശു തദവസരത്തിൽ കൊടുത്ത മറുപടിയുടെ സാരാംശം. അല്ലാതെ, അത്, വീണ്ടുവിചാരമില്ലാതെ എന്തും അകത്തേയ്ക്കിടാം എന്നാകാൻ ഒരിക്കലുമിടയില്ലതന്നെ. കൈകഴുകാതെ അവർ ഏതാണ്ട് പറിച്ചുതിന്നുവെന്നതിലും, ആ സന്ദർഭത്തിൽ, കടുത്ത പാരമ്പര്യവാദികളായിരുന്ന യഹൂദ നിയമപാലകർക്ക് അക്ഷന്തവ്യമായി തോന്നിയത് സാബത്തുദിനത്തിൽ യേശുവും ശിഷ്യരും അരുതാത്തതോരോന്ന് ചെയ്തുകൂട്ടുന്നു എന്നതായിരുന്നു. മനുഷ്യനുവേണ്ടിയുണ്ടാക്കിയ നിയമങ്ങളുടെ നടത്തിപ്പിൽ മനുഷ്യനെ പാടേ മറക്കുന്നതിനെയാണ് യേശു ഉടനടി അപലപിച്ചത്. പരമപ്രധാനമായ ആ പാഠത്തിന് പ്രാധാന്യം നൽകാതെ, മാംസാദികളുൾപ്പെടെ എന്തും കഴിക്കാമെന്ന അർത്ഥത്തിലാണ് വേദവ്യാഖ്യാതാക്കൾ വചനപ്രഘോഷണം നടത്തുന്നത്. അവർ ചെയ്യുന്നത് ന്യായീകരിക്കേണ്ടയാവശ്യം അവർക്കുണ്ടെന്നത് വ്യക്തം. പക്ഷേ, അനിവാര്യമായ പാഠം വിട്ടുകളയുന്നത് വലിയ നഷ്ടംതന്നെ.

ഇടതുപക്ഷക്കാർ പാഠപുസ്തകങ്ങളിലൂടെ ചെലുത്താൻ ശ്രമിക്കുന്ന സാമൂഹികസ്വാധീനങ്ങളെക്കാൾ (അതിൽ ആവശ്യവും ശരിയുമായത് വേർതിരിച്ചു കാണാനാവാത്തത് അതിദയനീയമായ മതാന്ധതയുടെ വിവരക്കേടുകൊണ്ടാണ്.) എത്രയോ വിനാശകരമായ സംസ്കാര മൂല്യച്യുതിയാണ് റ്റി.വി.യിലൂടെ സംഭവിക്കുന്നതെന്ന് അവിവേകിയായ ജനമറിയുന്നില്ല. മാന്യതയുള്ള മനുഷ്യർ പെരുമാറുന്ന രീതിയിലല്ല മിക്കപടങ്ങളിലും സീരിയലുകളിലും തലക്കനം പെരുകിയ സംവിധായകർ അഭിനേതാക്കളെക്കൊണ്ട് ചെയ്യിക്കുന്നതും പറയിപ്പിക്കുന്നതും. അല്പം പണവും പ്രസിദ്ധിയും കാമിച്ച് ഏത് കോമാളിത്തത്തിനും മന്ദബുദ്ധിപ്രകടനത്തിനും തയ്യാറാകുന്ന വേഷംകെട്ടുകാരെ താരങ്ങളെന്നു വിളിച്ച് പൊക്കിക്കൊണ്ടു നടക്കാൻമാത്രം വിവരംകെട്ട *ഫാൻസ്* എവിടെയുമുണ്ടുതാനും. പക്വതയും ഉത്തരവാദിത്വവുമുള്ള ഏത് രക്ഷാകർത്താവും ചെയ്യേണ്ടത്, റ്റി.വി.യെന്ന കുന്ത്രാണ്ടം വീട്ടിൽ നിന്ന് നീക്കം ചെയ്യുകയാണ്.

മതതീവ്രവാദം അക്രമാസക്തമാകുമ്പോൾ മാത്രം മതേതരത്വം പ്രസംഗിക്കുന്ന രാഷ്ട്രീയക്കാരുടെ കാപട്യംതന്നെ മാധ്യമങ്ങളും പ്രകടിപ്പിക്കുന്നു. മതാനുയായികൾ തങ്ങളുടെ ആൾദൈവങ്ങളെ പൊക്കിപ്പിടിച്ചും *പിതാവേ, പിതാവേ* എന്നുവിളിച്ചും സമയം കളയുന്നു. അന്ധവിശ്വാസങ്ങൾ കെട്ടിട്ടുറപ്പിക്കുന്ന വകകളാണ്, പ്രാർത്ഥനയായും പ്രഭാഷണങ്ങളായും കെട്ടുകഥകളായും ചോദ്യോത്തരങ്ങളായും പവർവിഷനും ശാലോം/ജീവൻ റ്റിവി.യുമൊക്കെ രാത്രിയും പകലുമെന്നില്ലാതെ പ്രക്ഷേപിച്ചുകൊണ്ടിരിക്കുന്നത്. വിശ്വാസികളെ അതിവേഗം മതാന്ധരും (അപക്വമതികൾ) മനോരോഗികളുമാക്കി മാറ്റുന്ന സംവിധാനമാണിത്. എന്തിനധികം പറയുന്നു, വളരെ താണ മനോനിലവാരമുള്ളവരുടെ മതമായി മാറിയിരിക്കുന്നു കേരളത്തിലെ ക്രിസ്തുമതം. അതിൽ ധ്യാനവും ആത്മീയതയും വിരളമായിത്തീർന്നിരിക്കുന്നു. എവിടെയും കാണാനുള്ളതാകട്ടെ, വാരിക്കോരി കിട്ടേണ്ട അദ്ഭുതങ്ങൾക്കും വരദാനങ്ങൾക്കും വേണ്ടി ക്യൂ നിൽക്കുന്നവരുടെ നിലയ്ക്കാത്ത ദാഹവും കാണിക്കകളും വികാരപ്രകടനങ്ങളും മാത്രമാണ്. ധ്യാനിക്കുന്നവർ സമീപസ്ഥരെയും അതിലേക്കാകർഷിക്കുമെന്നതു പോലെ, വിഴുപ്പു ചുമക്കുന്നവരോടും വിൽക്കുന്നവരോടുമുള്ള സമ്പർക്കം കൂടുതൽ രോഗങ്ങളും മാലിന്യദുർഗന്ധവും വ്യാപിപ്പിക്കാനേ ഉതകൂ.

❑

# 35

# ജനാലക്കരികിലെ വികൃതിക്കുട്ടി

തെത്സുകോ കുറോയാനഗി എഴുതിയ പുസ്തകമാണ് "റ്റോറ്റോ ചാൻ, ജനാലക്കരികിലെ വികൃതിക്കുട്ടി". ഏറെനാൾ ജാപ്പനീസിലും ഇംഗ്ലീഷിലും ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞുകൊണ്ടിരുന്ന കൃതിയാണിത്. ഒരു പ്രാഥമിക വിദ്യാലയ ജീവിതത്തിന്റെ ഓർമ്മകളാണ് ഉൾക്കൊള്ളുന്നതെങ്കിലും, ഇതൊരു സങ്കല്പകഥയാണെന്നേ വായനക്കാർക്ക് തോന്നൂ. അനുബന്ധമായി ചേർത്തിരിക്കുന്ന *കഥാശേഷം* കാണുമ്പോഴാണ് അറിയുക, 1963 ൽ മരിച്ച സൊസാകു കൊബായാഷി എന്ന അദ്ധ്യാപകൻ രൂപകൽപന ചെയ്ത, വളരെ കുഞ്ഞുങ്ങൾക്ക് ഗുരുകുലമായിത്തീർന്ന, *റ്റൊമോ ഗാകെൻ* എന്ന് പേരിട്ടിരുന്ന പ്രാഥമിക വിദ്യാലയത്തിന്റെയും അവിടെ വളർന്ന ഗ്രന്ഥകർത്രിയുടെയും യഥാർത്ഥ കഥയാണിതെന്ന്. അത് വായിച്ചശേഷം അവരുടെ ഏതാനും സഹപാഠികളെഴുതിയ പ്രതികരണങ്ങളും അവസാനം ചേർത്തിട്ടുണ്ട്. രണ്ടാം മഹായുദ്ധകാലത്ത്, അമേരിക്കയുടെ ബോംബുകൾ ഈ വിദ്യാലയം കത്തിയെരിച്ചുകളഞ്ഞു.

ഒരു കുഞ്ഞിനേയും അതിന്റെ സ്വാഭാവിക പ്രത്യേകതകൾക്കെതിരായി ഒന്നും ചെയ്യാൻ നിർബന്ധിക്കരുത് എന്നതായിരുന്നു കൊബായാഷിയുടെ സ്കൂളിലെ നിയമം. ഓരോ കുട്ടിക്കും ഇഷ്ടമുള്ള തെന്തോ അത് ചെയ്യാൻ സഹായിക്കുക, അതിലൂടെ അതിന്റെ കഴിവുകളെ വളർത്തുക എന്നത് മാത്രമായിരുന്നു അവിടത്തെ "വിദ്യാഭ്യാസം". ഏറ്റം വികൃതിയായ കുട്ടിയോടും *നോക്ക്, നേരായും നീയൊരു നല്ല കുഞ്ഞാണ്* എന്നേ അദ്ദേഹം പറഞ്ഞിരുന്നുള്ളൂ. അത് കേട്ടവരെല്ലാം നല്ല കുഞ്ഞുങ്ങളായിത്തീരുകയും ചെയ്തു. ഒരദ്ധ്യാപകനോ അദ്ധ്യാപികയോ

നന്മയുള്ളവരായിരുന്നതുകൊണ്ട് മാത്രം രക്ഷപ്രാപിച്ച എത്രയോ പേരുണ്ട്.

ഈ കഥയെഴുതിയ തെത്സുകോ കുറോയാനഗി അവളുടെ ആദ്യത്തെ സ്കൂളിൽനിന്ന് പുറത്താക്കപ്പെട്ട കുട്ടിയായിരുന്നു. കുസൃതി വളരെ കൂടുതൽ എന്നതായിരുന്നു കാരണം. എല്ലാം കാണുക, എല്ലാറ്റിനോടും പ്രതികരിക്കുക എന്നതായിരുന്നു അവളുടെ കുസൃതി. ഇത് ശിശുസഹജമായ ഓമനത്തമാണെന്ന് അറിയാനുള്ള ലാളിത്യം teachers' training വഴി നഷ്ടപ്പെട്ട ഒരാളായിരുന്നു അവളുടെ ആദ്യാദ്ധ്യാപിക! നമ്മുടെ എല്ലാ ആദ്ധ്യാപകരും വായിച്ചിരിക്കേണ്ട പുസ്തകമാണ്, *റ്റോറ്റോ ചാൻ* (National Book Trust, India, 1996). മുതിർന്നവരുടെ ദുഃസ്വാധീനങ്ങളാണ് അന്നുമിന്നും കുഞ്ഞുങ്ങളെ കളങ്കപ്പെടുത്തുന്നത്. ഇന്നത്തെ നമ്മുടെ വിദ്യാബോധനത്തിൽ നൈസ്സർഗികത അംഗീകരിക്കപ്പെടുന്നില്ല. പന്ത്രണ്ടും പതിനഞ്ചും നീണ്ട വർഷങ്ങൾ മുഴുവൻ ഒരു ജോലി കരസ്ഥമാക്കാനുള്ള *വിദ്യകൾ അഭ്യസിക്കുക* മാത്രമാണ് നമ്മുടെ കുട്ടികൾ ചെയ്യുന്നത്. നിസ്സർഗസുന്ദരമായ പ്രകൃതിയെ കണ്ടുപഠിക്കുക എന്നതായിത്തീരണം ഒരു നല്ല സ്കൂളിന്റെ ലക്ഷ്യം എന്നത് കാത്തുസൂക്ഷിക്കാൻ അപ്പോൾ സാദ്ധ്യതയെവിടെ? അതിനു വഴികാണിക്കാൻ കഴിവുള്ള അദ്ധ്യാപകരെവിടെ?

അന്നത്തെപ്പോലെ ഇന്നും 'പരിഷ്കൃതരും പ്രബുദ്ധരും' വകവച്ചുകൊടുക്കില്ലാത്ത പലതും 1937ൽ ആരംഭിച്ച തന്റെ സ്കൂളിൽ കൊബായാഷി പരീക്ഷിച്ചുനോക്കി. അതിലൊന്നായിരുന്നു, അംഗവൈകല്യങ്ങൾ ഒളിപ്പിക്കേണ്ടതില്ലെന്നും, അതിന്റെ പേരിൽ പെരുമാറ്റച്ചട്ടങ്ങളൊന്നും പാടില്ലെന്ന് മാത്രമല്ല, ശരീരത്തെ പരസ്പരം മറച്ചു പിടിക്കേണ്ടതുമില്ലെന്നുള്ള അദ്ദേഹത്തിന്റെ നിർബന്ധം. സ്കൂൾ കുളത്തിൽ കുഞ്ഞുങ്ങൾ നഗ്നരായി ഒന്നിച്ചു നീന്തിക്കുളിക്കുന്നതിൽ ഒരപാകതയും ഉള്ളതായി കരുതിയിരുന്നില്ല. കൗമാരത്തിലെ അമിതജിജ്ഞാസകളെ മുളയിലേ നുള്ളിക്കളയാൻ ഇത്തരം സഹജരീതികൾ ഉതകുമെന്ന് കണ്ടെത്തുകയും ചെയ്തു. പ്രകൃതിക്കിണങ്ങുന്നതൊന്നും തെറ്റല്ല എന്നതായിരുന്നു അവിടത്തെ കാഴ്ചപ്പാട്. എന്തിലും ആൺപെൺ വേർതിരിവ് അവിടെ അന്യമായിരുന്നു. ഇപ്പോഴും കേരളത്തിലും ഇന്ത്യയിൽ പലേടത്തും നിലവിലുള്ള 'boys' school', 'girls' school' ഏർപ്പാട് അങ്ങേയറ്റം പ്രകൃതിവിരുദ്ധവും മനുഷ്യത്വരഹിതവുമാണെന്ന് ഇനിയെന്നാണ് നമ്മുടെ വിദ്യാഭ്യാസ വിചക്ഷണന്മാർ മനസ്സിലാക്കുക? ഏതാനും വർഷങ്ങൾ അത്തരമൊരു ചുറ്റുപാടിൽ ജീവിച്ച എനിക്ക് അതിന്റെ നീണ്ടുനിൽക്കുന്ന ദോഷവശങ്ങൾ നന്നായറിയാം. അത്തരം അനാശാസ്യങ്ങൾ വരുത്തിവയ്ക്കുന്ന മാനസികക്ഷതങ്ങളിൽ നിന്നു

കരകയറുക ഒട്ടുംതന്നെ എളുപ്പമല്ലാതാനും. ഭൂരിഭാഗവും ജീവിതാന്ത്യം വരെ അവരുടെ മാനസിക വികലതകൾക്കടിപ്പെട്ടുതന്നെ കഴിയേണ്ടി വരും.

റ്റോറ്റോ ചാനിന്റെ ജർമ്മൻ ഷെപ്പെട് നായയെ സ്കൂളിലെ ഒരു കഥാപാത്രമാക്കിയതിലൂടെ, ജന്തുലോകത്തോട് മനുഷ്യനുണ്ടായിരിക്കേണ്ട കരുണനിറഞ്ഞ മനോഭാവം, ഈ ഗ്രന്ഥത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു. മൃഗങ്ങളെ ചതിക്കുന്നത് ക്രൂരമാണെന്ന് കുഞ്ഞുങ്ങൾക്കറിയാം. മുതിർന്നവരാണ്, സ്വാർത്ഥലാഭത്തിനായി അങ്ങനെ ചെയ്യുന്നതും അതിലൂടെ പ്രകൃതിയെ തള്ളിപ്പറയാൻ കുഞ്ഞുങ്ങൾക്ക് മാതൃകയാകുന്നതും. മൃഗങ്ങളെ ചതിക്കുന്നവർ മനുഷ്യരെയും ചതിക്കും. പ്രാണികളിൽ ചെറിയതിനോട് നിഷ്ക്കരുണം ഇടപെടാൻ തുടങ്ങിയാണ് മുതിർന്നതിനോടും മുന്തിയതിനോടും അങ്ങനെ ചെയ്യാൻ ശീലമുണ്ടാകുന്നത്. നിത്യമെന്നോണം മത്സ്യമാംസാദികൾ കൂട്ടി ഉണ്ടാലേ തൃപ്തിവരൂ എന്ന് ശഠിക്കുന്നവർ എവിടെയുമുണ്ട്. അവരുടെ മനസ്സാക്ഷിയെ സുഖിപ്പിക്കാനുതകുന്ന വാക്യങ്ങൾ മതഗ്രന്ഥങ്ങളിൽ നിന്ന് പോലും തപ്പിയെടുക്കാം. എന്നാൽ ഒന്നു നാം ഓർക്കണം, ജീവനോടുള്ള ബഹുമാനം സർവ്വവ്യാപിയായില്ലെങ്കിൽ അത് സത്യസന്ധമല്ല. തൊട്ടുമുകളിൽ സൂചിപ്പിച്ച ആൺപെൺ വേർതിരിക്കലിലെ യുക്തിരാഹിത്യം പോലെ വളരെ വ്യക്തമായ ഇക്കാര്യവും മൂടിവയ്ക്കാനാണ് ഭൂരിപക്ഷത്തിനും താല്പര്യം. ഇതൊക്കെ ചെയ്തു ശീലിച്ചവർ അംഗീകരിക്കില്ലെങ്കിലും, ഇവയൊക്കെ പകൽ പോലെ നഗ്നമായ, സമൂഹത്തെ താറുമാറാക്കുന്ന, അപാകതകളാണ്.

തെത്സുകോയുടെ അമ്മയാണ് ഈ കഥയിൽ തിളങ്ങിനിൽക്കുന്ന രണ്ടാമത്തെ പാത്രം. *ഇതുപോലെ ഒരമ്മയെ കിട്ടിയതിൽ ഞാനെത്ര ഭാഗ്യവതിയാണ്!* എന്നു പറയാൻ കഴിയുന്ന ഒരു കുട്ടിയും ജീവിത പ്രതിസന്ധികളിൽ തോറ്റുപിന്മാറില്ല. ശൈശവസഹജമായ വികൃതികൾ തന്റെ കുഞ്ഞിൽ ഒരു കുറവായി ഒരിക്കലും കാണുകയോ അങ്ങനെ അവളോട് പ്രതികരിക്കുകയോ ചെയ്തില്ല എന്നതാണ് ആ അമ്മയുടെ മഹത്വം.

ഏഴായിരത്തോളം ചിത്രങ്ങളുടെ രചയിതാവായ ചിഹിരോ ഇവാസാക്കിയുടെ കുട്ടിച്ചിത്രങ്ങൾ പുസ്തകത്തെ അഴകുള്ളതാക്കി യിരിക്കുന്നു. ഇവരുടെ പേരിലൊരു Museum of Picture Books തന്നെയുണ്ട്, റ്റോക്കിയോവിൽ ഷിമോഷക്യൂജിയിൽ. അതിസൂക്ഷ്മമായ ഭാവനയാണ് ഏതാനും മൃദുപോറലുകളിലൂടെ സൃഷ്ടിച്ച ഈ ചിത്രങ്ങളിൽ ഒളിഞ്ഞിരിക്കുന്നത്. ❑

# 36

# പരിധിക്കു പുറത്ത്!

ഇന്ത്യയിൽ പൊതുവെയും, കേരളത്തിൽ പ്രത്യേകിച്ചും മൊബൈൽ ഫോണിന്റെ ഉപയോഗം നാൾക്കുനാൾ ഏറിവരുമ്പോൾ, ലോകത്തിലെ ഏറ്റവും സമ്പന്നമെന്നു പറയാവുന്ന സ്വിറ്റ്സർലന്റിൽ ഓരോരോ ഗ്രാമങ്ങൾ മൊബൈൽ കമ്പനികളെക്കൊണ്ട് അവരുടെ ടവറുകൾ അഴിച്ചുമാറ്റിക്കുകയാണ്! വിശ്വസിക്കാൻ പ്രയാസം തോന്നുമെങ്കിലും, സംഗതി സത്യമാണ്. ബാസൽലാന്റ് കന്റോണിലുള്ള ഹേഫൽഫിങ്ങൻ (Haefelfingen) ആണ് ഇങ്ങനെയൊരു നീക്കത്തിന് ആദ്യം മാതൃകയായത്. അതും, ഏഴു വർഷം മുമ്പെടുത്ത ഒരു തീരുമാനം.

1993 മുതൽ സ്വിറ്റ്സർലന്റിൽ മൊബൈൽ ഫോണിന്റെ ഉപയോഗം പ്രചരിക്കാൻ തുടങ്ങി. നാടിന്റെ 99% ഇന്ന് മൊബൈൽ പരിധിക്കുള്ളിലാണ്. കൃഷിക്കാരായ ഒന്നുരണ്ടു വനിതകളാണ്, മൊബൈലിന്റെ ഉപയോഗം ആരോഗ്യത്തിനു ഹാനികരമാണ്, തങ്ങൾക്കു ലാന്റുഫോൺ ധാരാളം മതി, എന്നൊക്കെ ചിന്തിച്ചു തുടങ്ങുകയും, ഗ്രാമത്തിലെ ഭൂരിഭാഗം നിവാസികളെക്കൊണ്ടും അങ്ങനെ ചിന്തിപ്പിക്കാൻ കാരണക്കാരാകുകയും ചെയ്തത്. ഗ്രാമവാസികളുടെ നിർബന്ധത്തിനു വഴങ്ങാതിരിക്കാൻ കഴിവതു നോക്കിയെങ്കിലും, അവസാനം, അന്റെന സ്ഥാപിച്ചവർ അതഴിച്ചെടുത്ത് പോകേണ്ടിവന്നു. അടുത്തയൂഴം യൂറാ കന്റോണിലെ സുബേയ് (Soubey) എന്ന ഗ്രാമത്തിനാണ്. കൂടുതൽ ഗ്രാമങ്ങൾ ഈ വഴി പിന്തുടരാൻ തയ്യാറെടുക്കുന്നുമുണ്ട്. ഇങ്ങനെ 'പരിധിക്കു പുറത്താകുന്ന' സ്ഥലങ്ങളിലേക്ക് താമസം മാറ്റാൻ ആഗ്രഹിക്കുന്നവരും വളരെയാണ്.

മൊബൈൽ അന്റെനകൾ പുറത്തുവിടുന്ന റേഡിയോപ്രസരം ജന്തു സസ്യജാലങ്ങൾക്ക് താല്ക്കാലികമായും ജനിതകമായും വളരെ ഉപദ്രവകരമാണെന്ന് വിശ്വസിക്കുന്നവർ ഏറിവരുന്നു. പക്ഷികൾക്കും തേനീച്ചകൾക്കും ദിശാബോധനഷ്ടവും മനുഷ്യരിൽ തലവേദന, വൈകാരികമായ മാറ്റങ്ങൾ എന്നിവയും ഇപ്പോൾത്തന്നെ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. ടെലിഫോൺ സിഗ്നലുകളുടെ അതിപ്രസരണം സസ്യങ്ങളുടെ ഫലപുഷ്ടിയെയും ജീവികളുടെ ആന്തരികാവയവങ്ങളെയും വിപരീതമായി ബാധിക്കുന്നില്ലേ എന്ന സംശയം കൂടിക്കൊണ്ടിരിക്കുന്നു. പല പരീക്ഷണങ്ങളും നൽകുന്ന കൃത്യമായ അറിവുകൾ മൊബൈലിന്റെ ഉപയോഗത്തിന് എതിരാണെങ്കിൽത്തന്നെ അവയൊക്കെ സാധാരണക്കാരിൽ എത്താതിരിക്കാനുള്ള പോംവഴികൾ ലാഭക്കൊതി പെരുത്ത മൊബൈൽ കമ്പനികൾ തേടുന്നുണ്ടാവണം.

മൊബൈലിൽ നിന്ന് മോബൈലിലേയ്ക്കുള്ള വിളി കൂടുതൽ ലാഭകരമാക്കിയും ലാന്റുഫോണുകൾ കാര്യക്ഷമമല്ലാതാക്കിയും നമ്മൾ ഇന്ത്യാക്കാർ ഇനിയൊരു തിരിച്ചുപോക്ക് അസാധ്യമാക്കുകയാണ്. അജ്ഞാതമായ പല അസുഖങ്ങളും ഇന്ന് ചെറുപ്പക്കാരെ അപ്രതീക്ഷിതമായി അടിപ്പെടുത്തുന്നത് നാം ശ്രദ്ധിക്കുന്നു. ഇവയിൽ ചിലതിനെങ്കിലും പിന്നിൽ നമ്മുടെ നിതാന്തസഹചാരിയായ മൊബൈൽ ആയിരുന്നു എന്നൊരിക്കൽ കണ്ടെത്തുമ്പോൾ, വളരെ വൈകിപ്പോയിരിക്കും. പുകവലിയുടെ കാര്യത്തിലെന്നപോലെ, ഇവിടെയും വെറും സാമീപ്യം മതി, അപകടം ദൂരെവ്യാപിയാകാൻ. താൽകാലിക സൗകര്യങ്ങൾ അനാശാസ്യ ഭവിഷ്യത്തുകളെ മറക്കാൻ അല്ലെങ്കിൽ അവഗണിക്കാൻ ഇടവരുത്തുകയെന്നാൽ, അത് പക്വതയില്ലായ്മതന്നെയാണ്. അല്ലെങ്കിൽത്തന്നെ എവിടെയാണ് നാം പക്വതയാർജ്ജിച്ചിട്ടുള്ളത്? പലർക്കും ഇപ്പോഴും മാന്യനായ നമ്മുടെ പ്രധാനമന്ത്രിപോലും എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിച്ചുകൊണ്ടല്ലേ, വെള്ളക്കാർ ഭയന്നു തുടങ്ങിയിട്ടുള്ള ആണവനിലയങ്ങൾ ഇന്ത്യക്ക് അനിവാര്യമാണെന്ന ഭാവത്തിൽ അമേരിക്കയുമായി ആണവോർജ്ജ ഉടമ്പടിയിൽ ഒപ്പുവച്ചത്! പ്രതിദിനം ആയിരക്കണക്കിനാണ് കേരളത്തിൽ കൂടുതൽ വണ്ടികൾ നിരത്തിലിറക്കുന്നത്. റോഡിന്റെ മേന്മയോ വീതിയോ ഒരു തരിപോലും കൂടുന്നില്ലെന്നു മാത്രമല്ല, കുഴികളുടെ ആഴംകൊണ്ട് റോഡും തോടും തമ്മിൽ തിരിച്ചറിയാനാവാത്ത സ്ഥിതിയായി. സമ്പൂർണ്ണ വൈദ്യുതീകരണം എന്ന മോടിവാക്കുമായി കേരളം ഇഴയാൻ തുടങ്ങിയിട്ട് പല ദശാബ്ദങ്ങളായി. മണിക്കൂറിൽ കുറഞ്ഞത് അഞ്ചുതവണ മുറിയാതെ വൈദ്യുതി കിട്ടുന്ന ഒറ്റ ഗ്രാമം ഈ നാട്ടിലുണ്ടോ? ഇതിനൊക്കെ ഉത്തരവാദികളായവർ എല്ലാ മാന്യതയുടെയും പരിധിക്കു പുറത്താണു കഴിയുന്നത്. ഏത് മേഖലയിലും സ്ഥിതിഗതികൾ ഇതേപോലെതന്നെ! ജീവന്റെതന്നെ പരിധിക്കു പുറത്തേയ്ക്കാണ് ഈ പോക്ക് എന്ന് അറിഞ്ഞിരിക്കുകയെങ്കിലുമാകട്ടെ!

❑

# 37

## തമ്പുരാന്റെയമ്മേ!

വിശ്വാസത്തിന്റെ സ്രോതസ്സുകൾ എന്നൊരു ലേഖനം ഈ കൃതിയുടെ ഒന്നാംഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതു വായിച്ചിട്ട് നഷ്ടബോധം ഉണ്ടാകാത്തവർക്ക് ഇവിടെ പറയുന്നത് അധികപ്രസംഗമാണെന്നു തോന്നേണ്ടതില്ല. തഥ്യ തീരുന്നിടത്ത് മിഥ്യ ഉടലെടുക്കുന്നു. വിശ്വാസം മിഥ്യയിൽനിന്നു ഭക്തിയെ ജനിപ്പിക്കും. ബുദ്ധിമാന്ദ്യം ഭക്തിയെ കടിഞ്ഞാണില്ലാത്ത കുതിരയാക്കും. പിടിവിട്ടാൽ അതു പിന്നെ ഒറ്റപ്പോക്കാണ്.

തന്റെ കാലത്തിനും ചുറ്റുപാടുകൾക്കും അതീതനായി ചിന്തിക്കുകയും ജീവിക്കുകയും ചെയ്തതിന്റെ പേരിൽ കൊലചെയ്യപ്പെട്ട യേശുവിനെ ക്രിസ്തുവായും ദൈവാവതാരമായും ഉയർത്തിയത് അനുയായികളുടെ വിശ്വാസമാണ്. ആ പ്രക്രിയയുടെ ചില സൂചനകളാണ് സുവിശേഷങ്ങളിൽ നാം വായിക്കുന്നത്. സത്യക്രിസ്ത്യാനികൾ അവയെല്ലാം അവയവാർത്ഥത്തിലെടുക്കുന്നു. കന്യാജനനം, ഉയിർത്തെഴുന്നേല്പ് തുടങ്ങിയവയെ പ്രതീകാർത്ഥത്തിൽ എടുക്കാനിഷ്ടപ്പെടുന്നവർപോലും, ഗലീലിയായിലൊരു സാധാരണ വീട്ടമ്മയായി ജീവിച്ചു മരിച്ച മറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നതിൽ ഒരനൗചിത്യവും കാണുന്നില്ല. മാതൃപൂജയാണോ ഇതിനു പിന്നിൽ?

മാത്സര്യബുദ്ധിയോടെ, എണ്ണമറ്റ മറ്റനേകം അസാദ്ധ്യകാര്യവിദഗ്ധർ രംഗത്തുണ്ടെങ്കിലും, യേശുക്രിസ്തുവിന്റെ നേർക്കുള്ളതിലും വിഭ്രാമകരമായ ഭക്തിപ്രകടനങ്ങളാണ് കത്തോലിക്കർ അദ്ദേഹത്തിന്റെ അമ്മയോട് കാണിക്കുന്നത്. മനുഷ്യപുത്രനെന്നു സ്വയം വിശേഷിപ്പിച്ചിരുന്ന യേശുവിനെ ദൈവപുത്രനാക്കിയെടുത്ത അതേ മാനസ്സിക വ്യായാമങ്ങളിലൂടെയാണ് വിശ്വാസികൾ ഒരു സാധാരണ വീട്ടമ്മയായിരുന്ന മറിയത്തെ

ദൈവമാതാവാക്കിയതും. നേർച്ചകാഴ്ചകൾ, മന്ത്രോച്ചാരണങ്ങൾ, തപസ്സു തുടങ്ങിയ വഴികളിലൂടെ ദൈവേഷ്ടം പ്രാപിക്കാമെന്നും അങ്ങനെ വ്യക്തിപരമായ ആവശ്യങ്ങൾക്കായി ദൈവസത്തയെ സ്വാധീനിക്കാമെന്നും മനുഷ്യർ ധരിച്ചുവശാകുന്നു. ഈ ചാലകശക്തിയെ പരമാവധി ചൂഷണം ചെയ്യാൻ ദൈവത്തിനും മനുഷ്യനുമിടക്ക് കയറിക്കൂടുന്നു, വെളിച്ചപ്പാടുകളും തന്ത്രികളും പുരോഹിതരുമൊക്കെ. ഇവരുടെ പിടിപാടുകൾക്കാനുപാതികമായി, ചെറുതും വലുതുമായ അദ്ഭുതവൃത്തികളിലൂടെ, ദൈവമാതാവുൾപ്പെടെയുള്ള സ്വർഗ്ഗീയ മദ്ധ്യസ്ഥർ വിശ്വാസികളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുന്നു. ഇങ്ങനെയൊക്കെയാണല്ലോ ഇപ്പോൾ കാര്യങ്ങൾ.

അക്രൈസ്തവനായ യേശുവിനെത്തേടി എന്ന ആശയസമ്പുഷ്ടമായ പുസ്തകത്തിൽ, *പുരുഷാധിപത്യത്തിനപ്പുറത്തേയ്ക്ക്* എന്നൊരു ഭാഗമുണ്ട്. തത്ത്വത്തിലംഗീകരിക്കപ്പെട്ടിട്ടും പ്രയോഗത്തിൽ ഒരു മതവും നടപ്പിലാക്കിയിട്ടില്ലാത്ത സ്ത്രീപുരുഷസമത്വത്തെപ്പറ്റിയാണ് പണ്ഡിതനായിരുന്ന കാപ്പനച്ചൻ അതിൽ ചർച്ചചെയ്യുന്നത്. *സ്ത്രീസ്വാതന്ത്ര്യത്തിനു നിരക്കാത്ത ഒരു ദൈവസങ്കൽപ്പത്തിന്റെ അനന്തരാവകാശികളാണ് ക്രൈസ്തവർ* എന്നദ്ദേഹം എഴുതുന്നു. ഈ അപാകതയെ കുറച്ചെങ്കിലുമൊന്നു തിരുത്തുന്നതിനുവേണ്ടിയാണ് മറിയത്തെ ദൈവമാതാവായി സങ്കൽപ്പിച്ചുകൊണ്ടുള്ള ഭക്തികൾ തുടങ്ങിയത് എന്ന് വേണമെങ്കിൽ വാദിക്കാം.

പുരുഷബന്ധം കൂടാതെയുള്ള മറിയത്തിന്റെ ഗർഭധാരണത്തെപ്പറ്റി പറയുന്നത് മത്തായിയും ലൂക്കായും മാത്രമാണ്. അവരിരുവർക്കും മുമ്പെഴുതിയ മാർക്കിന്റെ ഗ്രന്ഥത്തിൽ അങ്ങനെയൊരു വിഷയമേ പരാമൃഷ്ടമല്ല. അതിനർത്ഥം, യേശുവിന്റെ മരണശേഷം ചുരുങ്ങിയത് നാല്പതു മുതൽ അമ്പത് വർഷത്തിനു പിന്നാലെ ചിന്തിച്ചെടുത്ത് എഴുതിവച്ചതാണ് മത്തായിലൂക്കാമാരുടെ ഈ കഥയെന്നാണ്. ശ്രീബുദ്ധൻ, സൊറവസ്റ്റർ തുടങ്ങിയവരുടെ ജീവിതപരിണാമങ്ങൾക്ക് ഇണങ്ങുംവിധം അവരുടെ ജന്മങ്ങളെപ്പറ്റി കാലാന്തരത്തിൽ രൂപംകൊണ്ട ഐതിഹ്യങ്ങളെപ്പോലെ മാത്രമേ ഇപ്പറഞ്ഞവയും കാണേണ്ടതുള്ളൂ. പേർഷ്യാക്കാരുടെ ദേവത മിത്രാസിന്റെ ജീവിതത്തെ ചുറ്റിപ്പറ്റിയുമുണ്ട് വിശേഷസ്വപ്നങ്ങളും മാലാഖാമാരുടെ ഇടപെടലുകളും മറ്റും. ഒരു ഗുരുവിന്റെയോ അസാധാരണ വ്യക്തിയുടെയോ പ്രാധാന്യം പൊലിപ്പിച്ച് കാട്ടാൻ, ഇത്തരം പൊടിപ്പും തൊങ്ങലുമൊക്കെ മെനഞ്ഞെടുക്കുക പണ്ട് സാധാരണമായിരുന്നു. (ഇന്നും ഇതൊന്നും കുറവല്ലല്ലോ!) ചുരുക്കിപ്പറഞ്ഞാൽ, എല്ലാ മതങ്ങളിലെയും വിശ്വാസങ്ങളത്രയും മനുഷ്യകല്പ്പനകൾക്ക് അക്ഷരാർത്ഥ സാധുത്വം കൊടുത്തുണ്ടായവയാണ്.

യേശുവിനെ ചുറ്റിപ്പറ്റിയുള്ള കഥകളിൽ മിക്കവയും പഴയ നിയമത്തിലെ അസാമാന്യ പുരുഷൻമാരുടെ ജീവിതകഥകളോട് സാമ്യമുള്ളവയും സമാന്തരങ്ങളുമാണ്. യഹൂദരുടെ പൂർവികരിൽ പ്രധാനികളായ മോശ, ദാവീദ്, ദാനിയേൽ പ്രഭൃതികളുടെ യഥാർത്ഥ പിൻഗാമിയാണ് യേശുരക്ഷകൻ എന്ന് വരുത്തിത്തീർക്കാൻ ശ്രദ്ധാപൂർവ്വം തിരഞ്ഞുപിടിച്ചുണ്ടാക്കിയ സാമ്യങ്ങളാണിവ. ഉദാഹരണത്തിന്, ദാനിയേൽ 9,23 ൽ ഗബ്രിയേൽ മാലാഖാ ദാനിയേലിന് പ്രത്യക്ഷനായി പറയുന്നുണ്ട്: *നീ ദൈവത്തിനു പ്രിയപ്പെട്ടവനാണ്* എന്ന്. അതിനോട് ചേരുംപടി *നീ ദൈവത്തിന്റെ പ്രസാദപാത്രമായിരിക്കുന്നു, ഭയപ്പെടേണ്ട* എന്ന് അതേ മാലാഖാ മറിയത്തോടും പറയുന്നതായി ലൂക്കാ എഴുതിയിരിക്കുന്നു (ലൂ. 2,30). ന്യായാധിപന്മാർ 6,12 ൽ ഗിദയോന് മാലാഖാ നൽകുന്ന ആശീർവാദം അതേ രൂപത്തിൽ മറിയത്തിനും ലഭിക്കുന്നു: *കർത്താവ് നിന്നോടുകൂടെയുണ്ട്*. പ്രായമാകുംവരെ വന്ധ്യയായിരുന്ന ശേഷം സന്താനലബ്ധയാകുന്ന ഹന്നായോടു (ശമുവേലിന്റെ അമ്മ) സദൃശയാണ് ലൂക്കായുടെ മറിയവും. ഹന്നായുപയോഗിച്ച അതേ വാക്കുകളിലൂടെയാണ് മറിയവും ദൈവത്തെ നന്ദിപറഞ്ഞു സ്തുതിക്കുന്നത്. (ശമു. 2; ലൂ. 1, 46-55)

എണ്ണമറ്റ വിരുദ്ധോക്തികൾ സുവിശേഷ ഗ്രന്ഥങ്ങളിലുണ്ട്. അതിന് കാരണം വ്യത്യസ്ത സമൂഹങ്ങളുടെ ആവശ്യാനുസരണം വ്യത്യസ്ത ലക്ഷ്യങ്ങളോടെ എഴുതപ്പെട്ടവയാണ് അവ എന്നതാണ്. യഹൂദരിൽ നിന്നു വന്ന ക്രിസ്ത്വാനുയായികൾക്ക് യേശു ദാവീദിന്റെ ഗോത്രത്തിൽ പെട്ടവനും കാലങ്ങളായി അവർ കാത്തിരുന്ന മിശിഹായുമാണ്. ആ ഉദ്ദേശ്യത്തോടെ മത്തായി യേശുവിന്റെ പിതൃത്വം പിന്നോട്ട് ദാവീദു വരെ തിരഞ്ഞുപോകുന്നു. എന്നാൽ അതിനായി അദ്ദേഹം പുറപ്പെടുന്നത്, യേശുവിന്റെ അച്ഛനായി കരുതാത്ത ജോസഫിൽ നിന്നാണുതാനും!

നേരേ മറിച്ച്, പൗലോസിന്റെ ശിഷ്യനായിരുന്ന ലൂക്കാ, വേറൊരു സൂത്രം പ്രയോഗിക്കുന്നു. അദ്ദേഹമെഴുതിയത് പുറംജാതിക്കാരിൽ നിന്ന്, വിശേഷിച്ച്, ഗ്രീക്ക് വംശജരിൽനിന്ന് എത്തിയവരായിട്ടായിരുന്നു. അതുകൊണ്ട് പാരമ്പര്യത്തിന് വിലകല്പ്പിക്കാതെ, കന്യാജനനം വഴി യേശുവിന്റെ ദൈവപുത്രസ്ഥാനം സ്ഥാപിക്കുകയാണ് അദ്ദേഹം. അവിടെയും യുക്തി വല്ലാതെ പിഴയ്ക്കുന്നുണ്ട്. കാരണം, ദൈവിക പിതൃത്വത്തിന് പകരം ലൂക്കാ ചെന്നെത്തുന്നത് ആദാമിലാണ്! ആദാമിന്റെ സന്തതികളുടെ രക്ഷകന് അവരുമായി ബന്ധം വേണമെന്നതാണല്ലോ പ്രധാനം. സത്യത്തിൽ, യുക്തി ഈ എഴുത്തുകാരെ അലട്ടിയിരുന്നില്ല. അനുയായികളുടെ വിശ്വാസം ഉറപ്പിക്കുക മാത്രമായിരുന്നു അവരുടെ ഉദ്ദേശ്യം.

അതുപോലെതന്നെ, മറിയത്തിന്റെ കന്യകാത്വമോ മറ്റ് സവിശേഷതകളോ ഒന്നും ആദിമസഭയിൽ ആർക്കും തർക്കവിഷയങ്ങൾ ആയിരുന്നില്ല.

സുവിശേഷ ഗ്രന്ഥങ്ങളെത്തന്നെ അവഗണിച്ചുകൊണ്ട് കാലാന്തരേണ ഉടലെടുത്തതാണ് മറിയത്തിന്റെ അതിമാനുഷ വ്യക്തിത്വം. ഉദാഹരണത്തിന്, മത്തായിയും മാർക്കും സംശയലേശമില്ലാതെ യേശുവിന്റെ സഹോദരീസഹോദരൻമാരെപ്പറ്റി പരാമർശിക്കുന്നുണ്ട്. (മ. 13,55; മാ. 6,3). യാക്കോബിനെപ്പറ്റി സമകാലികനായിരുന്ന പോൾ വ്യക്തമായി *യേശുവിന്റെ സഹോദരൻ* എന്ന് എടുത്തുപറയുന്നുണ്ട് (ഗലാ.1,19). ചരിത്രകാരനായ ജോസെഫും *മിശിഹായെന്നു വിളിക്കപ്പെടുന്ന യേശുവിന്റെ സഹോദരങ്ങളെ*പ്പറ്റി പരാമർശിക്കുന്നുണ്ട്. ഇതൊക്കെയിരിക്കെ, മറിയത്തെ നിത്യകന്യകയാക്കുന്നു, പിൽക്കാല സഭ. ഈ പോക്കിനെ എതിർത്തവർ അന്നുമുണ്ടായിരുന്നു. 383 ൽ ഹെല്വിദിയൂസ് എന്നൊരാൾ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് രംഗത്തു വന്നു. അത്തരക്കാരെ സഭാപിതാക്കൾ ശപിച്ചു പുറത്താക്കി. അന്ധവിശ്വാസത്തോളമെത്തുന്ന ലൈംഗിക വിദ്വേഷം വച്ചുപുലർത്തിയിരുന്ന വി. ജെറോം ആയിരുന്നു ഇവരിൽ പ്രധാനി. ദാമ്പത്യബന്ധം പോലും മ്ലേച്ഛമായി കണ്ട ഇത്തരക്കാർക്ക് മറിയം വീണ്ടും ഗർഭംധരിച്ചു എന്ന് സങ്കല്പ്പിക്കുക പോലും പാപമായിരുന്നു! മേൽപ്പറഞ്ഞ സഹോദരസഹോദരീസൂചനകളെ അവർ യേശുവിന്റെ അകന്ന ബന്ധത്തിൽ പെട്ടവരായി വിശദീകരിച്ചു. സന്താനലബ്ധി ദൈവാനുഗ്രഹമായി കരുതിയിരുന്ന യഹൂദസമൂഹത്തിൽപ്പെട്ടവരായിരുന്നല്ലോ ജോസെഫും മറിയവും. ആ നഗ്നസത്യംപോലുമവർ വിസ്മരിച്ചു. കഥയുടെ ഉദ്ദേശ്യത്തെ സാധൂകരിക്കാൻ വേണ്ടി *പുത്രനെ പ്രസവിക്കും വരെ അവളുമായി അയാൾ സംഗമിച്ചില്ല* (മ. 1,25) എന്ന കുറിപ്പ്, 'അവർ തമ്മിൽ പിന്നീട് ഒരിക്കലും ബന്ധപ്പെട്ടില്ല' എന്ന് നീട്ടി വ്യാഖ്യാനിക്കാൻ ഇവർ ഒരു മടിയും കാണിച്ചില്ല.

മറിയത്തോടുള്ള ഭക്തിബഹുമാനങ്ങൾ സാവധാനം പൊന്തിവന്നതാണെന്ന് പറഞ്ഞല്ലോ. സുവിശേഷകർത്താക്കൾ മറിയത്തിന് അമിത പ്രാധാന്യം കൊടുത്തില്ല. യേശു പോലും അമ്മയെയും കുടുംബത്തെയും അത്ര ശ്രദ്ധിച്ചിരുന്നില്ല എന്ന് നാം വായിക്കുന്നുമുണ്ട്. ആദിമ സഭയിൽ മറിയത്തെ വിളിച്ചു പ്രാർത്ഥിച്ചിരുന്നതായി കാണുന്നില്ല. ആ ബഹുമാനം ലഭിച്ചത് രക്തസാക്ഷികൾക്കായിരുന്നു. അവരുടെ കാലം കഴിഞ്ഞതോടെ, ഒരു പകരമെന്നോണം, മറിയം ശ്രദ്ധേയയായിത്തീർന്നിരിക്കാം. 431 ലാണ് സഭക്കൂട്ടം മറിയത്തെ ദൈവമാതാവായി പ്രഖ്യാപിക്കുന്നത്. അതും ഗ്രീസിലെ എഫെസൂസിൽ വച്ച്. നൂറ്റാണ്ടുകളായി ആർതെമിസ് ദേവതയുടെ പ്രതിഷ്ഠ അവിടെയുണ്ടായിരുന്നു. യവനർക്ക് ആർതെമിസ് നിരന്തരം മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്യുന്ന ദൈവത്തിന്റെയും ഒപ്പം ലോകത്തിന്റെയും മാതാവായിരുന്നു. ആ സ്ഥാനത്തേയ്ക്ക് മറിയത്തെ സൂനഹദോസ് പ്രതിഷ്ഠിച്ചു. മനുഷ്യസ്ത്രീയിൽ ദൈവികത്വം

ആരോപിക്കുന്ന ഈ കടന്ന പ്രവണതയെ ചോദ്യംചെയ്ത നെസ്തോറിയസിനെ സഭാപിതാക്കൾ ശപിച്ചു നിശ്ശബ്ദനാക്കി. പുതിയ ദൈവമാതാവിന് പിന്നെയങ്ങോട്ട് അടിവച്ചുയർച്ചയായിരുന്നു. അതിലേയ്ക്ക് പോപ്പുമാർ ഉദാരമായി സംഭാവന ചെയ്തു.

മദ്ധ്യയുഗങ്ങളോടെ ദൈവമാതാവിന്റെ പേരിലുള്ള പള്ളികൾ, മേരീവിഗ്രഹങ്ങൾ, നേർച്ചപ്പെട്ടികൾ എന്നിവകൊണ്ട് യൂറോപ്പ് മുഴുവൻ നിറഞ്ഞു. എവിടെയും അത്ഭുതങ്ങളുടെ പെരുമഴ! പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച വി. Bernardന്റെ ജീവിതലക്ഷ്യമേ മറിയത്തിന്റെ മഹത്വങ്ങൾ വർണ്ണിക്കുകയായിരുന്നു. അതിനടുത്ത നൂറ്റാണ്ടിലാണ് മാതാവിന്റെ ലുത്തിനിയ എഴുതപ്പെട്ടത്. നാഥനായ (Our Lord) യേശുവിനോടൊപ്പം മറിയം Our Ladyയായി ഉയർത്തപ്പെട്ടു. ദാന്തെ ഡാവിഞ്ചി, റഫായേൽ, എൽ ഗ്രെകോ തുടങ്ങിയ സർഗധനൻമാരെല്ലാം കലകളിലൂടെ മേരീമഹത്വങ്ങൾ പുകഴ്ത്തി. ലുത്തിനിയയിൽ പറയുന്ന അപരനാമങ്ങൾക്കെന്നപോലെ, ദൈവമാതാവെന്ന സംബോധനക്കും ഭക്തിയുടെ ന്യായീകരണം മാത്രമേയുള്ളു. എങ്കിലും, കയറൂരിവിട്ട ഭക്തി കാരണം, അമലോത്ഭവം, ഉടലോടെയുള്ള സ്വർഗ്ഗാരോഹണം എന്നിവ വിശ്വാസപ്രമാണത്തിന്റെ ഭാഗമായി. 2005 ൽ മരിച്ച ജോൺ പോൾ രണ്ടാമൻ ജപമാലഭക്തർക്കായി, പ്രകാശത്തിന്റെ അഞ്ചു രഹസ്യങ്ങൾ കൂടി കണ്ടുപിടിച്ചു. *ലോകത്തിനു ജീവനായിരിക്കുന്നവന്റെ പ്രതിപുരുഷൻ* എന്ന് സ്വയം വിശേഷിപ്പിച്ച അങ്ങേരായിരുന്നു St. ബെർണാർദ് കഴിഞ്ഞാൽ ഏറ്റം വലിയ മരിയഭക്തൻ. (മൂന്നാം സ്ഥാനം ശാലോം റ്റി.വിക്കു കൊടുക്കാം!)

ഗ്രന്ഥകാരനും പണ്ഡിതനുമായ പീറ്റർ ഡി റോസയുടേതാണ് രസകരമായ ഈ നിരീക്ഷണം. ഒരു വീട്ടമ്മയായി തുടങ്ങി മദ്ധ്യശതകത്തോടെ ലോകമാതാവും സ്വർഗ്ഗരാജ്ഞിയുമായി ഉയർത്തപ്പെട്ട മറിയത്തിന്റെയും അതേ കാലയളവിനുള്ളിൽ റോമായിലെ ഒരു പഞ്ചായത്ത് പ്രസിഡന്റിന്റെ നിലയിൽ നിന്ന് സർവ്വലോകാധികാരിയുടെ പദവിവരെ ഉയർന്ന റോമാമെത്രാന്റെയും വളർച്ചയിലെ സമാനതകൾ വിചിത്രമെന്നേ പറയേണ്ടു. 1867 ൽ റോമാ സന്ദർശിച്ച മാർക്ക് റ്റൈ്വൻ അവിടെ കണ്ടതും കേട്ടതും സമാഹരിച്ചുകൊണ്ട് ഈ നിഗമനത്തി ലെത്തി: റോമായിലെ അധികാര ബഹുമാനശ്രേണി ഇപ്രകാരമാണ്. ഒന്നാം സ്ഥാനത്തു ദൈവമാതാവ്. രണ്ടാമത്, ദൈവം തമ്പുരാൻ. മൂന്നാം സ്ഥാനം പത്രോസിന്. നാലാമത് പാപ്പാമാർ. അവസാനം, അഞ്ചാം സ്ഥാനത്തു, യേശുക്രിസ്തു! അതും ദൈവമാതാവിന്റെ കൈയിൽ നിസ്സഹായനായി ഇരിക്കുന്ന ഉണ്ണിയായി!

സംസ്കാരമുള്ള മനുഷ്യസമൂഹങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന അവകാശങ്ങളും ബഹുമാനങ്ങളും പോയിട്ട്, അടിസ്ഥാനാവകാശങ്ങൾ

പോലും സഭാകാര്യങ്ങളിൽ അവർക്കനുവദിച്ചു കൊടുക്കാൻ കൂട്ടാക്കാത്ത സഭാതലവന്മാർ ഇത്ര ഉദാരമായി മറിയത്തെ അലങ്കരിച്ചും സ്തുതിച്ചും കൊണ്ടാടുന്നതിന്റെ പിന്നിലെ മന:ശാസ്ത്രം ആഴമായി പഠിക്കേണ്ട ഒരു വിഷയമാണ്.

**അനുബന്ധം:**

കുറേ നാൾ മുമ്പെഴുതിയ ഈ ലേഖനം വായിച്ച ഒരു സുഹൃത്ത് എന്നെ സന്ദർശിക്കാനെത്തി. പെരിങ്ങുളത്തുകൂടി ഒഴുകുന്ന മീനച്ചിലാറിന്റെ കൈവഴിയിലെ പാറപ്പുറത്തിരുന്നു ഞങ്ങൾ സംസാരിക്കവേ, അദ്ദേഹം ഈ ലേഖനത്തിന്റെ കാര്യം എടുത്തിട്ടു. പ്രതീകങ്ങളെ അവഹേളിക്കരുത് എന്നാണ് അദ്ദേഹം എനിക്കു തന്ന വിലയേറിയ ഉപദേശം. മറിയം മാതൃത്വത്തിന്റെ പ്രതീകമാണ്. ചരിത്രഗവേഷണങ്ങൾ അതിൽ പ്രധാനമല്ല. ഏതെങ്കിലും തരത്തിൽ ഒന്നു മറ്റൊന്നിന് വികസനത്തിനുള്ള സാധ്യതകൾ പ്രദാനം ചെയ്യുമ്പോൾ, മാതൃത്വമാണ് അവിടെ സാക്ഷാത്കരിക്കപ്പെടുന്നത്. വെറും സാമ്പത്തികസഹായമാകാം അത്. പ്രകൃതിയിലെവിടെയും വളർച്ചക്ക് നിദാനമായതെന്തും മാതൃത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ളവയുടെയെല്ലാം പൊരുളാണ് മറിയത്തെ മാതാവായി കാണുമ്പോൾ സഭ ഉയർത്തിപ്പിടിക്കുന്നത്. വിശേഷണങ്ങളെല്ലാം ആലങ്കാരികമാണ്. ചോരയും നീരുമില്ലാത്ത യുക്തി വളർച്ചയിലേക്കുള്ള പാതയുടേതല്ല എന്നദ്ദേഹം എനിക്ക് പറഞ്ഞുതന്നു. സുഹൃത്തേ, നന്ദി!

❑

# 38

# മറിച്ചു ചിന്തിക്കാനുള്ള സ്വാതന്ത്ര്യം

"ഏതോ ഒരു ഭാഗംകൊണ്ട് ദൈവത്തിൽ വിശ്വസിക്കാൻ ഞാൻ ശീലിച്ചിട്ടുണ്ട്." ഇരുപത്തഞ്ചു വയസായപ്പോൾ മൂത്ത മകൻ എനിക്കെഴുതി. മതപഠനവും കൂദാശകളുമൊക്കെ പ്രാഥമികസ്കൂളിന്റെ ഭാഗമായിരുന്നതുകൊണ്ട് മതേതരത്വം (religious neutrality) അവനൊരു സ്വായത്താനുഭവമല്ലായിരുന്നു. പക്ഷേ, സ്ഥൈര്യലേപനത്തിന്റെ (confirmation) സമയമായപ്പോൾ (12 വയസ്സ്), അതവനെ സംബന്ധിച്ചിടത്തോളം അനാവശ്യമാണെന്ന് അവൻതന്നെ തീരുമാനിച്ചു. നാട്ടിലെ രീതികൾക്ക് വിപരീതമായി, അപ്പോൾ ഞങ്ങൾ താമസിച്ചിരുന്ന രാജ്യത്ത് പള്ളിക്കും അതിനോട് എതിരഭിപ്രായമില്ലായിരുന്നു. അവിടെ കൂദാശകൾ അടിച്ചേൽപ്പിക്കപ്പെട്ടിരുന്നില്ല.

ഡെമോക്രസി, കമ്മ്യൂണിസം തുടങ്ങിയ മറ്റേത് social technic ഉം പോലെ സമൂഹത്തെ നിയന്ത്രിക്കാനുള്ള ഒരുപാധിയല്ലേ മതവും എന്ന് മക്കൾ ചോദിക്കുമ്പോൾ അത് ശരിവയ്ക്കാൻ മാത്രമേ എനിക്ക് നിവർത്തിയുള്ളു. മാതാപിതാക്കളുടെ മതത്തിൽ മക്കളും ഉൾപ്പെടണമെന്ന വാശി ബാലിശവും സങ്കുചിതവുമാണ്. സഹിഷ്ണുത എന്ന വാക്കിനർത്ഥം സ്വന്തം അഭിരുചിക്ക് ഇണങ്ങുന്നതും ഇണങ്ങാത്തതും മന:ക്ഷോഭം കൂടാതെ വീക്ഷിക്കാനും വ്യത്യസ്തതകളുടെ അനിവാര്യത അംഗീകരിക്കാനുമുള്ള സന്നദ്ധത, അതിനുള്ള കഴിവ് എന്നാണ്. പക്ഷേ, നമ്മൾ മതസഹിഷ്ണുതയെന്ന വാക്കുപയോഗിക്കുമ്പോൾ, അതിൽ മിക്കപ്പോഴും, എന്റെ മതം മറ്റേതിലും മെച്ചം എന്ന നേർത്ത യുക്തിഹീനതയുടെ ഉള്ളടക്കമുണ്ട്. മറ്റ് വഴിയില്ലാത്തതുകൊണ്ട് ബാക്കിയുള്ളവരെ സഹിക്കുന്നതാണ് മിക്കവർക്കും സഹിഷ്ണുത, അല്ലാതെ പരസ്പര

ബഹുമാനത്തിൽനിന്നുദിക്കുന്ന വകവയ്പ്പല്ല. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ വാക്കുപയോഗിച്ചിരിക്കുന്നതെല്ലാം സംശയമെന്യേ ഈയർത്ഥത്തിലാണ്. അതിനുള്ള ഒന്നാന്തരം ഉദാഹരണമാണ് മിശ്രവിവാഹത്തിൽ സഭയുടെ നിലപാട്. അന്യമതസ്ഥരെ വിവാഹം കഴിക്കാം. പക്ഷേ, ഉണ്ടാകുന്ന കുഞ്ഞുങ്ങളെ കത്തോലിക്കാവിശ്വാസത്തിൽ വളർത്തിക്കൊള്ളാം എന്ന് ഇരുവരും വാഗ്ദാനം ചെയ്യണം. ഇത് കള്ള (pseudo) സഹിഷ്ണുതയാണെന്നത് ആർക്കും വ്യക്തമാണല്ലോ.

എന്റെ മതം തന്നെ മെച്ചപ്പെട്ടത് എന്നത് വെറും പിടിവാശിയാണ്. കാരണം, ഏതു മതത്തിൽ ഒരാൾ ജനിക്കുന്നു എന്നത് തികച്ചും യാദൃശ്ചികമാണത്. അപ്പോൾ, താൻ ജനനത്തിലൂടെ പരിചയപ്പെട്ട മതം ബാക്കിയുള്ളവയെക്കാളൊക്കെ ശ്രേഷ്ഠമെന്നത് ഏതു യുക്തിയിലാണ് ഊന്നിനിൽക്കുക? മറ്റേതൊരഭിപ്രായവും പോലെ (മതം = അഭിപ്രായം) മതവും ഒരു തിരഞ്ഞെടുപ്പിന്റെ ഫലമാകണം. അതിന് സ്വാതന്ത്ര്യമാവശ്യമാണ്. ബൗദ്ധികമായ ഉണർവിനൊത്ത് അഭിപ്രായം മാറാനുള്ള സാഹചര്യം സൃഷ്ടിക്കാതെ മാനസികവികാസം സാദ്ധ്യമല്ല. എന്റെ മതം മെച്ചമെന്ന വീക്ഷണമാണ് എല്ലാ തീവ്രവാദങ്ങൾക്കും അടിസ്ഥാനം. കമ്മ്യൂണിസ്റ്റുകാരായാലും മതവിശ്വാസികളായാലും അവർ പറയുന്നത് മാത്രമാണ് ശരിയെന്ന വാശി, അവർക്കപ്പുറം ലോകമുണ്ടെന്ന് മറക്കുന്നതിനു തുല്യമാണത്.

കുറേ നാൾ ഒരിടത്ത് തളച്ചിട്ടിട്ട് മറ്റൊന്ന് തിരഞ്ഞെടുക്കാനനുവദിക്കുന്നതിലും മെച്ചം ആദ്യം തന്നെ തുറന്നുവിട്ടിട്ട് വേണ്ടതേതെന്നു സ്വയം കണ്ടെത്താനുള്ള സാഹചര്യം അനുവദിക്കുകയാണ്. അതാണ് വിവരമുള്ള മാതാപിതാക്കൾ മക്കളോടു ചെയ്യേണ്ടത്. കുരുന്നു ഹൃദയങ്ങളിൽ ഒരു മതത്തിന്റെ മാത്രം വിശ്വാസങ്ങൾ അടിച്ചുറപ്പിക്കുന്ന രീതി രാക്ഷസീയംതന്നെയാണ്. അതാണ് ഇന്ന് sunday school എന്ന നിർബന്ധമതബോധനത്തിലൂടെ കത്തോലിക്കാപ്പള്ളികൾ ചെയ്യുന്നത്. സ്കൂളുകളിൽ മതത്തിനല്ല, ധാർമ്മികതക്കാണ് ഊന്നൽ കൊടുക്കേണ്ടത്. ഇന്ന് സണ്ടേ- ഖുറാൻസ്കൂളുകളിൽ നടക്കുന്നത്, വിശ്വാസത്തിനായി മരിക്കാൻ തയ്യാറുള്ള ചാവേർപ്പടയെ സൃഷ്ടിച്ചെടുക്കുകയാണ്. ഇതിൽപ്പരം ബുദ്ധിഹീനതയും അരക്ഷിതാവസ്ഥയും ഉണ്ടോ! നിഷ്പക്ഷമായ ബുദ്ധിയാണ് ഓരോ മതത്തിന്റെയും മക്കൾ ഉപയോഗിക്കുന്നതെങ്കിൽ, തങ്ങളുടെ വിശ്വാസമാണ് മറ്റ് ഏതിനെക്കാളും മെച്ചമെന്ന് ഇവർക്കെല്ലാം ഒരേ സമയം എങ്ങനെ ഉറപ്പിച്ചുപറയാനാകുന്നു? ഈ ഉറപ്പിച്ചുപറയലാണ് ഓരോ മതബോധനക്ലാസ്സിലും നടക്കുന്നത്? എതിരഭിപ്രായങ്ങളെയും വിമതസ്വരങ്ങളെയും കണ്ണടച്ചെതിർക്കുന്നതിലൂടെയാണ് സ്വേച്ഛാധികാരികൾ ഉണ്ടാകുന്നത്.

പരമമായ അർത്ഥത്തെ കണ്ടെത്തിയാണ് മനുഷ്യൻ അഭയനായി ത്തീരുന്നത്. അനുഷ്യന് ഇതിനുള്ള ധൈര്യവും തന്റേടവും കൈമോശം വന്നത് മതങ്ങളുടെ അതിപ്രസരം മൂലമാണെന്നത് വലിയ വിരുദ്ധോക്തി തന്നെ. അതിരുവിട്ട ലൈംഗികഭയവും പാപബോധവും ക്രിസ്ത്യാനിക ളെയും അള്ളാഹുവിന്റെ മുമ്പിൽ തോന്നുന്ന അമിതഭയം മുഹമ്മദീ യരെയും യാഥാർത്ഥ്യങ്ങളിൽനിന്ന് അകറ്റുകയാണുണ്ടായത്. ഇത് ലൈം ഗികാധിഷ്ഠിതമായ മനോവൈകല്യങ്ങൾക്കും രതിവികൃതികൾക്കും വഴിതെളിച്ചു. മനുഷ്യൻ സ്വയം സ്വാതന്ത്ര്യം അനുഭവിക്കുന്നുമില്ല, അന്യരെ അതിനനുവദിക്കുന്നുമില്ല എന്ന ഇപ്പോഴത്തെ സാമൂഹികമായ അസഹിഷ്ണുത രൂപംകൊണ്ടത് ഈ വിധത്തിലാണ്. എല്ലാറ്റിലും അന്തർലീനമായിട്ടുള്ള അനിശ്ചിതത്വം അംഗീകരിച്ച്, അതിയായ പ്രതിപത്തിയോ വിരക്തിയോ ഇല്ലാതെ, ശാന്തമായ നിസ്സംഗതയോടെ ജീവിക്കുക. ഈ രീതി മനുഷ്യനെ അഭയനാക്കുന്നു.

മനുഷ്യരേപ്പോലെ പെരുമാറാൻ മക്കളെയും മരുമക്കളെയും അനവദിക്കാത്ത മാതാപിതാക്കൾ അവരെ മാനസികരോഗികളാക്കി ത്തീർക്കുന്നു. ആവശ്യത്തിലധികം മുറുകിപ്പോയ കടിഞ്ഞാൺ ഊരി ക്കളയാൻ കെല്പില്ലാത്ത മക്കളുടെ 'പാവത്തം' സാഹസികമായ ചുറ്റു പാടുകളിൽ അവരെ കൊണ്ടെത്തിക്കുന്നത് വിരളമല്ല. പലരും ധാർമ്മിക കുരുക്കുകളാൽ ഇറുകി ശ്വാസംമുട്ടി മരിക്കുന്നുമുണ്ട്.

ജീവിക്കാൻ മാർഗ്ഗമില്ലാതെ വരുക, സ്നേഹിക്കാനാരുമില്ലാതിരിക്കുക എന്നിവ മാത്രമാണ് യഥാർത്ഥത്തിൽ ഭയപ്പെടാനുള്ളത്. എന്നാൽ ഈ രണ്ടു കാരണങ്ങളുമില്ലാതെയും അന്യരെ ഭയന്നുകഴിയുന്നവരാണ് അധികം. സ്വന്തം വിശ്വാസത്തിനും ബോധ്യങ്ങൾക്കുമെതിരായിപ്പോലും, 'മനുഷ്യരെന്തു പറയും' എന്ന ഭയംകൊണ്ടുമാത്രം സമയവും പണവും വ്യായാമവും വ്യർത്ഥമാക്കുന്നവരല്ലേ സമൂദായത്തിൽ ഏറിയ പങ്കും? മനുഷ്യരെക്കൊണ്ട് സ്വന്തം മനസ്സിനിണങ്ങാത്ത പലതും, പ്രത്യേകിച്ച് മതാചാരങ്ങൾ, ചെയ്യിക്കാൻ ബദ്ധശ്രദ്ധരും അതിനായി സാമുദായിക, സാമ്പത്തിക പീഡനങ്ങൾ ഉപാധിയാക്കാൻ മടിക്കാത്തവരും ക്രൈസ്ത വരുടെയിടയിലാണ് അധികമെന്നത് വിചിത്രംതന്നെ. സംസ്കാരശൂന്യ തയാണ് ഈ പ്രവണതയ്ക്കു പിന്നിലുള്ളത്.

അന്യർക്കുപദ്രവമാകാത്തിടത്തോളം അവനവന്റെ മനസ്സിണങ്ങും വിധം വീട്ടിലും പുറത്തും പെരുമാറാൻ വ്യക്തികളെ അനുവദിക്കുന്ന സമുദായത്തിൽ മാത്രമേ ജീവിതം ഭയരഹിതവും തൃപ്തികരവും ആയി രിക്കൂ.

❑

# 39

# ഉൾക്കാഴ്ചയുടെ മഹത്ത്വം

2002ൽ എന്നോ ആണ്, കൂട്ടുകാരുടെ മുമ്പിൽ ഒരാശയം വിശദീകരിക്കാൻ ശ്രമിച്ചപ്പോൾ, ആർക്കുമതത്ര ഗൗരവമുള്ളതോ സ്വീകാര്യമോ ആയി തോന്നിയില്ല. നാം കേൾക്കുന്ന സ്വരങ്ങളും കാണുന്ന നിറങ്ങളും അനുഭവിക്കുന്ന ഗന്ധങ്ങളുമൊക്കെ നമുക്കു വെളിയിൽ പ്രകൃതിയിൽത്തന്നെ ഉള്ളവയാണോ? ഞാൻ കാണുന്ന ചുവപ്പും പച്ചയുംതന്നെയാണോ മറ്റൊരാളും കാണുന്നത്? ആദ്യത്തെ ചോദ്യത്തിന് അല്ലെന്നും രണ്ടാമത്തേതിന് ആയിരിക്കണമെന്നില്ലെന്നു മായിരുന്നു എന്റെ വാദം.

2005 അവസാനത്തോടെ ആൽബർട്ട് ഹോഫ്മൻ എന്ന രസതന്ത്രജ്ഞന്റെ സംസാരമുൾക്കൊള്ളുന്ന ഒരു CD കേൾക്കുവാനിടയായി. 'Lob des Schauens' (കാഴ്ചയുടെ മഹത്ത്വം) എന്നു പേരിട്ടിരിക്കുന്ന ആ സിഡിയിൽ കാഴ്ചയുടെ വിവിധ വശങ്ങളെപ്പറ്റിയാണ് അദ്ദേഹം വിശദീകരിക്കുന്നത്. എന്റെ നിഗമനങ്ങളുമായി വളരെയധികം സാമ്യം കണ്ട്, അദ്ദേഹത്തിന്റെ പല കൃതികളും കണ്ടെത്തി വായിച്ചു.

അത്ഭുതസാന്ദ്രമായ പ്രപഞ്ചത്തെപ്പറ്റി നിസ്സാരവും ആപേക്ഷികവും ഉപരിപ്ലവവുമായ അറിവുമാത്രമാണ് ഇന്ദ്രിയങ്ങൾ പ്രാപ്തമാക്കുന്നത്. ജഡികബന്ധിതമായതിനാൽ ഒന്നിന്റെയും ഉള്ളിലേക്കും ജീവനിലേക്കും അതിനു പ്രവേശനമില്ല. ഈ നിർജീവബന്ധത്തിന്റെ തിക്തീകൃതഫലങ്ങളാണ് പ്രകൃതിചൂഷണങ്ങളും നാശവൽക്കരണങ്ങളും.

പ്രകൃതിയെ ആഴത്തിലറിയാൻ മറ്റു വഴികളും മനുഷ്യനു മുമ്പിലുണ്ട്. ഉൾക്കാഴ്ചയിലേയ്ക്കു നയിക്കുന്ന മാർഗ്ഗങ്ങളിൽ ചിലതാണ് കലകൾ, ആദ്ധ്യാത്മികത, ധ്യാനം, ഇന്ദ്രിയാതീതാനുഭവങ്ങൾ (mystical

experiences) എന്നിവ. കാഴ്ചക്കാരനും കാണപ്പെടുന്നതും തമ്മിലുള്ള വിടവു കുറയുകയും താദാത്മ്യബന്ധം പരിപോഷിപ്പിക്കുകയുമാണ് ഇവയിലൂടെ സംഭവിക്കുന്നത്. സമ്പൂർണ്ണമായ താദാത്മ്യത്തെയാണ് വേദങ്ങൾ അദ്വൈതാനുഭവം എന്നു വിളിക്കുന്നത്. ഈ അവസ്ഥയുടെ ചെറിയ പതിപ്പുകളാണ് ഓരോ സ്നേഹപ്രക്രിയയും. സ്നേഹം സാർവ്വത്രികവും സർവ്വസ്ഥായിയുമാകുമ്പോൾ പരിപൂർണ്ണമായ സൗന്ദര്യദർശനവും കൈവരുന്നു. അതു സുരക്ഷിതത്വബോധം നൽകി നമ്മെ നിർവൃതിയിലെത്തിക്കുന്നു.

**മൂന്നു സമാനമനസ്സുകൾ**

മൂന്നു ചിന്തകർ അവരുടെ കൃതികളിലൂടെ വെളിപ്പെടുത്തുന്ന ദർശനസമാനതയെക്കുറിച്ചാണ് ഇനിയുള്ള ഏതാനും താളുകളിൽ.

**ആൽബർട്ട് ഹോഫ്മൻ:** അദ്ദേഹത്തിന്റെ "Einsichten, Aussichten" എന്ന കൃതിയുടെ ജർമ്മൻ നാമത്തെ നിരീക്ഷണവും ദർശനവും എന്നു വിവർത്തനം ചെയ്യാം. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ എങ്ങനെ ബാഹ്യലോകത്തെ കാണുന്നു എന്നതിനെക്കുറിച്ചാണ് ഹോഫ്മൻ പറഞ്ഞു തുടങ്ങുന്നത്. അദ്ദേഹം പറഞ്ഞുനിറുത്തുന്നതോ, തൃപ്തികരമായ ഒരാകമാനവീക്ഷണത്തിൽ സൗന്ദര്യാനുഭവം, ഇന്ദ്രിയാതീതാനുഭവം, ആത്മീയാനുഭവം എന്നിവയും അനുപേക്ഷണീയമാണെന്നും.

1906ൽ സ്വിറ്റ്സർലന്റിൽ ജനിച്ച ഹോഫ്മൻ Sandoz, (ഇന്നത്തെ Novartis) എന്ന ഔഷധനിർമ്മാണകമ്പനിയിൽ സസ്യങ്ങളുടെ ഔഷധഗുണങ്ങളെപ്പറ്റി പഠിക്കുന്നതിനിടയിലാണ് LSDയും (Lysergsaeure-diethylamid) അതിനോടു സാമ്യമുള്ള Psilocybin എന്ന രാസപദാർത്ഥവും കണ്ടുപിടിക്കുന്നത്. (1)

എങ്ങനെയാണ് സസ്യലോകത്തോടും രസതന്ത്രത്തോടും താൻ വലിച്ചടുപ്പിക്കപ്പെട്ടതെന്ന് 'LSD mein Sorgenkind' (എന്റെ വികൃതിക്കുട്ടി, LSD) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്.

സ്വിറ്റ്സർലന്റിൽ വസന്തകാലത്തിന്റെ തുടക്കമായിരുന്നു. ആൽബർട്ടിന് ഏതാണ്ട് പത്തു വയസ്സ്. ബാഡൻ എന്ന സ്ഥലത്ത് വനാന്തരത്തിലൂടെ തനിയേ നടക്കുമ്പോൾ ഇന്ദ്രിയാതീതമായ ഒരനുഭവം അദ്ദേഹത്തിനുണ്ടായി. എവിടെയും പക്ഷികളുടെ കളകൂജനങ്ങൾ. ഹരിത

---

* Einsichten, Aussichten (Essays)– A. Hofmann, Nachtschatten Verlag, Solothurn, 2003

1. ശിലീന്ധ്രബാധിതമായ വരകുധാന്യത്തിൽ നിന്നു LSDയും മെക്സിക്കോയിൽ വളരുന്ന ഒരുതരം കൂണിൽനിന്ന് Psilocybin എന്ന രാസപദാർത്ഥവും 1943ൽ ആൽബർട്ട് ഹോഫ്മൻ വേർതിരിച്ചെടുത്തു.

നിബിഡ വനത്തിനുള്ളിലേയ്ക്ക് സൂര്യപ്രകാശം ചിതറിയൊഴുകുന്നു. മുമ്പനുഭവിച്ചിട്ടില്ലാത്ത വർണ്ണഭംഗിയിലും മനോഹാരിതയിലും ചുറ്റുപാടുകൾ സജീവമാണെന്നും വിവരിക്കാനാവാത്ത സൗന്ദര്യ ലഹരിയിൽ താൻ ആമഗ്നനായിരിക്കുന്നെന്നും ആ ബാലന് അനുഭപ്പെടുന്നു. പ്രകൃതിയുടെതന്നെ ഭാഗമാണ് താനെന്നും അതിൽ താൻ പരിപൂർണ്ണമായി സുരക്ഷിതനാണെന്നുമുള്ള അനുഭൂതിയിൽ സമയബോധം നഷ്ടപ്പെട്ട് എത്രനേരം നിന്നെന്ന് അവനറിയുന്നില്ല. ഇത്തരം അനുഭവങ്ങൾ പ്രകൃതിയെ ആസ്വദിച്ചുകൊണ്ടുള്ള നടത്തത്തിനിടയ്ക്ക് വീണ്ടും ഉണ്ടായിട്ടുണ്ടെന്നും പുറംലോകത്തോടുള്ള തന്റെ അനുഭാവത്തെ അവ പാടേ മാറ്റിയെടുത്തെന്നും ഹോഫ്മൻ സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ സാധാരണ കാഴ്ചാരീതികളെ മറികടക്കുന്നതും ഗഹനവുമായ യാഥാർത്ഥ്യത്തെ തേടിയാണ് സസ്യലോകത്തെപ്പറ്റി പഠിക്കാൻ അദ്ദേഹം തീരുമാനിച്ചത്. തുടർന്ന്, പദാർത്ഥപരമായ ബാഹ്യലോകവും ബോധപ്രക്രിയയുടെ ആന്തരികലോകവും തമ്മിലുള്ള ബന്ധത്തിലേയ്ക്ക് അദ്ദേഹത്തെ നയിച്ചതിൽ LSDക്ക് വലിയ പങ്കുണ്ടായിരുന്നു. പരീക്ഷണ ശാലയിൽവച്ച് ത്വക്കിലൂടെ ഉള്ളിലായ തീരെ നിസ്സാര അളവ് LSD തന്നിലുളവാക്കിയ പ്രത്യേകതകൾ സ്വമേധയാ ഈ രാസവസ്തു സ്വശരീരത്തിൽ പരീക്ഷിച്ചു നിരീക്ഷിക്കുന്നതിലേക്കു നയിക്കുകയാണുണ്ടായത്. LSD ബോധപ്രക്രിയയിൽ വരുത്തുന്ന വ്യതിയാനങ്ങളും വനാന്തരത്തിൽ വച്ചുണ്ടായിട്ടുള്ള അനുഭവങ്ങളും വളരെ സാമ്യമുള്ളതായി കണ്ടു. ഇന്ദ്രിയകേന്ദ്രീകൃതമായ ബാഹ്യലോകഗ്രഹണം തീർത്തും ഉപരിപ്ലവവും ആപേക്ഷികവുമാണെന്നും, പ്രപഞ്ചത്തിന്റെ യഥാതഥ സൗന്ദര്യവൈവിധ്യങ്ങളിലേക്കു കടന്നുചെല്ലാൻ ഇന്ദ്രിയാതീതമായ വഴികൾ സ്വീകരിക്കേണ്ടതുണ്ടെന്നും തുടർന്നുള്ള പഠനങ്ങൾ അദ്ദേഹത്തെ ബോധവാനാക്കി. അതേസമയം ഇന്ദ്രിയങ്ങളുടെ ഗ്രാഹ്യശേഷിയെ പലമടങ്ങു വർദ്ധിപ്പിക്കാനുള്ള കഴിവ് LSDക്കും തത്തുല്യമായ രാസവസ്തുക്കൾക്കും ഉണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

ബാഹ്യലോകം വ്യക്തിബോധത്തിൽ യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമുണ്ടാക്കുന്ന പ്രക്രിയയെ മനസ്സിലാക്കിത്തരാൻ ഹോഫ്മൻ ഉപയോഗിക്കുന്നത് റ്റെലിവിഷന്റെ പ്രവർത്തനമാണ്. ബാഹ്യലോകം ഊർജ്ജപ്രസരണത്തിലൂടെ നിരന്തരം സ്വയം പ്രക്ഷേപണം ചെയ്തു കൊണ്ടിരിക്കുകയാണ്. ഈ സ്പന്ദനങ്ങളെ സ്വീകരിക്കാൻ ഉതകുന്ന ഏരിയലുകളാണ് നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ. അവയിലൂടെ പടവും സ്വരവും സ്വീകരിക്കുന്ന സ്ക്രീൻ നമ്മുടെ ബോധതലമാണ്. അവിടെ പതിയുന്ന പ്രതിബിംബങ്ങളുടെ ഗുണവും മേന്മയും ഏരിയലുകളെ ആശ്രയിച്ചിരിക്കും എന്നു വ്യക്തമാണ്.

കണ്ണുപയോഗിച്ചുള്ള കാഴ്ച സാദ്ധ്യമാകുന്നത് വസ്തുവിൽ പതിയുന്ന പ്രകാശം പ്രതിഫലിച്ച് നേത്രാന്തരപടലത്തിൽ തട്ടിയുണ്ടാകുന്ന തരംഗങ്ങൾ ദൃക്തന്ത്രികളിലൂടെ തലച്ചോറിലെത്തുന്നതുകൊണ്ടാണ്. അതുവരെയുള്ള വ്യതിയാനങ്ങൾ ശാസ്ത്രമാനങ്ങളാൽ അളന്നു ക്ലിപ്തപ്പെടുത്താവുന്നവയാണ്. എന്നാൽ അതു കഴിഞ്ഞുള്ളത് — നാഡികൾ വഴി തലച്ചോറിലെത്തുന്ന പ്രചോദനങ്ങൾ അവിടെ വസ്തുവിന്റെ പ്രതിബിംബത്തെ സൃഷ്ടിക്കുന്ന രഹസ്യം — അളക്കാനാവാത്ത ഒരു പ്രതിഭാസമാണ്. വൈദ്യുതകാന്തതരംഗങ്ങൾ ആണല്ലോ പ്രകാശം. ഒരറ്റത്ത് ഇവ ശതകോടിയിൽ ഒരു മില്ലിമീറ്റർ തൊട്ട് മറുവശത്ത് പല മീറ്റർ വ്യാസമുള്ള റേഡിയോ തരംഗങ്ങൾ വരെ വ്യാപിച്ചു കിടക്കുന്നു. ഓരോ വസ്തുവും, അതിന്റെ ഘടനയും പ്രതലവുമനുസരിച്ച്, വന്നു പതിക്കുന്ന പ്രകാശതരംഗങ്ങളിൽ ചിലവയെ വിഗിരണം ചെയ്തു കൊണ്ടിരിക്കുന്നു. ഇവയിൽനിന്ന് വളരെ പരിമിതമായ ഒരംശം മാത്രമാണ് നമ്മുടെ നേത്രാന്തരപടലത്തിൽ വ്യതിയാനം വരുത്തുന്നത്. അതായത്, 350 മുതൽ 750 നാനോമീറ്റർ (ഒരു നാനോമീറ്റർ = പത്തുലക്ഷത്തിലൊരു മില്ലീമീറ്റർ) വരെയുള്ളവ മാത്രം. ഇവയിൽ 350nm തരംഗങ്ങൾ നീലയായും 750nm തരംഗങ്ങൾ ചുവപ്പായും തരം തിരിച്ചെടുക്കപ്പെടുന്നു. ബാക്കിയുള്ള നിറങ്ങൾ, നമുക്കു കാണാവുന്നവ, ഇവരണ്ടിനുമിടയിലായി വരും. ഈ രണ്ടുപരിധികൾക്കപ്പുറത്തുള്ളവയെ നഗ്നനേത്രങ്ങൾ വഴി കാണാനാ വില്ല. അപ്പോൾ, നിറങ്ങൾ ബാഹ്യലോകത്തിലല്ല, മറിച്ച്, നമ്മുടെ ബോധഫലകത്തിലാണ് സൃഷ്ടിക്കപ്പെടുക. ഈ തത്ത്വം സ്വരത്തിന്റെ കാര്യത്തിലും ശരിയാണ്. വായുവിലുണ്ടാകുന്ന ഊർജ്ജസമ്മർദ്ദങ്ങൾ — സങ്കോചസ്ഫോടനങ്ങൾ — സൃഷ്ടിക്കുന്ന തരംഗവ്യതിയാനങ്ങളിൽ സെക്കന്റിൽ 20 മുതൽ 20000 വരെയുള്ളവ മാത്രമാണ് മനുഷ്യന്റെ ശ്രവണേന്ദ്രിയത്തിനു പിടിച്ചെടുക്കാനാകുക. ഈ സ്പന്ദനങ്ങളെ വിവിധ തരത്തിലുള്ള സ്വരങ്ങളായി വ്യാഖ്യാനിക്കുന്നത് നാം തന്നെയാണ്. സ്വരം, നിറങ്ങളേപ്പോലെതന്നെ, ബാഹ്യലോകത്തിലുള്ള പ്രതിഭാസമല്ല എന്നു വ്യക്തം.

നമ്മുടെ ഇന്ദ്രിയങ്ങളെല്ലാം താരതമ്യേന ശക്തി കുറഞ്ഞ ഏരിയലുകളായതിനാൽ ബാഹ്യലോകത്തെപ്പറ്റി നമുക്കു ലഭിക്കുന്ന അറിവ് യാഥാർത്ഥ്യത്തിന്റെ വളരെ ചെറിയ ഒരംശം മാത്രമാണ്, Infrared rays, X-rays, റേഡിയോ തരംഗങ്ങൾ തുടങ്ങിയവയും സ്വീകരിക്കാൻ കഴിയുമായിരുന്നെങ്കിൽ എത്രയാകുമായിരുന്നു നമ്മുടെ കാഴ്ചയുടെയും കേൾവിയുടെയും വ്യാപ്തി! നമുക്കുള്ളതിലും ശക്തിയേറിയ ഇന്ദ്രിയ ങ്ങളുള്ള ജീവികൾ എത്രവേണമെങ്കിലും ഉണ്ടെന്ന് ജന്തുശാസ്ത്രം സ്ഥിരീകരിക്കുന്നുണ്ടല്ലോ.

ബാഹ്യലോകത്തെപ്പറ്റിയുള്ള നമ്മുടെ അറിവ് നമ്മുടെതന്നെ സൃഷ്ടിയാണ് എന്നതിനാൽ അസ്തിത്വയാഥാർത്ഥ്യവുമായി അതിനുള്ള പൊരുത്തം നാം സാധാരണ ധരിച്ചിരിക്കുന്നയത്ര കൃത്യമല്ല എന്നു നാം മറക്കരുത്. അതുപോലെ, നമ്മുടെ കാഴ്ചപ്പാടായിരിക്കയില്ല മറ്റു ജീവികൾക്ക് ബാഹ്യലോകത്തെപ്പറ്റിയുള്ളത്. അവയോടുള്ള പെരുമാറ്റത്തിൽ ഇക്കാര്യം ഓർമ്മിക്കേണ്ടതുണ്ട്.

ഇന്ദ്രിയാതീതമായ അറിവ് ഇത്ര പരിമിതമാണെങ്കിൽ, കൂടുതൽ അറിയാൻ മറ്റു വഴികളേയും നാം ആശ്രയിക്കേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികം, കലാപരം, ഇന്ദ്രിയാതീതം തുടങ്ങിയ വഴികളിലൂടെയും അസ്തിത്വത്തിന്റെ ഉള്ളിലേയ്ക്കു കടന്നുചെല്ലാമെന്ന് അനുഭവത്തിൽ നിന്നു നമുക്കറിയാം. പ്രകൃതിശാസ്ത്രങ്ങൾക്ക് പ്രവേശനമില്ലാത്ത മണ്ഡലങ്ങളാണ് ഇവയെങ്കിലും വസ്തുനിഷ്ഠമല്ല എന്നാരോപിച്ച് തള്ളിക്കളയേണ്ടവയല്ല ഈ വഴികളിലൂടെ ലഭ്യമാകുന്ന അറിവുകൾ.

സൂര്യനെയും അതിന്റെ ഊർജ്ജത്തെയുമാശ്രയിച്ചാണ് എല്ലാ ജീവനും ആവിർഭവിച്ചിട്ടുള്ളതും നിലനില്ക്കുന്നതും. സൂര്യപ്രകാശത്തിൽനിന്നാണ് സസ്യങ്ങളും അവയുടെ ഹരിതസമൃദ്ധിയും അവയെത്തുടർന്ന് മനുഷ്യന്റെ ചിന്താശക്തിവരെയുള്ള ജൈവപ്രപഞ്ചം ഉരുത്തിരിഞ്ഞത്. പ്രകാശം ജീവനിലേയ്ക്കും ജീവൻ അറിവിലേയ്ക്കും ഉയർന്നു എന്നതുതന്നെയാണ് ജീവാദ്ഭുതം. അറിവിനെ പ്രകാശത്തോടു സാമ്യപ്പെടുത്തിയും അഗ്നിയെ ആദ്യമൂലകമായി വാഴ്ത്തിയും ഭാരതീയചിന്ത എത്രയോ കാലം മുമ്പുതന്നെ ഈ സത്യം വിളിച്ചു പറഞ്ഞിട്ടുണ്ട്.

അറിവിനോടു ബന്ധപ്പെടുത്തി ആൽബർട്ട് ഹോഫ്മാൻ കാഴ്ചയുടെ പാരമ്യമായി വിലയിരുത്തുന്നത് സ്നേഹത്തെയാണ്. കാരണം, സമ്പൂർണ്ണമായ അറിവ് *രണ്ട്* എന്ന വ്യത്യാസത്തെ തീർത്തും മറികടക്കുമ്പോഴാണ് കൈവരുക. സ്നേഹിക്കുകയെന്നാൽ എല്ലാ വ്യത്യാസങ്ങളും മറികടന്ന് ഒന്ന് മറ്റൊന്നിലേയ്ക്ക് ഇഴുകിച്ചേരുകയാണ്. സത്തകൾ അവിടെ ഒന്നാകുകയാണ്. ഈ അനുഭവത്തിന്റെ താല്ക്കാലികവും അയഥാർത്ഥവുമായ അനുഭൂതി സൃഷ്ടിക്കുന്നതുകൊണ്ടാണ് LSD തുടങ്ങിയ രാസവസ്തുക്കളിലേയ്ക്ക് മനുഷ്യർ ആകൃഷ്ടരാകുന്നത്. അദ്വൈതാനുഭവത്തെയാണ് വേദങ്ങൾ പരമമായ അറിവായി കരുതുന്നത്. ആ അവസ്ഥയിലാണ് പരമമായ സൗന്ദര്യാനുഭവവും അതിനോടനുബന്ധിച്ചുള്ള നിർവൃതിയും കൈവരുക.

ഹോഫ്മാൻ ഉപയോഗിക്കുന്ന പ്രക്ഷേപണ-സ്വീകരണയുപമ മറ്റൊരു സത്യവും വെളിച്ചത്തുകൊണ്ടുവരാനുതകുന്നുണ്ട്. പുറത്തുനിന്നും തുടർച്ചയായി എത്തുന്ന ഊർജ്ജപ്രസരണങ്ങളെ സ്വീകരിച്ചാണ് നാം യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നത്. അതായത് ജീവൻ, ബോധം,

അറിവ് എന്നതൊന്നും സ്ഥിരമല്ല, തുടർച്ചയാണ്. സ്ഥിരവും നിശ്ചല വുമായിരി ക്കുന്നിടത്ത് ജീവനില്ല; അവിടെ സമയവുമില്ല. യാഥാർത്ഥ്യം അനു നിമിഷം മാറിക്കൊണ്ടിരിക്കുന്നു എന്നതു തന്നെയാണ് നമ്മുടെ സമയ ബോധത്തിനു കാരണമായി ഭവിക്കുന്നത്. ഉണ്മയെന്നത് നമ്മെ സംബന്ധിച്ചിടത്തോളം നൈമിഷികമാണ്. അതുകൊണ്ടാണല്ലോ ഇപ്പോഴത്തെ നിമിഷജീവിതത്തിൽമാത്രം ശ്രദ്ധാലുക്കളായ കുഞ്ഞുങ്ങളുടെ ലോകം എപ്പോഴും സജീവവും അല്ലലില്ലാത്തതുമായിരിക്കുന്നത്. നിങ്ങൾ കുഞ്ഞുങ്ങളെപ്പോലെയാകുവിൻ എന്ന് യേശു പഠിപ്പിച്ചത് അത്യഗാധ മായ ഒരു സത്യം അറിഞ്ഞിട്ടുതന്നെയായിരുന്നു.

വിട്ടുപോയ നിമിഷങ്ങളെന്റേതല്ലതുപോ–
ലൊട്ടുമേയെന്റേതല്ല വരും നേരവും;
ഇല്ലീക്ഷണമല്ലാതെനിക്കൊന്നുമതിലോ
എല്ലാവുമതിന്നുടമയുമെന്റേതല്ലോ!

(Andreas Gryphius, 1616-1664)

### പ്രകൃതിയിലേയ്ക്ക് = ഈശ്വരനിലേയ്ക്ക്

**മസനോബു ഫുക്കുവോക്ക:** The Road Back to Nature.

മനുഷ്യന്റെ ലോകവീക്ഷണം സാപേക്ഷികമാണ്. പ്രകൃതിയെ മനസ്സിലാക്കണമെങ്കിൽ ബോധതലത്തിനപ്പുറത്തേയ്ക്കു നയിക്കുന്ന ഒരു കാഴ്ചപ്പാടുണ്ടാകണം. അത്, എന്നാൽ, തുലോം അസാദ്ധ്യമാണെന്നാണ് ഫുക്കുവോക്ക പറയുന്നത്. മലയെ അറിയാൻ അതിൽ കയറിയാൽ മതിയെന്നാണ് ധാരണ. ഇദ്ദേഹം പറയുന്നതോ, പർവ്വതത്തെ കാണാൻ അതിനെ അതിതരണം ചെയ്യുന്ന വിദൂരബിന്ദുവിൽ നില്ക്കണം. അല്ലെങ്കിൽ അതിന്റെ സാകല്യതയിൽ പർവ്വതത്തെ ഗ്രഹിക്കാതെ, ഒരു ചെറിയ ഭാഗംമാത്രം കണ്ട് നാം താഴെയിറങ്ങേണ്ടിവരും. *വിവേചന മില്ലാത്ത ഹൃദയത്തിനേ പ്രകൃതിയെ അറിയാനാകൂ* എന്നാണദ്ദേഹ ത്തിന്റെ മതം. ഒന്നിനേയും നാം അതായിരിക്കുന്നതുപോലെ ഗ്രഹിക്കു ന്നില്ല. ഈ തിരിച്ചറിവാണ് ആദ്യമായി ഉണ്ടാകേണ്ടത്. ചിന്തയും വ്യാഖ്യാ നവുമൊന്നുമല്ല, പ്രകൃതിയുമായിച്ചേർന്ന് അതിനെ അനുകരിക്കുക മാത്രമാണ് നാം അവശ്യമായി ചെയ്യേണ്ടത്.

ഇക്കാര്യത്തിൽ ശാസ്ത്രവിജ്ഞാനംപോലും ഉപകാരത്തേക്കാൾ ദോഷമേ ചെയ്യൂ എന്ന് ഫുക്കുവോക്ക. ഉദാഹരണത്തിന്, *"ക്ലോവർ നല്ലൊരു പച്ചിലവളച്ചെടിയാണെന്നും പേൾവേർട്ട് പ്രമേഹചികിത്സക്കു പറ്റിയ ഔഷധസസ്യമാണെന്നും ഒരു കുട്ടിയെ പഠിപ്പിച്ചാൽ, ആ സസ്യങ്ങളുടെ അസ്തിത്വത്തിന്റെ ഹേതു ആ കുട്ടി കാണാതെ പോകുന്നു. നിസ്സാരമായ ശാസ്ത്രവിജ്ഞാനത്തിൽ തളച്ചിട്ടാൽ,*

*സ്വപരിശ്രമത്താൽ വിശ്വവിജ്ഞാനം ആർജ്ജിക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കു നഷ്ടപ്പെടുന്നു."*

ശാസ്ത്രനിരീക്ഷണങ്ങൾ നമ്മെ ഒരിഞ്ചുപോലും യാഥാർത്ഥ്യത്തോടടുപ്പിക്കുന്നില്ല എന്ന് ഒരു നോബൽസമ്മാനജേതാവിന്റെ ഉദാഹരണം ചൂണ്ടിക്കാട്ടി ഫുക്കുവോക്ക സമർത്ഥിക്കുന്നു. മൗലിക കണങ്ങളെ സംബന്ധിച്ച ഗവേഷണത്തിന് ജപ്പാൻകാരൻ ഹിഡേക്കി യുക്കാവായ്ക്ക് നൊബേൽ സമ്മാനം ലഭിച്ചു. മൗലികകണങ്ങളുടെ സൂക്ഷ്മലോകത്തു കടന്നുചെന്ന് വിസ്തൃതമായ അണുപ്രപഞ്ചം അദ്ദേഹം കണ്ടെത്തി. എന്നാൽ, മനുഷ്യനു കൂടുതൽ സന്തോഷമുളവാക്കാൻ അതിലെന്തിരിക്കുന്നു എന്നാണ് ഫുക്കുവോക്കയുടെ ചോദ്യം. ബ്രഹ്മാണ്ഡത്തിൽ "വലുതോ", അണുലോകത്തിൽ "ചെറുതോ" ഇല്ലെന്ന തിരിച്ചറിവോടെ, ഒരടി മുന്നോട്ടു വയ്ക്കാനാവാതെ, ബുദ്ധദർശനത്തിലെ മുക്തി തേടിപ്പോവുകയാണ് യുക്കാവാ ചെയ്തത്! ശാസ്ത്രത്തിന്റെ സഹായത്തോടെ വലുതും ചെറുതും തമ്മിലുള്ള വ്യത്യാസംപോലും അറിയാനാവില്ലെന്നാണ് അദ്ദേഹത്തിനു വെളിപ്പെട്ടത്. മനുഷ്യർ ദർശിക്കുന്ന പ്രകൃതി നേരായ പ്രകൃതിയല്ലാത്തതിനാൽ നേരായ സന്തോഷം വസ്തുക്കളിൽ നിന്നല്ല ഉളവാകുന്നതെന്ന് ഫുക്കുവോക്ക തറപ്പിച്ചു പറഞ്ഞു.

നൈസർഗ്ഗികമല്ലാത്തതിൽ നിന്നാണ് വ്യാധികൾ ഉടലെടുക്കുന്നത്. പ്രകൃതിയോടുള്ള പൊരുത്തക്കേട് മനസ്സിനെ കരിങ്കല്ലാക്കുന്നു; നൈസർഗ്ഗികമല്ലാത്ത ഭക്ഷണരീതികൾ ശരീരത്തെയും. അമിത ചിന്തയാണ് ഞരമ്പുരോഗത്തിനു കാരണമാകുന്നത്. ഇതിൽനിന്നെല്ലാം മുക്തി നേടാൻ ഒന്നേ ചെയ്യേണ്ടതുള്ളു: ശിശുക്കളെപ്പോലെയാകുക. അതിന്റെ അർത്ഥം വ്യാകുലതകളും കൃത്രിമങ്ങളും ത്യജിക്കുകയെന്നാണ്. ബുദ്ധിമാന്മാർക്ക് ഇതു മനസ്സിലാകുകയില്ല എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഫുക്കുവോക്കയ്ക്ക് ഈശ്വരനും പ്രകൃതിയും മനുഷ്യനും ഒരേ സത്തതന്നെയാണ്. ഇവയിലൊന്നിനെ മറ്റൊന്നിൽ നിന്നു വേർതിരിച്ചു കണ്ടുകൊണ്ട് പ്രവർത്തിക്കുന്നത് ആത്മഹനനമാണ്. പ്രകൃതി നശിപ്പിക്കപ്പെടുന്നിടത്ത് ഈശ്വരനെ തിരയേണ്ടതില്ല. പ്രകൃതിയോടൊപ്പം ഈശ്വരനും തിരോഭവിക്കും. മനുഷ്യൻ നിരീക്ഷിക്കുന്ന പ്രകൃതി നേരായ പ്രകൃതിയുടെ പ്രക്ഷേപണം മാത്രമാണെന്ന കാര്യം ഓർമ്മിക്കുക: പ്രക്ഷേപണം തിരോഭവിക്കുമ്പോൾ യഥാർത്ഥ വസ്തുവും തിരോഭവിക്കുന്നു.

മിക്ക മതങ്ങളും പഠിപ്പിക്കാനിഷ്ടപ്പെടുംപോലെ, മറ്റേതോ ലോകത്തിരുന്നുകൊണ്ട് ഈശ്വരൻ നമ്മെ വീക്ഷിക്കുന്നു, എല്ലാം നിയന്ത്രിക്കുന്നു എന്ന ധാരണയാണ് മനുഷ്യന്റെ കുത്സിതപ്രവണതകൾക്കു പിന്നിലുള്ളത്. പകരം, ഈശ്വരൻ, പ്രകൃതി, മനുഷ്യൻ – അതായത്, എല്ലാം –

ഒരേ സത്തയുടെ ഭാഗമാണെന്ന ബോധ്യത്തിലെത്തിയാൽ, നാം ജീവിതത്തിന്റെ ആഴവും സൗന്ദര്യവും ആസ്വദിച്ചുതുടങ്ങും. ജീവിതം ഈശ്വരന്റെയും നാമുൾപ്പെടുന്ന പ്രകൃതിയുടെയും കൂട്ടുത്തരവാദിത്വമാണ്.

*"ഈശ്വരനിലെത്തുക എന്നും പ്രകൃതിയിലേയ്ക്കു മടങ്ങുക എന്നും പറഞ്ഞാൽ നേരായ ഈശ്വരനെ ജീവിക്കാനനുവദിക്കുകയും പ്രകൃതിയെ പരിപാലിക്കുക വഴി നമ്മുടെതന്നെ ആത്മാവിനെ വെളിവാക്കുകയുമാണ്. അതായിരിക്കട്ടെ നമ്മുടെ പരമമായ ലക്ഷ്യം. കാരണം, അവിടെയാണ് അത്യാനന്ദത്തിന്റെ ഉറവ കുടികൊള്ളുന്നത്."* (പുറം 246)

നമ്മെ സംബന്ധിക്കുവോളം ഭൂമിയാണ് പദാർത്ഥപ്രപഞ്ചത്തിന്റെ ജീവൻ. ഭൂമിയുടെ രസം വെള്ളം, വെള്ളത്തിന്റെ രസം ഔഷധം, ഔഷധത്തിന്റെ രസം പൗരുഷം, പൗരുഷത്തിന്റെ രസം വാക്ക്, വാക്കിന്റെ രസം പൃക്, പൃകിന്റെ രസം സാമം, സാമത്തിന്റെ രസം ഓങ്കാരം (പ്രാണൻ). ഈ പ്രാണൻതന്നെയാണ് അഭംഗുരമായ, സ്ഥായിയായ സ്ത്രൈണാവസ്ഥയായി, സർവ്വഭൂതങ്ങളിലും രത്യാനന്ദമായിരുന്ന് വിശ്വരചന നടത്തുന്ന പ്രകൃതി അല്ലെങ്കിൽ ഈശ്വരൻ. "യാ ദേവി സർവ ഭൂതേഷു അതിരൂപേണ സംസ്ഥിതാ സമസ്തസ്യൈ, നമോ നമഃ" (സപ്തസതി 5,15)

ഈ കൃതിയിലെ ഒരദ്ധ്യായത്തിൽ മനുഷ്യനിലെ ഈശ്വരസാദൃശ്യത്തെപ്പറ്റി പറഞ്ഞത് ഇവിടെയോർക്കാം.

**ഇന്ദ്രിയലോകത്തിനപ്പുറത്തേയ്ക്ക്**

**ആനന്ദ കുമരസ്വാമി:** The Dance of Siva

വ്യത്യസ്ത സംസ്കാരങ്ങളെയും അവയിലെ വ്യത്യസ്ത കലകളെയുംകുറിച്ചുള്ള അഗാധജ്ഞാനത്തിലൂടെ മനുഷ്യനെയും പ്രകൃതിയെയും വിലയിരുത്താനുദ്യമിച്ച ഭാരതീയ ചിന്തകനാണ് ആനന്ദ കുമരസ്വാമി. ഒരു ദീർഘദർശിയുടെ മിഴിവോടെ ഏതാണ്ട് ഒരു നൂറ്റാണ്ടു മുമ്പ് അദ്ദേഹം ചൂണ്ടിക്കാണിച്ചവ ഇന്ന് എന്നത്തേക്കാളും പ്രസക്തമാണ്. "ദൃഷ്ടിപഥത്തിനപ്പുറത്തേയ്ക്കു കടന്ന് ഓരോ ശബ്ദത്തിന്റെയും ദൃശ്യത്തിന്റെയും ഗന്ധത്തിന്റെയും ശോഭയിൽ അങ്ങയുടെ അനവദ്യഹർഷം തങ്ങിനിൽക്കുന്നത് ഞാൻ കാണും" എന്ന് റ്റാഗൂറിനോടൊപ്പം ഉരുവിട്ടിരുന്ന ആത്മാവായിരുന്നു അദ്ദേഹത്തിൽ പ്രകാശിച്ചിരുന്നത്. ഭാരതീയമായ അനുഭവജ്ഞാനത്തിന്റെ സത്ത സമസ്ത ജീവന്റെയും ഏകത്വത്തെക്കുറിച്ചുള്ള സ്ഥിരമായ അവബോധത്തിലാണെന്ന് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. ആത്യന്തികമായ ജീവിതസാഫല്യം, മോക്ഷം, കാലത്തിലല്ല, മറിച്ച് കാലത്തെ അതിജീവിക്കാൻ ഒരുവനു കരുത്തേകുന്ന പ്രേമത്തിലാണെന്ന് കുമരസ്വാമി തന്റെ കൃതികളിൽ ആവർത്തിച്ചു പ്രഘോഷി

ക്കുന്നുണ്ട്. ആത്മീയതയുമായി കൂടിച്ചേരാത്ത ഭൗതികത ഭാരതീയന് സാധ്യമാകുക എന്നത് അദ്ദേഹത്തിനു ചിന്തനീയമായിരുന്നില്ല. ആൽബർട്ട് ഹോഫ്മൻ സാക്ഷ്യം വഹിക്കുന്നതുപോലെ, അതിനെത്രയോ മുമ്പുതന്നെ, കുമരസ്വാമിയും തറപ്പിച്ചു പറഞ്ഞിരുന്നു: പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന വിവരങ്ങൾ അപൂർണ്ണവും അയഥാർത്ഥവുമാണ്; അതനുഭവിക്കുന്നവനും ആസ്വദിക്കുന്നവനും സ്ഥിരീകരിക്കുന്നതെന്തെന്നാൽ, ആത്മാവിന്റെയും പദാർത്ഥത്തിന്റെയും പുരുഷന്റെയും പ്രകൃതിയുടെയും ലോകങ്ങൾ ഒന്നുതന്നെയാണെന്നും അവയെ ഈ പരികല്പനകളിലൂടെ നാം പൂർത്തീകരിച്ചെടുക്കണമെന്നുമാണ്.

സൗന്ദര്യത്തെപ്പറ്റി അദ്ദേഹം: സൗന്ദര്യം കാണുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ നാം ഈശ്വരനെ കാണുകയും അദ്ദേഹത്തോടു ചേരുകയുമാണ്. ഈശ്വരൻ പ്രകൃതിയെയും അതിലെ സുന്ദരരൂപങ്ങളെയും സൃഷ്ടിച്ചു എന്ന ധാരണയെക്കാൾ ശരിയും കൃത്യമായതും പ്രകൃതിയിലെ ഓരോ വസ്തുവും ഈശ്വരസാന്നിദ്ധ്യത്തിന്റെ നേരിട്ടുള്ള സാക്ഷാത്കാരമാണ് എന്നറിയുകയാണ്. മനുഷ്യന്റെ സൃഷ്ടിപരമായ കല ചെയ്യുന്നത്, നമ്മുടെ കാഴ്ചയിൽ പെടാതിരുന്ന സൗന്ദര്യം കാണിച്ചുതരുകയും കണ്ടത് കൂടുതൽ വ്യക്തമാക്കുകയുമാണ്.

ബാഹ്യമായവയിൽനിന്ന് ആന്തരികമായവയിലേയ്ക്കു നയിക്കുന്ന ഉൾക്കാഴ്ചയുടെ പ്രാധാന്യത്തെപ്പറ്റി കുമരസ്വാമി ഊന്നിപ്പറയുന്നു. സൗന്ദര്യദർശനം സ്വയം നടക്കുന്നതാണ്, ഭക്തന്റെയുള്ളിൽ തെളിയുന്ന പ്രകാശംപോലെ. മനഃപൂർവ്വമായ ശ്രമംകൊണ്ടു നേടാവുന്നതല്ലത്. എങ്കിലും അതിലേക്കുള്ള തടസ്സങ്ങൾ മാറ്റാൻ നമുക്കാകണം. കലകളെല്ലാം ഓരോതരം ഉൾക്കാഴ്ചകളാണ്. ഇവയിലെത്തിച്ചേരാനുള്ള വഴിയോ, ആത്മവിസ്മൃതിയും.

ബാഹ്യസുഖതല്പരർ കാര്യമായ ഉൾക്കാഴ്ചക്ക് അപര്യാപ്തരാണെന്ന് ഫുക്കുവോക്കയെപ്പോലെ കുമരസ്വാമിയും വിശ്വസിച്ചിരുന്നു. സുഖാന്വേഷി എന്നും ഉപരിപ്ലവമായ ബാഹ്യാകാരങ്ങളുടെ പിടിയിലമർന്നിരിക്കും. ഇത്തരം തടവിൽനിന്നു സ്വതന്ത്രനാകാൻ യഥാർത്ഥ കലാകാരനു മാത്രമേ സാധിക്കൂ. ഇവിടെ കലാകാരനെന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്, ബാഹ്യലോകത്തിന്റെ ഇന്ദ്രിയവിഷയമായ അത്ഭുതങ്ങൾക്കപ്പുറത്തേയ്ക്കു കടന്ന് യാഥാർത്ഥ്യത്തിന്റെ ഉള്ളിലെ ഉണ്മയെ തിരയാൻ കെല്പുള്ള ഏതൊരാളെയുമാണ്.

ഭാരതസംഗീതത്തിന്റെ വശ്യതയെപ്പറ്റി വാചാലനാകുന്ന കുമരസ്വാമി റ്റാഗൂറിന്റെ ഒരുപമ കടംപറ്റി, ഒരപരിചിതയെപ്പറ്റി ഓർമ്മിപ്പിക്കുന്നുണ്ട്.

ഇന്ദ്രിയലോകത്തിന്റെ പരിമിതികൾക്കുള്ളിലായിപ്പോകുന്നത് അഴിക്കൂടിനുള്ളിൽ കഴിയുംപോലെയാണ്. ഈ അപരിചിത, ഒരജ്ഞാതപ്പക്ഷി, കൂടിനു വെളിയിൽ പറന്നെത്തി ഇടയ്ക്കൊക്കെ അനന്തവും അജ്ഞാതവുമായ സുന്ദരലോകത്തെപ്പറ്റി നമ്മെ ഓർമ്മിപ്പിക്കാറുണ്ട്. അവളുടെ കൂജനത്തിന് നമുക്കും കാതോർത്തിരിക്കാം.

❑

# 40

# പറുദീസയിലേയ്ക്കുള്ള വഴി

പ്രപഞ്ചത്തിന്റെ അനന്തവിസ്തൃതിയിൽ ആർക്കും ഒരുനാളും എണ്ണുവാനാകാത്ത പൊടിപടലങ്ങളിലൂടെ ഒരു ധൂളി ആടിപ്പറന്നു നടക്കുന്നു. അതിലോ എന്നാൽ നിറയെ ജീവജാലങ്ങളാണ്. അവയിലൊരു ചെറിയ ഗണം മാത്രമായ മനുഷ്യന്റെ വർഗ്ഗം തങ്ങളുടെ ഗൃഹമായ ഈ ധൂളിയെ അഭിമാനപൂർവ്വം ഭൂമിയെന്നു വിളിക്കുന്നു.

ഭൂമിയിൽ ജീവന്റെ ആദ്യചലനമുണ്ടായത് ശതകോടി സംവത്സരങ്ങൾ പിന്നിലേയ്ക്കു കിടക്കുന്ന ഭൂതകാലത്തിലെവിടെയോ ആണ്. അതെങ്ങനെയാരംഭിച്ചു, ഇന്നത്തെ അതിന്റെ വൈവിദ്ധ്യത്തിലേക്കും സങ്കീർണ്ണതയിലേക്കും മനോഹാരിതയിലേക്കും വികസിച്ചു പെരുകിയതെങ്ങനെ എന്നൊന്നും ആരും ഇതുവരെ കൃത്യതയോടെ കണ്ടെത്തിയിട്ടില്ല. ചില ഊഹാപോഹങ്ങളേ അതേപ്പറ്റിയൊക്കെയുള്ളു. എന്നിട്ടും, തന്റെ അല്പബുദ്ധികൊണ്ട് ഒരു കോണുപോലുമളക്കാനോ അറിയാനോ അനുവദിക്കാത്ത വിശ്വപ്രപഞ്ചത്തിലെ ഏറ്റം മഹത്വമുള്ള ജീവി താൻ തന്നെയാണെന്ന് മനുഷ്യൻ ഉറച്ചങ്ങു വിശ്വസിക്കുകയാണ്. അനന്തമായി വ്യാപിച്ചും അളവില്ലാ വേഗത്തിൽ വികസിച്ചും ഒരു നിതാന്ത ഊർജ്ജ പ്രസരണമായി തുടരുന്ന പ്രപഞ്ചത്തിൽ സ്രഷ്ടിയേത് സ്രഷ്ടാവേത് എന്നു തിരിച്ചറിയാനാവാത്ത കീടം സ്വയം സൃഷ്ടജാലങ്ങളുടെ കിരീടമായി സങ്കല്പിച്ചു കഴിയുന്നു! എന്തിനായിട്ടെന്നറിയില്ലെങ്കിലും, വഴക്കും തല്ലും കൊലയും അവന്റെ നിത്യ നേരമ്പോക്കുകളിൽപ്പെടുന്നു. ഭൂമിയെന്ന നിസ്സാരധൂളിയിലൊരു തരിയിടം സ്വന്തമാക്കാൻ, മറ്റൊരു നികൃഷ്ട കൃമിയെ സ്വകാര്യമായി കൈവച്ചുകൊണ്ടിരിക്കാൻ വേണ്ടിയാണ് മനുഷ്യന്റെ യുദ്ധങ്ങൾ. എന്നാൽ വാസ്തവത്തിൽ ഇതെല്ലാം വ്യർത്ഥമാ

ണെന്ന് അവൻ അറിയേണ്ടതാണ്. കാരണം, അടുത്ത നിമിഷത്തിൽ ശൂന്യതയുടെ അന്ധകാരത്തിലേയ്ക്കു താൻ തെന്നി മറഞ്ഞുപോകുമെന്ന സത്യം അവന്റെ ബോധഫലകത്തിൽ മുദ്ര കുത്തികിടപ്പുണ്ട്. സംശയലേശമെന്യേ അവനറിയാവുന്ന ഏക സത്യവും അതുതന്നെ. എന്നിട്ടും ആ സത്യത്തെ ഒരു തുടർമറവിയിൽ ഒളിപ്പിച്ചു വയ്ക്കുക മനുഷ്യന്റെ ഏറ്റവും വിരുദ്ധോക്തി നിറഞ്ഞ ജീവിതോപായമായി ത്തീർന്നിരിക്കുന്നു.

ചെറുപ്പം തുടങ്ങി നാം ശീലിക്കുന്ന ഒന്നാണ് സ്വയം കബളിപ്പിക്കൽ. സ്വാർത്ഥപരമായ നേട്ടവും സുഖവും യാഥാർത്ഥ്യമായും, അല്ലാത്ത തെല്ലാം ചെറുക്കുകയോ അവഗണിക്കുകയോ ചെയ്യേണ്ട അരുതായ്ക കളായും വീക്ഷിക്കാനാണു നാം ശീലിക്കുന്നത്. *നമ്മൾ സ്വയം സമാശ്വ സിപ്പിക്കുന്നു, സ്വയം മരവിപ്പിക്കുന്നു, സ്വയം കബളിപ്പിക്കുന്നു; യാഥാർ ത്ഥ്യത്തിൽനിന്ന് അകന്നകന്നുപോകുന്നു.* (ഹെർമൻ ഹെസ്സെ, *സിദ്ധാർ ത്ഥ* എന്ന കൃതിയിൽ.)

ഈ വഴിതെറ്റൽ ആദ്യം സംഭവിച്ചതിന്റെ കഥ ബൈബിളിലെ ഉല്പ ത്തിപ്പുസ്തകത്തിൽ നാം വായിക്കുന്നു. സ്വർഗ്ഗസന്തുഷ്ടിയിൽ കഴി ഞ്ഞിരുന്ന മനുഷ്യജോടിക്ക് മനസ്സിലൊരാശയമുദിച്ചു: നമുക്ക് നല്ലതും ചീത്തയും എന്ത്, ഏത് എന്നു നാംതന്നെ തീരുമാനിക്കുക. അതിനു പോകരുത്, നിങ്ങൾക്കാവശ്യമുള്ളതെല്ലാം ഇവിടെയുണ്ട്, അവയെ ആസ്വദിച്ചുകഴിയേണ്ടതേയുള്ളു എന്ന് ദൈവം താക്കീതു നൽകി യിരുന്നിട്ടും, അനാവശ്യമായ ഈ എടുത്തുചാട്ടത്തിന് മനുഷ്യൻ തുനിഞ്ഞു.

താനുണ്ടാക്കിയതെല്ലാം മനോഹരമാണന്നു കണ്ടു സന്തോഷിച്ച ദൈവത്തെ മറികടന്ന്, നന്മയോടു ചേർന്ന് തിന്മയും ഉണ്ട് എന്ന നുണ മനുഷ്യൻ ഉണ്ടാക്കി. അതായത്, തന്റെ സന്തോഷത്തിനിണങ്ങിയതും അല്ലാത്തതും ഉണ്ട് എന്നു വിധികല്പിക്കാൻ ധൈര്യം കാണിച്ചിടത്താണ് മനുഷ്യന്റെ വിനയുടെ ആരംഭം. അന്നു മുതൽ സഹജീവികളെയും ചുറ്റും സംഭവിക്കുന്നവയെയും ഈ തരംതിരിവോടെ അവൻ വീക്ഷിക്കാൻ തുടങ്ങി. അയല്ക്കാരനു നല്ലതായത് തനിക്കു മിക്കവാറും ദൂഷ്യമായി രിക്കും എന്ന പങ്കിലമായ കണക്കുകൂട്ടൽ ആരംഭിച്ചു. സംഘർഷത്തി ലേയ്ക്കുള്ള വഴി അതോടെ തുറക്കപ്പെടുകയാണ്. എല്ലാം നല്ലതാണെന്ന നേരായ കാഴ്ചപ്പാട് മനുഷ്യരാശിക്ക് എന്നേയ്ക്കുമായി നഷ്ടപ്പെട്ടു.

നന്മയോടൊപ്പം തിന്മയ്ക്കും അസ്തിത്വമുണ്ട് എന്ന തെറ്റായ നിഗമനമാണ് പറുദീസയുടെ നഷ്ടത്തിനിടയാക്കിയതെങ്കിൽ, അവിടേ യ്ക്കു തിരിച്ചു ചെല്ലാനുള്ള വഴിയും ആലോചിക്കാവുന്നതേയുള്ളു: ഈശ്വരൻ (പ്രകൃതി) നന്മയായി കാണുന്നവ അതുപോലെതന്നെ

കാണാൻ നാമും പഠിക്കുക. നമ്മെത്തന്നെ നാം അളവുകോലാക്കുമ്പോഴാണ് തിന്മയുടെ സൃഷ്ടിയാരംഭിക്കുന്നത്. ഈ പാർശ്വവീക്ഷണത്തിലൂടെ നല്ലതിനും ചീത്തയുടെ പരിവേഷം നൽകുന്നത് നാം തന്നെയാണ്. പ്രകൃതിയിൽ കളയും വിളയുമില്ല; വിളമാത്രമേയുള്ളു. വളരെ ആഴമായി വേരൂന്നിപ്പോയ സ്വാർത്ഥചിന്തമൂലം ഈ വിശാല വീക്ഷണത്തിലെത്താൻ നമുക്കത്ര എളുപ്പമല്ല. *വിവേചനമില്ലാത്ത ഹൃദയത്തിനേ പ്രകൃതിയെ ഗ്രഹിക്കാനാകൂ; പ്രകൃതിയിലേക്കു മടങ്ങുക എന്നാൽ ഈശ്വരനിലേക്ക് ഒന്നുചേരുകതന്നെയാണ്* എന്ന് മസനോബു ഫുക്കുവോക്ക പറഞ്ഞതിന്റെ പൊരുൾ മറ്റൊന്നുമല്ല. നന്മതിന്മകളെന്ന വേർതിരിവ് പ്രകൃയിലൊരിടത്തുമില്ല. ഈശ്വരന് അസാധ്യമായ എന്തെങ്കിലുമുണ്ടെങ്കിൽ അത് തിന്മയെ സൃഷ്ടിക്കു കയാണ്. *അവൻ ദുഷ്ടരുടെമേലും ശിഷ്ടരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുന്നു; നീതി ചെയ്യുന്നവരുടെ മേലും അനീതി ചെയ്യുന്നവരുടെ മേലും മഴ പെയ്യിക്കുന്നു* (മത്തായി 5:45-46). എല്ലാ ദാനങ്ങളും ഒരുപോലെ ചൊരിയപ്പെടുന്നിടത്ത് അളക്കാനും വീതിക്കാനുമായി മല്ലിടുന്നത് ബുദ്ധിഹീനനായ മനുഷ്യൻ മാത്രമാണ്.

വിധി കല്പിക്കാൻ നമുക്കവകാശമില്ലെന്ന് നാം എന്ന് അംഗീകരിക്കുന്നുവോ, അന്ന് നാം പറുദീസയിലേയ്ക്കുള്ള പാതയിൽ കാലുകുത്താൻ യോഗ്യരായിത്തീരും. കാരണം ഭൂമിയിലെവിടെയോ, ഭൂതകാലത്തിലെന്നോ ഉണ്ടായിരുന്ന ഒരു പൂങ്കാവനമല്ല പറുദീസ. നമ്മുടെ മനസ്സിന്റെ ഏറ്റവും ആരോഗ്യപൂർണ്ണമായ അവസ്ഥയാണത്; ആരുടെയും ഒന്നിന്റെയും കാര്യത്തിൽ നന്മതിന്മയെന്ന വിഭജനം നടത്താത്ത ഒരു ആത്മീയനിലപാടാണത്. അവിടേയ്ക്ക് എപ്പോൾ തിരികെപ്പോകണമെന്ന തീരുമാനം നാമോരോരുത്തരുടേതുമാണ്.

ഭൂമിയെന്ന ധൂളിയിലേക്ക് ഒന്നുകൂടെ ശ്രദ്ധതിരിക്കുക. നമുക്ക് സൂര്യനിലേക്ക് 152,097,701 കി. മീ. ദൂരമുണ്ട്.* ഭൂമിയുടെ 40'000 കി. മീ. ചുറ്റളവിനേക്കാൾ 300,000 ഇരട്ടിയാണ് സൂര്യന്റെ വ്യാസം. ആകാശഗംഗയെന്ന നക്ഷത്രസഞ്ചയത്തിലെ താരതമ്യേന ചെറിയ ഒരു താരമാണ് നമ്മുടെ സൂര്യൻ. ദശലക്ഷക്കണക്കിന് സൂര്യന്മാരെയുൾക്കൊള്ളുന്ന താരാപഥങ്ങൾ കോടിക്കണക്കിനുണ്ടെന്നും അവ അതിവേഗത്തിൽ പരസ്പരം അകന്നു പൊയ്ക്കൊണ്ടിരിക്കുകയാണെന്നും ബഹിരാകാശ ശാസ്ത്രം സ്ഥിരീകരിക്കുന്നു. ആകാശം അനന്തമാണ്. അവിടെ ദൂരമളക്കാൻ പ്രകാശവർഷമാണുപയോഗിക്കുക. ഒരു സെക്കന്റിൽ 300,000 കി. മീ. വെച്ച് ഒരു വർഷം കൊണ്ട് പ്രകാശരശ്മി സഞ്ചരിക്കുന്ന

---

* Our closest distance to the Sun, which astronomers call perihelion, is 147,098,074 km. And the furthest distance to the Sun – called aphelion – is 152,097,701 km.

ദൂരമാണത്. 1,500 കോടി പ്ര.വ. ദൂരെയുള്ള നക്ഷത്രങ്ങളെ അതിശക്തിയുള്ള ദൂരദർശിനിയുപയോഗിച്ച് നിരീക്ഷിക്കാനായിട്ടുണ്ട്. അതായത്, ഇപ്പോൾ നാം കാണുന്ന നക്ഷത്രവെളിച്ചം 1,500 കോടി വർഷങ്ങൾക്കു മുമ്പുള്ള അതിന്റെ അവസ്ഥയിൽനിന്നു പുറപ്പെട്ടതാണെന്ന്! നമുക്കു ഭാവനയിൽപോലും ഉൾക്കൊള്ളാനാവാത്ത ഈ അനന്തവിശാലതയിൽ നമ്മുടെ ഭൂമിയും അതിലെ കൃമികളായ മനുഷ്യരും എത്ര നിസ്സാരം! എന്നിട്ടും നിവർന്നുനിന്ന് നെഞ്ചത്തടിച്ച് ഓരോരുത്തർ ആക്രോശിക്കുന്നു, *നിന്നെ പാഠം പഠിപ്പിച്ചില്ലെങ്കിൽ എന്റെ പേര് നിന്റെ പട്ടിക്കിട്ടോളൂ* എന്നും മറ്റും!

ഞാൻ ആരോ എന്തൊക്കെയോ ആണെന്ന വിശ്വാസമുള്ളപ്പോൾ, എന്നെക്കൊണ്ട് പലർക്കും നേട്ടമുണ്ടെന്നും ധരിച്ചുവയ്ക്കും. മറിച്ച്, സത്യത്തിൽ, ഞാനൊന്നുമല്ല, എനിക്കൊന്നുമില്ല, ഒന്നുമറിയില്ല എന്ന ബോധ്യം ഉൾക്കൊള്ളുന്നവൻ സർവ്വശാന്തിയുടെ ഉടമയായിത്തീരുന്നു. അയാൾ തനിക്ക് നല്ലതും ചീത്തയുമെന്ത് എന്ന അറിവിൽനിന്നു മുക്തി നേടുന്നു. വളരെ വിരളമായി ലഭ്യമാകുന്ന മാനസികനിലപാടാണിത്. തീരെ അധഃസ്ഥിതിയിൽ ജനിച്ചുവളരാനോ അവിടെ എത്തിപ്പെടാനോ ഇടയായവർ, ഒരുപക്ഷേ, സ്വന്തം നിസ്സാരതയെപ്പറ്റി ശരിയായ ബോധ്യമുള്ളവരായിത്തീരാം. മറ്റേതൊരാൾക്കും ഒരത്യാഹിതത്തിലൂടെയേ ഈ വെളിച്ചം കൈവരൂ. അത് സ്വയം വരുത്തിവച്ച ഒരു വിനയാകാം, ഒരു വിഡ്ഢിത്തമാകാം, വ്യക്തിപരമായ ഏതെങ്കിലും വലിയ നഷ്ടമാകാം. ഇത്തരം അനുഭവങ്ങൾ ഒരനുഗ്രഹംപോലെ ഒരുവനെ സ്വന്തം നിസ്സാരതയെപ്പറ്റി ബോധ്യപ്പെടുത്തിയെന്നുവരാം. ആ അറിവ് ഏതു വിലയ്ക്കും അതീതമായ ഒരു നിധിയാണ്; മനസ്സിലേക്ക് പറുദീസ വന്നെത്തുകയാണ്. തനിക്കുള്ളതെല്ലാം അല്പനേരത്തേക്കുള്ള പ്രകൃതിയുടെ ദാനമെന്നതിൽ കവിഞ്ഞൊന്നുമല്ലെന്ന് അറിയുന്നതോടെ അയാൾ സ്വതന്ത്രനും സന്തുഷ്ടനുമായിക്കഴിഞ്ഞു.

❑

# 41

# വെളിച്ചമുണ്ടാകട്ടെ

ഏറ്റവും അടിസ്ഥാനപരമായ അസ്തിത്വം, സത്ത്, ബോധമാണെന്നത് വേദാന്തമാണ്. അറിവിന്റെ പാരമ്യമാണത്. ആ ബോധം സ്വയമറിയുന്നതിലാനന്ദിക്കുന്നു. സത്ത്, ചിത്ത്, ആനന്ദം എന്നതാണ് സ്വയംഭൂവായിരിക്കുന്ന അറിവിന്റെ ഉള്ളടക്കം. *വെളിച്ചമുണ്ടാകട്ടെ* എന്നാണ് ആദ്യത്തെ ദൈവവചനം (ഉൽപത്തി 1. 3). സ്വയം പരിപൂർണ്ണമെന്നറിഞ്ഞുകൊണ്ട് അതിൽത്തന്നെ പ്രകാശിക്കുന്നതാണ് ദൈവതം. ഈ സത്യം ഗ്രഹിക്കുന്നതിലൂടെയാണ് അപൂർണ്ണമായ ബോധങ്ങൾ ഉള്ളിലെ വെളിച്ചത്തെ പ്രകാശിപ്പിക്കുന്നതും അങ്ങനെ ആനന്ദത്തിലെത്തിച്ചേരുന്നതും.

എവിടെയാണപ്പോൾ സ്നേഹത്തിന്റെ സ്ഥാനം? ഒന്നുതന്നെയായിരിക്കുന്നത് സ്നേഹിക്കുന്നതെങ്ങനെ? കാരണം സ്നേഹമെന്നത് ഒരു 'അന്യോന്യ'മാണല്ലോ. പൂർണ്ണം പൂർണ്ണമായതുകൊണ്ട് അതേപ്പറ്റി ചോദ്യങ്ങളുദിക്കരുത്. അതുകൊണ്ട് അപൂർണ്ണങ്ങളുടെ സ്നേഹപ്രക്രിയയാണ് പ്രശ്നം. അവിടെയും ബോധമാണ് പ്രഥമം. മറ്റൊന്നിനോടു സ്നേഹമുദിച്ചാലും, അത് ഉള്ളിൽത്തന്നെ ഒതുങ്ങിപ്പോയാൽ ആനന്ദം പൂർണ്ണമാകുകയില്ല. സ്നേഹമെന്ന വെളിച്ചം പ്രകാശമായി മറുഭാഗത്തെത്തണം. അവിടെയത് അറിവായി ജ്വലിക്കണം. അങ്ങനെ സത്ത്, ചിത്ത്, അറിവിലൂടെ ആനന്ദമായിത്തീരുന്നു.

വെളിച്ചം എങ്ങനെയെങ്കിലും പ്രകാശിപ്പിക്കുന്നതായി അറിയപ്പെടുന്നില്ലെങ്കിൽ അത് ജഡമായി തുടരുകയേയുള്ളു. മറ്റു പ്രവാഹങ്ങളെപ്പോലെ വെളിച്ചമെന്ന ഊർജ്ജവും നിരന്തരം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനെ നമ്മുടെ ദൃഷ്ടി സ്വീകരിക്കുന്നതിലൂടെയാണത് നമുക്കത്

പ്രകാശമായിത്തീരുന്നത്. അതുപോലെ സ്നേഹമെന്ന ഊർജ്ജവും ഉത്തേജിപ്പിക്കപ്പെടേണ്ടതുണ്ട്. അത് എവിടെയെങ്കിലും ചെന്നു പതിക്കുകയും പതിക്കുന്നതായി അറിയപ്പെടുകയും ചെയ്യുന്നതോടെ ആനന്ദിപ്പിക്കാനുള്ള ശക്തിയായി അതു രൂപാന്തരം പ്രാപിക്കുന്നു.

കുരുടന് നിറങ്ങളെ അറിയാനാവാത്തതുപോലെ, സ്നേഹിക്കാത്തവർക്ക് അതിന്റെ വൈവിദ്ധ്യങ്ങളും അറിയാനാവില്ല. ബ്രഹ്മത്തെപ്പറ്റി ഉപനിഷത്തിൽ പരസ്പരവിരുദ്ധങ്ങളായ വിശേഷണങ്ങൾ കാണുന്നതുപോലെ, സ്നേഹമെന്ന അനുഭവത്തെപ്പറ്റിയും പലപ്പോഴും വേണ്ടിവരും. അതകലെയാണ്, അടുത്താണ്; അതുള്ളിലാണ്, വെളിയിലാണ് തുടങ്ങിയവ. ആത്മാവിന് ദേശകാലങ്ങളുടെ പരിച്ഛിന്നതയില്ലാത്തതുപോലെ, സാമാന്യഗുണങ്ങൾക്കും നിയമങ്ങൾക്കും ലക്ഷണങ്ങൾക്കുമപ്പുറത്തേയ്ക്കും സ്നേഹത്തിന് വിഹാരസ്വാതന്ത്ര്യം അനുവദിക്കേണ്ടിവരും.

**വെളിച്ചം വീഴുന്ന സമയം**

ഒരു റബ്ബി തന്റെ ശിഷ്യരോടു ചോദിച്ചു: "രാത്രി അവസാനിച്ച് പ്രഭാതമാകുന്ന നിമിഷം എങ്ങനെയാണറിയുക?"

അല്പനേരം ഉത്തരംമുട്ടി നിന്നിട്ട്, അവരിലൊരാൾ പറഞ്ഞു: "ദൂരെ നില്ക്കുന്ന ഒരാടിനെയും ഒരു പട്ടിയെയും തിരിച്ചറിയാനാകുന്നതെപ്പോഴാണോ, അപ്പോൾ പ്രഭാതമായി."

റബ്ബിക്കു തൃപ്തിയായില്ല.

"വളരെ ദൂരെ നിന്നുകൊണ്ടുതന്നെ ഒരത്തിപ്പഴവും ഒരീന്തപ്പഴവും തമ്മിൽ വേർതിരിച്ചെടുക്കാമെങ്കിൽ വെളിച്ചം വീണു എന്നു പറയാം," മറ്റൊരുവന്റെ ഉത്തരം.

അതും ശരിയല്ല എന്നായി റബ്ബി.

"പിന്നെയെപ്പോഴാണ്, റബ്ബീ?" കുട്ടികൾ ചോദിച്ചു.

"നിങ്ങൾ ഏതെങ്കിലും ഒരു ജീവിയുടെ മുഖത്തു നോക്കുമ്പോൾ അവിടെ നിങ്ങളുടെ സ്വന്തം മുഖം തിരിച്ചറിയാറാകുന്നതെപ്പോഴാണോ, അപ്പോൾ മാത്രമാണ് പ്രകാശമായത്. അതുവരെ ഇരുട്ടായിരുന്നു." അദ്ദേഹം പ്രതിവചിച്ചു:

❑

# 42

## ഉള്ളിലേക്ക് ഒരു കുറുക്കുവഴി

ഉണർന്നാൽ വീണ്ടും ഉറങ്ങുംവരെ കർമ്മനിരതരാണു നാം. അതിനിടയിൽ വിശ്രമത്തിനായി സമയം കണ്ടെത്തുന്നവർ ഉണ്ടാകാം. എന്നാൽ ഉള്ളിലെ വെളിച്ചത്തെ ഊതിജ്വലിപ്പിക്കേണ്ടതിന്റെ ആവശ്യമോ അതുകൊണ്ടുള്ള നേട്ടമോ അനുഭവിച്ചറിയുന്നവർ എത്ര വിരളം!

ഈ ചെറിയ വ്യായാമം പരീക്ഷിച്ചുനോക്കുക. സ്വസത്തയുടെ ഉള്ളിലേക്കു വിരമിക്കാൻ ഏതാനും നിമിഷങ്ങൾ കണ്ടെത്തുക. ചെയ്തുകൊണ്ടിരിക്കുന്നതു നിർത്തിവയ്ക്കുക. ഇന്ദ്രിയങ്ങളെ കഴിവതും നിഷ്ക്രിയമാക്കി, നട്ടെല്ലും കഴുത്തും ഋജുവാക്കി, നില്ക്കുകയോ ഇരിക്കുകയോ ആവാം. അതിരില്ലാത്ത പ്രപഞ്ചവിഹായസിൽ താനൊരു തരി പൂഴിമാത്രമാണെന്നും വ്യക്തിത്വത്തിന്റെ ഉടയാടകളായ പേരും സ്ഥാനവും കുലവും ദേശങ്ങളുമെല്ലാം തീർത്തും അപ്രസക്തമാണെന്നും ആവുന്നത്ര സ്വയം ബോധ്യപ്പെടുത്തുക. ഈ ധൂളി, എന്നാൽ, അനന്തബോധസത്തയുടെ ഒരു സ്ഫുലിംഗത്തെ ഉള്ളിൽ വഹിക്കുന്നുണ്ടെന്നുള്ള ഉൾക്കാഴ്ചയോടെ, സ്ഥലകാലങ്ങളെ മറന്ന്, സഹജമായ ശ്വാസോച്ഛ്വാസത്തിൽ മാത്രം ശ്രദ്ധയെ കേന്ദ്രീകരിക്കുക. അങ്ങനെ സുതാര്യമായിത്തീരുന്ന അവസ്ഥയിൽ സർവ്വസമ്പന്നമായ പ്രപഞ്ചോർജ്ജത്താൽ വിലയം ചെയ്യപ്പെട്ടും ആദിബോധത്തിന്റെ കാന്തിയാൽ പ്രഭാസിതമായും പരിപൂർണ്ണ നിശ്ചലതയിൽ രമിക്കുക. ഏതാനും നിമിഷങ്ങൾക്കു ശേഷം കർമ്മപഥത്തിലേയ്ക്കു തിരിച്ചുവരുന്നത് അസാധാരണമായ ഒരുണർവോടെയായിരിക്കും.

പല ശ്രമങ്ങൾക്കു ശേഷം അനായാസമായിത്തീരേണ്ട ഈ ആത്മീയ വ്യായാമം അപ്രതീക്ഷിതമായ ഉൾക്കാഴ്ചയ്ക്കും ഉന്മേഷത്തിനും വഴി തെളിക്കുമെന്നത് അനുഭവിച്ചറിയേണ്ടതാണ്.

❑

# 43

# ഇഷ്ടം സൃഷ്ടിയാകുന്നു

ആർദ്രമായ തന്റെ കണ്ണുകൾ എന്റേതിൽ മൃദുലമായി
തറച്ചുനിറുത്തി അവൾ ചോദിക്കുന്നു:
എന്നെയിഷ്ടമാണോ?
ഉണ്ടല്ലോ!
എന്തോരെ? കൈവിരൽകൊണ്ടൊരു വൃത്തം വരച്ച്, ഇത്രമാത്രം?
അല്ല, ഭൂഗോളത്തോളം!
അത്രയുംമാത്രം?

അല്ല മോളേ, ബ്രഹ്മാണ്ഡത്തോളം - ബ്രഹ്മത്തോളം. ഇത്തരം
ചോദ്യങ്ങളുന്നയിച്ചിട്ട് അവയ്ക്കു കിട്ടുന്ന ഉത്തരങ്ങളെ
ഗൗരവമായിട്ടെടുക്കുന്ന ഒരുവളെ
ആരാണ് ഇഷ്ടപ്പെട്ടുപോകാതിരിക്കുന്നത്?

ആ ഇഷ്ടത്തിനു വിലയുണ്ടെന്നും
അതിനു മാറ്റം വരില്ലെന്നും അറിഞ്ഞുകൊണ്ട്;
ഈ ചോദ്യങ്ങൾ ആവർത്തിക്കുന്നതിൽ ജീവസ്പന്ദനം
അനുഭവിക്കുന്ന രണ്ടുപേരുടെ ഇഷ്ടമാണത്.
നിഷ്ക്കളങ്കതയുടെ പാരമ്യമാണ്
അതിൽ ഇരുവരും അനുഭവിക്കുന്നത്.
അവിടെയെത്തിനില്ക്കുമ്പോൾ അതിനു
കാര്യകാരണങ്ങളുടെ ആവശ്യമില്ലാതാകുന്നു.
ഇഷ്ടമാണെന്ന സ്ഥിരീകരണം മാത്രമാകുന്നു,
അങ്ങനെയായിരിക്കുന്നതിന്റെ പൊരുൾ.

അതിൽ പഞ്ചേന്ദ്രിയങ്ങളാൽ പരീക്ഷിക്കപ്പെടേണ്ടതൊന്നുമില്ല.
സംഭവിച്ചുകൊിരിക്കുന്ന ഒരു സത്യമായി,
ഈ ഇഷ്ടം നിറഞ്ഞുനില്ക്കുന്നു.
പ്രകാശംപോലെ സുതാര്യവും ദൃഢവുമാണത് -
അതു മോക്ഷാനുഭവമായതുകൊണ്ട്,
വീണ്ടും ഒരേ ചോദ്യം ആവർത്തിക്കപ്പെടുന്നു -
ഒരേ ഉത്തരത്തിനായി.
യുക്തിക്കല്ല അതാവശ്യം - ഇഷ്ടമെന്ന പ്രക്രിയക്കാണ്.

ആണോ എന്നതിന് ആണ് എന്ന ഉത്തരം നിശ്ചയമായതുകൊണ്ടാണ് അതാവർത്തിക്കപ്പെടാൻ കൊതിച്ചുപോകുന്നത്.

ആ ചോദ്യത്തിലൂടെ അവൾ എന്റെ തങ്കക്കുടമായിത്തീരുന്നു, ഓരോ തവണയും.

ആ ചോദ്യത്തിലൂടെ അവളെന്റെ മുത്താകുന്നു, ഓരോ തവണയും.
മുത്തെനിക്കു വിലയുള്ളതല്ല, ഏറ്റം മൗലികമായ പവിഴംപോലും.
പക്ഷേ, അവളെന്റെ മുത്താകുമ്പോൾ അത് അതുല്യമാകുന്നു.
ആ മുത്തെന്റെ ജീവനാകുന്നു!

എന്നെയിഷ്ടമാണോ?
ആ ചോദ്യത്തിലൂടെ ഉയരുന്നത് അവളല്ല, ഞാനാണ്.
എന്റെ ഇഷ്ടപ്പെടലാണ് അതിലൂടെ വിലയുറ്റതായിത്തീരുന്നത്.
ഇതിലും മധുരതരമായ ഒരു ചോദ്യം മറ്റൊരു നാവിൽനിന്നും ഉണ്ടാകാനാവില്ല.
അതിലൂടെ എല്ലാം പുതുതായി സ്ഥിരീകരിക്കപ്പെടുകയാണ് -
അവൾ, ഞാൻ, ദൈവം;

ഇവയെല്ലാം ഒന്നായി നിലനില്ക്കുന്നു, അല്ലെങ്കിൽ എല്ലാം അർത്ഥശൂന്യമായിത്തീരുന്നു.
എന്നെ ഇഷ്ടമാണോ എന്നത് സൃഷ്ടിയുടെയും സൗന്ദര്യത്തിന്റെയും പരകോടിയായിത്തീരുന്നു.
അതിലൂടെ അവളെന്നെ
സത്യവും ശിവവും സുന്ദരവുമാക്കുന്നു.

ഉവ്വല്ലോ! എന്നയെന്റെ ഉത്തരത്തിലൂടെ അവൾ
സത്യവും ശിവവും സുന്ദരവുമാകുന്നു.
ആത്മൈക്യത്തിന്റെ നിശ്ശബ്ദരഹസ്യമാണിത്.

❑

# 44

## ആത്മൈക്യത്തിന്റെ നിശ്ശബ്ദരഹസ്യം

എന്റെയാത്മാവേ, ഭൂലോകത്തിന്റെയെല്ലാ ദിക്കുകളിലൂടെയും
നീ സഞ്ചരിക്കുകയും, പർവ്വതങ്ങളുടെയും
സമുദ്രങ്ങളുടെയും രഹസ്യങ്ങളറിയുകയും ചെയ്താലും,
എന്റെയടുത്തേയ്ക്കു നീ തിരികെ പോരണം;
ആത്മൈക്യത്തിന്റെ നിശ്ശബ്ദതയോളം വലിയ രഹസ്യമില്ല.

എന്റെയാത്മാവേ, ഏഴാഴികളും പതിന്നാലു ലോകങ്ങളും
മറികടന്നു നീ വിഹരിക്കുകയും, ചന്ദ്രന്റെയഴകും താരങ്ങളുടെ
ശ്രേഷ്ഠതയും നിന്നെ വശീകരിക്കുകയും ചെയ്താലും,
എന്റെയടുത്തേയ്ക്കു നീ തിരികെ പോരണം;
എന്റെയധരങ്ങളിലെ മന്ദസ്മിതം നിനക്കുള്ളതാകുന്നു.

എന്റെയാത്മാവേ, അനന്തതയിലേക്കൊഴുകുന്ന പ്രകാശവീചികളി-
ലാരൂഢയായി, അവയുടെ വേഗത്തിന്റെയുന്മാദത്തിൽ
നീ ഭ്രമിച്ചു പോയാലും,
എന്റെയടുത്തേയ്ക്കു നീ തിരികെ പോരണം;
നീഹാരബിന്ദുവിൽ സൂര്യകിരണംപോലെ നിന്നെ ഞാൻ വഹിച്ചുകൊള്ളാം.

എന്റെയാത്മാവേ, സൗരയൂഥസംഗമങ്ങളിലാകൃഷ്ടയായി,
ഗ്രഹങ്ങളിലുദിക്കുന്ന പ്രഭാതസൗന്ദര്യങ്ങളിൽ നീ മതിമറന്നു

പോയാലും, എന്റെയടുത്തേയ്ക്കു നീ തിരികെ പോരണം;
ഹൃദയത്തിന്റെ പ്രകാശമാകുന്നു പരമമായ സൗന്ദര്യം.

എന്റെയാത്മാവേ, ക്ഷീരപഥങ്ങളുടെ ഗുരുത്വാകർഷണങ്ങളിലകപ്പെട്ട്
തമോഗർത്തങ്ങളിലേയ്ക്കു നീ വലിച്ചെടുക്കപ്പെട്ടാലും,
എന്റെയടുത്തേയ്ക്കു നീ തിരികെ പോരണം;
നമ്മുടെ ആദ്യാനുരാഗത്തെ വെല്ലുന്ന ആകർഷണമെവിടെ?

എന്റെയാത്മാവേ, ആരംഭങ്ങളുടെ മുകുളങ്ങളെ തേടിപ്പോയി,
പ്രണവത്തിന്റെ മന്ത്രചൈതന്യത്തെ നീ ആ ദാനംചെയ്യുകയും,
അതിലാമഗ്നയായിത്തീരുകയും ചെയ്താലും,
എന്റെയടുത്തേയ്ക്കു നീ തിരികെ പോരണം;
ആദ്യവചനമല്ല, വചനത്തിന്റെ അർത്ഥമാകുന്നു വിജ്ഞാനം.

എന്റെയാത്മാവേ, ലക്ഷ്യം തെറ്റി നീ മരണത്തിന്റെ താഴ്വരയി-
ലലഞ്ഞുഴലേണ്ടിവന്നാലും,
എന്റെയടുത്തേയ്ക്കു നീ തിരികെ പോരണം;

എന്തെന്നാൽ, പരസ്പരം നമ്മൾ ജീവനാകുന്നു.
നിന്നെ നിറയ്ക്കുന്നതു ഞാനും, എന്നെ നയിക്കുന്നതു നീയും.
നിന്നോടൊത്ത് അനന്തതയെ മോഹിക്കാൻ
എന്റെയാത്മാവേ, എന്നെ അനുവദിക്കുക!

❑